# സ്ത്രൈണാവബോധം ആധുനികമലയാളചെറുകഥയിൽ

(സൈബർകഥകളെ ആസ്പദമാക്കിയുള്ള പഠനം)

കോഴിക്കോട് സർവ്വകലാശാലയിൽ മലയാളം
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം.

**സുനീത ടി.വി.**

മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവകലാശാല

ഡിസംബർ 2013

## സാക്ഷ്യപത്രം

കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും സർവകലശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമായിട്ടില്ലെന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

കാലിക്കറ്റ് സർവകലാശാല

17 \12 \2013

സുനീത ടി.വി.

## സാക്ഷ്യപത്രം

കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന 'സ്ത്രൈണാവബോധം ആധുനികമലയാളചെറുകഥയിൽ (സൈബർകഥകളെ ആസ്പദമാക്കിയുള്ള പഠനം)' എന്ന ഈ പ്രബന്ധം സുനീത ടി.വി. എന്റെ നിർദ്ദേശമനുസരിച്ചു നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവകലാശാല
2013

ഡോ. സി.പി. അച്യുതനുണ്ണി
(പ്രൊഫസർ & ഹെഡ് (റിട്ട.)
മലയാളവിഭാഗം, കാലിക്കറ്റ് സർവകലാശാല)
ശുകപുരം പോസ്റ്റ്,
എടപ്പാൾ.

## മാർഗ്ഗനിർദ്ദേശകന്റെ സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാല മലയാള-കേരളപഠനവിഭാഗത്തിൽ **'സ്ത്രൈണാവബോധം ആധുനികമലയാളചെറുകഥയിൽ (സൈബർകഥകളെ ആസ്പദമാക്കിയുള്ള പഠനം)'** എന്ന വിഷയത്തിൽ സുനീത.ടി.വി. എന്റെ മേൽനോട്ടത്തിൽ നിർവ്വഹിച്ച ഗവേഷണപ്രബന്ധം പരീക്ഷകരുടെ നിർദ്ദേശപ്രകാരം ആവശ്യമായ തിരുത്തലുകളും മാറ്റങ്ങളും വരുത്തിയതിന്റെ പകർപ്പാണ് ഇതോടൊപ്പം സമർപ്പിക്കുന്നതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

എടപ്പാൾ,
01/12/2014.

ഡോ. സി.പി.അച്യുതനുണ്ണി
(മാർഗ്ഗനിർദ്ദേശകൻ)
(പ്രൊഫസർ & ഹെഡ് (റിട്ട.)
മലയാളവിഭാഗം, കാലിക്കറ്റ് സർവകലാശാല)
ശുകപുരം പോസ്റ്റ്,
എടപ്പാൾ.

# കൃതജ്ഞത

എന്റെ ഈ ഗവേഷണത്തിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയ ഡോ.ചാത്തനാത്ത് അച്യുതനുണ്ണിസാറിനോട് എനിക്ക് അളവറ്റ സ്നേഹവും നന്ദിയുമുണ്ട്. ഗവേഷണത്തിനാവശ്യമായ മറ്റു സഹായങ്ങൾ ചെയ്തുതന്ന കാലിക്കറ്റ് സർവകലാശാല മലയാള-കേരളപഠനവിഭാഗത്തിലെ വകുപ്പദ്ധ്യക്ഷനായ ഡോ.എൽ.തോമസുകുട്ടിയോടും ഡോ.അനിൽ വള്ളത്തോളിനോടുമുള്ള എന്റെ കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തുന്നു.

റഫറൻസിന് സൗകര്യങ്ങൾ ചെയ്തുതന്ന കാലിക്കറ്റ് സർവകലാശാല മലയാള-കേരളപഠനവിഭാഗം ലൈബ്രറി, കാര്യവട്ടം മലയാളവിഭാഗം ലൈബ്രറി, കേരളസാഹിത്യഅക്കാദമി ലൈബ്രറി, സാമൂതിരി ഗുരൂവായൂരപ്പൻ കോളേജ് ലൈബ്രറി എന്നിവിടങ്ങളിലെ ജീവനക്കാരോട് എനിക്ക് കൃതജ്ഞതയുണ്ട്.

കൂടാതെ ഗുരുതുല്യനായ കെ.എച്.ഹുസൈൻ സാർ, സുഹൃത്തുക്കളായ ഡോ.പി.സോമനാഥൻ, ഡോ.എം.എൻ.രാജൻ, എസ്.കൃഷ്ണകുമാർ, ഡോ.കെ.എം.അനിൽ എന്നിവർ പ്രബന്ധരചനയ്ക്ക് പലവിധത്തിലുള്ള സഹായങ്ങൾ നല്കിയിട്ടുണ്ട്. അവരോടുള്ള സ്നേഹവും നന്ദിയും ഇവിടെ രേഖപ്പെടുത്തുന്നു.

സുനീത ടി.വി.

# ഉള്ളടക്കം


**ആമുഖം**

**അധ്യായം 1**

**സ്ത്രൈണാവബോധം മലയാളചെറുകഥയിൽ : ചരിത്രപരവും വിമർശനാത്മകവുമായ അവലോകനം**

1.1 സ്ത്രീവാദം

1.2 സ്ത്രീവാദവും സാഹിത്യചിന്തയും

1.3 സ്ത്രീവാദസാഹിത്യസമീപനങ്ങൾ : സാമാന്യാവലോകനം

1.4 മലയാളചെറുകഥയിലെ സ്ത്രീപാരമ്പര്യം

1.5 സ്ത്രീത്വത്തിന്റെ വ്യത്യസ്താവിഷ്കാരങ്ങൾ

**അധ്യായം 2**

**സൈബറിടത്തിന്റെ ഉദയവികാസങ്ങൾ**

2.1 സൈബറിടം എന്ന സങ്കല്പനം

2.2 സൈബറിടത്തിന്റെ ഉദയം

2.3 സൈബറിടവും മലയാളവും

2.4 സൈബറിടവും സംസ്കാരവും

**അധ്യായം 3**

**സൈബറിടം മലയാളഭാഷയിലും, സാഹിത്യത്തിലും ചെലുത്തിയ സ്വാധീനം**

3.1 സൈബർസ്വാധീനം ഭാഷയിൽ

3.2 സൈബർസ്വാധീനം മലയാളഭാഷയിൽ

3.3 സൈബർസ്വാധീനം മലയാളസാഹിത്യത്തിൽ

3.3.1 സൈബറിടത്തിലെ മലയാളം

3.3.2 സൈബർസാഹിത്യം മലയാളത്തിൽ

3.5 സൈബർസ്വാധീനം സംസ്കാരത്തിൽ

**അധ്യായം 4**

**മലയാളത്തിലെ സൈബർകഥകൾ – ഒരു അവലോകനം**

4.1 സൈബർസാഹിത്യം

4.2 മലയാളത്തിലെ സൈബർകഥകൾ

4.2 സൈബർകഥകളുടെ പ്രമേയലോകം - ഒരു വിശകലനം

4.3 മലയാളത്തിലെ സൈബർകഥകളുടെ ആഖ്യാനഘടന

**അധ്യായം 5**

**സ്ത്രൈണാവബോധം സൈബർകഥകളിൽ**

5.1 കുടുംബം സൈബർകഥകളിൽ

5.2 മാതൃത്വം സൈബർകഥകളിൽ

5.3 സംഘർഷത്തിന്റെ സ്ത്രൈണഭൂമിക

**അധ്യായം 6**

**ഉപസംഹാരം**

**ഗ്രന്ഥലേഖനസൂചി**

# ആമുഖം

മനുഷ്യചരിത്രം വിവേചനങ്ങളുടെ ചരിത്രം കൂടിയാണ്. അതിൽ ഏറ്റവും ആഴത്തിൽ വേരൂന്നിയ ഒന്നാണ് സ്ത്രീ - പുരുഷവിവേചനം. ഈ തിരിച്ചറിവിനെത്തുടർന്ന് അത്തരം വിവേചനങ്ങൾക്കെതിരെ പോരാടുകയും ഒപ്പം വിവേചനാധിഷ്ഠിതമായ സകലവ്യവഹാരങ്ങളയും അപനിർമ്മിച്ച് അവയെ സ്ത്രീപക്ഷവായനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നതിനായി 17-ാം നൂറ്റാണ്ടിൽ സ്ത്രീവാദം ആരംഭിച്ചു. അത് പല പരിണതികളിലൂടെ കടന്ന് സൈബർയുഗത്തിൽ എത്തിനില്ക്കുന്നു. വിവരയുഗത്തിലെ സൈബർമാധ്യമാധിഷ്ഠിതവ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് സൈബർഫെമിനിസം എന്ന ഒരു ശാഖ രൂപപ്പെട്ടിരിയ്ക്കുന്നു. സൈബറിടം വിമോചകമായ ഇടമായതിനാൽ അത് സ്ത്രീശാക്തീകരണം സാധ്യമാക്കുന്നു എന്ന നിലപാടും ഇക്കാലത്ത് രൂപപ്പെട്ടു.

ഈ പശ്ചാത്തലത്തിൽ മലയാളത്തിൽ തൊണ്ണൂറുകൾ മുതൽ 2010 വരെയുള്ള രണ്ടുദശകങ്ങളിലെ സൈബർവിഷയകമായ കഥകളെ അപഗ്രഥിച്ചുകൊണ്ട് അവ എങ്ങനെയാണ് സ്ത്രൈണതയെപ്പറ്റിയുള്ള അവബോധം ആവിഷ്കരിച്ചത് എന്ന് വിശകലനം ചെയ്യാനാണ് ഈ പഠനത്തിലൂടെ ശ്രമിയ്ക്കുന്നത്.

ഇത്തരമൊരു പഠനത്തിൽ മലയാളചെറുകഥയിലെ സ്ത്രീസ്വത്വത്തിന്റെ അടയാളപ്പെടുത്തലുകൾ സ്വാഭാവികമായും വിശകലനം ചെയ്യേണ്ടിവരും. നമ്മുടെ സാഹിത്യത്തിലെ അത്തരം പ്രത്യക്ഷീകരണങ്ങൾ ചരിത്രപരമായി വിലയിരുത്തിക്കൊണ്ടേ അത് സാധ്യമാവുകയുള്ളൂ. കാല്പനികകാലഘട്ടത്തിലെ കഥകളിൽ പെൺസ്വത്വാ-വിഷ്കാരത്തിന്റെ ആദ്യകിരണങ്ങൾ കണ്ടെത്താനാവുമെങ്കിലും അത് തനതായ ആകാശവും ഭൂമിയും സൃഷ്ടിച്ചെടുക്കുന്നത് ആധുനികതാവാദകാലഘട്ടത്തിലാണ്.

1960-കൾ മുതൽ 90 -കൾ വരെയുള്ള ആധുനികചെറുകഥകൾ ഏകാകികളും ദുഃഖിതരും നിഷേധികളും രോഗാതുരരും മരണാഭിമുഖരും ലൈംഗികഅരാജകവാദികളും സ്വപ്നാടകരുമായ മനുഷ്യരെ അതിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിച്ചു. അടിയന്തിരാവസ്ഥയുൾപ്പെടെയുള്ള രാഷ്ട്രീയസംഭവങ്ങളും തീവ്രവിപ്ലവചിന്തകളും, മഹാനഗരങ്ങളിലേക്കും വിദേശങ്ങളിലേയ്ക്കുമുള്ള കുടിയേറ്റവും, വിശ്വാസരാഹിത്യവുമൊക്കെച്ചേർന്നുനിർമ്മിച്ച സങ്കീർണ്ണമാനസികാവസ്ഥയോടൊപ്പം പാശ്ചാത്യആധുനികതാവാദപ്രസ്ഥാനത്തിന്റെയും അതിന്റെ സാഹിത്യത്തിന്റെയും സ്വാധീനവുമൊക്കെ ആധുനികത സാധ്യമാക്കിയ ഘടകങ്ങളാണ്.

എൺപതുകളിൽ വികസിതരാജ്യങ്ങളിലും തൊണ്ണൂറുകളോടെ ആഗോളതലത്തിലും സംഭവിച്ച വിവരസാങ്കേതികവിദ്യാകേന്ദ്രിതമായ വിപ്ലവം വ്യവസായ മുതലാളിത്തത്തെ വിജ്ഞാനമുതലാളിത്തമാക്കി പരിവർത്തിപ്പിച്ചു. രാഷ്ട്രാതിർത്തികളെ മായ്ച്ചുകളയുന്ന ഈ അതിവേഗവളർച്ച ലോകത്തെ ഒരു ആഗോളവിപണിയാക്കി മാറ്റി. പൗരൻ ആഗോളപൗരനും, സംസ്കാരം ആഗോളസംസ്കാരവും, ഉല്പന്നം ആഗോള ഉല്പന്നവും ഒക്കെയായി മാറിപ്പോയ ഈ കാലത്തെ മാറ്റത്തിന്റെ കേന്ദ്രം സൈബർ മാധ്യമങ്ങളാണ്. ഉപഭോഗം ഏറ്റവും വലിയ മതവും കച്ചവടം ഏറ്റവും വലിയ കലയും ആയിത്തീർന്ന ഇക്കാലത്ത് എല്ലാം വാണിജ്യവല്ക്കരിക്കപ്പെട്ടു. വിനിമയസാങ്കേതികവിദ്യയുടെ വ്യാപനം, ടെലിവിഷനിലൂടെ വേരുറപ്പിച്ച പുത്തൻജനപ്രിയാഭിരുചികൾ, ഉപഭോഗ സംസ്കാരത്തിന്റെ പ്രതിരോധമില്ലാത്ത വളർച്ച, മതപുനരുത്ഥാനവാദം, ജാതി - സമുദായ സമ്മർദ്ദഗ്രൂപ്പുകളുടെ വളർച്ച, തൊഴിൽസ്ഥിരത നഷ്ടപ്പെടൽ, വിവരസാങ്കേതികവിദ്യ കൊണ്ടുവന്ന പ്രതീതയാഥാർത്ഥ്യത്തിന്റെ ലോകം തുടങ്ങിയ നിരവധി ഘടകങ്ങൾ ചേർന്നു സൃഷ്ടിച്ച സങ്കീർണ്ണമായ ജീവിതപരിസരമാണ്

തൊണ്ണൂറുകൾ മുതൽ അനുഭവവേദ്യമായത്. ഈ മാറുന്ന അനുഭവപരിസരങ്ങളോടുള്ള പ്രതികരണമായി സാഹിത്യഭാവുകത്വത്തിലുണ്ടായ മാറ്റം 'ഉത്തരാധുനികത' എന്ന് വിശേഷിപ്പിയ്ക്കപ്പെട്ടു. ഈ മാറ്റം ആദ്യം പ്രത്യക്ഷപ്പെട്ടത് ചെറുകഥകളിലാണ്. കഥയുടെ രൂപശില്പത്തിലും പ്രമേയഘടനയിലും ആഖ്യാനശൈലിയിലും മാറ്റങ്ങളുണ്ടായി. ശിഥിലമായ ആഖ്യാനങ്ങൾ, ലാഘവത്വം, മാധ്യമീകൃതമായ ഭാഷാ - ശില്പ - പ്രമേയങ്ങൾ, ഫലിതം, ചരിത്രത്തിന്റെ പാരഡിവല്ക്കരണം, കഥാരൂപത്തെ പ്രമേയമാക്കൽ എന്നിങ്ങനെ നിരവധി സവിശേഷതകൾ ഇന്ന് ദൃശ്യമാണ്.

മലയാളത്തിലെ നവീനചെറുകഥകളുടെ പ്രമേയലോകത്തേയ്ക്ക് സൈബറിടം (സൈബർസ്പേസ്) കടന്നുവന്നിട്ട് രണ്ടു ദശാബ്ദങ്ങൾ പിന്നിട്ടതേയുള്ളൂ. കാരണം കമ്പ്യൂട്ടറധിഷ്ഠിതസാങ്കേതികവിദ്യയും ഇന്റർനെറ്റുമൊക്കെ കേരളത്തിൽ പ്രചരിക്കുന്നത് 90-കളിലാണ്. ഇക്കാലത്തുതന്നെയാണ് സൈബറിടം എന്ന സ്ഥലമാനം മലയാളചെറുകഥയിലേയ്ക്ക് കടന്നുവന്നത്.

പുതുസാങ്കേതികതയോടുള്ള ഭീതിയായും, അതിന്റെ അനിവാര്യതയെക്കുറിച്ചുള്ള ബോധമായും, അത് നിർമ്മിയ്ക്കുന്ന പ്രതീതയാഥാർത്ഥ്യവും ജീവിതയാഥാർത്ഥ്യവും തമ്മിലുള്ള വൈരുദ്ധ്യത്തെപ്പറ്റിയുള്ള തിരിച്ചറിവായും, അവിടത്തെ വിനിമയങ്ങൾ വ്യക്തിസ്വത്വത്തിലും ജീവിതത്തിലുമുണ്ടാക്കുന്ന സങ്കീർണ്ണതകളെപ്പറ്റിയുള്ള ആധികളായും ഒക്കെ സൈബറിടം മലയാളചെറുകഥയിൽ അടയാളപ്പെടുത്തപ്പെട്ടു. ഇത് ഭാഷ, പ്രമേയം, രൂപശില്പം എന്നീ തലങ്ങളിലൊക്കെ മാറ്റങ്ങൾ കൊണ്ടുവന്നു.

സൈബറിടവും സൈബർമാധ്യമങ്ങളും ജീവിതത്തിന്റെ സകലതലങ്ങളെയും വിപ്ലവാത്മകമായി പരിവർത്തിപ്പിച്ചു. സൈബർസാക്ഷരരും നിരക്ഷരരും തമ്മിലുള്ള വിടവ്

(വിവരവിടവ് - Digital Divide) വലിയൊരു സാമൂഹിക അസമത്വരേഖയായി പ്രത്യക്ഷമായി.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് മലയാളത്തിലെ സൈബർവിഷയകമായ കഥകൾ സ്ത്രൈണതയെക്കുറിച്ചുള്ള അവബോധത്തെ എങ്ങനെ നിർമ്മിച്ചുവെന്ന അപഗ്രഥനമാണ് ഈ പഠനത്തിലൂടെ നിർവ്വഹിക്കുന്നത്.

## പഠനലക്ഷ്യം

മലയാളചെറുകഥ സ്ത്രീത്വത്തെ പലരീതിയിൽ അടയാളപ്പെടുത്തിയിട്ടുണ്ട് - സ്ത്രീകളും പുരുഷന്മാരും നടത്തിയിട്ടുള്ള ഇത്തരം ആവിഷ്കാരങ്ങൾ അതതു കാലഘട്ടത്തിന്റെ സ്ത്രീത്വബോധത്തിന്റെ പ്രത്യയശാസ്ത്രം വെളിപ്പെടുത്തുന്ന ചരിത്രരേഖകളാണ്. എന്നാൽ അതിസങ്കീർണ്ണമായ രീതിയിൽ സ്വത്വത്തെ മറച്ചുവെച്ചും ബഹുസ്വത്വങ്ങൾ സ്വീകരിച്ചും ഉള്ള ഇടപെടലുകൾ സാധ്യമാക്കുന്ന സൈബറിടം സ്ത്രീവിമോചനപരമാണെന്നും മറിച്ചുമുള്ള സംവാദങ്ങൾ സജീവമായി നിലനില്ക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സൈബറിടത്തെ പ്രമേയമാക്കുന്ന കഥകൾ അവ മുന്നോട്ടുവെയ്ക്കുന്ന സ്ത്രൈണാവബോധത്തെ മുൻനിർത്തി വിചിന്തനം ചെയ്യപ്പെടേണ്ടവയാണ്. അവയോടൊപ്പംതന്നെ അതിന്റെ സാമൂഹ്യ - രാഷ്ട്രീയ വിവക്ഷകളും രചനാതന്ത്രങ്ങളും നിർദ്ധാരണം ചെയ്യപ്പെടേണ്ടതുണ്ട്. അത്തരത്തിലുള്ള സമഗ്രമായ ഒരു അപഗ്രഥനമാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

## പൂർവ്വപഠനങ്ങൾ

സാഹിത്യപഠനത്തെയും സ്ത്രീവിമോചനതത്ത്വങ്ങളെയും ബന്ധപ്പെടുത്തിക്കൊണ്ട് മലയാളത്തിലുണ്ടായ ആദ്യത്തെ അക്കാദമിക് ഗവേഷണം എൻ.കെ. രവീന്ദ്രന്റേതാണ് (1992). ''സ്ത്രീ വിമോചനത്തിന്റെ പ്രശ്നങ്ങൾ മലയാളസാഹിത്യത്തിൽ - എഴുത്തുകാരികളുടെ സംഭാവനകൾ അടിസ്ഥാനമാക്കിയുള്ള ഒരു പഠനം"[1] എന്നതാണ് അദ്ദേഹത്തിന്റെ പ്രബന്ധവിഷയം. ലളിതാംബിക അന്തർജ്ജനം, കെ. സരസ്വതിയമ്മ, രാജലക്ഷ്മി, മാധവിക്കുട്ടി എന്നീ കഥാകാരികളുടെ ചെറുകഥകളെ അടിസ്ഥാനമാക്കിയാണ് ആ പഠനം നിർവഹിച്ചിരിയ്ക്കുന്നത്. അതിനെ അടിസ്ഥാനമാക്കി *പെണ്ണെഴുതുന്ന ജീവിതം* (2010) എന്നൊരു പുസ്തകവും അദ്ദേഹം രചിച്ചിട്ടുണ്ട്.

പിന്നീടുണ്ടായ അത്തരം ശ്രമങ്ങളിൽ ശ്രദ്ധേയമായ ചിലത് പി.സുഖലതയുടെ "മലയാളത്തിലെ വനിതാനോവലുകളുടെ ഫെമിനിസ്റ്റ് സമീപനം" (1995), കെ.പി. രവിചന്ദ്രന്റെ "ഫെമിനിസം പി. വത്സലയുടെ നോവലുകളിൽ" (2008), പി. പത്മിനിയുടെ "ഉറൂബിന്റെ ലോകം- സ്ത്രീവാദ സമീപനം" (2003), ജാൻസിജോസിന്റെ "വത്സലയുടെ നോവലുകൾ - ഒരു സ്ത്രീപക്ഷവായന" (2007), ജിസാജോസിന്റെ "സ്ത്രീസത്ത പുരുഷരചനകളിൽ" (2000), ജി. സുജാതാബായിയുടെ "ലളിതാംബിക അന്തർജനത്തിന്റെ സ്ത്രീ കഥാപാത്രങ്ങൾ - ഒരു പഠനം" (2009) എന്നിവയാണ്. ഇവയൊക്കെ പേരു സൂചിപ്പിയ്ക്കുന്നതുപോലെ ഒരു പ്രത്യേകവ്യക്തിയെയോ വ്യക്തികളെയോ തിരഞ്ഞെടുത്ത് അവരുടെ കൃതികളിലെ സ്ത്രീബോധത്തെയോ സ്ത്രീകഥാപാത്രങ്ങളെയോ പറ്റി പഠിയ്ക്കുക എന്ന രീതിയാണ് സാമാന്യമായി പിന്തുടർന്നത്. എന്നാൽ ഇവയ്ക്കെല്ലാം സ്ത്രീപക്ഷവായനയുടെ പ്രസക്തിയും സാധ്യതകളും കൃത്യമായി ബോധ്യപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

പ്രശാന്ത് കുമാറിന്റെ *സ്ത്രീ രചനാദർശനം - ഒരു അവലോകനം* (1998), എം. ലീലാവതിയുടെ *ഫെമിനിസ്റ്റ് സാഹിത്യനിരൂപണം* (2000), *സ്ത്രീസ്വത്വാവിഷ്കാരം ആധുനികമലയാളസാഹിത്യത്തിൽ* (2008), എൻ. ജയകൃഷ്ണൻ എഡിറ്റുചെയ്ത *പെണ്ണെഴുത്ത്* (2008) തുടങ്ങി കുറേ പുസ്തകങ്ങളും ആനുകാലികങ്ങളിൽ ധാരാളം ലേഖനങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

സൈബറിടവും സാഹിത്യവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ആദ്യമായി നിരീക്ഷിച്ചത് പി.കെ. രാജശേഖരനാണ്. അദ്ദേഹത്തിന്റെ 'പുതിയ ഭാവനാകാശങ്ങൾ' (2002), 'നൃത്തം@ പ്രതീതിയാഥാർത്ഥ്യം. നോവൽ' (2000), എന്നീ പഠനങ്ങളും കൂടാതെ ജി. മധുസൂദനന്റെ 'സ്വത്വനഷ്ടത്തിന്റെ തുറസ്സുകൾ' (2003), പ്രതീതിയാഥാർത്ഥ്യത്തിനുശേഷം' (2006) എന്നീ പഠനങ്ങളും ശ്രദ്ധേയമാണ്. ഷാജി ജേക്കബിന്റെ 'സാഹിത്യവും മാധ്യമങ്ങളും' (2009) സജിത് ജോസഫിന്റെ 'നവമാധ്യമങ്ങളുടെ സ്വാധീനം മലയാളസാഹിത്യത്തിൽ' (2011) എന്നീ ലേഖനങ്ങളും പ്രസിദ്ധീകൃതമായി. ഇവയൊക്കെ സൈബറിടവും മലയാളഭാവനയും തമ്മിലുള്ള ബന്ധത്തെ അപഗ്രഥിക്കാനാണ് ശ്രമിച്ചത്.

എന്നാൽ മേല്പറഞ്ഞ പഠനങ്ങളൊന്നുംതന്നെ സൈബർവിഷയകമായ കഥകളുടെ സ്ത്രീത്വനിർമ്മിതിയെ വിശകലനവിധേയമാക്കിയിട്ടില്ല.

## ഗവേഷണത്തിന്റെ പ്രസക്തി

സൈബർമാധ്യമകേന്ദ്രിതമായ ജീവിതവും അതുണ്ടാക്കുന്ന ഭാവുകത്വ വ്യതിയാനങ്ങളും ഉത്തരാധുനികമലയാളചെറുകഥയിലെ സവിശേഷമായ പ്രമേയ മേഖലയാണ്. അതോടൊപ്പംതന്നെ മലയാളത്തിൽ സ്ത്രീപക്ഷനിരൂപണത്തിന്റെ ധാരയും ശക്തമായി നിലകൊള്ളുന്നു. ഇവ തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ട് സൈബർവിഷയകമായ കഥകൾ എങ്ങനെയാണ് സ്ത്രൈണാവബോധത്തെ അടയാളപ്പെടുത്തുന്നതെന്ന് അന്വേഷിക്കുക എന്ന ലക്ഷ്യം ഈ പഠനത്തിന്റെ പ്രസക്തിയെ സാധൂകരിയ്ക്കുന്നു. അത് സൈബർസംസ്കാരം നമ്മുടെ സാഹിത്യത്തിൽ ചെലുത്തിയിട്ടുള്ള നിർണ്ണായക സ്വാധീനത്തെ ഒരു സവിശേഷസാഹിത്യരൂപത്തിന്റെ ഒരു സവിശേഷഘടകത്തെ ആസ്പദമാക്കിയുള്ള സൂക്ഷ്മപഠനമാണെന്നതുതന്നെ ഇതിന്റെ പുതുമയും പ്രാധാന്യവും വെളിപ്പെടുത്തുന്നു. നമ്മുടെ സാഹിത്യപഠനം അച്ചടിമാധ്യമകേന്ദ്രിതമായി മാത്രം തുടരുന്ന ഒരവസ്ഥയിൽനിന്ന് മുന്നേറി സൈബർമാധ്യമങ്ങളെക്കൂടെ ഉൾക്കൊണ്ട് കാലികമാകേണ്ടതാണെന്ന നിലപാടും ഇതിനെ പ്രസക്തമാക്കുന്നു.

## ആകരസാമഗ്രികൾ

പ്രബന്ധത്തിൽ പട്ടികപ്പെടുത്തിയിട്ടുള്ള സൈബർ വിഷയകമായ 16 കഥകളാണ് ഈ പഠനത്തിന്റെ പ്രഥമാകരങ്ങൾ. അവ *ഭാവനാതീതം : മലയാളത്തിലെ സൈബർകഥകൾ* (2005), *ചരക്ക്* (2009), *വെള്ളരിപ്പാടം* (2009), *മറ്റൊരു ഡോട്ട്കോം സന്ധ്യയിൽ* (2002), *ഇതാ ഇവിടെ ഒരു ടെക്കി* (2010) എന്നീ കഥാസമാഹാരങ്ങളിൽ ലഭ്യമാണ്.

സ്ത്രീസൗന്ദര്യശാസ്ത്രസംബന്ധിയായ പഠനങ്ങളും; സാഹിത്യചരിത്രങ്ങളും; സൈബറിടത്തെപ്പറ്റിയും, സൈബറിടവും മലയാളഭാവനയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും അന്വേഷിക്കുന്ന പുസ്തകങ്ങളും ലേഖനങ്ങളുമാണ് ദ്വിതീയാകരങ്ങൾ. ഗീതയുടെ *ഈറ്റുനോവും പേറ്റുപുണ്യവും, ദേവദൂതികൾ മാഞ്ഞുപോവത്*, സച്ചിദാനന്ദൻ എഡിറ്റുചെയ്ത *സ്ത്രീപഠനങ്ങൾ*, ഏ.കെ. രാമകൃഷ്ണനനും കെ.എം. വേണുഗോപാലും രചിച്ച *സ്ത്രീവിമോചനം - ചരിത്രം സിദ്ധാന്തം, സമീപനം*, ശാരദക്കുട്ടിയുടെ *പെൺവിനിമയങ്ങൾ*, എൻ.കെ. രവീന്ദ്രന്റെ *പെണ്ണെഴുതുന്ന ജീവിതം*, ഇ.വി. രാമകൃഷ്ണൻ എഡിറ്റുചെയ്ത *സ്ത്രീ സ്വത്വം, സമൂഹം*, എം. ലീലാവതിയുടെ *ഫെമിനിസ്റ്റ് സാഹിത്യനിരൂപണം, സ്ത്രീസ്വത്വാവിഷ്കാരം ആധുനികമലയാള സാഹിത്യത്തിൽ*, ജി. മധുസൂദനന്റെ *ഭാവുകത്വം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ*, പി.കെ. രാജശേഖരന്റെ *ഏകാന്തനഗരങ്ങൾ*, ഷാജിജേക്കബിന്റെ *വിപരീതങ്ങൾ : മലയാളിയുടെ മാധ്യമജീവിതം* എന്നിവയൊക്കെ ഇതിൽ ഉൾപ്പെടുന്നു.

കൂടാതെ *A Room of one's own* (Virgina Woolf, 1929), *New French Feminisms - An Anthology* (Marks and Isabelle, 1981), *Feminist Frame Works* (Jagger, 1984), *Sexual/Textual Politics - a Feminist Poetics* (Showalter, 1974), *Images of Women in Literature* (Ferguson, 1986), *Literary Theory - A Reader* (Eagleton, 1986), *Feminism and Literature* (Radha, 1987) *Gender and literature* (Iqbal Kaur, 1992), *Get Real : A Philosophical Adventure in Virtual Reality* (Philip Zhai), *Internet Linguistics* (David Crystal, 2011), *Culture and Society* (Tony Bennet, 2007), *The Rise of the Network Society* (Manuel Castells) *Technospaces* (Ed. Munt. R. Sally, 2001), *How we Became Post - Human* ( Katherine Hayles, 1999) *Is it possible to traverse the*

*fantasy in Cyberspace* (Slavoc Zizek, 1999) തുടങ്ങിയ പഠനങ്ങളും ഒപ്പം ഇന്റർനെറ്റിലെ വിവിധ വെബ്സൈറ്റുകളും വെബ്മാഗസിനുകളും ഒക്കെ ദ്വിതീയാകരങ്ങളാണ്.

**പ്രബന്ധരൂപരേഖ**

പ്രബന്ധം ആറ് അധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു.

'സ്ത്രൈണാവബോധം മലയാള ചെറുകഥയിൽ: ചരിത്രപരവും വിമർശനാത്മകവുമായ അവലോകനം' എന്നതാണ് ഒന്നാമധ്യായം. ഇതിൽ സ്ത്രീവാദം, സ്ത്രീവാദസാഹിത്യചിന്ത, മലയാളചെറുകഥയിലെ സ്ത്രീപാരമ്പര്യം, മലയാളചെറുകഥയിലെ സ്ത്രീത്വാവിഷ്കാരം എന്നിവയെപ്പറ്റിയുള്ള സാമാന്യാവലോകനമാണ്.

'സൈബറിടത്തിന്റെ ഉദയവികാസങ്ങൾ' എന്ന രണ്ടാമധ്യായത്തിൽ സൈബറിടം എന്ന സങ്കല്പനം, സൈബറിടത്തിന്റെ ഉദയവികാസങ്ങൾ, സൈബറിടവും മലയാളവും സൈബറിടവും സംസ്കാരവും എന്നിവയെപ്പറ്റിയുള്ള വിശദീകരണങ്ങളാണ്. സൈബറിടത്തെപ്പറ്റിയുള്ള പഠനങ്ങൾ പുതിയതും മലയാളത്തിൽ താരതമ്യേന കുറവുമായതിനാലാണ് ഇങ്ങനെയൊരു അധ്യായം ഉൾപ്പെടുത്തിയത്.

മൂന്നാമധ്യായം 'സൈബറിടം മലയാളഭാഷയിലും സാഹിത്യത്തിലും ചെലുത്തിയ സ്വാധീനം' എന്നതാണ്. അത് മലയാളത്തിലെ ഭാഷാ - സാഹിത്യങ്ങളിൽ സൈബറിടം ചെലുത്തിയ സ്വാധീനത്തെ അപഗ്രഥിയ്ക്കുന്നു.

'മലയാളത്തിലെ സൈബർകഥകൾ – ഒരു അവലോകനം' ആണ് നാലാമധ്യായം. അത് മലയാളത്തിലെ സൈബർകഥകളുടെ പ്രമേയലോകവും ആഖ്യാന ഘടനയും വിശകലനവിധേയമാക്കുന്നു.

മലയാളത്തിലെ സൈബർകഥകളിലെ സ്ത്രൈണാവബോധത്തെപ്പറ്റിയുള്ള അപഗ്രഥനമാണ് അഞ്ചാമധ്യായം. 'സ്ത്രൈണാവബോധം സൈബർ കഥകളിൽ' എന്നാണ് ആ അധ്യായത്തിന്റെ പേര്. അതിൽ കുടുംബം, മാതൃത്വം എന്നീ പ്രത്യയശാസ്ത്ര സ്ഥാപനങ്ങൾ എങ്ങനെ സൈബർകഥകളിൽ അവതരിപ്പിയ്ക്കപ്പെടുന്നു എന്നും അവയിലെ സ്ത്രൈണസംഘർഷങ്ങളുടെ സ്വഭാവമെന്ത് എന്നും അപഗ്രഥിച്ച് അവ നിർമ്മിയ്ക്കുന്ന സ്ത്രീബോധത്തെ വിശകലനംചെയ്യുന്നു.

ആറാമധ്യായം ഉപസംഹാരമാണ്. ഇതിൽ പ്രബന്ധത്തിലെ പ്രധാന നിഗമനങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിയ്ക്കുന്നു.

## അധ്യായം 1

# സ്ത്രൈണാവബോധം മലയാളചെറുകഥയിൽ : ചരിത്രപരവും വിമർശനാത്മകവുമായ അവലോകനം

ഒരു സ്ത്രീ സ്ത്രീയായി ജനിയ്ക്കുകയല്ല, അങ്ങനെ ആയിത്തീരുകയാണെന്നും സംസ്കാരമാണ് സ്ത്രീയെ സൃഷ്ടിയ്ക്കുന്നതെന്നും സിമോൺ ദ ബുവെ നിരീക്ഷിയ്ക്കുന്നു.[1] നിലനിൽക്കുന്ന അധീശമൂല്യവ്യവസ്ഥയ്ക്കനുസൃതമായാണ് വ്യക്തികൾ രൂപപ്പെടുന്നത്. ഇത് ഭൗതികലോകത്തെന്നപോലെ പ്രത്യയശാസ്ത്രങ്ങളുടെ ഒരു ലോകത്താണ് സംഭവിയ്ക്കുന്നത്. ആചാരങ്ങൾ, വിശ്വാസങ്ങൾ, സങ്കല്പങ്ങൾ, ദർശനങ്ങൾ, മിത്തുകൾ, സാഹിത്യം, ശാസ്ത്രം, മതം, രാഷ്ട്രീയം എന്നിവയെല്ലാമുൾക്കൊള്ളുന്ന ഒരു ലോകമാണത്. പ്രത്യയശാസ്ത്രമെന്നാൽ ജീവിതയാഥാർഥ്യമെന്നു മനുഷ്യൻ ധരിക്കുന്ന മൂല്യങ്ങളെയും വിശ്വാസങ്ങളെയും സംബന്ധിച്ച് സ്വരൂപിയ്ക്കുന്ന സാമൂഹികവും ചരിത്രപരവും സാംസ്കാരികവുമായ സങ്കല്പങ്ങളാണ്. ഒരുപാടു വൈരുധ്യങ്ങളും സമന്വയങ്ങളും കലർന്ന് ബഹുമാനകവും ചൈതന്യഭരിതവുമായ ഒരു ആശയലോകമാണത്.

പുരുഷാധിപത്യവ്യവസ്ഥയുടെ പ്രത്യയശാസ്ത്രം കുടുംബം, വിവാഹം, ചാരിത്ര്യം, മാതൃത്വം, പാതിവ്രത്യം, ലൈംഗികത, പ്രണയം തുടങ്ങിയ സ്ഥാപനങ്ങളിലൂടെ നിലനിർത്തപ്പെടുന്നു. ഈ വസ്തുതകളെ നിരന്തരസംവാദത്തിനു വിഷയമാക്കുന്നതും നിലവിലുള്ള ധാരണകളെ അപനിർമ്മിക്കുന്നതും, ആൺ-പെൺ വിവേചനത്തെക്കുറിച്ചും സർവ്വവ്യാപിയായ പുരുഷാധിപത്യപ്രത്യയ ശാസ്ത്രത്തെക്കുറിച്ചുമുള്ള അവബോധത്തിൽ നിന്നു രൂപപ്പെട്ട സ്ത്രീവാദചിന്തകളാണ്.

[1] Simone de Beauvoir, *The Second Sex* (Penguin, Harmondsworth, 1974), P..18

### 1.1 സ്ത്രീവാദം

മനുഷ്യചരിത്രം മനുഷ്യവിഭജനത്തിന്റെയും ചരിത്രമാണ്. വർണം, വംശം, ദേശം, ജാതി തുടങ്ങിയ വേർതിരിവുകളുടെയെല്ലാം സ്ഥാപനത്തിനിടയിൽ കൂടുതൽ ആഴത്തിൽ ദൃഢമായി നിലകൊള്ളുന്ന ഒന്നാണ് ആൺ-പെൺ വിവേചനം. ഈ തിരിച്ചറിവിൽ അധിഷ്ഠിതമായി ജീവിതസാഹചര്യങ്ങളിൽ സ്ത്രീയ്ക്ക് മൗലികമായൊരിടം തേടുന്ന പ്രത്യയശാസ്ത്രമാണ് സ്ത്രീവാദം.

പതിനേഴുപതിനെട്ടു നൂറ്റാണ്ടുകളിലുണ്ടായ സാമൂഹികരാഷ്ട്രീയസമരങ്ങളുടെ ഉപഫലമായിട്ടാണ് പാശ്ചാത്യദേശത്ത് സ്ത്രീവാദം പിറന്നത്. പ്രോട്ടസ്റ്റന്റ് മതത്തിന്റെ ആവിർഭാവം, ഫ്രഞ്ചുവിപ്ലവം, അടിമത്തവിരുദ്ധപ്രസ്ഥാനം തുടങ്ങിയവ സ്വന്തം അവസ്ഥ വിമർശനപരമായി പരിശോധിക്കാൻ സ്ത്രീയെ പ്രേരിപ്പിച്ചു. ഈ പ്രസ്ഥാനങ്ങളിലെല്ലാം സജീവമായ സ്ത്രീപങ്കാളിത്തം ഉണ്ടായിരുന്നെങ്കിലും അവ ഉയർത്തിയ മനുഷ്യമോചന സങ്കല്പത്തിൽ സ്ത്രീയ്ക്ക് തനതായ ഒരിടം ഇല്ലായിരുന്നു. വ്യവസായവിപ്ലവഫലമായി ഉല്പാദനവും വീടുമായുള്ള ബന്ധമറ്റതോടെ സ്ത്രീയ്ക്കുണ്ടായിരുന്ന സാമ്പത്തികസ്വാതന്ത്ര്യം നഷ്ടമാവുകയും വീട് അവളുടെ തടവറയാവുകയും ചെയ്തു. ഈ യാഥാർത്ഥ്യങ്ങൾ സ്ത്രീവാദത്തിലേക്കുള്ള വഴിയൊരുക്കിയ ചരിത്രസന്ദർഭങ്ങളാണ്.[2]

മേല്പറഞ്ഞ മനുഷ്യവിമോചനപ്രസ്ഥാനങ്ങൾക്കു ബദലായും പൂരകമായും നിരവധി സ്ത്രീപ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. ദേശപരവും കാലപരവുമായ പ്രത്യേകതകൾക്കിടയിലും അവ ചില സമാനതകൾ പുലർത്തിയിരുന്നു. അവയിലൊന്ന് 'സ്ത്രീവോട്ടവകാശം' എന്ന ലക്ഷ്യമാണ്. അതിനുവേണ്ടിയുള്ള സുദീർഘമായ പോരാട്ടങ്ങൾ അത്തരം

[2] Jean Grimshaw, *Feminist Philosophers* (Harvestor Wheatsheaf, London, 1986), P.8.

പ്രസ്ഥാനങ്ങൾ ഏറ്റെടുത്തു. 'ലൈംഗികവിപ്ലവത്തിന്റെ ഒന്നാംഘട്ടം' എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള[3] ഈ ആദ്യകാലമുന്നേറ്റങ്ങളുടെ ഫലമായി പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിമുതൽ സ്ത്രീക്ക് വോട്ടവകാശം ലഭിച്ചുതുടങ്ങി.[4]

ഒരു നൂറ്റാണ്ടോളം നീണ്ട ഈ സമരകാലയളവിൽ നിലനിന്നിരുന്ന സ്ത്രീവാദ പ്രസ്ഥാനങ്ങൾ പ്രധാനമായും മൂന്നുധാരകളിൽ ഉൾപ്പെടുന്നു.[5] മതബോധത്തിലധിഷ്ഠിതമായ സുവിശേഷഫെമിനിസം, ലിബറൽ ആശയങ്ങളിൽ അധിഷ്ഠിതമായ തുല്യാവകാശ ഫെമിനിസം, മാർക്സിസത്തിലധിഷ്ഠിതമായ സോഷ്യലിസ്റ്റ് ഫെമിനിസം എന്നിവയാണവ.

വോട്ടവകാശവും ഔപചാരികസമത്വവും നേടിയെടുത്തതോടെ സ്ത്രീവാദ പ്രസ്ഥാനങ്ങൾക്ക് താല്കാലികമായ ഒരു നിഷ്ക്രിയതയുണ്ടായി. എന്നാൽ രണ്ടാംലോകമഹായുദ്ധത്തിനുശേഷം നവഇടതുപക്ഷത്തിന്റെ നേതൃത്വത്തിൽ കറുത്തവരും യുവജനങ്ങളും സാമൂഹ്യനീതിക്കുവേണ്ടി നടത്തിയ പ്രക്ഷോഭങ്ങളിലെ സ്ത്രീപങ്കാളിത്തത്തിന് അർഹമായ പരിഗണന ലഭിക്കാതെപോയത് സ്ത്രീവാദപ്രത്യയശാസ്ത്രത്തിന്റെ പുനരുജ്ജീവനത്തിന് കാരണമായി. അത്തരം പ്രസ്ഥാനങ്ങൾ അകത്തും പുറത്തും സ്ത്രീനിന്ദ പുലർത്തുന്നുണ്ടെന്നും, അതുകൊണ്ട് സ്വതന്ത്രമായ സ്ത്രീപ്രസ്ഥാനങ്ങൾ അനിവാര്യമാണെന്നും ഉള്ള വാദഗതിക്ക് പ്രാബല്യം സിദ്ധിച്ചു. അതാണ് അറുപതുകളിൽ ഉണ്ടായ സ്വതന്ത്രവനിതാപ്രസ്ഥാനങ്ങൾക്ക് അടിത്തറയായത്.

---

[3] Kate Millet, *Sexual Politics* (ABAC, London, 1972), P.29

[4] ഏ.കെ.രാമകൃഷ്ണൻ, കെ.എം.വേണുഗോപാൽ, *സ്ത്രീവിമോചനം - ചരിത്രം, സിദ്ധാന്തം, സമീപനം* (നയനബുക്സ്, പയ്യന്നൂർ, 1989), പു. 23.

[5] Olive Banks, *Faces of Feminism : A Study of Feminism as a Social Movement* (St.Martin's Press, Newyork, 1982), P.42.

എഴുപതുകളിൽ അത്തരം പ്രസ്ഥാനങ്ങളിൽത്തന്നെ ലക്ഷ്യത്തിന്റേതും മാർഗത്തിന്റേതുമായ ഭിന്നതകളുണ്ടായി. അത് ലിബറൽ ഫെമിനിസം, റാഡിക്കൽ ഫെമിനിസം, സോഷ്യലിസ്റ്റ് ഫെമിനിസം എന്നീ വിഭിന്നസമീപനങ്ങൾക്കു ജന്മം നല്കി.

### 1.1.1 ലിബറൽ ഫെമിനിസം

നിലനില്ക്കുന്ന ജീവിതചുറ്റുപാടിനുള്ളിൽ നിന്നുകൊണ്ട് പരമാവധി തുല്യത സ്വായത്തമാക്കുക എന്ന ലിബറൽ ലക്ഷ്യത്തെ അടിസ്ഥാനമാക്കിയുള്ള സ്ത്രീവാദമാണ് ഇത്. സ്ത്രീവിമോചനസങ്കല്പങ്ങളിൽ ഊന്നിനിന്നുകൊണ്ട് മൊത്തം സമൂഹത്തെ വിപ്ലവകരമായി നവീകരിക്കേണ്ടതുണ്ടെന്ന് അവർ കരുതിയില്ല. പരമാവധി നീതി എന്നതായിരുന്നു അവരുടെ മുദ്രാവാക്യം. വ്യക്തിഗതസ്വാതന്ത്ര്യവാദം, യുക്തിവാദം തുടങ്ങിയവ ഇതിനു പശ്ചാത്തലമായി നിന്ന ദർശനങ്ങളാണ്. *സ്ത്രീകളുടെ അവകാശന്യായവാദം*[6] എന്ന പുസ്തകം ഈ വാദത്തിന്റെ പ്രകടനപത്രികയാണ്. ജോൺസ്റ്റുവർട്ടുമില്ലും ഹാരിയറ്റ് ടെയിലറും എഴുതിയ 'സ്ത്രീകളുടെ അടിമത്തം' (1970) എന്ന ലേഖനം ലിബറൽ ഫെമിനിസത്തിന്റെ മുഖ്യനിരീക്ഷണങ്ങളെ ക്രോഡീകരിച്ചിട്ടുണ്ട്.

പുരുഷാധിപത്യത്തിന്റെ തലങ്ങൾ ശാസ്ത്രീയമായി വിവേചിച്ചറിയാനും അതിനെതിരെ പോരാടാനും കഴിഞ്ഞില്ല എന്നതാണ് ഇതിന്റെ പ്രധാന പോരായ്മ.

[6] Mary Wollstone craft, *Vindication of the Rights of Women* (Walter Scott, London, 1972).

### 1.1.2 റാഡിക്കൽ ഫെമിനിസം

പുരുഷമേധാവിത്വത്തിന്റെ നിദർശനങ്ങൾ സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും കണ്ടെത്തുകയും അതിനെതിരായി ചിന്തിക്കുകയും ചെയ്ത പ്രസ്ഥാനമാണ് റാഡിക്കൽ ഫെമിനിസം. പിതൃഭരണക്രമം, കുടുംബം, ലൈംഗികത, സ്ത്രീകളുടെ ചരിത്രം തുടങ്ങിയ മേഖലകളിൽ ഈ പ്രസ്ഥാനം ഗൗരവമായ താത്ത്വികപഠനങ്ങൾ നടത്തിയിട്ടുണ്ട്.[7] പെൺകോയ്മയുടെ സാന്നിധ്യം ഒരു കാലത്തും കാണാനാവുന്നില്ലെന്ന് ആ പഠനങ്ങൾ ചൂണ്ടിക്കാട്ടി. ബലാത്സംഗം അക്രമാസക്തമായ പുരുഷാധിപത്യപ്രവണതയായിരിക്കുമ്പോൾ, വിവാഹം പരോക്ഷമായ അടിമത്തമാണെന്ന് റാഡിക്കൽവാദം കണ്ടെത്തുന്നു.[8]

പലപ്പോഴും പുരുഷനെതിരായ സമരമായി തരംതാണു എന്നതാണ് ഈ ചിന്താധാരയ്ക്കെതിരേയുള്ള പ്രധാന ആരോപണം.

### 1.1.3 സോഷ്യലിസ്റ്റ് ഫെമിനിസം

മാർക്സിയൻ ചിന്താപദ്ധതിയെ അടിസ്ഥാനമാക്കി രൂപംകൊണ്ട സ്ത്രീവാദമാണിത്. വർഗ്ഗസമരവുമായി ബന്ധപ്പെട്ടതും എന്നാൽ സ്ത്രീസമൂഹം അനുഭവിക്കുന്ന സവിശേഷമർദ്ദനത്തിനെതിരായതുമായ അതിജീവനമാണ് അതിന്റെ കർമ്മപദ്ധതി.[9] പിതൃഭരണക്രമത്തെ മുതലാളിത്തത്തിന്റെ സവിശേഷതയായാണ് അത് കാണുന്നത്. അതുകൊണ്ട്

---

7 ഇന്ദിര, *സ്ത്രീകൾ സാമൂഹ്യമായും ലൈംഗികമായും അടിമകളാണോ?* (പ്രചോദന, തിരുവനന്തപുരം, 1989),പു.12

8 Andrea Nye, Ed., *Feminist Theory and the Philosophies of Man* (Cromhelm, London, 1988), P.85.

9 Andrea Nye, Ed., *Feminist Theory and the Philosophies of Man* (Cromhelm, London, 1988), P.54.

സ്ത്രീവിമോചനത്തിന്റെ മുഖ്യശത്രു പുരുഷാധിപത്യത്തിനുപകരം, ചൂഷകഭരണകൂടമാണെന്ന് അതു കണ്ടെത്തി.

ഈ മൂന്നു ധാരകളെയും ഇങ്ങനെ താരതമ്യപ്പെടുത്താം.

കുടുംബങ്ങളുടെ സാമൂഹ്യപ്രസക്തിയെ ലളിതവല്ക്കരിക്കുകയും നിലനില്ക്കുന്ന കുടുംബഘടനയ്ക്കകത്തുനിന്നുകൊണ്ടുതന്നെ വിമോചനം സാധ്യമാക്കാമെന്ന് പ്രത്യാശിക്കുകയും ചെയ്യുകയാണ് ലിബറൽ ഫെമിനിസം. റാഡിക്കൽ ഫെമിനിസമാകട്ടെ ആണുംപെണ്ണും തമ്മിലുള്ള സാമൂഹ്യവും ലൈംഗികവുമായ സമ്മേളനത്തിന്റെ ഇടം എന്ന നിലയ്ക്ക് കുടുംബത്തെ കാണുകയും അത് പുരുഷമേധാവിത്വത്തിന്റെ ആകെത്തുകയാണെന്ന് വിവരിക്കുകയും അതുവഴി അതിനെ നിരാകരിക്കുയും ചെയ്യുന്നു. സോഷ്യലിസ്റ്റ്ഫെമിനിസം കുടുംബത്തെ രാഷ്ട്രീയവും ചരിത്രപരവുമായ പശ്ചാത്തലത്തിൽ പ്രതിഷ്ഠിക്കുകയും അതിനെ ചുറ്റിപ്പറ്റി നിലനില്ക്കുന്ന കാല്പനിക ധാരണകളെ എതിർക്കുകയും ചെയ്യുന്നു.

## 1.2 സ്ത്രീവാദവും സാഹിത്യചിന്തയും

ജീവിതത്തിന്റെ സമസ്തവ്യവഹാരങ്ങളിലും അധീശത്വം സ്ഥാപിച്ചിട്ടുള്ള ആൺകോയ്മയെ തിരിച്ചറിയാൻ കഴിഞ്ഞു എന്നതാണ് സ്ത്രീവാദത്തിന്റെ സവിശേഷത. തങ്ങളുടെ അപകർഷത സ്വർഗ്ഗദത്തമല്ലെന്നും സാമൂഹ്യസൃഷ്ടിയായ പിതൃദായക്രമമാണ് ലിംഗപരമായ വിവേചനത്തിനടിസ്ഥാനമെന്നും അത് വെളിപ്പെടുത്തി.

'ലൈംഗികകൊളോണിയലിസം' എന്ന സങ്കല്പത്തിന് അത് ജന്മം നല്കി.[10] സ്ത്രീകൾ മനുഷ്യവർഗ്ഗത്തിന്റെ അർദ്ധഭാഗമാണെന്ന യാഥാർത്ഥ്യത്തെപ്പോലും പരിഗണിക്കുന്നില്ലെന്ന ബോധം സ്ത്രീയുടെ തനതായ സ്ഥാനത്തിനായുള്ള പോരാട്ടത്തിലേക്ക് എത്തിച്ചേർന്നു. അതിന്റെ സ്വാധീനം രാഷ്ട്രീയം, തത്വശാസ്ത്രം, ചരിത്രം, നരവംശശാസ്ത്രം, സാഹിത്യം തുടങ്ങിയ സാംസ്കാരികവ്യവഹാരങ്ങളെയെല്ലാം ഉലച്ചുതുടങ്ങി. സ്ത്രീകൾക്ക് ചരിത്രമില്ല[11] എന്ന പൊള്ളുന്ന യാഥാർത്ഥ്യത്തെ അത് പുറത്തുകൊണ്ടുവന്നു. സാഹിത്യവ്യവഹാരങ്ങളിലൂടെ പുരുഷസൃഷ്ടമായ സ്ത്രീസ്വത്വങ്ങൾക്ക് പ്രചാരമുണ്ടാക്കുകയും സ്ത്രീയുടെ മൗലികമായ സ്വത്വത്തെ നിശ്ശബ്ദമാക്കുകയും ചെയ്യുന്ന രാഷ്ട്രീയതന്ത്രത്തെ അത് വെളിപ്പെടുത്തി.[12]

സാഹിത്യത്തിൽ വിചാരത്തിലും വ്യവഹാരത്തിലും നിലനിന്നിരുന്ന പുരുഷമേധാവിത്വത്തെ അപനിർമ്മിക്കുക, മുൻകാലങ്ങളിൽ ഒളിച്ചുവയ്ക്കപ്പെട്ടതോ അടിച്ചമർത്തപ്പെട്ടതോ ആയ സ്ത്രീയനുഭവത്തെ പുനർനിർമ്മിക്കുക എന്നീ നിലകളിലാണ് സ്ത്രീവാദം നിർണ്ണായകമായത്. അതിന്റെ ആദ്യപടിയായി സ്ത്രീകൾ പ്രകൃത്യാതന്നെ ധിഷണാബലം കുറഞ്ഞവരാണെന്ന പുരുഷാധിപത്യസമീപനത്തെ തകർക്കുകയുണ്ടായി. അതിനുള്ള മികച്ച ഉദാഹരണമാണ് വെർജീനിയാ വൂൾഫിന്റെ (1922) *സ്വന്തമായൊരുമുറി* എന്ന കൃതി. അതിലെ പ്രധാന നിരീക്ഷണം ഇതാണ്:

> എഴുതുവാൻ ആദ്യം വേണ്ടത് സ്വന്തമായൊരു മുറിയാണ്. ദൈനംദിനജീവിതത്തിന്റെ തിരക്കുകളിൽ നിന്ന് അകന്നിരിക്കുവാൻ, എഴുതുവാൻ, എഴുതിയതു വീണ്ടുംവായിച്ചുനോക്കി സ്വയം വിമർശിക്കുവാൻ, തിരുത്തുവാൻ ഒരിടം.[13]

[10] Kate Millet, *Sexual Politics* (ABAC, London, 1972), P.84.

[11] Gerda Lerner, *The Creation of Patriarchy* (Oxford University Press, Newyork, 1986) ,P.222.

[12] IQbal Kaur, Ed., *Gender and Literature* (B.R.Publishing Corporation, Delhi, 1992),P.8.

[13] Virginia Wolf, *A Room of one's own* (Granada, London, 1929),P.12.

'സ്വന്തമായൊരു മുറി'യെ അക്ഷരാർത്ഥത്തിലെടുത്താലും പ്രതീകാത്മകമായെടുത്താലും അതൊരു യാഥാർത്ഥ്യമാണെന്നു കാണാം. നാം പണിയുന്ന വീടുകളിൽ ഗൃഹനാഥനും കുട്ടികൾക്കും മുറികളുണ്ട്. അതിഥികൾക്കുപോലും മുറിയുണ്ടെന്നിരിക്കേ സ്ത്രീയ്ക്ക് സ്വന്തമായൊരിടമില്ല. അവൾ എല്ലായിടത്തുമായിരിക്കുമ്പോഴും എങ്ങുമല്ലാതായിരിക്കുന്നു. ഓരോ സ്ഥലത്തും അവൾക്ക് ഓരോരോ വേഷം കെട്ടേണ്ടതുണ്ട്. ആയയായും പാചകക്കാരിയായും വിളമ്പുകാരിയായും അലക്കുകാരിയായും ശയ്യാസഖിയായും കഴിയേണ്ടിവരുന്ന അവൾക്ക് 'സ്വന്തമായ സ്ഥലം മാത്രമല്ല, സ്വന്തം സമയവുമില്ല.[14]

ഈ നിരീക്ഷണങ്ങൾക്കു മുമ്പ് കൗതുകകരമായൊരു യാദൃച്ഛികസാന്നിധ്യം മാത്രമായാണ് സാഹിത്യത്തിലെ സ്ത്രീയെ കണക്കാക്കിയിരുന്നത്. സ്ത്രീകളുടെ തനതായ അനുഭവങ്ങളെക്കുറിച്ച് ബോധവതികളാണെങ്കിലും ആ അനുഭവങ്ങൾ തീവ്രമായി പ്രതിഫലിപ്പിക്കുവാൻ അനുയോജ്യമായൊരു ഭാഷപോലും അവൾക്കില്ല. പുരുഷകേന്ദ്രീകൃതസമൂഹം നമ്മുടെ അനുഭവത്തിലെ സ്ത്രീത്വത്തെ മായ്ച്ചുകളയാനുപയോഗിക്കുന്ന ഏറ്റവും ശക്തമായ മാധ്യമം സാഹിത്യഭാഷയാണ്[15] എന്ന തിരിച്ചറിവാണ് സ്ത്രീവാദത്തിന്റെ സാഹിത്യത്തിലെ സ്വാധീനം. പുരുഷസംബന്ധിയായ ചിഹ്നങ്ങളും പദങ്ങളും ഉപയോഗിക്കുക വഴി സാഹിത്യഭാഷയെ ഒരു പുരുഷഭാഷയാക്കുകയും അതുവഴി സ്ത്രീയെ സാഹിത്യം എന്ന സാംസ്കാരികവിനിമയത്തിൽനിന്നു നിഷ്കാസനം ചെയ്യുകയും ചെയ്തു.

---

[14] കെ.സച്ചിദാനന്ദൻ, 'അവതാരിക' *പാപത്തറ* (കറന്റ് ബുക്സ്, തൃശ്ശൂർ, 1993),പു.11.

[15] പി.പി.രവീന്ദ്രൻ, 'കിരാതത്ത്വത്തിന്റെ സുവർണ്ണരേഖകൾ', *സ്ത്രീ, സ്വത്വം സമൂഹം* (പൂർണ്ണ, കോഴിക്കോട്, 1994),പു.25.

നിത്യവ്യവഹാരത്തിലെ ഭാഷപോലും സ്ത്രീവിരുദ്ധമാണെന്ന യാഥാർഥ്യത്തെ മലയാളഭാഷയും ഉദാഹരിക്കുന്നുണ്ട്.[16]

സാഹിത്യചരിത്രത്തെ സ്ത്രീതിരസ്കാരത്തിന്റെ ചരിത്രമായി വിലയിരുത്തുകയും അനിവാര്യമായൊരു സ്ത്രീസാഹിത്യചരിത്രത്തിന് തുടക്കം കുറിക്കുകയും ചെയ്യുന്നതിന് സ്ത്രീവാദം കാരണമായി. സ്ത്രീകളെക്കുറിച്ച്, പുരുഷന്മാർ സൃഷ്ടിച്ചുവച്ച പ്രത്യയശാസ്ത്രങ്ങളെ നിരാകരിക്കുകയും സ്ത്രൈണയാഥാർത്ഥ്യങ്ങളെ സ്ത്രീപരമായൊരു ചട്ടക്കൂട്ടിൽ ആവിഷ്ക്കരിക്കുകയും ചെയ്യുന്ന ഒന്നാണ് സ്ത്രീസാഹിത്യം[17] എന്ന സങ്കല്പനം അതു മുന്നോട്ടുവച്ചു. പാരായണത്തെക്കുറിച്ചും അത് പുത്തൻസങ്കല്പനങ്ങൾ മെനഞ്ഞു. ഇവയെ യഥാക്രമം പെണ്ണെഴുത്ത്, സ്ത്രീവാദവിമർശനം എന്നീ പേരുകളിൽ വിളിക്കാം.

### 1.2.1 പെണ്ണെഴുത്ത്

പുരുഷനിർമ്മിതമായ മാനദണ്ഡങ്ങളും രചനാരീതികളുമാണ് സാഹിത്യരചനയിലെയും സാഹിത്യവിമർശനത്തിലെയും അംഗീകൃതമാതൃകകൾ. ഈ പുരുഷമേധാവിത്വപാരമ്പര്യം ഘടനാപരമായി സ്ത്രീരചനകളെ സ്വാധീനിച്ചിട്ടുണ്ട്. പക്ഷേ പുരുഷമാനദണ്ഡങ്ങൾ കൊണ്ടുതന്നെ സ്ത്രീരചനകളെ വിലയിരുത്തുമ്പോൾ അവ അപ്രധാനങ്ങളായി ഗണിയ്ക്കപ്പെട്ടേയ്ക്കാം. പുരുഷന്റേതിൽ നിന്നും വ്യത്യസ്തമായൊരനുഭ

[16] സാറാജോസഫ്, 'പെണ്ണെഴുത്തിന്റെ പ്രസക്തി', *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 72, 15.

[17] എൻ.കെ.രവീന്ദ്രൻ, *"സ്ത്രീവിമോചനത്തിന്റെ പ്രശ്നങ്ങൾ മലയാളസാഹിത്യത്തിൽ- എഴുത്തുകാരികളുടെ സംഭാവനകൾ അടിസ്ഥാനമാക്കിയുള്ള പഠനം"* (പിഎച്ച്.ഡി. പ്രബന്ധം, യൂണിവേഴ്സിറ്റി ലൈബ്രറി, കേരളസർവ്വകലാശാല, 1992),പു.111.

വമേഖലയിൽ വ്യാപരിക്കുന്ന സ്ത്രീയുടെ ആവിഷ്കാരങ്ങൾ തികച്ചും വ്യത്യസ്തമായിരിക്കും എന്നതാണു കാരണം. അതിനാൽ സ്ത്രീസാഹിത്യത്തെ ഒരു പ്രത്യേകവിഭാഗമായി പരിഗണിക്കേണ്ടതുണ്ട്. അത് പ്രത്യേകമായ രചനാരീതികളും വ്യത്യസ്തമായ പ്രമേയങ്ങളും സവിശേഷമായ പാരമ്പര്യവുംകൊണ്ട് വേറിട്ടുനില്ക്കുന്നു.

സ്ത്രീസാഹിത്യമെന്നത് ദേശകാലാതീതവും ഏകമുഖവുമായ ഒരു പ്രതിഭാസമല്ല. അതതുദേശങ്ങളോടും സംസ്കാരങ്ങളോടും ബന്ധപ്പെട്ടാണ് അത് നിലനില്ക്കുന്നത്. അതിന്റെ സവിശേഷത നാളിതുവരെ സാഹിത്യത്തിൽ ഇടംകിട്ടാതെപോയ സ്ത്രൈണാനുഭവത്തിന്റെ വിശാലമായ മേഖല നമുക്കു തുറന്നുതരുന്നു എന്നതാണ്.

പെണ്ണിന്റെ എഴുത്താണ് പെണ്ണെഴുത്ത്. സ്ത്രീയുടെ പ്രത്യേകതകളെപ്പറ്റി ഉണ്ടായിട്ടുള്ള നിരവധി പഠനങ്ങളിൽനിന്നാണ് ഈ സങ്കല്പം ഉരുത്തിരിയുന്നത്. എങ്കിലും അത് വർത്തമാനയാഥാർഥ്യത്തെക്കാളേറെ ഭാവിയെക്കുറിച്ചുള്ള ഒരു പ്രതീക്ഷയാണെന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[18] ചില അനുഭവങ്ങൾക്കു ലഭിക്കുന്ന പ്രാധാന്യവും ചില അനുഭവങ്ങളുടെ അസാന്നിധ്യവും മൂലമുണ്ടാകുന്ന വ്യതിയാനമാണ് പെണ്ണെഴുത്തിന്റെ വ്യത്യാസം എന്നു പറയാം. ഈ വസ്തുതകളുടെ വിശദീകരണങ്ങളായ പെണ്ണെഴുത്തിന്റെ ചില സവിശേഷതകൾ ചുവടെ വിവരിക്കുന്നു.

[18] Helene Cixous, *The laugh of Medusa, New French Feminisms: An anthology* (Harvestor, Newyork, 1981),p.58.

### 1.2.1.1 പെണ്ണെഴുത്തിന്റെ സവിശേഷതകൾ

**(1) സ്ത്രീശരീരത്തിന്റെ സാന്നിധ്യം:**

പെണ്ണെഴുത്തിന്റെ ആദ്യസവിശേഷത അതിൽ പതിഞ്ഞുകിടക്കുന്ന സ്ത്രീശരീരത്തിന്റെ മുദ്രയാണ്. സ്വന്തം ശരീരത്തിന്റെ പ്രത്യേകതയെ ഒരു പരാധീനതയായിക്കണ്ട് നിരാശപ്പെടുന്നതിനു പകരം സർഗാത്മകതയുടെ ഒരു ഖനിയായിക്കണ്ട് പ്രയോജനപ്പെടുത്താൻ സ്ത്രീകൾ ശീലിക്കുകയാണെന്ന അഭിപ്രായം[19] ശ്രദ്ധേയമാണ്. സ്ത്രീയുടെ എഴുത്ത് അവളുടെ ശരീരത്തിൽ നിന്നാണുവരുന്നത്. 'നമ്മുടെ ലൈംഗികവ്യത്യാസം തന്നെയാണ് നമ്മുടെ സൃഷ്ടിയുടെ ഉറവ്' എന്ന് കരോളിൻ. ജി. ബർക്ക് അതിനെ പിന്താങ്ങുന്നു.[20] 'ഓഥർ' എന്ന സങ്കല്പം പുരുഷരചയിതാവിനെ സൂചിപ്പിക്കുന്നു. പേന പുരുഷലിംഗത്തെപ്പോലെ സൃഷ്ടിയുടെ ഉപകരണമാണ്. ഈ 'പേന' ഇല്ലാതെപോയതിന്റെ ഉത്കണ്ഠയാണ് പെണ്ണെഴുത്തിന്റെ വ്യത്യാസമെന്ന് സാന്ദ്രാ ഗിൽബർട്ടും സൂസൻ ഗുബാറും (1979) അഭിപ്രായപ്പെടുന്നു. സ്ത്രീ തന്റെ ശാരീരികാനുഭവങ്ങളെക്കൊണ്ട് പുരുഷപ്രധാനമായ പ്രതീകവ്യവഹാരങ്ങളെ വെല്ലുവിളിക്കുന്നതാണ് സ്ത്രീസാഹിത്യമെന്നും അത് 'മെയ്യെഴുത്താ'ണെന്നും എലെയ്ൻ ഷോ വാൾട്ടർ[21] നിരീക്ഷിക്കുന്നു. ഹെലൻ സിക്സുവും ജൂലിയ ക്രിസ്റ്റേവയും ഇതേ അഭിപ്രായക്കാരാണ്.[22] സ്ത്രീയുടെ ജീവശാസ്ത്രപരമായ വ്യത്യസ്തതയും ശാരീരികമായ പ്രത്യേകതകളും ആൺകോയ്മാഭാവുകത്വം ചൂഷണംചെയ്യുകയാണ്. അതുകൊണ്ട് പുരുഷാധിപത്യവ്യവസ്ഥ സ്ത്രീശരീരത്തിനു വിധിച്ച ലൈംഗികത

---

[19] Adrean Rich, *Of Women Born* (W.W. Norton, Newyork, 1976),p.67.

[20] സച്ചിദാനന്ദൻ, എഡി., *സ്ത്രീപഠനങ്ങൾ* (ബോധി, കോഴിക്കോട്, 1990), പു.21.

[21] Elaine Showalter, *A Literature of Their Own* (Princeton University Press, Princeton, 1977) P.132.

[22] Elaine Marks & Isabella de Coartivron, *New French Feminisms - An Anthology* (Harvestor, Newyork, 1981) ,PP. 240-245.

യുമായി ബന്ധപ്പെട്ട സങ്കുചിതമൂല്യം തിരുത്തിക്കുറിക്കുകയാണ് പെണ്ണെഴുത്ത് ചെയ്യുന്നത്.

### (2) ഭാഷാപരമായ സന്ദിഗ്ദ്ധത

ഭാഷ പുരുഷനിർമ്മിതമാണെന്ന കണ്ടെത്തൽ സ്ത്രൈണസത്തയുടെ ആവിഷ്കാരത്തിനായി പുതിയൊരു ഭാഷയുടെ അനിവാര്യതയെ വെളിപ്പെടുത്തി. നിലനില്ക്കുന്ന ഭാഷ നൂറ്റാണ്ടുകളുടെ പഴക്കമുള്ള ആൺകോയ്മാസംസ്കാരത്തിന്റെ ചിഹ്നങ്ങളും സൂചകങ്ങളും വിവക്ഷകളും പിൻപറ്റുന്ന മൃതഭാഷയാണ്. അപരിചിതമായ വിദേശഭാഷയിൽ എഴുതേണ്ടിവരുന്നതുപോലെ അങ്ങേയറ്റം ശ്രമകരമാണ് നിലനില്ക്കുന്ന ഭാഷയിലെ സ്ത്രീരചന. അതുകൊണ്ട് വ്യവസ്ഥാപിതഭാഷയുടെ സമ്മർദ്ദതന്ത്രങ്ങൾക്കുപകരം സ്ത്രീയെ സ്വതന്ത്രയാക്കുന്ന സരളമായൊരു പുതിയ ഭാഷ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.[23] ശക്തമായ പെൺസാഹിത്യഭാഷയെക്കുറിച്ചുള്ള പ്രത്യാശയാണ് ല്യൂസ് ഇറിഗെറയുടെ ഈ പ്രസ്താവനയിൽ കാണുന്നത്:

> അരൂപിയും സർവാംഗവ്യാപിയുമായ സ്ത്രീയുടെ ലൈംഗികതപോലെതന്നെയാണ് സ്ത്രീയുടെ ഭാഷ. അതിർത്തിയോ മരണമോ അറിയാത്ത ആയിരം നാമ്പുകളുള്ള ഭാഷയാണത്. ചിറകെട്ടിനിർത്തലല്ല, എല്ലാം തുറന്നുവിടുകയാണ് അതിന്റെ ധർമ്മം.[24]

ഈ പ്രത്യാശയുടെ സഫലീകരണത്തിന് അമേരിക്കൻ പെൺകവിത സ്വീകരിച്ച മാർഗമാണ് 'മൊഴിക്കൊള്ള' എന്ന് അലീഷ്യാ ഓസ്ട്രിക്കർ നിരീക്ഷിക്കുന്നു[25] നിലനി

---

[23] എൻ.ശശിധരൻ, പെണ്ണെഴുത്തിന്റെ പുതിയ പാഠങ്ങൾ, *ചിന്ത റിപ്പബ്ലിക്പതിപ്പ്*, 1993, പു. 74.

[24] Toril Moi, *Sexual/Textual Politics: Feminist Literary Theory* (Methven, London, 1985), P. 144.

[25] സച്ചിദാനന്ദൻ, ശരീരത്തിനുമപ്പുറം: സ്ത്രീത്വവും കവിത്വവും കമലദാസിന്റെ കൃതികളിൽ, *സ്ത്രീ സ്വത്വം സമൂഹം* (പൂർണ്ണ, കോഴിക്കോട്, 1994),പു. 24.

ല്ക്കുന്ന ഭാഷയിലെ പരമ്പരാഗതചിഹ്നങ്ങളുടെ അർഥം മാറ്റിയെടുക്കുന്ന പ്രക്രിയയാണ് മൊഴിക്കൊള്ള. പൂവ്, വെള്ളം, ഭൂമി തുടങ്ങിയവയുടെ സ്ത്രീലിംഗസ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ പൂവിനെ നശ്വരതയ്ക്കുപകരം ശക്തിയുടെയും വെള്ളത്തെ മരണത്തിനു പകരം സുരക്ഷിതത്വത്തിന്റെയും ഭൂമിയെ നിഷ്ക്രിയമായ ഉർവരതയ്ക്കു പകരം സർഗാത്മകമായ ഭാവനയുടെയും പ്രതീകങ്ങളാക്കി മാറ്റുന്നമട്ടിലുള്ള പ്രവർത്തനമത്രേ അത്.

പെണ്മയെ ഉദാത്തവല്ക്കരിച്ചുകൊണ്ട് തനതായൊരു ഭാഷയിലേക്ക് എത്തിച്ചേരുക എന്ന സങ്കല്പനം ഫ്രഞ്ച് സ്ത്രീവാദസമീപനത്തിലെ ശക്തമായൊരു ധാരയാണ്. അതിന്റെ മുഴങ്ങുന്ന പ്രഖ്യാപനമാണ് ല്യൂസ് ഇറിഗറെയുടെ ഈ വാക്കുകൾ:

> എഴുതൂ. എഴുത്ത് നിങ്ങൾക്കുവേണ്ടിയാണ്. നിങ്ങളുടെ ശരീരം നിങ്ങളുടേതാണ്. സ്ത്രീ അമ്മയുടെ മുലപ്പാലാകുന്ന വെളുത്ത മഷികൊണ്ട് തങ്ങളെത്തന്നെ എഴുതണം.[26]

**(3) ആൺകോയ്മയോടുള്ള പ്രതിഷേധം:**

പെണ്ണെഴുത്ത് ക്രോധത്തിന്റെ സാഹിത്യമാണ്; അത് പ്രത്യക്ഷമായോ പരോക്ഷമായോ ആൺകോയ്മയോടുള്ള പ്രതിഷേധമാണ്. പെൺരചനകളുടെ സമാനതയായി ഗിൽബർട്ടും ഗുബാറും[27] ചൂണ്ടിക്കാണിച്ചിട്ടുള്ളത് തീരാത്ത ഈ 'പെൺകലി'യാണ്. ചിലപ്പോൾ അത് സ്വന്തം ആശങ്കയുടെയും ദേഷ്യത്തിന്റെയും പ്രതിരൂപമായ ഭ്രാന്തിയുടെ ബിംബത്തിലൂടെയാണ് സാക്ഷാത്ക്കാരം തേടുന്നത്. മറ്റുചിലപ്പോൾ ആഴമുള്ള പാഠങ്ങളുടെ ഉപ

---

[26] ബിന്ദു.ആർ, സർഗ്ഗാത്മകതയുടെ കാടൻമേഖലകൾ, *ദേശാഭിമാനി വാരിക*, നവംബർ 20, 1994.

[27] Sandra Gilbert & Susan Gubar, *The Mad Women in the Attic: The Women Writers and the 19th Century Literary Imagination* (Yalc University Press, New Haven, 1979),p.91.

രിഘടനയിൽ സമൂഹം അംഗീകരിക്കാത്ത അർഥങ്ങളെ ഒളിപ്പിച്ചുവെച്ചുകൊണ്ടായിരിക്കും ആ ക്രോധം പ്രത്യക്ഷപ്പെടുന്നത്.[28]

### 1.2.2 സ്ത്രീവാദവിമർശനം

സ്ത്രീസാഹിത്യം വ്യത്യസ്തമാണെന്നതുകൊണ്ടുതന്നെ മൗലികമായൊരു വിമർശനപദ്ധതിയും സ്ത്രീപക്ഷത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്. ഈ ആവശ്യത്തിൽ നിന്നാണ് സ്ത്രീവാദസാഹിത്യവിമർശനം പിറന്നത്. അതിന്റെ ആദ്യപടി നിലനില്ക്കുന്ന വിമർശനസമ്പ്രദായം പുരുഷാധിപത്യപരമാണ് എന്ന തിരിച്ചറിവായിരുന്നു. അതിനെ പ്രതിരോധിക്കാനുള്ള ബോധപൂർവമായ ശ്രമമെന്നനിലയിൽ രംഗത്തുവന്ന സ്ത്രീവാദവിമർശനം താഴെപ്പറയുന്ന ദൗത്യങ്ങൾ ഏറ്റെടുത്തു.

(ഒന്ന്) സ്ത്രീവാദപരമായ നിലപാടിൽനിന്നുകൊണ്ട് നാളിതുവരെയുള്ള സാഹിത്യത്തെ വീണ്ടും വായിക്കുക. ഇതിന്റെ ആദ്യമാതൃക കെയ്റ്റ് മില്ലറ്റാ[29]ണ് മുന്നോട്ടുവച്ചത്.

(രണ്ട്) സാഹിത്യചരിത്രത്തിൽ ഇടംകിട്ടാത്തവരും അർഹമായ സ്ഥാനം നല്കപ്പെടാത്തവരുമായ എഴുത്തുകാരികളെ കണ്ടെത്തി സ്ത്രീപാരമ്പര്യം ചിത്രീകരിക്കുക.

(മൂന്ന്) പെണ്ണെഴുത്തിനെ പ്രത്യേക സാഹിത്യവിഭാഗമായി പഠിക്കുക. എലെയ്ൻ മോർസ് അതിനുള്ള കാരണങ്ങൾ നിരത്തുന്നത്[30] നോക്കുക.

---

[28] ടി.

[29] Kate Millet, *Sexual Politics* (ABAC US, London, 1972), P. 53.

[30] Toril Moi, *Sexual/Texual Politics: Feminist Literary Theory* (Methven, London, 1985) ,P. 76.

(i) അബോധപരമായി ഈ വിഭജനം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(ii) സ്ത്രീചരിത്രത്തിന്റെ യഥാർഥസ്വഭാവത്തെക്കുറിച്ച് ആഴത്തിലുള്ള അറിവു നല്കാൻ അതിനുകഴിയും.

(iii) സ്ത്രീക്ക് സാഹിത്യത്തിൽ അർഹമായ സ്ഥാനം കിട്ടുന്നതുൾപ്പെടെയുള്ള അനന്തരഫലങ്ങൾ ലഭിക്കും.

സ്ത്രീവാദവിമർശനത്തിന്റെ ദൗത്യം ഇങ്ങനെ വിശാലമാണ്. സംസ്കാരത്തിൽ അന്തർലീനമായിട്ടുള്ള, ദൈനംദിനാനുഭവത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള പുരുഷാധിപത്യത്തിന്റെ സ്വഭാവത്തെ പൊളിച്ചുകാട്ടിക്കൊണ്ട് സാഹിത്യചരിത്രസങ്കല്പത്തെ അത് ചോദ്യംചെയ്യുന്നു.[31]

## 1.3 സ്ത്രീവാദസാഹിത്യസമീപനങ്ങൾ: സാമാന്യാവലോകനം

ആൺകോയ്മാസൗന്ദര്യശാസ്ത്രമാനദണ്ഡങ്ങളാണ് സാഹിത്യസമീപനങ്ങളിൽ അധീശത്വം വഹിക്കുന്നത് എന്നു മനസ്സിലാക്കിയതോടെ മൗലികമായ ഒരു സ്ത്രീവാദസാഹിത്യസമീപനത്തിന്റെ സാധ്യതകളെക്കുറിച്ചുള്ള അന്വേഷണങ്ങൾ തുടങ്ങി. അത് രണ്ട് മാർഗങ്ങൾ തുറന്നിട്ടു.

(ഒന്ന്) അക്കാദമിക് സ്ഥാപനങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് യാഥാസ്ഥിതിക മാനദണ്ഡങ്ങളെ പരിഷ്കരിക്കാൻ ശ്രമിക്കുക.

---

[31] ഇ.വി.രാമകൃഷ്ണൻ, എഡി., *സ്ത്രീ സ്വത്വം സമൂഹം* (പൂർണ്ണ, കോഴിക്കോട്, 1994).

(രണ്ട്) മൂല്യനിർണയത്തിനുള്ള അക്കാദമികമാനദണ്ഡങ്ങളെ പാടേ തള്ളിത്തളയുക.

ആദ്യകാലങ്ങളിൽ ലിലിയൻ എഡ്റോബിൻസനെപ്പോലുള്ള സ്ത്രീവാദവിമർശകർ രണ്ടാമത്തെ മാർഗം സ്വീകരിക്കുകയുണ്ടായി. ദ്രുതഗതിയിലുള്ള ലക്ഷ്യപ്രാപ്തിക്ക് ഈ മാർഗം അനുയോജ്യമല്ലെന്നു തിരിച്ചറിഞ്ഞതോടെ അക്കാദമിക് ഘടനക്കുള്ളിൽ സ്ത്രീസൗന്ദര്യശാസ്ത്രത്തിന് ഒരിടമുണ്ടാക്കാൻ സ്ത്രീവാദികൾ ശ്രമിച്ചുതുടങ്ങി. എഴുപതുകളുടെ അന്ത്യത്തിലും എൺപതുകളുടെ ആദ്യത്തിലുമായാണ് അത്തരം ശ്രമങ്ങൾ നടന്നത്.[32]

അത്തരം അന്വേഷണങ്ങളുടെ ഫലമായി നിരവധി സ്ത്രീവാദവിമർശനസിദ്ധാന്തങ്ങളും ഉണ്ടായി. ആംഗ്ലോ അമേരിക്കൻ, ഫ്രഞ്ച്, മാർക്സിസ്റ്റ്, ബ്ലാക്ക് എന്നീ പേരുകളിൽ അവ പില്ക്കാലത്ത് അറിയപ്പെട്ടു. അവയോരോന്നും വിഭിന്നദാർശനികനിലപാടുകളെ അടിസ്ഥാനമാക്കിയുള്ളതാണ്. സാഹിത്യവ്യവഹാരത്തിലെ മർദ്ദകസ്ഥാപനങ്ങളെ വെല്ലുവിളിക്കുന്നതിൽ ഗണ്യമായ വിജയം കൈവരിച്ചിട്ടുള്ളത് ആംഗ്ലോ അമേരിക്കൻ സമീപനമാണ്[33] എന്ന ടോറിൽ മോയിയുടെ നിരീക്ഷണത്തോട് പൂർണ്ണമായി യോജിക്കാനാവില്ല. എങ്കിലും ഉദാരമായ മനുഷ്യത്വസങ്കല്പത്തിലധിഷ്ഠിതമായ ലളിതമായ സങ്കല്പനങ്ങളാണ് ആംഗ്ലോ അമേരിക്കൻ സമീപനത്തിൽ ഉള്ളതെന്ന വസ്തുത നിഷേധിക്കാനാവില്ല.

ആംഗ്ലോ അമേരിക്കൻ വിമർശകർ ആദ്യകാലത്ത് കർത്തൃത്വത്തെ അവഗണിക്കുകയും കൃതികളിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ള സ്ത്രീബിംബങ്ങളുടെ മൂല്യനിർണയന

---

32 Toril Moi, *Sexual/Texual Politics: Feminist Literary Theory* (Methven, London, 1985), P. 24.

33 ടി, പു. 97.

ത്തിനൊരുങ്ങുകയും ചെയ്തു. അതിനെത്തുടർന്ന് സ്ത്രീരചനകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള രീതിശാസ്ത്രങ്ങൾ മെനഞ്ഞെടുക്കാനാണ് അവർ ശ്രമിച്ചത്. അവരിൽ പ്രധാനപ്പെട്ടവർ കെയ്റ്റ് മില്ലറ്റ്, മേരി എൽമാൻ, എലെയ്ൻ ഷോവാൾട്ടർ, എലൻ മോർസ്, സാന്ദ്രാ ഗിൽബർട്ട്, സൂസൻ ഗുബാർ എന്നിവരാണ്. അവരുടെ സുപ്രധാനനിരീക്ഷണങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

### 1.3.1 കെയ്റ്റ് മില്ലറ്റ്

*ലിംഗപരരാഷ്ട്രീയം*[34] എന്ന കൃതിയിലൂടെയാണ് കെയ്റ്റ് മില്ലറ്റ് തന്റെ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്നത്. ഭരിക്കുന്നവരുടെ ലിംഗപദവി, ഭരിക്കപ്പെടുന്ന ലിംഗപദവിക്കുമേൽ അധികാരം പ്രയോഗിക്കുകയും അതു നിലനിർത്തുകയും ചെയ്യുന്നു എന്നാണ് 'ലിംഗപരരാഷ്ട്രീയ'ത്തെ അവർ നിർവചിക്കുന്നത്. സാഹിത്യകൃതികളിൽ ഈ പ്രക്രിയ പ്രത്യക്ഷപ്പെടുന്നത് എങ്ങനെയെന്ന് ലോറൻസ്, മില്ലർ, മെയ്‌ലർ, ഷെനെ എന്നീ സാഹിത്യകാരന്മാരുടെ കൃതികളെ അടിസ്ഥാനമാക്കി വിശദീകരിച്ചിട്ടുണ്ട്. എഴുത്തുകാരന്റെ അധികാരത്തെ തള്ളിക്കളഞ്ഞ് സ്വന്തം നിലപാട് വ്യക്തമാക്കാനുള്ള വായനക്കാരന്റെ അധികാരം സ്ഥാപിക്കുന്ന ശക്തമായ പ്രതിപാരായണമാണ് അവർ മുന്നോട്ടുവച്ച സമീപനരീതി.

ഉള്ളടക്കത്തെ മാത്രം അപഗ്രഥിക്കുകയും രൂപത്തെ അവഗണിക്കുകയും ചെയ്തു എന്നതാണ് ഒരു വിമർശക എന്ന നിലയിൽ മില്ലറ്റിന്റെ പരിമിതി.

[34] Kate Millet, *Sexual Politics* (ABAC, London, 1972),p.53.

### 1.3.2 മേരി എൽമാൻ

*സ്ത്രീകളെക്കുറിച്ചു ചിന്തിക്കുമ്പോൾ*[35] എന്ന നിബന്ധത്തിലൂടെ പാശ്ചാത്യ സംസ്കാരത്തിലെ ലിംഗതാരതമ്യാധിഷ്ഠിതമായ ചിന്തയെ മേരി എൽമാൻ തുറന്നുകാണിക്കുന്നു. എല്ലാ അനുഭവങ്ങളെയും ലിംഗാധിഷ്ഠിതമായി തരംതിരിക്കാനുള്ള പ്രവണതയാണ് 'ലിംഗതാരതമ്യാധിഷ്ഠിതമായ ചിന്ത'. സാഹിത്യവിമർശനത്തിലും ഇതു വ്യാപകമായുണ്ട്. സ്ത്രീയെ ലൈംഗികോപഭോഗവസ്തുവായി വീക്ഷിക്കുന്ന, അതേ തരത്തിലാണ് സ്ത്രീരചനകളെയും പുരുഷന്മാർ സമീപിക്കുന്നതെന്ന് അവർ വ്യക്തമാക്കുന്നു. ഈ രീതിയെ അവർ 'പുരുഷലിംഗപരമായ വിമർശനം' എന്നാണ് വിശേഷിപ്പിക്കുന്നത്. അത് ആൺരചനകൾക്കു ആധികാരികത നല്കുകയും പെൺരചനകൾക്കു അത് നിഷേധിക്കുകയും ചെയ്യുന്നു. ആൺ രചനകളെ 'ശക്തവും ഗൗരവമാർന്നതും' എന്നു വാഴ്ത്തുമ്പോൾ പെൺരചനകളെ 'മധുരവും ആകർഷകവും' എന്നു പരിമിതപ്പെടുത്തുകയാണ് ചെയ്യുന്നത്. സിസിൽ ബോഡ്കർ എന്ന ഡാനിഷ് കവയത്രിയുടെ രചനകളെ അവർ സ്ത്രീ ആണെന്നറിയുന്നതിനു മുമ്പും പിമ്പും ഒരു വിമർശകൻ വിലയിരുത്തിയതിലെ വ്യത്യാസത്തെ ഉദ്ധരിച്ചുകൊണ്ട് വിമർശനത്തിലെ ആൺപക്ഷപാതത്തെ എൽമാൻ എടുത്തുകാണിക്കുന്നുണ്ട്. എൽമാന്റെ അഭിപ്രായത്തിൽ 'പുരുഷലിംഗപരമായ' ഈ വിമർശനപദ്ധതിയുടെ പ്രതിരോധമാണ് സ്ത്രീവാദവിമർശനം.

---

[35] Mary Ellman, *Thinking about Women* (Harcoast, Newyork, 1968),p.47.

### 1.3.3 സാന്ദ്രാ ഗിൽബർട്ട്, സൂസൻ ഗുബാർ

*തട്ടിൻപുറത്തെ ഭ്രാന്തി*[36] എന്ന ഗ്രന്ഥത്തിലൂടെ സ്ത്രീസർഗാത്മകതയെക്കുറിച്ചുള്ള പുതിയ സിദ്ധാന്തം ഗിൽബർട്ടും ഗുബാറും അവതരിപ്പിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ പ്രമുഖ എഴുത്തുകാരികളായ ജയിൻ ഓസ്റ്റൻ, മേരി ഷെല്ലി, ബ്രോണ്ടി സഹോദരിമാർ, ജോർജ്ജ് എലിയറ്റ്, ഇ.ബി. ബ്രൗണിങ്ങ്, റോസറ്റി, എമിലി ഡിക്കിൻസൻ എന്നിവരുടെ കൃതികളെ വിശകലനം ചെയ്തുകൊണ്ടാണ് അവർ സ്വന്തം സിദ്ധാന്തം സ്വരൂപിക്കുന്നത്.

രചനയിൽ പുരുഷമാതൃകകളെ അനുകരിക്കാനാണ് സ്ത്രീകൾ നിർബന്ധിക്കപ്പെടുന്നത്. അതുകൊണ്ട് പുരുഷാധിപത്യത്തോടുള്ള അവരുടെ പ്രതിരോധം നിലവിലുള്ള ആവിഷ്കരണരീതിക്കുള്ളിൽ നിന്നുകൊണ്ട് പ്രകടിപ്പിക്കുവാൻ അവർ വ്യത്യസ്തമാർഗങ്ങൾ കണ്ടെത്തുന്നു. കൃതികളുടെ ഉപരിഘടന ആഴമുള്ളതും സമൂഹം അംഗീകരിക്കാത്തതുമായ അർത്ഥതലങ്ങളെ ഒളിപ്പിക്കുന്നു. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് എഴുത്തുകാരിയുടെ അപരസ്വത്വമായ ഭ്രാന്തി. സ്വന്തം ആശങ്കയുടെയും ദേഷ്യത്തിന്റെയും പ്രതിരൂപമാണിത്. പെൺരചനകളിൽ ഇങ്ങനെ നായിക – ഭ്രാന്തി എന്നൊരു ദ്വന്ദ്വം കണ്ടെത്താനാകും. അത് പിതൃദായമാതൃകകളോടുള്ള അനുരഞ്ജനവും പ്രതിഷേധവുമാണ് പ്രതിഫലിപ്പിക്കുന്നത്.

---

[36] Sandra Gilbert & Susan Gubar, *The Mad Women in the Attic: The Women Writers and the 19th Century Literary Imagination* (Yale University Press, New Haven, 1979),p.67.

### 1.3.4 എലൻ ഷോവാൾട്ടർ

പുരുഷപാരമ്പര്യത്തിനൊപ്പമൊഴുകുന്ന ശക്തമായ അടിയൊഴുക്കായി സ്ത്രീസാഹിത്യചരിത്രത്തെ വിവരിച്ച ആദ്യകൃതിയാണ് *അവരുടേതായ സാഹിത്യം.*[37] സ്ത്രീപ്രശസ്തി പെട്ടെന്ന് മാഞ്ഞുപോകുന്നതിലാണ് ഷോവാൾട്ടർ ഊന്നുന്നത്. സ്വന്തം കാലത്ത് പ്രസിദ്ധരായ എഴുത്തുകാരികൾ പില്ക്കാലത്ത് ചരിത്രത്തിൽനിന്ന് മറയുന്നു. അങ്ങനെ ഓരോ എഴുത്തുകാരിയും ചരിത്രമില്ലാത്തവരായും, ഭൂതകാലം പുതുതായി കണ്ടെത്തേണ്ടവരായും, സ്വലിംഗബോധം ഉയർത്തേണ്ടവരായും ഭവിക്കുന്നു. ഇംഗ്ലീഷ് സാഹിത്യചരിത്രത്തിലെ സ്ത്രീപാരമ്പര്യം പുനരുജ്ജീവിപ്പിച്ചുകൊണ്ട് ഇതിനെ മറികടക്കാൻ നടത്തിയ പരിശ്രമങ്ങളാണ് ഷോവാൾട്ടറുടെ പ്രധാന സംഭാവന. മുഖ്യധാരയിൽനിന്നു വ്യത്യസ്തമായി തനിമ നിലനിർത്തിയിരുന്ന ആ ഉപസാഹിത്യസംസ്കാരത്തിന് സ്ത്രൈണം, സ്ത്രീവിമോചനപരം, സ്ത്രീസ്വത്വപരം എന്നിങ്ങനെ മൂന്നുഘട്ടങ്ങൾ ഉണ്ടെന്ന് അവർ നിരീക്ഷിക്കുന്നു.

നിലനില്ക്കുന്ന സാഹിത്യമാതൃകകളെ അനുകരിക്കുകയും അതിന്റെ മൂല്യങ്ങളെ ആന്തരികവല്ക്കരിക്കുകയും ചെയ്യുന്ന ദീർഘമായ ഘട്ടത്തെയാണ് അവർ 'സ്ത്രൈണം' എന്നു വിശേഷിപ്പിച്ചത്. ഈ മാനദണ്ഡങ്ങളോടും മൂല്യങ്ങളോടുമുള്ള കലഹത്തിന്റെ കാലമാണ് 'സ്ത്രീവിമോചനപരം'. അനുകരിക്കുന്നതും എതിർക്കുന്നതും ഒരുപോലെ പുരുഷനെ ആശ്രയിക്കലാണ് എന്നുകണ്ടറിഞ്ഞ് സ്വത്വത്തെ തേടുന്ന, സ്വയം കണ്ടെത്തുന്ന മൂന്നാംഘട്ടമാണ് 'സ്ത്രീസ്വത്വപരം'.

---

[37] Elaine Showalter, *A Literature of Their Own* (Princeton University Press, Princeton, 1977),p.21.

## 1.4 മലയാളചെറുകഥയിലെ സ്ത്രീപാരമ്പര്യം

സ്ത്രീവാദപ്രത്യയശാസ്ത്രത്തിന്റെ പ്രചാരത്തിന്നുമുമ്പ് ലോകസാഹിത്യങ്ങളിലെല്ലാംതന്നെ സ്ത്രീരചനകൾ പ്രായേണ മുഖ്യധാരയിൽനിന്ന് അകന്നാണ് നിന്നിട്ടുള്ളത്. കുടുംബത്തിനുപുറത്തുള്ള ലോകങ്ങളെല്ലാം സ്ത്രീക്കു നിഷേധിച്ചിരുന്ന ആൺകോയ്മാസംസ്കാരത്തിന്റെ പ്രത്യക്ഷമായ സ്വാധീനമായിരുന്നു അതിനുപിന്നിൽ പ്രവർത്തിച്ചത്. കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഇന്ത്യയിൽ മാതൃദായക്രമം അഥവാ മരുമക്കത്തായം ഏറ്റവുമധികം പ്രചാരത്തിലിരുന്നത് കേരളത്തിലായിരുന്നു. എന്നാൽ സ്ത്രീക്ക് സ്വയം നിർവചിക്കാനുള്ള സ്വാതന്ത്ര്യം ഇവിടെയുമില്ലായിരുന്നു. മരുമക്കത്തായത്തിൽ പ്രബലമായിരുന്ന പുരുഷമേധാവിത്തഘടകങ്ങളായിരുന്നു അതിനുകാരണം. സൂസൻ മാത്യു കേരളത്തിലെ നായർസമുദായത്തിലെ കുടുംബവ്യവസ്ഥയെ മാതൃകയാക്കിയെടുത്ത് ഈ വസ്തുതയെ ഇങ്ങനെ വിശദീകരിക്കുന്നു.

> സ്ത്രീയുടെ പേരിലാണു തറവാടെങ്കിലും ഭരണം നടത്തിയിരുന്നത് ആ സ്ത്രീയുടെ സഹോദരനായ കാരണവരാണ്. മരുമക്കത്തായത്തിനുള്ളിലും മക്കത്തായത്തിന്റെ മേൽക്കൈ ഇവിടെക്കാണാവുന്നതാണ്.[38]

ഇതേ വസ്തുത തന്നെ നമ്മുടെ ഭാഷയിലെയും സാഹിത്യത്തിലെയും വിവേചനങ്ങളെ മുൻനിർത്തി ജെ. പദ്മകുമാരി വിശദീകരിച്ചിട്ടുണ്ട്.

> മലയാളഭാഷയിൽ, ജീവനില്ലാത്ത വസ്തുക്കൾക്കൊപ്പം വിശേഷബുദ്ധിയില്ലാത്ത ജന്തുക്കളും നപുംസകലിംഗത്തിലാണ് ഉൾപ്പെടുന്നത്. ബഹുവചനപ്രത്യയം പ്രയോഗിക്കുമ്പോൾ സലിംഗബഹുവചനപ്രത്യയമായ 'മാർ' പുല്ലിംഗപദങ്ങൾക്കുമാത്രമേ സർവസാധാരണയായി പ്രയോഗിക്കുന്നുള്ളൂ. സ്ത്രീകൾക്കും കുട്ടികൾക്കും വിശേഷബുദ്ധിയുണ്ടെന്ന് അംഗീകരിക്കാത്ത

---

[38] സൂസൻ മാത്യു, *'കേരളത്തിലെ മാതൃദായക്രമം - ഒരു പുനർവിചിന്തനം* ' (ഏ.കെ.ജി പഠനഗവേഷണകേന്ദ്രം, തിരുവനന്തപുരം, 1995), പു. 62.

സമൂഹം ആ പദങ്ങളിൽ നപുംസകബഹുവചനത്തിനുള്ള അലിംഗപ്രത്യമായ 'കൾ' ആണ് സ്ത്രീകൾക്കും കുട്ടികൾക്കും ചേർക്കുന്നത്. ......... ഈ അവസ്ഥ സ്ത്രീയെ ആശ്രയിച്ചു രൂപപ്പെടുത്തിയ മരുമക്കത്തായം എന്ന ദായക്രമം നിലനിന്ന നാട്ടിലാണെന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ട് മരുമക്കത്തായവ്യവസ്ഥിതിയിൽ സ്ത്രീക്ക് സ്വത്തവകാശത്തിന്റെ ഫലമായി സാമ്പത്തികസ്വാതന്ത്ര്യവും അതുവഴി കുടുംബത്തിലും സമൂഹത്തിലും പ്രാധാന്യവും ലഭിച്ചിരുന്നു എന്ന ധാരണയ്ക്ക് ഒരു വിയോജനക്കുറിപ്പ് കൂടിയേതീരൂ.[39]

'വനിതകളുടെ സുവർണകാലമെന്നത് ഒരു മിഥ്യയാണ്. സമൂഹം എപ്പോഴും പുരുഷമേധാവിത്വത്തിലായിരുന്നു; രാഷ്ട്രീയാധികാരം എപ്പോഴും പുരുഷന്മാരുടെ കൈകളിലായിരുന്നു'[40] എന്ന നിരീക്ഷണത്തെ മലയാളിസ്ത്രീയുടെ ജീവിതവും ശരിവയ്ക്കുന്നതായി കാണാൻകഴിയും. അതുകൊണ്ട് മലയാളത്തിലെ സാഹിത്യകാരികൾ 'മുഖ്യധാരയിൽനിന്നും തള്ളിപ്പുറത്താക്കപ്പെട്ട, വിമർശകാധീശവർഗത്താൽ തഴയപ്പെട്ട, പീഡിതവർഗ'മാണ്.[41]

അക്ഷരവിദ്യ കൈവശമാക്കാനുള്ള അവസരം സ്ത്രീകൾക്ക് വളരെ വൈകിമാത്രമാണു ലഭിച്ചത്. കിളിവാതിലുകളിലൂടെ ലഭിക്കുന്ന പുറംകാഴ്ചകളും വാതിൽപ്പാളികളുടെ പിന്നാമ്പുറങ്ങളിലേക്ക് വന്നുവീഴുന്ന പൂമുഖത്തെ വെടിവട്ടങ്ങളുമായിരുന്നു ഒട്ടുമിക്ക സവർണവനിതകളുടെയും പുറംലോകം. അധ്വാനവും ശരീരസൗഭാഗ്യങ്ങളും അടിയറ വയ്ക്കുക, എന്നാൽ തീണ്ടാപ്പാടകലെ മാറിനില്ക്കുക എന്ന വൈരുദ്ധ്യത്തിൽപ്പെട്ട് ഉഴ

---

39 ജെ.പദ്മകുമാരി, 'സമൂഹത്തിലെ സ്ത്രീയുടെ പദവി മലയാളസാഹിത്യത്തിൽ', *കേരളത്തിലെ സ്ത്രീകൾ - ഇന്നലെ ഇന്ന്* (എ.കെ.ജി പഠനഗവേഷണകേന്ദ്രം, തിരുവനന്തപുരം, 1995), പു. 22.

40 Simone de Beauvoir, *The Second Sex* (Penguin, Harmonds worth, 1974), P.17.

41 ജാൻസി ജെയിംസ്, 'സ്തുതിപ്പിൽ നിന്ന് കുതിപ്പിലേയ്ക്ക് - കൈരളിയുടെ ഫെമിനിസ്റ്റ് മാനങ്ങൾ', *കേരളത്തിലെ സ്ത്രീകൾ ഇന്നലെ, ഇന്ന്* (എ.കെ.ജി.പഠനഗവേഷണകേന്ദ്രം, തിരുവനന്തപുരം, 1994).

ലുന്നതായിരുന്നു അവർണ്ണസ്ത്രീകളുടെ ജീവിതം. ഇരുകൂട്ടർക്കും ലിഖിതസാഹിത്യത്തിലേക്കുള്ള വഴികളിൽ വിലക്കുകൾ ഏറെയുണ്ടായിരുന്നു. കേരളത്തിലെ സ്ത്രീവാദരാഷ്ട്രീയം 'സ്ത്രീവിദ്യാഭ്യാസം, സ്ത്രീസ്വാതന്ത്ര്യം' എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ രംഗപ്രവേശം ചെയ്തതിനുപിന്നിൽ ഈ സാമൂഹ്യാവസ്ഥയാണ്.[42]

അവർണ്ണർക്ക് അക്ഷരാഭ്യാസം വിലക്കപ്പെട്ടിരുന്നതിനാൽ ആദ്യകാലസാഹിത്യകാരികൾ പൊതുവെ സവർണരായിരുന്നു. അമ്പാടി, കുറുപ്പത്ത്,തോട്ടയ്ക്കാട്ട് എന്നീ നായർപ്രഭുകുടുംബങ്ങളിൽനിന്നാണ് മലയാളസാഹിത്യത്തിൽ സ്ത്രീശബ്ദം ഉയർന്നുകേട്ടത്.[43] അവർക്കുപോലും നിരവധി വിലക്കുകളെയും പരിഹാസങ്ങളെയും നേരിടേണ്ടിവന്നു. മാധവി എന്ന എഴുത്തുകാരി 1908 ലെ ശാരദ മാസികയിൽ ഇത്തരം വിലക്കുകളുടെ ഹ്രസ്വമായൊരു ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. വനിതാവൈഭവം' എന്ന ലേഖനത്തിലെ ഈ ഭാഗം നോക്കുക.

> അന്തഃപുരജീവിതം നയിച്ചിരുന്നവർക്ക് സാഹിത്യപരിശീലനത്തിനു സൗകര്യമുണ്ടായിരുന്നു പോലും! ആ സ്ത്രീകൾക്ക് വല്ല സ്വാതന്ത്ര്യവും നല്കിയിരുന്നുവോ? അവർ പുരുഷന്റെ അടിമകളെപ്പോലെയല്ലേ ഗണിക്കപ്പെട്ടിരുന്നത്? അവിടെ സ്ത്രീയുടെ സ്ഥിതി എന്തായിരുന്നു? പുരുഷന്റെ അധീനതയിൽ അവന്റെ വിഷയവാസനയെ തൃപ്തിപ്പെടുത്താനായിട്ടല്ലേ ബന്ധിക്കപ്പെട്ടിരുന്നത്? അവൾക്ക് മാനസികപരിഷ്കാരമോ ചിത്രകലകളിൽ താല്പര്യമോ വളർത്തുവാൻ സാധിച്ചിരുന്നുവോ?

---

[42] എൻ.കെ.രവീന്ദ്രൻ, 'കേരളത്തിലെ സ്ത്രീവിമോചനരാഷ്ട്രീയം - ചരിത്രപരമായ ഒരന്വേഷണം', *സ്ത്രീപഠനങ്ങൾ* (ബോധി, കോഴിക്കോട്, 1990),പു.45.

[43] കുഞ്ഞികൃഷ്ണൻ പള്ളിപ്പാട്ട്, *നമ്മുടെ സാഹിത്യകാരന്മാർ* (നാഷനൽ ബുക്സ്റ്റാൾ, കോട്ടയം, 1957), പു. 6.

### 1.4.1 മലയാളത്തിലെ ആദ്യകഥാകാരി

മലയാളത്തിലെ ആദ്യകഥാകാരിയാര് എന്ന അന്വേഷണം തുടങ്ങിവെച്ചത് ടി.ആർ. ആണ്. 'ബോധം വന്ന ഭൂതം' എന്ന കഥയെഴുതിയ എം.രത്നം ബി.എ. ആണ് ആദ്യകഥാകാരി എന്നദ്ദേഹം കണ്ടെത്തുകയുണ്ടായി.[44] എന്നാൽ എം. രത്നം ബി.എ. എന്നത് അമ്പാടി നാരായണപ്പൊതുവാളിന്റെ തൂലികാനാമമാണെന്ന് എം.എം.ബഷീർ മനസ്സിലാക്കി.

> ഒരു യഥാർത്ഥ സ്ത്രീയുടെ പേരിൽ കാണാൻ കഴിഞ്ഞ ആദ്യകഥ ബി.കല്ല്യാണിയമ്മ *രസികരഞ്ജിനി*യിൽ എഴുതിയ 'ലളിത'യാണ്. അതൊരു പരിഭാഷക്കഥയാണ്. ഒരു സ്ത്രീ എഴുതിയ മലയാളത്തിലെ ആദ്യത്തെ സ്വതന്ത്രകഥ 1911-ൽ *ഭാഷാപോഷിണി*യിൽ എം.സരസ്വതീഭായി എഴുതിയ 'തലച്ചോറില്ലാത്ത സ്ത്രീകൾ' ആണ്'

എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.[45]

എന്നാൽ 1901-ൽ നവംബർ ലക്കം *വിദ്യാവിനോദിനി*യിൽ ടി.സി.കല്യാണിയമ്മ എഴുതിയ 'രാജപങ്കജ'മാണ് ഒരു സ്ത്രീ എഴുതിയ ആദ്യസ്വതന്ത്രകഥ എന്ന് എൻ.കെ.രവീന്ദ്രൻ കണ്ടെത്തുന്നു. എം. സരസ്വതീഭായിക്കുമുമ്പേ ടി.സി.കല്യാണിയമ്മ 'ഒരു കഴുതയുടെ കഥ' എന്ന പേരിൽ മറ്റൊരു സ്വതന്ത്രകഥയും രചിച്ചിട്ടുണ്ട്. ഈ വസ്തുതകൾ ടി.സി.കല്യാണിയമ്മയാണ് മലയാളത്തിലെ ആദ്യകഥാകാരി എന്ന് തെളിയിക്കുന്നു.[46]

ഇവിടെ ശ്രദ്ധേയമായ ചില വസ്തുതകളുണ്ട്. ആദ്യകഥാകാരിയുടെ കഥ വന്ന് എൺപത്തിരണ്ട് വർഷം കഴിഞ്ഞ ശേഷം മാത്രമാണ് ആദ്യകഥാകാരിയാര് എന്ന

---

[44] ടി.ആർ., 'മലയാളത്തിലെ ആദ്യകഥാകാരി', *കലാകൗമുദി ആഴ്ചപ്പതിപ്പ്*, (1983 ജൂൺ 26).

[45] എം.എം.ബഷീർ, 'മലയാളത്തിലെ ആദ്യകാലകഥാകാരികൾ' *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, (സപ്തംബർ 9-15, 1984).

[46] എൻ.കെ.രവീന്ദ്രൻ, *"സ്ത്രീവിമോചനത്തിന്റെ പ്രശ്നങ്ങൾ മലയാളസാഹിത്യത്തിൽ - എഴുത്തുകാരികളുടെ സംഭാവനകളെ അടിസ്ഥാനമാക്കിയുള്ള പഠനം"* (പിഎച്ച്.ഡി പ്രബന്ധം, 1992).

അന്വേഷണം ആരംഭിച്ചത്. അതുംകഴിഞ്ഞ് ഒരു പത്തുവർഷംകൂടി കഴിഞ്ഞാണ് (1992-ൽ) അവരെ തിരിച്ചറിയുന്നത്. മലയാളത്തിലെ ആദ്യചെറുകഥയായ 'വാസനാവികൃതി' 1891-ലാണ് പുറത്തിറങ്ങുന്നത്. അതുകഴിഞ്ഞ് ആറുവർഷങ്ങൾക്കുള്ളിൽ ഒരു സ്ത്രീ രചിച്ച ആദ്യപരിഭാഷക്കഥയും പതിനൊന്ന് വർഷത്തിനുള്ളിൽ സ്ത്രീയുടെ ആദ്യസ്വതന്ത്രകഥയും പുറത്തുവന്നിരുന്നു. ചെറുകഥയുടെ ജന്മശതാബ്ദി ആഘോഷിച്ച കാലത്തിറങ്ങിയ *100 വർഷം 100 കഥ* എന്ന കൃതിയിൽ ഇവരുടെ പേരില്ല. *ചെറുകഥ ഇന്നലെ ഇന്നിൽ* വെറും നാലുകഥാകാരികൾ മാത്രമാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. എന്തിന് *സ്ത്രീസ്വത്വാവിഷ്ക്കാരം ആധുനികമലയാളസാഹിത്യത്തിൽ* എന്ന ബൃഹദ്പഠനം നടത്തിയ എം.ലീലാവതി പോലും ആദ്യകഥാകാരികളുടെ പേര് സൂചിപ്പിച്ചിട്ടില്ല.

## 1.5 സ്ത്രീത്വത്തിന്റെ വ്യത്യസ്താവിഷ്കാരങ്ങൾ

അബല, ചപല എന്നിങ്ങനെ കേൾക്കുമ്പോൾ വാത്സല്യപൂർവമെന്നു തോന്നുന്ന വിശേഷണങ്ങളിലൂടെ തങ്ങൾ കീഴാളരാണെന്ന ബോധം സ്ത്രീയുടെ അബോധത്തിൽ ഉറപ്പിക്കുന്ന രീതി ആൺകോയ്മാസമൂഹം നിലനിർത്തിയിരുന്നു. സാഹിത്യലോകത്തിലേക്കു കാലുകുത്തുവാൻ സ്ത്രീകൾക്ക് കഴിയില്ലെന്ന ധാരണയും അത് പുലർത്തിയിരുന്നു. ഈ പ്രവണതകളോടുള്ള കലഹവും അതിനെ അനുവർത്തിക്കുന്നവർക്കു നേരെയുള്ള പരിഹാസവും മലയാളസ്ത്രീകഥാപാരമ്പര്യത്തിന്റെ ആദ്യദശയിൽത്തന്നെകാണാം. 'തലച്ചോറില്ലാത്ത സ്ത്രീകൾ'[47] എന്ന കഥ അതിനു നല്ല ഉദാഹരണമാണ്.

[47] എം.സരസ്വതീഭായി, തലച്ചോറില്ലാത്ത സ്ത്രീകൾ, *ഭാഷാപോഷിണി*, പു.5, ല. 8,9 (1911) പു. 251-258.

ആ കഥയുടെ സംക്ഷിപ്തരൂപം ഇതാണ് – 'സ്ത്രീകൾക്ക് തലച്ചോറില്ല. അതുകൊണ്ട് സാഹിത്യമൊന്നും മനസ്സിലാവില്ല' എന്നു പറഞ്ഞ് സാഹിത്യകാരനായ ഗോവിന്ദൻ നായർ ഭാര്യ കല്യാണിയമ്മയെ പരിഹസിക്കാറുണ്ട്. സാഹിത്യത്തിൽ ബാലകൃഷ്ണൻ നായർ എന്നൊരു മുഖ്യ എതിരാളി അയാൾക്കുണ്ട്. നോവൽമത്സരത്തിന് സമ്മാനം ലഭിച്ചിട്ടുള്ള ആളാണ് ബാലകൃഷ്ണൻ നായർ. ഒരുദിവസം 'ബാലകൃഷ്ണൻ നായർ' എന്നത് തന്റെ ഭാര്യയുടെ തൂലികാനാമമാണെന്ന് ഒരു ഞെട്ടലോടെ ഗോവിന്ദൻനായർ അറിയുന്നു. അഭിമാനക്ഷതമേറ്റ അയാൾ വീടുവിട്ടുപോകാൻ തീരുമാനിച്ചു. പക്ഷേ തന്റെ പ്രസവം കഴിയുന്നതുവരെയെങ്കിലും തന്നോടൊപ്പമുണ്ടാവണമെന്ന കല്യാണിയമ്മയുടെ ആവശ്യത്തിന് അയാൾ വഴങ്ങി. കല്യാണിയമ്മ പ്രസവശേഷം തന്റെ നോവലിനുലഭിച്ച സമ്മാനത്തുകയും മറ്റും അദ്ദേഹത്തിനു നല്കിയിട്ട് ഇങ്ങനെ ആവശ്യപ്പെട്ടു – ഞാൻ മരിക്കാൻ പോകുന്നു. അതുകൊണ്ട് അങ്ങ് കുട്ടികളെ സംരക്ഷിച്ചുകൊണ്ട് ഇവിടെത്തന്നെ കഴിയണം. സ്വയം മരണം വരിക്കുന്നതിൽനിന്ന് ഗോവിന്ദൻനായർ കല്യാണിയമ്മയെ പിന്തിരിപ്പിച്ചു. അതിനുപകരമായി സ്ത്രീകൾക്കു തലച്ചോറില്ലെന്ന് താനിനി ഒരിക്കലും പറയില്ലെന്ന് അദ്ദേഹം വാക്കുനല്കി.

'സ്ത്രീകൾക്ക് തലച്ചോറുണ്ട്' എന്നു ധൈര്യപൂർവം പ്രഖ്യാപിക്കുവാൻ സരസ്വതീഭായി ചെറുകഥയെ ഉപയോഗിച്ചത് 1911–ൽ ആയിരുന്നു. അക്കാലത്ത് ചെറുകഥയിലെ മുഖ്യധാരയെ ആകർഷിച്ചിരുന്നത് എഡ്ഗാർ അല്ലൻപോ, നാഥാനിയേൽ ഹാത്തോൺ എന്നീ റൊമാന്റിക് കഥാകാരന്മാരുടെയും കോനൽ ഡോയലിനെപ്പോലുള്ള അപസർപ്പക കഥാകൃത്തുക്കളുടെയും കൃതികളായിരുന്നു.[48] സരസ്വതീഭായിയുടെ രചനയാകട്ടെ തനി

[48] എം.അച്യുതൻ, *ചെറുകഥ ഇന്നലെ ഇന്ന്* (സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1985) ,പു. 78.

ക്കുചുറ്റും നിലനിന്നിരുന്ന സ്ത്രീവിവേചനത്തിന്റെ തലങ്ങളെ പകിട്ടുകൾ ഏറെയില്ലാതെ അവതരിപ്പിക്കുകയാണു ചെയ്തത്.

മൗലികമായൊരു പ്രമേയലോകം അവതരിപ്പിച്ചു എന്നതാണ് കഥാപാരമ്പര്യ പഠനത്തിൽ സരസ്വതീഭായിക്കുള്ള പ്രസക്തി. ഇത്രതന്നെ പ്രകടമായിട്ടില്ലെങ്കിലും ആദ്യ കാലകഥാകാരികളുടെ രചനകളിൽ മിക്കവയിലും പെൺയാഥാർഥ്യത്തിന്റെ സാന്നിധ്യം കാണാവുന്നതാണ്. 'ഒരു യഥാർഥ ഭാര്യ'[49] എന്ന കഥയുടെ സാരം ഇങ്ങനെയാണ്.

നീചനും മർദ്ദകനുമാണ് രാഘവക്കൈമൾ. അദ്ദേഹത്തിന്റെ നിരന്തരമായുള്ള പീഡനങ്ങൾ സഹിക്കവയ്യാതെ ഭാര്യ ജാനകിയമ്മ മദിരാശിയിലുള്ള തന്റെ കാമുകനോടൊത്ത് ഒളിച്ചോടുന്നു. യാത്രാമധ്യേ വഴിയിൽ രക്തപങ്കിലനായി കിടക്കുന്ന രാഘവക്കൈമളെ അവർ കാണുന്നു. തന്റെ ഭർത്താവിനെ അവശനിലയിൽ കണ്ടയുടൻതന്നെ ജാനകിയമ്മ ഓടിച്ചെന്ന് അയാളെ മടിയിൽക്കിടത്തി ആശ്വസിപ്പിക്കുന്നു. ആ പരിചരണം ഏറ്റുവാങ്ങി അയാൾ മരിക്കുന്നു. ഇതെല്ലാം കണ്ടുനിന്ന കാമുകൻ ബാലകൃഷ്ണമേനോൻ അവളെ കൂടുതൽ സ്നേഹത്തോടെ കൂട്ടിക്കൊണ്ടുപോകുന്നു.

പതിഭക്തിയുടെ ഉദാത്തവല്ക്കരണമാണ് ഈ കഥ എന്നു ലളിതവല്ക്കരിക്കുന്നത് ശരിയല്ല. അക്കാലത്തെ സ്ത്രീകളുടെ വിമോചനസ്വപ്നങ്ങളുടെ ദിശ ഈ കഥ ചൂണ്ടിക്കാട്ടുന്നുണ്ട്. ആചാരവിശ്വാസങ്ങളുടെയും സാമ്പ്രദായികമൂല്യങ്ങളുടെയും തടവറയിൽനിന്നുള്ള മോചനത്തിന് നവീനവിദ്യാഭ്യാസം അനിവാര്യമാണെന്ന് സ്ത്രീകൾ മനസ്സിലാക്കിത്തുടങ്ങിയ കാലമാണത്. സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങളും സ്വാതന്ത്ര്യസമരവും അതിനകം പ്രബലമായിക്കഴിഞ്ഞിരുന്നു. സ്ത്രീകളുടെ തന്നെ മുൻകയ്യോടെ 1904

---

[49] തച്ചാട്ട് ദേവകിനേത്യാരമ്മ, ഒരു യഥാർത്ഥ ഭാര്യ, *ലക്ഷ്മീഭായി,* പു.14, ല.10 (1919).

ൽ *ശാരദ*യും 1905–ൽ *ലക്ഷ്മീഭായി*യും പ്രസിദ്ധീകരിച്ചുതുടങ്ങിയിരുന്നു. ജാനകിയമ്മയുടെ കാമുകൻ 'മദിരാശിക്കാര'നായത് യാദൃച്ഛികമല്ലെന്ന് ഈ ചരിത്രയാഥാർഥ്യങ്ങൾ തെളിയിക്കുന്നു. കേരളത്തിലെ അഭ്യസ്തവിദ്യരായ പുരോഗമനചിന്താഗതിക്കാരുടെ താവളമായിരുന്നു അന്നത്തെ മദിരാശി. ജാനകിയമ്മ പീഡനത്തിൽനിന്ന് അഭയം പ്രാപിക്കുന്നത് ആ താവളത്തിലേക്കാണ്. ബാലകൃഷ്ണമേനോൻ പ്രതിനിധാനം ചെയ്യുന്ന അഭ്യസ്തവിദ്യരുടെ ലോകമായിരുന്നു അവർക്ക് ഭർത്താവിനെതിരേയുള്ള കലാപത്തിനു കരുത്തേകിയത്.

അക്കാലത്തെ ചെറുപ്പക്കാരികളുടെ സങ്കല്പത്തിലെ ഭർത്താവ് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാരൻ ആയിരുന്നു എന്നതിനെ ആസ്പദമാക്കി രചിച്ച ഒരു കഥയാണ് 'ഇനി എന്താ ചെയ്കാ?'[50]

ഈ കഥയിൽ അമ്മാവന്റെ കൂടെവന്ന ചെറുപ്പക്കാരനെ കണ്ടപ്പോൾ തിരുവനന്തപുരത്ത് രാജകീയകലാശാലയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തുന്ന ആളാണ് എന്നു കരുതി ഒരു പെൺകുട്ടി അയാളെ വരിക്കാൻ ആഗ്രഹിക്കുന്നു. അയാൾ മടങ്ങിപ്പോയശേഷം അവളുടെ ഉള്ളിലെ ആ താല്പര്യം വളർന്നുകൊണ്ടിരുന്നു. വന്ന ആലോചനകളെല്ലാം അവൾ തള്ളിക്കളഞ്ഞപ്പോൾ അവളുടെ മനസ്സറിഞ്ഞ അമ്മാവൻ, അയാളെത്തന്നെ അവൾക്കു ഭർത്താവാക്കി. കുറേ ദിവസം കഴിഞ്ഞപ്പോൾ നേരമ്പോക്കുപറഞ്ഞിരിക്കവേ അയാൾ ഇംഗ്ലീഷുപഠിക്കുകയല്ല, ശാസ്ത്രിപരീക്ഷയ്ക്കു പഠിക്കുകയാണെന്ന് അവൾക്കു മനസ്സിലായി. അതറിഞ്ഞപ്പോൾ അവൾക്ക് ലജ്ജയോ പശ്ചാത്താപമോ ഒക്കെ തോന്നി. ഇനി എന്താ ചെയ്ക? എന്നവൾ വ്യാകുലപ്പെട്ടു.

---

[50] ലക്ഷ്മിക്കുട്ടി വാരസ്യാർ, 'ഇനി എന്താ ചെയ്ക', *ആദ്യകാല സ്ത്രീകഥകൾ*, എം.എം.ബഷീർ, എഡി., (ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2004).

രസകരമായ ഒരു സംഭവത്തിന്റെ ആവിഷ്കാരം എന്നതിലപ്പുറം മരുമക്കത്തായ സമ്പ്രദായത്തിലെ അമ്മാവന്റെ അധികാരം, തനിക്കു താല്പര്യം തോന്നുന്ന ഒരാളെ വ്യക്തമായി അറിയുന്നതിനോ മിണ്ടുന്നതിനോ സ്ത്രീക്കു കഴിയാതിരുന്ന അവസ്ഥ, അക്കാലത്തെ ഇംഗ്ലീഷുവിദ്യാഭ്യാസത്തോടുള്ള ആസക്തി തുടങ്ങിയ സാമൂഹ്യയാഥാർഥ്യങ്ങളെ ആ കഥ ആവിഷ്കരിക്കുന്നു. ഭാവിവരനെക്കുറിച്ച് കൃത്യമായ മാനദണ്ഡങ്ങൾ പുലർത്തിയിരുന്ന ഒരു പെൺകുട്ടി അതിനു വിരുദ്ധമായ സ്വഭാവമുള്ള ഒരു ഭർത്താവിനെ സ്വീകരിക്കേണ്ടി വന്നതിന്റെ ചരിത്രപരമായ കാരണങ്ങൾ ആ കഥയിലുണ്ട്. അതിന്റെ വെളിച്ചത്തിൽനിന്നുകൊണ്ട് വായിക്കുമ്പോൾ 'ഇനി എന്താ ചെയ്ക?' എന്ന ചോദ്യം അവളുടെ നിസ്സഹായാവസ്ഥയെ പ്രതിഫലിപ്പിക്കുന്നതാണ് എന്നുകാണാനാകും.

ഭർത്താവിൽനിന്നുള്ള പീഡനങ്ങൾ ഏറ്റുവാങ്ങിക്കഴിയുന്നവർ, സഹികെട്ട് അവരെ തിരുത്തിയെടുക്കാൻ ഒരുമ്പെടുന്ന തരത്തിലുള്ള ഇതിവൃത്തങ്ങളും ആദ്യകാലകഥകളിൽ കാണാൻകഴിയും. അത്തരത്തിലുള്ള ഒരു പരിഹാസകഥയാണ് ഒരു പൊടിക്കയ്യ്.[51] വേണ്ടാതെ ശുണ്ഠിയെടുക്കുന്ന ഭർത്താവിനെ ഒരു പൊടിക്കൈ പ്രയോഗിച്ച് ഭാര്യ നേരെയാക്കിയെടുക്കുന്നതാണ് അതിലെ ഇതിവൃത്തം.

ആദ്യകാലകഥാകാരികൾ ഇങ്ങനെ സാമൂഹ്യയാഥാർഥ്യങ്ങളെ സ്ത്രീവീക്ഷണത്തിൽനിന്നുകൊണ്ട് അവതരിപ്പിക്കാൻ ശ്രമിച്ചു തുടങ്ങിയിരുന്നതായി കാണാം. സ്ത്രീകളുടെ ചാപല്യങ്ങളെ ചിത്രീകരിക്കുന്ന കഥകളുണ്ടെങ്കിലും സ്ത്രീകളെ അപഹസിക്കുകയോ അടച്ചാക്ഷേപിക്കുകയോ ചെയ്യുന്ന കഥകൾ കാണാൻ കഴിഞ്ഞിട്ടില്ല[52] എന്ന നിരൂപകമതം ഈ വസ്തുതയെ കുറേക്കൂടി ദ്രഢീകരിക്കുന്നു.

---

[51] വി.എ.അമ്മ, *'ഒരു പൊടിക്കയ്യ്'*, ടി, പു. 104-112.

[52] എം.എം.ബഷീർ, ടി, പു. 19.

മലയാളചെറുകഥാസാഹിത്യത്തിലെ ഒന്നാം തലമുറക്കാരിൽ കാല്പനികലോകത്തുനിന്ന് യഥാർഥലോകത്തിലേക്ക് ഇറങ്ങിവന്നവർ വിരളമാണ്.[53] എന്നാൽ ഇതേ കാലഘട്ടത്തിലാണ് നമ്മുടെ കഥാകാരികളിൽ ചിലരെങ്കിലും സാമൂഹ്യയാഥാർഥ്യങ്ങളെ ആസ്പദമാക്കി കഥാരചന നടത്തിയത് എന്നത് ശ്രദ്ധേയമാണ്. സാങ്കല്പികകഥകളിലൂടെ ആൺകോയ്മാസമൂഹത്തിന്റെ സ്ത്രീസങ്കല്പങ്ങളെ പുനഃസൃഷ്ടിച്ച കഥാകാരികളെയും നമുക്കുകണ്ടെത്താനാകും. സങ്കേതപരമായി, മിക്ക കഥാകാരികളുടെയും രചനകൾ  പുരുഷരചനകളിൽനിന്നും ഏറെയൊന്നും വ്യത്യസ്തമല്ലെന്നും കാണാം. എങ്കിലും സാഹിത്യരംഗത്തെ ആ നവാഗതകൾ പുലർത്തിയ പ്രമേയപരമായ വ്യതിരിക്തത ഒരു സവിശേഷപാരമ്പര്യത്തിനു പശ്ചാത്തലമായിട്ടുണ്ട്.

സങ്കേതപരമായി പുരുഷമാതൃകകളെ ആശ്രയിക്കേണ്ടിവന്നപ്പോഴും പ്രമേയപരമായി സ്ത്രീപക്ഷപാതിത്വം നിലനിർത്താൻ ശ്രമിച്ച ഈ പശ്ചാത്തലത്തിൽ നിന്നും മലയാളസ്ത്രീകഥാപാരമ്പര്യം കൂടുതൽ മൗലികതയിലേക്ക് കുതിക്കുകയായിരുന്നു എന്നാണ് പില്ക്കാലരചനകൾ വെളിപ്പെടുത്തുന്നത്. സാമ്പ്രദായികസാഹിത്യചരിത്രങ്ങൾ ഇക്കാര്യം സൂചിപ്പിച്ചിട്ടുപോലുമില്ല.

*മലയാളസാഹിത്യചരിത്ര*കാരന് അന്തർജ്ജനത്തിന്റെ കഥകൾ മലയാളചെറുകഥ കാല്പനികതയിൽനിന്ന് റിയലിസത്തിലേക്കു ചാഞ്ഞതിന്റെ നാന്ദിയാണ്.[54] എന്നാൽ അവരുടെ കഥകൾ മലയാളസാഹിത്യത്തിലെ 'യഥാതഥപ്രവണ'തകളോടുള്ള കലഹമായി

---

[53] എം.അച്യുതൻ, *ചെറുകഥ ഇന്നലെ ഇന്ന്* (സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1985), പു. 78.

[54] പി.കെ.പരമേശ്വരൻ നായർ, *മലയാളസാഹിത്യചരിത്രം* (സാഹിത്യഅക്കാദമി, ന്യൂഡൽഹി, 1969), പു. 148.

പരിണമിച്ചിട്ടുള്ളതോ, മാതൃത്വത്തിലധിഷ്ഠിതമായ ഒരു സമീപനരീതിയിലൂടെ സാമുദായികകഥാകാരന്മാരുടെ കഥകളിൽനിന്നും വ്യത്യസ്തത പുലർത്തിയിട്ടുള്ളതോ സാഹിത്യചരിത്രകാരന്മാർ കണ്ടിട്ടില്ല.

സദാചാരത്തിന്റെ പേരിൽ സ്ത്രീകളെ നിന്ദിക്കുകയും എന്നാൽ സ്വന്തം ജീവിതത്തിൽ പതിവ്രതയായ ഒരു ഭാര്യയെ തേടുകയും ചെയ്യുന്ന പുരുഷസാഹിത്യകാരന്മാർക്കെതിരേ അവർ ഉയർത്തിയ പ്രതിരോധമാണ് 'റിയലിസം' എന്ന കഥ.[55] അത് നമ്മുടെ പുരോഗമനസാഹിത്യത്തിലെ സ്ത്രീവിരുദ്ധതയെ വെളിച്ചെത്തുകൊണ്ടുവരുന്നതിനു കാരണമായിത്തീർന്നു. 'റിയലിസ'ത്തിനു മറുപടി എന്ന നിലയിൽ തകഴി എഴുതിയ 'ആദർശാത്മകത്വം'എന്ന കഥ അതിനു തെളിവാണ്.[56]

മാതൃത്വത്തിന്റേതായ ഒരു കാരുണ്യം അന്തർജ്ജനത്തിന്റെ കഥകളുടെ മുഖ്യസവിശേഷതയാണ്. നമ്മുടെ കഥാപാരമ്പര്യം പെണ്ണെഴുത്തിന്റെ സവിശേഷതകളിൽ ഒന്നായ ഈ ഭാവതലത്തിലേക്ക് ഉയരുന്നത് അവരുടെ രചനകളിലൂടെയാണ്. അന്തർജ്ജനങ്ങളുടെ സങ്കടങ്ങൾ അവതരിപ്പിക്കുന്നതിനോടൊപ്പം തന്നെ അന്തർജ്ജനങ്ങളല്ലാത്ത അമ്മമാരുടെ സങ്കടങ്ങളും അവതരിപ്പിച്ചുകൊണ്ട് അവർ തന്റെ കഥാലോകത്തെ മുഖ്യധാരാപ്രവണതകളിൽ നിന്നും വ്യതിരിക്തമാക്കിയിട്ടുണ്ട്. പ്രമേയങ്ങളോട് ഇഴുകിച്ചേർന്ന വികാരങ്ങളെയാണ് അവർ വാക്കുകളിലൂടെ നിരത്തിയത്. അനിവാര്യമായ സന്ദർഭങ്ങളിൽ 'ആളിക്കത്തുന്ന ഒരാഖ്യാനശൈലി'[57] സ്വീകരിക്കുകയും ചെയ്തിട്ടുണ്ടവർ.

[55] ലളിതാംബിക അന്തർജ്ജനം, *തെരഞ്ഞെടുത്ത കഥകൾ* (സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1966).

[56] എൻ.കെ.രവീന്ദ്രൻ, 'കേരളത്തിലെ സ്ത്രീവിമോചനരാഷ്ട്രീയം ചരിത്രപരമായ ഒരന്വേഷണം', *സ്ത്രീപഠനങ്ങൾ* (ബോധി, കോഴിക്കോട്, 1990) ,പു. 81.

[57] എം.അച്യുതൻ, *ചെറുകഥ ഇന്നലെ ഇന്ന്* (സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1985) ,പു. 230.

ഒത്തുതീർപ്പുകൾക്കു വഴങ്ങാത്ത സ്ത്രീകഥാപാത്രങ്ങളുടെ ഒരു നീണ്ടനിര സൃഷ്ടിച്ചുകൊണ്ടും, പരിഹാസത്തിന്റെ മുനയുള്ള ആഖ്യാനശൈലികൊണ്ടും മലയാളത്തിലെ സ്ത്രീകഥകളുടെ മികച്ച മാതൃകകൾ കാട്ടിത്തന്ന എഴുത്തുകാരിയാണ് സരസ്വതിയമ്മ.

'പുരുഷവിദ്വേഷത്തിന്റെ കഥകൾ'എന്നാണ് *ഭാഷാഗദ്യസാഹിത്യചരിത്ര*കാരൻ അവരുടെ കഥകളെ വിശേഷിപ്പിച്ചിട്ടുള്ളത്.[58] പുരുഷന്മാരുടെ ക്രൂരതകളെയും ആധിപത്യമനോഭാവത്തെയും അവരുടെ കഥകൾ നിർദ്ദാക്ഷിണ്യം പരിഹസിക്കുന്നുണ്ടെന്നുകണ്ടിട്ടാവണം ചുമ്മാർ ഇങ്ങനെയൊരു വിലയിരുത്തലിനു മുതിർന്നത്. എന്നാൽ പരമ്പരാഗതമായ സ്ത്രീബിംബങ്ങളെ തകർത്തെറിയുകയാണ് അവരുടെ കഥകൾ ചെയ്തത്. പുരുഷനെ തരംതാഴ്ത്തലല്ല, സ്ത്രീയുടെ ഉന്നമനമായിരുന്നു അവരുടെ ലക്ഷ്യം. അതുകൊണ്ടാണ് പുരുഷമഹിമയിൽ അഭിരമിക്കുന്ന സ്ത്രീകൾക്കുനേരെ അവർ ഇങ്ങനെ മുന്നറിയിപ്പു നല്കുന്നത്:

> അതെല്ലാം (പുരുഷന്മാരുടെ ക്രൂരതകൾ) നിത്യവും കണ്ടുകൊണ്ടിരുന്നിട്ടും പുരുഷന്റെ കരവലയത്തിനകത്താണ് തന്റെ സമസ്തസുഖവും സ്ഥിതിചെയ്യുന്നതെന്നു വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന സ്ത്രീകളുടെ എണ്ണത്തിനു വല്ല കുറവുമുണ്ടോ? വെറുതെയാണോ അവൾക്ക് അബലാചപലേത്യാദി ബിരുദങ്ങൾ നല്കി അവൻ അകമെയും പുറമെയും ചിരിക്കുന്നത്?[59]

അവരുടെ പരിഹാസഭരിതവും കർക്കശവുമായ ആവിഷ്കാരസങ്കേതത്തെ ഈ വരികൾതന്നെ ഉദാഹരിക്കുന്നുണ്ട്. 'മനഃപൂർവം മാർദ്ദവം കളഞ്ഞ ഭാഷ'യാണ് അവരുടേ

---

[58] ടി.എം.ചുമ്മാർ, *ഭാഷാഗദ്യസാഹിത്യചരിത്രം* (നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1955) ,പു. 194.

[59] കെ.സരസ്വതിയമ്മ, *സ്ത്രീജന്മം* (മംഗളോദയം, തൃശ്ശൂർ, 1948), പു. 30.

തെന്ന നിരൂപകമതം[60] ചൂണ്ടിക്കാട്ടുന്ന വസ്തുത ഇതാണ്. പ്രതിഷേധത്തിന്റെ സ്ത്രീശബ്ദത്തിന് ഉചിതമായൊരു ഭാഷാശില്പം കണ്ടെത്തി എന്നുള്ളതാണ് നമ്മുടെ സ്ത്രീകഥാപാരമ്പര്യത്തിന് അവർ നൽകിയ സംഭാവന.

നിലവിലുള്ള സംസ്കാരത്തിലെ നിയമങ്ങളും വ്യക്തിത്വത്തിന്റെ ചോദനവും തമ്മിലുള്ള സമരത്തിലൂടെ കുരിശുചുമക്കേണ്ടിവരുന്ന സ്ത്രീകളെ അവതരിപ്പിച്ചുകൊണ്ട് രാജലക്ഷ്മി നമ്മുടെ സ്ത്രീകഥാപാരമ്പര്യത്തെ പുതിയൊരു മേഖലയിലേക്ക് എത്തിക്കുകയുണ്ടായി. ഒറ്റപ്പെട്ടവരുടെ വിതുമ്പലുകൾ മലയാളസ്ത്രീസാഹിത്യത്തിൽ കേട്ടുതുടങ്ങിയത് അവരിൽ നിന്നാണ്. എതിർപ്പിന്റെ സ്വരത്തെക്കാൾ സഹനത്തിന്റെ സ്വരമാണ് അവരുടെ കഥകളിൽ ഏറെയുള്ളത്. 'പരാതിപ്പെടാതെ മുറുമുറുക്കാതെ നമ്മളാലാവുന്നത് ചെയ്യാം. ചെറിയ സംഭാവനയും വിലപ്പെട്ടതാണ്. അത്രയ്ക്കു ദാരിദ്ര്യമുണ്ടല്ലോ ഇവിടെ .....' എന്നിങ്ങനെ ഒരു പ്രസംഗത്തിനുവേണ്ടി തയ്യാറാക്കിയ കുറിപ്പിൽ കാണുന്നവരികൾ[61] അവരുടെ കഥകളുടെ പൊതുസ്വഭാവത്തെ വിശദീകരിക്കുന്നുണ്ട്.

മാതൃത്വത്തിന്റെ ആദർശലോകത്തെ നിരസിച്ചുകൊണ്ട് വിധ്വംസകമായൊരു സ്ത്രൈണഭാവുകത്വം പ്രത്യക്ഷപ്പെടുത്തുന്ന കഥകളാണ് മാധവിക്കുട്ടിയുടേത്. പുരുഷാധിപത്യത്താൽ തകർക്കപ്പെടുന്ന സ്ത്രൈണതയുടെ സങ്കീർണ്ണഭാവങ്ങൾ അവയിലുണ്ട്. സ്വന്തം ഭാഗധേയം തേടുന്ന സ്ത്രീകളിലൂടെ വിമോചനസ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുന്നതിനെക്കുറിച്ചുള്ള കനവുകൾ ആ രചനകളിലൂടെ അനാവൃതമാവുന്നു.

---

[60] എൻ.കൃഷ്ണപിള്ള, *കൈരളിയുടെ കഥ* (സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1973), പു. 371.

[61] രാജലക്ഷ്മി, *രാജലക്ഷ്മിയുടെ കഥകൾ* (ഗയ ബുക്സ്, തിരുവനന്തപുരം, 1993), പു. 214.

മാധവിക്കുട്ടിയുടെ കഥകളിലെ സാന്ദ്രതയ്ക്കും ഏകാഗ്രതയ്ക്കും കാരണം അവയിലെ വികാരസമ്പന്നമായ ലിറിക്കൽ ശില്പങ്ങളാണെന്ന നിരീക്ഷണം[62] നമ്മുടെ സ്ത്രീകഥാപാരമ്പര്യത്തിന് അവർ നല്കിയ ശൈലീപരമായ നൂതനമാതൃകയെയാണ് ഉയർത്തിക്കാട്ടുന്നത്. സമ്പന്നമായ പ്രതീകങ്ങളാൽ സ്ത്രീലോകത്തെ സാന്ദ്രമായി ധ്വനിപ്പിക്കുന്നതിന് പര്യാപ്തമായൊരു കഥാശില്പം പൂർണ്ണതയിലെത്തുന്നത് മാധവിക്കുട്ടിയിലൂടെയാണ്.

പി. വത്സല, സാറാതോമസ്, കെ.ബി. ശ്രീദേവി, നളിനി ബേക്കൽ തുടങ്ങിയവരിലൂടെയെല്ലാം നമ്മുടെസ്ത്രീകഥാലോകം കൂടുതൽ സമ്പന്നമായിട്ടുണ്ട്. എങ്കിലും ഭാവുകത്വപരമായ തീവ്രകലാപങ്ങളായി ആ രചനകൾ ഉയരുന്നില്ല. ജീവിതത്തിന്റെ ആദിമപ്രേരണകളെ തേടിപ്പോകുന്ന കഥാകാരിയാണ് പി. വത്സല. ഗാർഹികതയുടെ കരുണയില്ലായ്മയെ അവർ തന്റെ കഥകളിലൂടെ അവതരിപ്പിക്കുകയുണ്ടായി. സാറാതോമസിന്റെ കഥകളിൽ ഗാർഹികമായ അടിമത്തത്തിന്റെ നിരവധി ചിത്രങ്ങൾകാണാം. അന്തർജ്ജനത്തിന്റേതിനു സാദൃശ്യമുള്ള പ്രമേയലോകത്തെ, കുറേക്കൂടി കരുത്തുള്ള കഥാപാത്രങ്ങളിലൂടെ മുന്നോട്ടുകൊണ്ടുപോകുന്നതിന് ശ്രമിക്കുകയാണ് കെ.ബി. ശ്രീദേവി. നളിനി ബേക്കലാവട്ടെ, 'എന്നെ സ്പർശിക്കും മുമ്പേ ഒരല്പം സ്നേഹം എന്നിൽ വർഷിക്കപ്പെടേണമേ' എന്നു കേഴുന്ന കഥാപാത്രങ്ങളിലൂടെ, സ്ത്രീയുടെ ശരീരത്തെ മാത്രം സ്നേഹിക്കുന്ന പുരുഷലോകത്തെ അനാവൃതമാക്കുന്നു.

ആദർശഭാര്യമാർ, പുരുഷനെ ആരാധിക്കുന്ന പ്രണയലോലകൾ, സ്വാതന്ത്ര്യവാദക്കാരികളായ താന്തോന്നികൾ, വേശ്യകൾ, പുരുഷപ്രതിഭയ്ക്കു പ്രചോദനമേകുന്നവർ,

---

[62] കെ.രാഘവൻപിള്ള, 'വ്യക്തിത്വത്തിലേക്കുണരുന്ന സ്ത്രീചേതന' ,*സാകേതം*, ല.1 ( 1984).

പുരുഷന് സാന്ത്വനമേകുന്നവർ, പുരുഷനെപ്പെറ്റുവളർത്തുന്ന അമ്മമാർ തുടങ്ങിയ സ്ത്രീബിംബങ്ങളാണ് മലയാളകഥയുടെ മുഖ്യധാരയിലെ പുരുഷഭാവനകൾ സൃഷ്ടിച്ചത്. നമ്മുടെ സ്ത്രീകഥാപാരമ്പര്യത്തിൽ നിന്നുമുള്ള ഏതാനും കഥകളെയും ചിലകഥാകാരികളുടെ പൊതുസവിശേഷതകളെയും വിലയിരുത്തികൊണ്ട് ഇതുവരെ നടത്തിയ നിരീക്ഷണങ്ങൾ, ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരവബോധത്തിൽ നിന്നു പിറന്നവയാണ് സ്ത്രീകളുടെ ലോകം എന്നു തെളിയിക്കുന്നു.

സഹനം, പ്രതിഷേധത്തിന്റെ മൃദുലവും പരുക്കനുമായ തലങ്ങൾ, വിമോചന സ്വപ്നങ്ങൾ, സ്വത്വാന്വേഷണശ്രമങ്ങൾ തുടങ്ങിയ സ്ത്രീബോധത്തിന്റെ വിവിധദശകൾ ഈ കഥകൾ പ്രതിനിധാനം ചെയ്യുന്നുണ്ട്.

അതാതുകാലഘട്ടങ്ങളുടെ അനുരണനങ്ങൾ അവയിൽ കാണാമെങ്കിലും അവ ഓരോന്നിനെയും ചരിത്രപരമായി അതിരിട്ടുനിർത്താനാവില്ല. വ്യത്യസ്തതകൾക്കിടയിലും പെൺമയുടേതായ ഒരു ധാര ഇവയെ ഒരുമിപ്പിക്കുന്നുണ്ടെന്നുള്ളത് യാഥാർഥ്യമാണ്. അതിന്റെ സാകല്യത്തിൽ നിന്നും മൗലികമായ പ്രമേയങ്ങളിലേക്കും സങ്കേതങ്ങളിലേക്കും കുതിച്ചുയരുന്ന പെൺബോധത്തെയാണ് സാറാജോസഫ് മാനസി എന്നിവരിൽത്തുടങ്ങി അഷിതയിലൂടെയും ഗ്രേസിയിലൂടെയും മുന്നേറിക്കൊണ്ട് കെ.ആർ.മീരയിലേക്കും സിതാരയിലേക്കും വികസിക്കുന്ന തലമുറ പ്രതിനിധീകരിക്കുന്നത്.

പെണ്ണിന്റെ ലോകത്തെക്കുറിച്ച് ഭയലേശമില്ലാതെ എഴുതുക എന്നതാണ് എന്റെ കർത്തവ്യം[63] എന്നു പ്രഖ്യാപിച്ചുകൊണ്ടുതന്നെ കഥയെഴുതുകയാണ് സാറാജോസഫ് ചെയ്യുന്നത്. ഈ പ്രത്യയശാസ്ത്രനിലപാടാണ് അവരുടെ കഥകളുടെ അടിത്തറ.

[63] സാറാജോസഫ്, *പാപത്തറ* (കറന്റ് ബുക്സ്, തൃശ്ശൂർ, 1993).

അവരുടെ കഥാലോകത്തിന് നിയതമായ രണ്ടുഘട്ടങ്ങളുണ്ട്. 1980 കളിലവസാനിക്കുന്ന ഒന്നാംഘട്ടത്തിലെ കഥകൾ കുടുംബത്തിനുള്ളിൽ സ്വയം നിർവചിക്കപ്പെടാനാവാതെ ഉഴലുന്ന സ്ത്രീകളുടെ വ്യത്യസ്തമുഖങ്ങളെ ചിത്രീകരിക്കുന്നു.

> ഞാൻ സ്വയം നഷ്ടപ്പെടുകയാണ്. എനിക്കെന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പാത്രങ്ങൾ കഴുകുന്ന പൈപ്പിൻചുവട്ടിൽ, അടുപ്പിൻകരയിൽ, പ്രൈമറിക്ലാസുകളുടെ വരാന്തയിൽ, കിടപ്പുമുറിയിലെ മടുപ്പിക്കുന്ന സംസ്കാരശൂന്യതയിൽ, ഞാൻ അല്പാല്പം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു

എന്ന വിമലയുടെ ആത്മഗതം[64] ഒരുദാഹരണമാണ്.

എൺപതുകളുടെ അന്ത്യത്തിലും തൊണ്ണൂറുകളിലുമായി രൂപപ്പെടുന്ന രണ്ടാം ഘട്ടത്തിൽ പുരുഷാധികാരത്തെ ധിക്കരിച്ചുകൊണ്ട് സ്ത്രീത്വത്തിന്റെ സാക്ഷാത്ക്കാരത്തിനായി ശ്രമിക്കുന്ന സ്ത്രീബോധത്തിന്റെ വിപുലമായൊരു തലത്തെയാണ് അവർ പ്രമേയമാക്കുന്നത്. 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന കഥ അവരുടെ കഥകളുടെ ഈ പുതിയ ഭാവുകത്വത്തിന് തീക്ഷ്ണമായ ഒരാമുഖമാണ്. അതിൽ ഒരെഴുത്തുകാരിയെ ശ്വാസം മുട്ടിക്കുന്ന ദിനചര്യകളുടെ വിരസത, അവൾ മനസ്സിൽ സൂക്ഷിക്കുന്ന സ്വാതന്ത്ര്യത്തിന്റെ തുരുത്ത് എന്നീ വൈരുദ്ധ്യങ്ങളെ വിഭ്രാമകമായ ശില്പങ്ങളിലൂടെ അവതരിപ്പിക്കുന്നു. ഉരുകിയ മെഴുകുപോലെ വളഞ്ഞുവന്ന് ഞെരുക്കുന്ന ഗ്രില്ലുകളും എണീറ്റുനിന്നു സംസാരിക്കുകയും, പുളിച്ച വാടയടിക്കുന്ന എച്ചിൽക്കൂനകളെ പ്രസവിക്കുകയും ചെയ്യുന്ന പാത്രങ്ങളും, 'ത്രസിക്കുന്ന സിരാപടലങ്ങളുള്ളതും ആശയങ്ങൾക്കുമേൽ ആട്ടുകല്ലെടുത്തു വയ്ക്കാത്തതുമായ മേബിളമ്മായിയുടെ വീടും' ഈ വിഭ്രാമകശില്പഘടനയ്ക്കുദാഹരണമാണ്.

---

[64] സാറാജോസഫ്, *മനസ്സിലെ തീമാത്രം* (സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1977).

മൗനത്തെ ശരീരത്തിന്റെ ഭാഷകൊണ്ടു ഭേദിക്കുന്ന 'മുടിത്തെയ്യമുറയുമ്പോൾ' എന്ന കഥ പെണ്ണെഴുത്തിന്റെ മികച്ച മലയാളമാതൃകയാണ്. വ്യത്യസ്തമായൊരു പെൺഭാഷയ്ക്കായുള്ള ബോധപൂർവമായൊരു ശ്രമവും ഇവിടെക്കാണാം. സ്ത്രീശരീരത്തിന്റെ യാഥാസ്ഥിതികചിഹ്നമൂല്യങ്ങളെ നിരസിച്ചുകൊണ്ടും, പകരം അതിനെ ശക്തമായൊരു പ്രതീകവ്യവസ്ഥയാക്കി മാറ്റിക്കൊണ്ടുമാണ് അവർ പെൺഭാഷ രൂപപ്പെടുത്തുന്നത്. പുരുഷഭേദനിരാസത്തിനുമുമ്പുള്ള മലയാളഭാഷയെ അവർ പുനരുജ്ജീവിപ്പിക്കുന്നു. 'തായ്കുലം' എന്ന കഥയിൽ ഇത്തരമൊരന്വേഷണം കാണാം. പുരാവൃത്തങ്ങളുടെ സ്ത്രീപാഠങ്ങൾ പ്രമേയമാക്കുക എന്ന പെണ്ണെഴുത്തിന്റെ രീതിക്കുദാഹരണം കൂടിയാണ് ഈ കഥ. ഇതിൽ ശൂർപ്പണഖയുടെ കഥയെ സ്ത്രീപക്ഷത്തുനിന്നുകൊണ്ട് അവതരിപ്പിക്കുകയാണു ചെയ്യുന്നത്.

സ്ത്രീയുടെ ലോകത്തെ മാത്രമല്ല, വർത്തമാനലോകത്തെയാകെ, മാതൃത്വത്തിന്റേതായ കാഴ്ചപ്പാടിലൂടെ നിരീക്ഷിക്കാനും സാറാജോസഫ് ശ്രമിച്ചിട്ടുണ്ട്. വർഗീയകലാപങ്ങളുടെ ചോരവീണുകുതിർന്ന മണ്ണിലൂടെ 'എവിടെന്റെ കുട്ട്യോള്?' എന്നന്വേഷിക്കുന്ന അമ്മയുടെ ദുഃഖമാണ് 'ചാവുനിലം' എന്ന കഥയിലുള്ളത്. ദാരിദ്ര്യം, ഭ്രൂണഹത്യ തുടങ്ങിയ സമകാലികപ്രശ്നങ്ങളെയും അവർ പ്രമേയമാക്കിയിട്ടുണ്ട്.

ഇങ്ങനെ സാമാന്യമായി അവലോകനം ചെയ്യുമ്പോൾ സാറാജോസഫിന്റെ കഥകളുടെ പ്രത്യേകതകൾ താഴെപറയുന്നവ ആണെന്നുകാണാം.

(ഒന്ന്) പെണ്ണിന്റെ വീക്ഷണത്തിൽ നിന്നുകൊണ്ട് ലോകത്തെ വ്യാഖ്യാനിക്കാനുള്ള ശ്രമം.

(രണ്ട്) സ്ത്രീയുടെ സ്വത്വപ്രതിസന്ധിയെക്കുറിച്ചുള്ള ഉൽകണ്ഠ.

(മൂന്ന്) പുരാണങ്ങളുടെയും മിത്തുകളുടെയും പ്രതിപാരായണം.

(നാല്) വ്യത്യസ്തമായൊരു പെൺഭാഷയ്ക്കുള്ളശ്രമം.

(അഞ്ച്) പ്രതീകസാന്ദ്രമായ ശില്പഘടന.

സാറാജോസഫിന്റെ കഥകൾ പ്രതിനിധാനം ചെയ്യുന്ന ഈ പൊതുസവിശേഷതകളുടെ മറ്റുമുഖങ്ങളാണ് മാനസി, അഷിത, ഗ്രേസി എന്നിവരുടെ കഥകളിൽ കാണുന്നത്.

പരമ്പരാഗതവും ആധുനികവുമായ കുടുംബസംവിധാനങ്ങളിൽ നിന്നും ഉയരുന്ന സ്ത്രീസ്വത്വത്തെക്കുറിച്ചുള്ള ഉൽകണ്ഠകളാണ് മാനസിയുടെ കഥാലോകത്തിലെ മുഖ്യധാര. പുറംകാഴ്ചകൾ സ്ത്രീക്കു വിലക്കുകയും അവളെ ലൈംഗികസംതൃപ്തി നേടാനുള്ള ഉപകരണമാക്കി തരംതാഴ്ത്തുകയും ചെയ്യുന്ന ആൺകോയ്മാനീതിയിൽപ്പെട്ടുഴലുന്ന ഒരു പെണ്ണിന്റെ കഥയാണ് 'ചിലനക്ഷത്രങ്ങൾ മാത്രം'.[65] 'ന്യൂക്ലിയർ കുടുംബ'ങ്ങൾപോലും സ്ത്രീവിമോചനത്തിന്റെ കാര്യത്തിൽ അല്പംപോലും ഭിന്നമല്ലെന്ന് ഉദാഹരിക്കുന്ന കഥയാണ് 'ദേവീമാഹാത്മ്യം'. ഇതിൽ 'ഉടുത്ത വസ്ത്രവും മായാൻതുടങ്ങുന്ന കുങ്കുമപ്പൊട്ടുമായി' പാതയിലേക്കിറങ്ങിയാൽ നേരിടേണ്ടിവരുന്ന അവമതികളോർത്തുമാത്രം ഭർത്താവിനോടൊത്തുപോകുവാനും, അദ്ദേഹത്തോട് ആവുന്നത്ര നന്ദി കാട്ടാനും പാടുപെടുന്ന ഒരു സ്ത്രീയുണ്ട്.[66] ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി, ബന്ധങ്ങളുടെ ചതുരവടിവിൽ

[65] മാനസി, *മഞ്ഞിലെ പക്ഷി* (നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1990).

[66] ടി, പു. 58–66.

നിന്നും പുറത്തുകടക്കുന്ന സ്ത്രീബോധത്തിന്റെ നിരവധി മുഖങ്ങളും അവരുടെ കഥകളി ലുണ്ട്. 'ശീലാവതി' എന്ന കഥയിലേതുപോലെ പുരാണകഥകളുടെ പെൺവ്യാഖ്യാനങ്ങ ളായ കഥകളും മാനസി രചിച്ചിട്ടുണ്ട്.

അപൂർവമായ ഏകാന്തനിമിഷങ്ങളിൽ സ്ത്രീയിലുണരുന്ന സൂക്ഷ്മമായ ഭാവ പ്രപഞ്ചത്തെയാണ് അഷിത ചിത്രീകരിക്കുന്നത്. വേട്ട എന്ന കഥയിലൂടെ ഭയവും[67] 'കണ്ണാ ടികളുടെ പ്രതിച്ഛായകളി'ലൂടെ ഏകാന്തതയും[68] ആവിഷ്കരിച്ചിരിക്കുന്ന രീതി ഈ വസ്തു തയെ വെളിപ്പെടുത്തുന്നു. ഭാവസാന്ദ്രമായ ഏകാഗ്രതയോടെ കൊരുത്തുവയ്ക്കുന്ന മൗലി കമായൊരു ആവിഷ്കരണതന്ത്രമാണ് അവരുടേത്.

സ്ത്രീജന്മത്തിന്റെ വിലക്കുകളും പരിമിതികളും അറിഞ്ഞനുഭവിച്ച്, പുരുഷ മേധാവിത്തപരമായ മൂല്യങ്ങളോട് കലഹിച്ച്, സദാ ജാഗ്രതയോടെയിരിക്കുന്ന സ്ത്രീയാ ണ് ഗ്രേസിയുടെ കഥകളിലെ കേന്ദ്രപ്രമേയം. പൗരാണികകഥകളിലെ നിശ്ശബ്ദമാക്കപ്പെ ട്ടതോ തിരിച്ചറിയപ്പെടാതെ പോയതൊ ആയ സ്ത്രീത്വത്തിന്റെ തീഷ്ണമായ പുനഃസൃഷ്ടി കളും ആ കഥാലോകത്തുണ്ട്. 'വേനലിൽ ഒരു മഴത്തുള്ളി' എന്ന കഥയിൽ സാന്ദർഭിക മായി പ്രത്യക്ഷപ്പെടുന്ന ഈ വരികൾതന്നെ അതിനുദാഹരണമാണ്.

> ഞാൻ കുന്തിയാണ്. എന്റെ മനസ്സിന്റെ ഇരുണ്ട മടക്കുകളിൽ അഞ്ചു മന്ത്രങ്ങളെ ഞാൻ ഒളിപ്പിച്ചുവച്ചിരിക്കുന്നു. ഓരോ വേഴ്ചകഴിയുമ്പോഴും കന്യകയാകാനുള്ള മന്ത്രം.[69]

പ്രതിഷേധത്തിന്റെ പരുഷമായ സ്വരമാണ് ഗ്രേസിയുടെ കഥകളിലുള്ളത്. രതി യുടെ പരുക്കനായ ഭാവങ്ങൾ അവരുടെ കഥകളിലെ അന്തർദ്ധാരയാണ്.

---

[67] അഷിത, *വിസ്മയചിഹ്നങ്ങൾ* (മലയാളം പബ്ലിക്കേഷൻസ്, കോഴിക്കോട്, 1987).

[68] ടി, പു. 66–72.

[69] ഗ്രേസി, *പടിയിറങ്ങിപ്പോയ പാർവ്വതി* (ഡി.സി.ബുക്സ്, കോട്ടയം, 1991).

ബി.സരസ്വതി, സരളാ രാമവർമ്മ, ശ്രീകുമാരി രാമചന്ദ്രൻ, കെ.പി.സുധീര, മല്ലികായൂനുസ് എന്നിങ്ങനെ കഥാകാരികളുടെ ഒരു വലിയ നിര തന്നെ മലയാളത്തിൽ ദൃശ്യമാണ്. ഈ പ്രബന്ധത്തിന്റെ പരിധിയിൽ ഒതുങ്ങാത്തത്ര വൈവിധ്യങ്ങളാവിഷ്കരിക്കുന്ന അവരുടെ കഥകളെ സാമാന്യമായി നിരീക്ഷിച്ചുകൊണ്ട് 1999-ൽ പി.ഗീത സ്ത്രീകഥയിലെ സമകാലീന സമാന്തരങ്ങളെപ്പറ്റി അന്വേഷിച്ച് കണ്ടെത്തിയ തീർപ്പുകൾ ഇവ്വിധമാണ്.

- വലിയൊരു വിഭാഗം കഥാകാരികൾ നഗരകേന്ദ്രീകൃതമായ അസംതൃപ്ത മധ്യവർഗ്ഗകുടുംബചിത്രങ്ങൾ വരച്ചിടുന്നു. ചിലർമാത്രം നഗരത്തിന്റെ ഇരുണ്ട മറുപുറത്തേത്ത് എത്തിനോക്കുന്നു.

- കഥകളിലെ സ്ത്രീപുരുഷബന്ധങ്ങൾ സംഘർഷഭരിതമാണ്. നിലവിലുള്ള ബന്ധങ്ങൾക്ക് ജനാധിപത്യപരവും മാനസികവുമായ അഴിച്ചുപണികൾ ആവശ്യമാണെന്ന് ഇവ വ്യക്തമാക്കുന്നു.

- വ്യക്തികേന്ദ്രിതമോ കുടുംബകേന്ദ്രിതമോ ആയി പ്രശ്നങ്ങളെ കാണുന്ന പൊതുരീതിക്ക് ബദലായി ഒരു സമാന്തരധാര രൂപപ്പെടുന്നുണ്ട്. വർഗ്ഗപ്രശ്നങ്ങളും ലിംഗപ്രശ്നങ്ങളും കണ്ണിച്ചേർക്കാനുള്ള ശ്രമവും ദൃശ്യം.

- കാലാകാലങ്ങളായി തമസ്ക്കരിക്കപ്പെട്ട ഒരു പാതിലോകത്തിന്റെ വിഭിന്ന തലങ്ങളിലായി മുറിവേറ്റുനീങ്ങുന്ന ജീവിതങ്ങളുടെ പരിഛേദങ്ങളാണിവ.[70]

---

[70] പി.ഗീത, *ദേവദൂതികൾ മാഞ്ഞുപോവത്* (സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1999), പു. 125-126.

ഉത്തരാധുനികതയുടെ വരവോടെ പരിസ്ഥിതി-ദളിത്-സ്ത്രീ പ്രമേയങ്ങൾക്ക് ലിംഗഭേദമെന്യേ എഴുത്തുകാർ പ്രാധാന്യം നൽകിത്തുടങ്ങി. അതുകൊണ്ടുതന്നെ ഉത്തരാധുനികചെറുകഥയിൽ സ്ത്രീത്വാവിഷ്കാരങ്ങൾ മുമ്പത്തേതിലും വളരെ ആഴത്തിലും പരപ്പിലും പ്രകടമാണ്. അവയിൽ പലതും സ്ത്രീയോടും മറ്റു പ്രാന്തവല്കൃത വിഭാഗങ്ങളോടും ഉത്തരവാദിത്വത്തോടെ ചേർന്നു നിൽക്കുന്നു. കെ.ആർ.മീര, സിതാര എസ്., ചന്ദ്രമതി, കെ.രേഖ, ശ്രീലത, പ്രിയ ഏ.എസ്., ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, സുഭാഷ് ചന്ദ്രൻ, സുസ്മേഷ് ചന്ദ്രോത്ത്, സന്തോഷ് ഏച്ചിക്കാനം, പി.കെ.പാറക്കടവ്, അശോകൻ ചരുവിൽ, ബി.മുരളി തുടങ്ങിയവരൊക്കെ ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടവരാണ്.

ഉത്തരാധുനികകഥകൾ സ്ത്രീത്വത്തെ വ്യത്യസ്തമായി ആവിഷ്ക്കരിക്കുന്നു. മാറിയ കാലത്തെയും അതിലെ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന സ്ത്രീ-പുരുഷ കർത്തൃത്വങ്ങളെയും അവർ അവതരിപ്പിക്കുന്ന രീതികൾ വെളിവാക്കുന്നത് സ്ത്രീത്വത്തെക്കുറിച്ചുള്ള മാറുന്ന കാലത്തിന്റെ അടയാളങ്ങളെയാണ്.

## അധ്യായം 2

# സൈബറിടത്തിന്റെ ഉദയവികാസങ്ങൾ

ഇന്റർനെറ്റ് ആഗോളമായ ഒരു കമ്പ്യൂട്ടർശൃംഖലയാണ്. ലോകത്താകമാനമുള്ള കമ്പ്യൂട്ടറുകളെയും അവയുടെ ശൃംഖലകളെയും കോർത്തിണക്കുന്ന ഒരു ശൃംഖലാസമുച്ചയം. സൈബർസ്പേസ്, വിജ്ഞാനമഹാസരണി (Information Super High-way), നെറ്റ്, വെബ്, മാട്രിക്സ്, മെറ്റാവെഴ്സ്, ഡാറ്റാസ്ഫിയർ, ഇലക്ട്രോണിക് ഫ്രോണ്ടിയർ എന്നീ പേരുകളിലെല്ലാം ഇന്റർനെറ്റ് അറിയപ്പെടുന്നു. കനേഡിയൻ ശാസ്ത്രനോവലിസ്റ്റായ വില്യം ഗിബ്സൺ ആണ് 'സൈബർസ്പേസ്' എന്ന പദം ആദ്യമായി ഉപയോഗിച്ചത്. ഇന്റർനെറ്റിനെ 'ഇൻഫർമേഷൻ സൂപ്പർ ഹൈവേ' എന്നു വിളിച്ചത് അമേരിക്കയുടെ മുൻവൈസ്പ്രസിഡണ്ട് അൽഗോർ ആണ്.

വിജ്ഞാനവ്യാപനം, വിനോദം, വാർത്താവിവരണം, വാണിജ്യം, ഭരണം, വിദ്യാഭ്യാസം, വികസനം, സാഹിത്യം, കല തുടങ്ങിയ വിവിധ മേഖലകളെ ഇന്റർനെറ്റ് അത്ഭുതകരമായി മാറ്റിമറിച്ചു.

### 2.1 സൈബറിടം എന്ന സങ്കല്പനം

1980-കളിൽ ശാസ്ത്രകഥകളിലൂടെ പ്രത്യക്ഷപ്പെട്ട പദമാണ് സൈബർസ്പേസ് (സൈബറിടം). 90-കളോടെ ഈ പദം ലോകവ്യാപകമായി സ്വീകരിക്കപ്പെട്ടു. 1980-ന്റെ തുടക്കത്തിൽ അമേരിക്കൻ ശാസ്ത്രനോവലിസ്റ്റായ വില്യം ഗിബ്സൻ കാനഡയിലെ വാൻകൂവറിലുള്ള ഒരു വീഡിയോ ആർക്കേഡിലൂടെ കടന്നുപോവുകയായിരുന്നു. അതിലെ

കളിക്കാർ അവരുടെ വീഡിയോ മെഷീനിനുള്ളിലേക്ക് തലകുനിച്ച് അതിശ്രദ്ധയോടെ മറ്റേതോ ലോകത്തെന്നപോലെ കഴിയുന്നത് അദ്ദേഹം കണ്ടു. 1984-ൽ ന്യൂറോമാൻസർ (Neuromancer) എന്ന ശാസ്ത്രനോവലിൽ അദ്ദേഹം ഇങ്ങനെയെഴുതി:

> സ്ക്രീനിനു പിന്നിലായി കളി നടക്കുന്ന ഒരു യഥാർത്ഥസ്ഥലം ഉള്ളതായി അവർ വിശ്വസിച്ചു. നിങ്ങൾക്ക് കാണാൻ പറ്റില്ലെങ്കിലും അങ്ങനെയുണ്ട് എന്ന ഒരു തോന്നൽ സൃഷ്ടിയ്ക്കപ്പെട്ടു.

ഈ സ്ഥലത്തെ അദ്ദേഹം സൈബർസ്പേസ് എന്ന് വിളിച്ചു. പിന്നീട് പല നോവലുകളിലും അദ്ദേഹം ഈ പദം ഉപയോഗിച്ചു. 'ലോകത്തെമ്പാടുമുള്ള കോടിക്കണക്കിന് ജനങ്ങളും ഗണിതശാസ്ത്രത്തിലെ ഗഹനമായ ആശയങ്ങൾ സ്വാംശീകരിയ്ക്കാൻ ശ്രമിയ്ക്കുന്ന കുട്ടികളുമൊക്കെ ദിനംപ്രതി അനുഭവിക്കുന്ന, പൊതുവെ അംഗീകരിക്കപ്പെട്ട ഒരുതരം ഭ്രമം;' 'വിജ്ഞാനത്തിന്റെ ലോകം' എന്നൊക്കെ അദ്ദേഹം സൈബർസ്പേസിനെ നിർവ്വചിച്ചു. 1982-ൽ വില്യം ഗിബ്സൺ എഴുതിയ *ബേണിംഗ് ക്രോം*[1] എന്ന നോവലെറ്റിലാണ് ഈ പദം ആദ്യമായി പ്രയോഗിച്ചത്.[2] അദ്ദേഹം1984-ൽ എഴുതിയ ന്യൂറോമാൻസർ[3] എന്ന ശാസ്ത്രനോവലിലൂടെ ഇത് ലോക പ്രസിദ്ധമായി.[4]

ഇന്ന് സൈബറിടം ഇന്റർനെറ്റ്സംസ്കാരവുമായി ബന്ധപ്പെട്ട എന്തിനെയും വിശേഷിപ്പിയ്ക്കാനായി ഉപയോഗിക്കുന്നു. സൈബറിടത്തിൽ ആശയങ്ങൾ

---

1 William Gibson, *'Burning Chrome'*, *Omni Magazine*, U.S. (July 1982).

2 വി.കെ. ആദർശ്, *വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011),പു.32.

3 William Gibson, *Neuromancer* (Ace Books, New York, 1984).

4 ടി.

പങ്കുവെയ്ക്കുകയും വിവരങ്ങൾ കൈമാറുകയും സംവദിയ്ക്കുകയും ചെയ്യുന്ന പൗരന്മാരെ സൈബർനട്ട്സ് (Cybernauts) എന്നും സൈബറിടത്തിൽ പാലിക്കേണ്ട മര്യാദകളെ സൈബർഎത്തിക്സ് (Cyberethics) എന്നും വിശേഷിപ്പിക്കുന്നു.[5] സാങ്കേതികത്വത്തേക്കാളധികം സൈബറിടം അതിന്റെ സാമൂഹികമായ ഇടപെടലുകൾ കൊണ്ടാണ് നിർവ്വചിക്കപ്പെടുന്നത്. പരസ്പരം സ്വാധീനിക്കാനും സംവദിക്കാനും കഴിവുള്ള നിരവധി ആളുകളെ ഉൾക്കൊള്ളുന്ന അന്തരീക്ഷം സൈബറിടം നല്കുന്നു.

സാധാരണ ശാസ്ത്രജ്ഞന്മാർ പറയുന്ന ത്രിമാനസ്പേസിനും അതോടൊപ്പം സമയംകൂടി ചേർന്ന ചതുർമാനമായ സ്പേസിനും അപ്പുറത്തായി പ്രപഞ്ചത്തിന് ഇപ്പോൾ അഞ്ചാമതൊരു മാനം കൈവന്നിരിയ്ക്കുകയാണ് അതാണ് സൈബർസ്പേസ്. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന എന്തും സൈബർലോകത്തും സംഭവിക്കാം. എന്നാൽ നമ്മുടെ ഈ സാധാരണ ലോകത്തിൽനിന്നും അത് വളരെ വ്യത്യസ്തമാണുതാനും. ഇത്തരം കാര്യങ്ങൾ സൈബർസ്പേസ് എന്നത് വളരെ ഉദ്വേഗജനകമാക്കുന്നു. അതുകൊണ്ടു തന്നെയാണ് അത് എവിടെയാണെന്നുപോലുമറിയാതെ നാം ഓരോരുത്തരും അവിടേയ്ക്ക് കയറിപ്പറ്റാൻ വെമ്പൽ കൊണ്ടിരിക്കുന്നത്.

ശൃംഖലകളെ വിശേഷിപ്പിക്കാനായി സ്ഥലത്തിന്റെ രൂപകം ഉപയോഗിച്ചു എന്ന വിമർശനവും ഈ പദത്തിനെതിരെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അയഥാർത്ഥമായ ഒരു സമാന്തരലോകം എന്ന മട്ടിലുള്ള നിരവധി ശാസ്ത്രകല്പിതകഥകളും നിബന്ധനകളും സൈബറിടവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്.

---

5 http://www.yourdictionary.com

സൈബറിടത്തെ സൈദ്ധാന്തികർ പലമട്ടിൽ നിർവ്വചിക്കാൻ ശ്രമിച്ചിട്ടുണ്ട്. സൈബർസ്പേസിന് ഏറ്റവും ചലനാത്മകമായ നിർവ്വചനങ്ങൾ നൽകിയ മൈക്കൽ ബനഡിക്ടിന്റെ പത്തു നിർവ്വചനങ്ങളിൽ നിന്നുള്ള പ്രധാനഭാഗങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം: "ലോകത്തിലെ കമ്പ്യൂട്ടറുകളും വിനിമയസംവിധാനങ്ങളും ചേർന്നു സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ഒരു പുതിയ ലോകം - ഒരു സമാന്തരലോകം. അറിവിന്റെ ഗോളയാത്രകളും രഹസ്യങ്ങളും അളവുകളും ദിശാസൂചികളും വിനോദങ്ങളും മനുഷ്യേതര ഉപാധികളിലൂടെ രൂപമെടുക്കുന്ന ലോകം. ദൃശ്യങ്ങളും ശബ്ദങ്ങളും ഭൂമിയിൽ ഒരിക്കലും കണ്ടിട്ടില്ലാത്ത വിചിത്രസാന്നിധ്യങ്ങളും ഇലക്ട്രോണിക് രാവുകളിൽ ജന്മമെടുക്കുന്നു. ലോകത്തെവിടെനിന്നും ഒരു കമ്പ്യൂട്ടറിലൂടെ നിങ്ങൾക്ക് ഈ ആഗോളസ്ഥലത്തേയ്ക്ക് കടന്നുചെല്ലാം. ഒരു ചെറിയ കുറിപ്പടിയിൽനിന്ന് ഒരു പേജിലേയ്ക്കും സ്ക്രീനിലേക്കും. പ്രതീതിയാഥാർത്ഥ്യത്തിന്റെ പുതിയൊരു ലോകത്തേക്ക് നിങ്ങൾക്ക് പ്രവേശനം ലഭിയ്ക്കുന്നു. സ്ഥിതിവിവരക്കണക്കുകളും വസ്തുതകളും നുണകളുമെല്ലാം കൂടിക്കുഴയുന്നൊരു നവപ്രദേശം. നിങ്ങൾ എങ്ങും പോകാതെ എല്ലായിടത്തുമെത്താൻ കഴിയുന്നു. (ശരീരചലനം ആവശ്യമില്ലാത്ത ഈ വിശ്വയാത്രയിൽ ശരീരം അപ്രസക്തമാവുന്നു). നിങ്ങളുടെ വീട്ടിലിരുന്നുകൊണ്ട് ലോകമെമ്പാടും നിങ്ങൾ ആധിപത്യം സ്ഥാപിക്കുന്നു. ലോകത്തെവിടെനിന്നുമുള്ള വിവരങ്ങളും വസ്തുതകളും ചിത്രങ്ങളും റിപ്പോർട്ടുകളും സംഗീതവും വാണിജ്യവസ്തുക്കളെക്കുറിച്ചുള്ള അറിവുകളും നിങ്ങളുടെ വിരൽത്തുമ്പിലുണ്ട്. നിങ്ങളുടെ ഉപഭോക്താവിന് അതിലൂടെ ക്രയവിക്രയം ചെയ്യാം, നഗ്നചിത്രങ്ങൾ കണ്ട് മൈഥുനം ചെയ്യാം, വിവാഹം നിശ്ചയിക്കാം. ചുരുക്കത്തിൽ നിങ്ങൾക്കു വേണ്ടതെന്തും അതിലൂടെ ലഭ്യമാകുന്നു.

സൈബർസ്പേസിനെ ഇങ്ങനെ വിശദമായി നിർവ്വചിച്ചശേഷം ബെനഡിക്ട് പറയുന്നത് 'മുകളിൽ വർണ്ണിച്ചതുപോലുള്ള സൈബർസ്പേസ് നിലവിലില്ല' എന്നാണ്. അത് ഭാവനയിൽ മാത്രം നിലനിൽക്കുന്ന ഒന്നാണ്. അങ്ങനെ എല്ലാ സംസ്കാരങ്ങളുടെയും ജൈവമനസ്സിൽ എന്നും നിലനിന്നിട്ടുള്ള ഒരു മാനസികഭൂമിശാസ്ത്രംപോലെ, അവയുടെ ഭാവനയിൽ ഉറഞ്ഞ കൂട്ടായ സ്മൃതികൾ പോലെ അവ സൃഷ്ടിച്ച മിത്തുകളെപ്പോലെ, ഭൗതികസ്ഥലകാലങ്ങളിൽ നിന്നും സ്വതന്ത്രമായ-ഭൗതികമായി നിലനിൽപ്പില്ലാത്ത എന്നർത്ഥത്തിൽ-ഭാവനയിൽ നിലനിൽക്കുന്ന ഒന്നായി സൈബർസ്പേസ് മാറുന്നു.[6]

ജി.മധുസൂദനൻ സൈബറിടത്തിന്റെ സവിശേഷതകളായി ചൂണ്ടിക്കാണിക്കുന്ന പ്രത്യേകതകൾ ഇവയാണ്.

[6] ജി.മധുസൂദനൻ, 'പ്രതീതിയാഥാർത്ഥ്യത്തിനുശേഷം', *ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു. 95.

1. സൈബറിടം ഒരളവുവരെ ഭാവനയുടെ പുതിയ തുറസ്സുകൾ പ്രദാനം ചെയ്യുന്നു. എന്നാലിത് ജീവിതത്തിലെ യാഥാർത്ഥ്യത്തെ തേടുമ്പോഴേ നല്ല സാഹിത്യമുണ്ടാവൂ.

2. പുരോഗമന-ജനാധിപത്യ-വികേന്ദ്രീകരണ പ്രസ്ഥാനങ്ങൾക്ക് സൈബറിടം ശക്തിപകരുമെന്നത് ഭാഗികമായ സത്യമാണ്. ഈ അതിശയോക്തിപരമായ വാദത്തിന്റെ മറുവശം ഇത് അധികാര-സാമ്പത്തിക കേന്ദ്രീകരണത്തിന് സഹായിക്കുന്നുവെന്നതാണ്.

3. യഥാർത്ഥപ്രകൃതി തിരോഭവിക്കുകയും മിച്ചമുള്ള പ്രകൃതിയെ സ്ക്രീനുകളിലെ സുന്ദരചിത്രങ്ങളായിക്കണ്ട് തൃപ്തിയടയുകയും ചെയ്യും. ഇത് ചരിത്രത്തിന്റെയല്ല ഭൂമിശാസ്ത്രത്തിന്റെ അന്ത്യമാണ്.

4.സ്ഥലവും ദൂരവും സമയവും അപ്രത്യക്ഷവും അപ്രസക്തവുമാകുന്നുവെന്ന പ്രതീതി നൽകുന്നു. ശരിയ്ക്ക് സൈബറിടം സ്ഥലത്തെ അപ്രസക്തമാക്കുന്നില്ല, അപ്രത്യക്ഷമാകുന്നതേയുള്ളൂ. (സൈബറിടത്തിലെ പുതിയ സ്ഥലനിർമ്മിതികളെ സാലിമണ്ട് എന്ന ചിന്തക വിളിയ്ക്കുന്നത് സാങ്കേതികസ്ഥലങ്ങൾ (Techno Spaces) എന്നാണ്.)

5. ഈ അഭിനവസ്ഥലകാലങ്ങളിൽ വ്യക്തികൾ അവരുടെ ഇഷ്ടാനുസരണം പുതിയ സ്വത്വങ്ങളും കർത്തൃത്വങ്ങളും നിർമ്മിയ്ക്കുന്നു. രേഖീയതയുടെ ഈ പൂർണ്ണനിരാസത്തിലും വൈയക്തികസ്വത്വനിർമ്മിതിയിലും വലിയൊരു പ്രതിലോമസാധ്യതയുണ്ട്-സാമൂഹ്യ ചരിത്രവികാസങ്ങളെയും പുരോഗതിയെയും അപ്പാടെ നിരാകരിക്കുന്നു പ്രതിലോമചിന്ത.

6. സൈബറിടം സാധ്യമാക്കുന്ന ഇന്ററാക്റ്റിവിറ്റി അഥവാ പരസ്പരമുള്ള ഇടപഴകൽ അതിന്റെ മേന്മയായി ഉയർത്തിക്കാട്ടുന്നു. അത് ശരിയായ ശരീര-സ്വത്വ-യാഥാർത്ഥ്യങ്ങളിൽനിന്നും വിടുതിനേടിയ (സ്ലാവോക് സിസെക് നിരീക്ഷിച്ചപോലെ) ഇന്റർപാസ്സിവിറ്റി അഥവാ പരസ്പര-നിഷ്ക്രിയത ആണ്. എല്ലാ അനുഭവവും അവയുടെ സത്ത ചോർന്ന് സ്ക്രീനിലെ ചടുലതയായി തരംതാഴുന്നു.

7. മേൽപ്പറഞ്ഞ അതിവേഗസാങ്കേതികപരിണാമങ്ങൾ ഹ്യൂമനിസത്തിന്റെ അന്ത്യത്തിലേക്ക് മാനുഷികാനന്തരത (Post Humanism) എന്ന അവസ്ഥയിലേക്ക് നയിക്കും. അതിരുകൾ അനുസ്യൂതം നിർമ്മിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യപ്പെടുന്ന സമ്മിശ്രസങ്കരമായ ഒരു ഭൗതിക-വിവരസാങ്കേതിക അസ്ഥിത്വമായിരിക്കും ആ മാനുഷികാനന്തരസ്വത്വം എന്ന് കാതറീൻ ഹേൻസ്. ഇതിൽ സൈബോർഗുകളെപ്പോലെ ശരീരത്തിൽ മാത്രമല്ല മനുഷ്യമനസ്സിലും യന്ത്രസാന്നിദ്ധ്യം, സംഭവിക്കും.[7]

'ഡിജിറ്റൽ വിഭജനം' എന്നത് സൈബർമാധ്യമങ്ങളുടെ കാലത്തെ സാമൂഹ്യാനുഭവങ്ങളിലൊന്നാണ് എന്ന് ഷാജി ജേക്കബ് നിരീക്ഷിയ്ക്കുന്നു.[8] സൈബറിടത്തിൽ പ്രവേശനമുള്ളവരും ഇല്ലാത്തവരും എന്ന് സമൂഹം നെടുകെ പിളർന്നുനിൽക്കുന്നു. ലോകവ്യാപകമായി കണക്കെടുപ്പ് നടത്തിയാൽ പുറത്ത് നിൽക്കുന്നവരായിരിക്കും കൂടുതൽ.

സൈബറിടം രൂപം നൽകിയ പ്രതീതസാമൂഹികതയെപ്പറ്റിയും അദ്ദേഹം വിശദീകരിക്കുന്നു:

---

7 ടി, പു. 91–103.

8 ഷാജി ജേക്കബ്, *വിപരീതങ്ങൾ: മലയാളികളുടെ മാധ്യമജീവിതം* (പരിധി, തിരുവനന്തപുരം, 2012).

ജൈവസാമൂഹികതയിൽനിന്നും ഭിന്നവും നിശ്ചയമായും വിപുലവുമായ പ്രതീതി സാമൂഹികതയ്ക്ക് രൂപം നൽകാൻ നവമാധ്യമസാങ്കേതികതയ്ക്കു കഴിഞ്ഞിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ പ്രാദേശികതയോ ദേശീയതയോ നിശ്ചയിക്കുന്ന അസ്തിത്വത്തിനപ്പുറത്ത് ആഗോളതലത്തിൽത്തന്നെ വ്യാപ്തിയുള്ളതാണ് ഈ പ്രതീതിസമൂഹങ്ങൾ. യാഥാർത്ഥ്യത്തിന് പകരം നിൽക്കുന്ന ഈ പ്രതീതിയാകട്ടെ, പലപ്പോഴും യാഥാർത്ഥ്യത്തേക്കാൾ യഥാർത്ഥമാണെന്ന തോന്നൽ ജനിപ്പിക്കുകയും ബോദിലാദ് പറഞ്ഞതുപോലെ പകർപ്പെന്ന് തോന്നിക്കാത്ത പകർപ്പുകളുടെ പരമ്പരയിലേക്ക് നമ്മുടെ മുഴുവൻ അനുഭവലോകത്തേയും മാറ്റിത്തീർക്കുകയും ചെയ്യുന്നു.[9]

സൈബറിടത്തിൽ രൂപംകൊള്ളുന്ന പുതിയ യാഥാർത്ഥ്യത്തെയും അത് സൃഷ്ടിക്കുന്ന സാങ്കേതികപരസ്പരാശ്രിതപരിതോവസ്ഥയെയും സൂചിപ്പിക്കാനായി 1986-ൽ ജാരൺ ലേനിയർ (Jaron Lanier) രൂപകല്പന ചെയ്ത പ്രയോഗമാണ് പ്രതീതയാഥാർത്ഥ്യം (Virtual Reality).

ഉത്തരാധുനികമാധ്യമപഠനങ്ങളുടെ ഏറ്റവും മുഖ്യമായ ഉള്ളടക്കം 'നവമാധ്യമങ്ങൾ' (New Media) എന്നു വിളിയ്ക്കപ്പെടുന്ന സൈബർമാധ്യമങ്ങളുടേതാണ്.

## 2.2 നവമാധ്യമങ്ങൾ

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ മാധ്യമപഠനമേഖലയിൽ ഉയർന്നു വന്ന ഒരു പദമാണ് നവമാധ്യമങ്ങൾ (ചലം ങലറശമ). ഇന്റർനെറ്റ്, വെബ്സൈറ്റുകൾ, സാമൂഹ്യമാധ്യമങ്ങൾ, കംപ്യൂട്ടർ ബഹുമാധ്യമങ്ങൾ, വീഡിയോ ഗെയിമുകൾ, സി.ഡി.-ഡി.വി.ഡി.കൾ, മൊബൈൽഫോൺ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്ന ഒരു വിശാലാർഥമേഖലയാണ് ഈ പദത്തിനുള്ളത്. ഏതുസമയത്തും എവിടെവെച്ചും വിവിധ ഡിജിറ്റൽമാധ്യമങ്ങൾ വഴി ഉള്ളടക്കനിർമിതി സാധ്യമാക്കുക, പങ്കാളിത്തആശയവിനിമയം, മാധ്യമസമൂഹനിർമിതി

[9] ടി.

തുടങ്ങിയവയൊക്കെ ഈ വിശേഷണം ലഭിക്കാൻ ആവശ്യമാണ്. സൈബർമാധ്യമങ്ങൾ, ആധുനികാനന്തരമാധ്യമങ്ങൾ എന്നീ പേരുകളിലും ഇവ അറിയപ്പെടുന്നു.

ഡിജിറ്റലീകരണം, ഇടപെടൽശേഷി, ബഹുമാധ്യമപരത, സത്വരത, മാധ്യമസം ലയനം, അധിപാഠപരത, പ്രതീതിപരത, പങ്കാളിത്ത ഉള്ളടക്കനിർമിതി തുടങ്ങിയ ഒരു കൂട്ടം സവിശേഷതകളാണ് മേൽപറഞ്ഞ മാധ്യമങ്ങൾക്കു 'നവം' എന്ന വിശേഷണം ലഭ്യമാക്കിയത്.

**2.2.1 ഡിജിറ്റലീകരണം (ഉശഴശമേഹശമമശേീ)**

കംപ്യൂട്ടറിൽ വിവരങ്ങൾ പൂജ്യം, ഒന്ന് എന്നീ ബൈനറിസംഖ്യകളുടെ സംയോജനങ്ങളായി സൂക്ഷിക്കാനും അവയെ വിവിധപ്രക്രിയകൾക്കു വിധേയമാക്കാനും കഴിഞ്ഞതോടെ വിവരവിനിമയത്തിന്റെ തോതും കൃത്യതയുമൊക്കെ അത്യധികം വർധിച്ചു.

**2.2.2 ഇടപെടൽശേഷി (കിലേൃമരശേ്ശ്യേ)**

ബഹുജനമാധ്യമങ്ങളുടെ ഏറ്റവും വലിയ പരിമിതികളിലൊന്നായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രതികരണത്തിനുള്ള സാധ്യതക്കുറവാണ്. നവമാധ്യമങ്ങളുടെ വരവോടെ ആ പരിമിതി ഇല്ലാതായി എന്നു മാത്രമല്ല, ഉപഭോക്താവിന്റെ ഇടപെടൽശേഷി മുമ്പൊന്നുമില്ലാത്തവിധം വർധിക്കുകയും ചെയ്തു. ഇവിടെ ഉപഭോക്താവ്, നിർമാതാവും കൂടിയാവുന്നു. അതിനെക്കുറിക്കാൻ ജ്യീൗെലൃ (ജ്യീറൗരലൃ + ഇീൗെലൃ = ജ്യീൗെലൃ) എന്ന പദമാണുപയോഗിക്കുന്നത്.

**2.2.3 ബഹുമാധ്യമപരത (ങൗഹശോലറശമ)**

ഒരേസമയം അക്ഷരം, ശബ്ദം, ചിത്രം, ചലച്ചിത്രം തുടങ്ങി വിവിധ മാധ്യമസാധ്യതകൾ ഒരേയിടത്ത് ഉൾച്ചേർക്കാനുള്ള സൗകര്യമാണിത്.

#### 2.2.4 സത്വരത (കാാലറശമര്യ)

ആശയവിനിമയത്തിന് മുമ്പെങ്ങുമില്ലാത്ത വിധം ഗതിവേഗം സംഭവിച്ചിരിക്കുന്നു. ഉടൻ പ്രതികരിക്കുക എന്നതായിരിക്കുന്നു ഇന്നത്തെ ശൈലി. അത് സാധ്യമാക്കിയത് നവമാധ്യമങ്ങളാണ്.

#### 2.2.5 മാധ്യമസംലയനം (ങലറശമ ഇീില്യഴലിരല)

വിവിധമാധ്യമങ്ങൾ ഒരിടത്തു കൂടിച്ചേർന്നു ലഭ്യമാവുന്ന അവസ്ഥ.

#### 2.2.6 അധിപാഠപരത (ഒ്യുല്യലേഃൗമഹശ്യേ)

വിവരശേഖരങ്ങളെയോ മാധ്യമങ്ങളെയോ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടു പാഠങ്ങൾ നിർമ്മിയ്ക്കാനുള്ള സാധ്യതയാണ് അധിപാഠപരത.

#### 2.2.7 പ്രതീതിപരത (ഢശൃൗമഹശ്യേ)

യാഥാർഥ്യത്തേക്കാൾ പ്രതീതയാഥാർഥ്യമാണ് നവമാധ്യമങ്ങൾ അനുഭവേദ്യമാക്കുന്നത്.

#### 2.2.8 പങ്കാളിത്തഉള്ളടക്കനിർമ്മിതി (ഡലെൃ ഴലിലൃമലേറ ഇീിലേിേ)

ബഹുജനപങ്കാളിത്തത്തോടെ ഉള്ളടക്കം നിർമിക്കുന്ന രീതി നവമാധ്യമങ്ങളുടെ സവിശേഷതയാണ്. ഉദാഹരണം : വിക്കിപീഡിയ

## 2.4 സാമൂഹ്യമാധ്യമങ്ങൾ

വിവരങ്ങൾ മാത്രം നൽകുന്ന വെബിന്റെ ഒന്നാം തലമുറയ്ക്കുശേഷം രൂപം കൊണ്ട വെബ് 2.0യുടെ സൃഷ്ടിയാണു സാമൂഹ്യമാധ്യമങ്ങൾ. ഇവ പ്രധാനമായും 6 വിഭാ

ഗങ്ങളിൽപ്പെടുന്നു.

1. വിക്കിപീഡിയപോലുള്ള പങ്കാളിത്തസംരംഭങ്ങൾ.

2. സ്വയംപ്രസാധനസംരംഭങ്ങളായ ബ്ലോഗുകൾ.

3. ചലച്ചിത്രം പോലുള്ള ഉള്ളടക്കം പങ്കുവെയ്ക്കാവുന്ന യുട്യൂബ് അടക്കമുള്ള മാധ്യമങ്ങൾ.

4. ഫേസ്ബുക്ക് പോലുള്ള സൗഹൃദക്കൂട്ടായ്മകൾ (ടീരശമഹ ിലംീൃസശിഴ ശെലേ)

5. പ്രതീതിവിനോദങ്ങൾ (ഢശൃേമഹ ഴമാല)

6. സെക്കന്റ് ലൈഫ് പോലുള്ള പ്രതീതി സാമൂഹ്യസ്ഥലങ്ങൾ (ഢശൃൗേമഹ ീൈരശമഹ ംീൃഹറ).

## 2.4 സാമൂഹ്യമാധ്യമങ്ങളും പരമ്പരാഗതമാധ്യമങ്ങളും

'പ്യൂ റിസർച്ച് സെന്റർ' എന്ന സംഘടന ഒരുവർഷക്കാലം പരമ്പരാഗതമാധ്യമങ്ങളെയും സാമൂഹ്യമാധ്യമങ്ങളെയും നിരീക്ഷിച്ചുപഠിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിഗമനങ്ങൾ രൂപീകരിച്ചു.[10]

- ഓരോ സാമൂഹ്യമാധ്യമത്തിനും അതിന്റേതായ വ്യക്തിത്വവും ധർമ്മവുമുണ്ട്. ബ്ലോഗുകൾ വൈകാരികമായ വിഷയങ്ങളും പൗരാവകാശവും പ്രത്യയശാസ്ത്രവും ചർച്ചചെയ്യുമ്പോൾ ട്വിറ്ററിന്റെ ചർച്ചാവിഷയങ്ങളിൽ രാഷ്ട്രീയം കുറവും സാങ്കേതികവിദ്യ വളരെ കൂടുതലുമാണ്. യുട്യൂബിൽ കമന്റുകളേക്കാളധികം ഷെയറുകളാണ്.
- ഇവയിൽ ഒരു വിഷയം നിലനിൽക്കുന്ന കാലപരിധി വളരെ കുറവാണ്.
- പരമ്പരാഗത മാധ്യമങ്ങളിൽ താരതമ്യേന കുറഞ്ഞ പ്രാതിനിധ്യം ലഭിച്ചിരുന്ന വിഷ

[10] http://www.pewinternet.org

യങ്ങൾക്കു സാമൂഹികമാധ്യമങ്ങളിൽ കൂടുതൽ പ്രാതിനിധ്യവും, വിഷയവൈവിധ്യവും ലഭിക്കുന്നു. രാഷ്ട്രീയം, ശാസ്ത്രം, സാങ്കേതികവിദ്യ, ആരോഗ്യം, തീവ്രവാദം, പരിസ്ഥിതി, പോപ് കൾച്ചർ, ലൈംഗികന്യൂനപക്ഷങ്ങൾ, വിദ്യാഭ്യാസം, മതം, പ്രവാസം തുടങ്ങിയ വിഷയങ്ങൾ ഇവ കൂടുതലായി ചർച്ചചെയ്യുന്നു.

- ഇന്നത്തെ വാർത്ത പങ്കിടപ്പെടുന്ന സാമൂഹ്യാനുഭവമാണ്. പോസ്റ്റുകൾ, മെയിലുകൾ, അപ്ഡേറ്റുകൾ, ആർ.എസ്.എസ്. ഫീഡ് തുടങ്ങി പലവഴിക്ക് അവ ലഭിയ്ക്കുന്നു. ആളുകൾ അത് കൂട്ടിച്ചേർക്കുകയോ പങ്കിടുകയോ ചെയ്യുന്നു.

- വാർത്തകൾ ഭൂരിപക്ഷവും മുഖ്യധാരാലേഖകരിൽ നിന്നുവരുന്ന അവസ്ഥ തുടരുമ്പോഴും അതിന്റെ മൊത്തമായസ്വാധീനം നവ-സാമൂഹ്യമാധ്യമങ്ങളുടെ ഇടപെടലിന്റെ ഫലം കൂടിയായാണു രൂപപ്പെടുന്നത്. മുഖ്യധാരാമാധ്യമങ്ങളുടെ ഉള്ളടക്കത്തിലെ ശൂന്യസ്ഥലങ്ങൾ നവ-സാമൂഹ്യമാധ്യമങ്ങൾ പൂരിപ്പിക്കുന്നു.

പ്രതീതസമൂഹങ്ങൾ ഓൺലൈനിൽ രൂപീകരിയ്ക്കപ്പെട്ട് സാമൂഹ്യനിയന്ത്രണങ്ങളെയും ഭൂപരിധികളെയും അതിലംഘിയ്ക്കുന്നു. രണ്ടാംസ്വത്വമായി കംപ്യൂട്ടറിനെ മാറ്റി മനുഷ്യബന്ധങ്ങൾക്കു പകരം വെയ്ക്കുന്നു.

1960-കളോടെ അമേരിക്കയിലും 1980-കളോടെ മറ്റു വികസിതരാജ്യങ്ങളിലുമെല്ലാം വിവരവിനിമയത്തിലധിഷ്ഠിതമായ കാലഘട്ടം ആരംഭിച്ചു എന്നാണു കണക്കാക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ സമകാലികമാധ്യമപഠനങ്ങൾ 1960-കളോടെ വികസിച്ച നവമാധ്യമങ്ങളെ അപഗ്രഥിയ്ക്കുന്നതിലാണ് ഊന്നുന്നത്.

18-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാരംഭിച്ച വ്യവസായവിപ്ലവം എല്ലാ മേഖലകളിലും സാങ്കേതികസഹായത്തോടെ വൻതോതിലുള്ള നിർമാണം സാധ്യമാക്കി. നഗര

ങ്ങളിലേക്കു ചേക്കേറിയ ആൾക്കൂട്ടങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി ആശയവിനിമയവും വൻതോതിലായി.

വ്യാവസായികസമൂഹവും ആധുനിക വിനിമയവ്യവസ്ഥയും പരസ്പരപൂരകമായി വളർന്നു. ഒരു കേന്ദ്രത്തിൽനിന്ന് അസംഖ്യം കേന്ദ്രങ്ങളിലേക്ക് ആശയവിനിമയം സാധ്യമായി. പിന്നീടു ഡിജിറ്റൽ സാങ്കേതികവിദ്യയിലധിഷ്ഠിതമായ നവമാധ്യമങ്ങളുടെ വികാസം ദേശരാഷ്ട്രങ്ങളുടെ പരിധികൾ ലംഘിച്ചുകൊണ്ടുള്ള അതിവേഗവിനിമയം സാധ്യമാക്കി.

നവമാധ്യമസങ്കേതികത ദൂരം ഇല്ലാതാക്കുന്നു. ഭൗതികസ്ഥലവും സാമൂഹ്യസ്ഥലവും തമ്മിലുള്ള ബന്ധം വിഛേദിക്കുന്നു. സാമൂഹ്യബന്ധങ്ങളിൽ ഭൗതികസ്ഥലം അപ്രസക്തമാക്കുന്നു. പൊതു ഇടത്തെ 'ആഗോളീകൃതമായ പൊതു ഇടം' ആക്കി മാറ്റുന്നു.

നവമാധ്യമപഠനങ്ങൾ ഏറ്റവും പ്രാധാന്യം നല്കുന്നതു നവമാധ്യമസാങ്കേതികവിദ്യ സാധ്യമാക്കിയ സംവാദാത്മകവിനിമയത്തിനാണ്. ബഹുജനമാധ്യമങ്ങളുടെ നിയാമകസ്വഭാവങ്ങളിലൊന്നായ 'പരിമിതമായ പ്രതികരണം' ഇവിടെ ഇല്ലാതാവുന്നു. നവമാധ്യമപഠനങ്ങളെ വെബ് 2.0യുടെ ചുവടുപിടിച്ച് ഡേവിഡ് ഗൗണ്ട്ലെറ്റ് (ഉമ്ശറ ഏമൗിഹേലേ) മീഡിയസ്റ്റഡീസ് 2.0 എന്നു വിശേഷിപ്പിച്ചു.[11]

[11] http://davidgauntlett.com

### 2.4.1 'നവമാധ്യമസമൂഹം'

സ്പാനിഷ് സാമൂഹ്യശാസ്ത്രജ്ഞനും മാധ്യമപഠിതാവുമായ മാനുവൽ കാസ്റ്റെൽസ് 'ദി റൈസ് ഓഫ് ദി നെറ്റ്‌വർക്ക് സൊസൈറ്റി' ഉൾപ്പെടെയുള്ള പുസ്തക ത്രയം (ദി ഇൻഫർമേഷൻ ഏജ് ട്രിലോജി) വഴി 'നവമാധ്യമനിർമ്മിത'മായ ആധുനിക സമൂഹത്തെപ്പറ്റിയുള്ള ചില അടിസ്ഥാനസങ്കല്പങ്ങൾ മുന്നോട്ടുവെച്ചു.[12] അവ താഴെക്കൊടുക്കുന്നു.

- **ശൃംഖലാസമൂഹം**

ആഗോളസമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനസ്വഭാവം വിവരങ്ങളുടെയും പണത്തിന്റെയും സാസ്കാരികോല്പന്നങ്ങളുടെയും തത്സമയപ്രവാഹവും കൈമാറ്റവുമാണ്. ഈ പ്രവാഹമാണ് ഉല്പാദന - ഉപഭോഗങ്ങളുടെ അവസ്ഥയെ ക്രമീകരിക്കുന്നത്. ഈ ശൃംഖലകൾ വ്യത്യസ്തസംസ്കാരങ്ങൾ സൃഷ്ടിക്കുന്നു. ഇങ്ങനെ ശൃംഖലകൾ നിർമ്മിക്കുന്ന ഉത്തരാധുനികസമൂഹത്തെ അദ്ദേഹം ശൃംഖലാസമൂഹം (നെറ്റ്‌വർക്ക് സൊസൈറ്റി) എന്നു വിളിച്ചു. ഈ ശൃംഖലകളും അവയിലെ വിവരങ്ങളും ഭരണകൂടങ്ങളുടെ നിയന്ത്രണത്തിനു പുറത്താണ്. അവയുടെ നിയന്ത്രണം കയ്യാളുന്നവർക്ക് നമ്മെ നിയന്ത്രിക്കാൻ എളുപ്പമാണ്. അർത്ഥം രൂപീകരിയ്ക്കപ്പെടുന്നത് ഈ ശൃംഖലകളിലെ വിവരപ്രവാഹത്തെയും ബിംബങ്ങളെയും ആശ്രയിച്ചാണ് എങ്കിൽ അധികാരം കുടികൊള്ളുന്നത് ഇത്തരം ശൃംഖലകളിലും അവയുടെ കോർപ്പറേറ്റ് ഉടമസ്ഥരിലുമാണ്.

- **മാസ് സെൽഫ് കമ്യൂണിക്കേഷൻ**

സത്വരഹ്രസ്വസന്ദേശങ്ങൾ അയയ്ക്കൽ, സാമൂഹ്യചങ്ങലാരൂപീകരണം, ബ്ലോഗിംഗ് തുടങ്ങിയവ പുതിയ തരം ആശയവിനിമവ്യവസ്ഥയ്ക്ക് രൂപം നല്കി - മാസ്

[12] Manuel Castells, *The Information Age 3 Volumes* (Blackwell, Oxford, 1996, 97 & 98).

സെൽഫ് കമ്യൂണിക്കേഷൻ. ഒരു വ്യക്തിക്ക് സ്വയം മാസ് കമ്യൂണിക്കേഷൻ നടത്താനുള്ള അത്ഭുതകരവും അതേസമയം സൂക്ഷിച്ചില്ലെങ്കിൽ അപകടകരവുമായ ഈ സാധ്യത, അധികാരബന്ധങ്ങളെ മാറ്റിമറിയ്ക്കുന്നു.

- **ആശയവിനിമയം എന്ന ശക്തി**

യഥാർത്ഥശക്തി ഇന്ന് ആശയവിനിമയത്തിനുള്ള ശേഷിയിലും ആ പ്രക്രിയയുടെ നിയന്ത്രണത്തിലുമാണ് കുടികൊള്ളുന്നത്. വിവിധ മാധ്യമങ്ങളെയും ശൃംഖലകളെയും ഉപയോഗിക്കാനുള്ള കഴിവ്, അവ ഉപയോഗിച്ച് ഇമേജ് നിർമിക്കാനുള്ള കഴിവ്, സമ്മതങ്ങൾ സൃഷ്ടിച്ചെടുക്കാനുള്ള കഴിവ്, മനുഷ്യമനസ്സുകളെ പാകപ്പെടുത്താനുള്ള കഴിവ് – അതാണ് ശക്തി.

## 2.5 സാമൂഹ്യമാറ്റവും നവമാധ്യമങ്ങളും

ജനങ്ങളെ സംഘടിപ്പിക്കാനായി നവമാധ്യമങ്ങളെ ആദ്യമായി ഉപയോഗിച്ചതും അതിൽ വിജയിച്ചതും 'സപാറ്റിസ്റ്റ ആർമി ഓഫ് ഇന്റർനാഷണൽ ലിബറേഷൻ ഓഫ് ചിപാസ്, മെക്സിക്കോ' എന്ന സംഘടനയാണ്. ഇവർ ആദ്യത്തെ 'വിവരസാങ്കേതിക ഒളിപ്പോർ സംഘം' എന്നൊക്കെ വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. അതോടെ വിവിധ പ്രസ്ഥാനങ്ങൾ ആശയപ്രചാരണത്തിനും സംഘാടനത്തിനും പ്രവർത്തനങ്ങൾക്കും മറ്റു വിവിധ ലക്ഷ്യങ്ങൾക്കുമായി നവമാധ്യമങ്ങളെ ഉപയോഗിക്കാൻ തുടങ്ങി. 'ദി ഡബ്ല്യു.ടി.ഒ. മിനിസ്റ്റീരിയൽ കോൺഫറൻസ് ഓഫ് 1999 പ്രൊട്ടസ്റ്റ് ആക്ടിവിറ്റി, 'ദി ഇൻഡി മീഡിയ മൂവ്മെന്റ്', 'ഫ്രീ ഹഗ്സ് ക്യാമ്പെയ്ൻ' 'ഫ്രീ ടിബറ്റ് ക്യാമ്പെയ്ൻ' എന്നിവയൊക്കെ ഇതിന്റെ ചില മികച്ച ഉദാഹരണങ്ങളാണ്.

2007-ലെ യു.എസ്. പ്രസിഡന്റുതിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ നവമാധ്യമങ്ങളുടെ സ്വാധീനം ലോകത്തെ ബോധ്യപ്പെടുത്തി. വിവിധ സാമൂഹ്യമാധ്യമങ്ങളിലായി മൊത്തം 50 ലക്ഷത്തിലധികം സുഹൃത്തുക്കളെ നിലനിർത്തിയും, 2000-ലധികം വീഡിയോകൾ ജനങ്ങളിലെത്തിച്ചും, 100 കോടിയിലധികം ഇ.മെയിലുകൾ വിതരണം ചെയ്തും, 65 ലക്ഷം തവണ ഓൺലൈനായി സംഭാവന സ്വീകരിച്ചുമൊക്കെ നവ-സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിച്ചു വിജയകഥ രചിച്ചു, ബറാക് ഒബാമ. സാമൂഹ്യമാധ്യമങ്ങളാണ് ഒബാമയെ ജയിപ്പിച്ചത്. അതുകൊണ്ടാണു 'ദി വാഷിംങ്ടൺ പോസ്റ്റ്' പത്രം ഒബാമയെ 'ദ കിങ് ഓഫ് സോഷ്യൽനെറ്റ്‌വർക്കിംഗ്' എന്നു വിശേഷിപ്പിച്ചത്. 2012-ലെ വിജയവും ഇതിന്റെ തുടർച്ചതന്നെയാണ്.

ജൂലിയൻ അസാഞ്ജ് വിക്കി ലീക്ക്സിലൂടെ നടത്തിയ രഹസ്യവിവരങ്ങളുടെ പരസ്യപ്പെടുത്തൽ; ഫേസ്ബുക്ക് വിപ്ലവം, ടിറ്റർവിപ്ലവം എന്നൊക്കെ അറിയപ്പെടുന്ന അറബ് ഉയിർത്തെഴുന്നേൽപ്പുകൾ; ഇന്ത്യയിലെ അണ്ണാഹസാരേ പ്രസ്ഥാനം തുടങ്ങി നിരവധി ഉദാഹരണങ്ങൾ ഇനിയും ചൂണ്ടിക്കാണിക്കാനുണ്ട്.

ശശിതരൂരിന്റെ ടിറ്റർ വിവാദമാണ് മലയാളികൾ ഈ മേഖലയെക്കുറിച്ച് ചർച്ച ചെയ്യാൻ നിമിത്തമായത്. സമകാലിക കേരളരാഷ്ട്രീയത്തിൽ വി.എസ്. അച്യുതാനന്ദനാണ് കുറെയൊക്കെ നവമാധ്യമങ്ങളുടെ സാധ്യതകൾ ഉപയോഗിക്കുന്ന ഒരു രാഷ്ട്രീയ നേതാവ്. ണല ഥലെ (ഞങ്ങൾ ജനങ്ങളാണ് ശരി) തുടങ്ങിയ ഫേസ്ബുക്ക് കൂട്ടായ്മകളും മറ്റും ഇതിനുദാഹരണമായി ചൂണ്ടിക്കാണിയ്ക്കാം. ടി.എൻ. പ്രതാപൻ, വി.ഡി. സതീശൻ തുടങ്ങി ഒരു കൂട്ടം യുവകോൺഗ്രസ് എം.എൽ.എ. മാർ ഉയർത്തിയ 'ഹരിതരാഷ്ട്രീയം' എന്ന നിലപാട് ജനങ്ങളിലേക്കെത്തിയ്ക്കാൻ അവർ ആശ്രയിച്ചതും സാമൂഹ്യമാധ്യമങ്ങളെത്തന്നെ.

ഗ്രീൻ തോട്ട്സ് കേരള (ooo. ഴൃലലിവേീൗഴവലെസലൃമഹമ.യഹീഴുെീ.രീാ) എന്ന് ബ്ലോഗ് കേരള സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ അതീവ പ്രാധാന്യം നേടിയിരിക്കുന്നു. ഹൈബി ഈഡൻ, എം.കെ. മുനീർ, പി.കെ. അബ്ദു റബ്ബ്, കെ.എം. ഷാജി, ടി.എൻ. സീമ, ലതികാസുഭാഷ് തുടങ്ങി കേരളരാഷ്ട്രീയത്തിലെ നിരവധി പ്രമുഖർ സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുന്നു. കൂടാതെ മാധ്യമ-സാംസ്കാരിക-സാമൂഹ്യ- മേഖലകളിലെ ആളുകളും സാമൂഹ്യമാധ്യമമേഖലയിൽ സജീവമാണ്.

അനന്തമായ സാധ്യതകളാണ് നവമാധ്യമങ്ങൾ ഒരുക്കുന്നത്. അവ ശരിയായും ഫലപ്രദമായും ഉപയോഗിക്കുക എന്നത് പ്രതിബദ്ധതയുള്ള സംഘടനകളുടെയും വ്യക്തികളുടെയും ഉത്തരവാദിത്തമാണ്. സ്വന്തം ആശയം പ്രചരിപ്പിക്കുന്നതിനൊപ്പം വിരുദ്ധാശയങ്ങളെ പ്രതിരോധിക്കുക എന്നതും പ്രധാനമാണ്.

നവമാധ്യമ ഇടങ്ങളിൽ ദൃശ്യമായ ചില ഗുരുതരമായ പ്രശ്നങ്ങൾ കൂടി ഇവിടെ ചൂണ്ടിക്കാണിക്കാം.

- വംശീയവും മതപരവുമായ വിദ്വേഷം പ്രചരിപ്പിക്കുന്ന ഉള്ളടക്കത്തിന്റെ ആധിക്യം.
- വിവിധ തീവ്രവാദസംഘങ്ങൾ നടത്തുന്ന നെറ്റ് അധിഷ്ഠിതആശയപ്രചാരണം.
- അന്ധവിശ്വാസങ്ങളുടെ പ്രചാരം.

  (ഓൺലൈൻ പൂജകൾ, മന്ത്രവാദം, മത, വിശ്വാസചികിത്സകൾ, മതഗ്രന്ഥത്തെ അവഹേളിച്ചതുമൂലം വൈരൂപ്യം വന്ന ആളുകളുടെ ചിത്രങ്ങൾ പോലുള്ള ഉള്ളടക്കങ്ങൾ, പ്രേത വീഡിയോകൾ...)
- സ്ത്രീവിരുദ്ധത
- അശ്ലീലം

- സ്വകാര്യതയെ അതിലംഘിക്കൽ
- സൈബർകുറ്റകൃത്യങ്ങൾ
- അക്രമം പ്രോത്സാഹിപ്പിക്കൽ

  (അക്രമസ്വഭാവമുള്ള ഗെയിമുകൾ, അക്രമം പ്രോത്സാഹിപ്പിക്കുന്ന ഉള്ളടക്കം...)
- ആത്മഹത്യാ പ്രോത്സാഹനം

  (നിരവധി ആത്മഹത്യാ പ്രേരകസൈറ്റുകൾ ലഭ്യമാണ്. ഇപ്പോൾ വിവിധ രാജ്യങ്ങൾ ഇതിന്റെ അപകടം തിരിച്ചറിഞ്ഞ് അവ ബ്ലോക്കുചെയ്യാൻ തുടങ്ങിയിരിക്കുന്നു. 2008-ൽ ഫ്ളോറിഡക്കാരനായ അബ്രഹാം കെ. ബിഗ്സ് എന്ന പത്തൊൻപതുകാരൻ ജസ്റ്റിൻ. ടി.വി എന്ന ലൈവ്‌വെബ്കാംസ്ട്രീമിംഗ് സൈറ്റിൽ ലൈവായി ആത്മഹത്യ ചെയ്ത സംഭവം വലിയ വിവാദമായിരുന്നു.)
- തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കൽ

  (പിണറായി വിജയന്റെ വീട് എന്ന പേരിൽ ഒരു വിദേശമലയാളിയുടെ വീടിന്റെ ചിത്രം പ്രചരിപ്പിച്ചതും, പൃഥിരാജിനെപ്പറ്റിയുള്ള വ്യാജപത്രപ്പേജും ഒക്കെ വിവാദമായി)
- നെഗറ്റീവ് പബ്ലിസിറ്റി.

  (സന്തോഷ് പണ്ഡിറ്റിന്റെ 'കൃഷ്ണനും രാധയും' എന്ന സിനിമയുടെ ട്രെയ്‌ലർ 25 ലക്ഷത്തിലധികം പേർ യുട്യൂബിൽ കണ്ടു.)

## 2.6 സൈബറിടത്തിന്റെ ഉദയം

സാമൂഹികപരിണാമത്തിന്റെ ഓരോ സവിശേഷചരിത്രസന്ധികളുമായി ബന്ധപ്പെട്ടാണ് സാങ്കേതികവിദ്യകൾ രൂപം കൊള്ളുന്നത്. അവ പരീക്ഷണശാലകളിൽ

യാദൃച്ഛികമായി രൂപപ്പെടുന്നതല്ല.

> ഒരു സാങ്കേതികവിദ്യയുടെ പിറവി ജീവിതത്തിന്റെ ഭൗതികപരിസരങ്ങളിൽ മുൻകൂട്ടി നിശ്ചയിക്കപ്പെടുന്നുണ്ട്. സാങ്കേതികവിദ്യയെ രൂപപ്പെടുത്തുന്ന ആവശ്യകതകളും അഭിലാഷങ്ങളും സമൂഹത്തിന്റെ അധികാരഘടനയിൽ നിന്നാണ് ഉയർന്നുവരുന്നത്..... ത്വരിതഗതിയിൽ ഉയർന്നുവന്ന സൈനികവും വാണിജ്യപരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായിരുന്നു ആധുനികസമൂഹം പുത്തൻവിനിമയവിദ്യകൾ രൂപപ്പെടുത്തിയത്. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ ആദ്യകാലത്ത് പുത്തൻ വിനിമയവിദ്യകളുടെ ധർമ്മങ്ങളെ നിർവ്വചിച്ചത് സൈനികവ്യാപാരമേഖലകളായിരുന്നു.[13]

ഇന്റർനെറ്റിന്റെ പിറവിയും മേല്പറഞ്ഞതിൽ നിന്ന് വ്യത്യസ്തമല്ല. 1946-ലാണ് അമേരിക്കയിലെ പെൻസിൽവാനിയ യൂണിവേഴ്സിറ്റിയിൽ ആദ്യത്തെ കമ്പ്യൂട്ടർ-ഏനിയാക് (ENIAC) നിർമ്മിക്കപ്പെട്ടത്. അമേരിക്കൻ പ്രതിരോധവകുപ്പിന്റെ ഗവേഷണവിഭാഗം നാല് കമ്പ്യൂട്ടറുകളെ പരസ്പരം ബന്ധിപ്പിച്ച് അതിലൂടെ വിവരങ്ങൾ പരസ്പരം കൈമാറി. 1969-ൽ നിർമ്മിച്ച ഈ കുഞ്ഞുനെറ്റ്‌വർക്കിനെ അവർ അർപാനെറ്റ് (ARPANET - Advanced Research Program Agency Network) എന്നുവിളിച്ചു.

1971-ൽ വാഷിംഗ്ടണിൽ വെച്ച് അർപാനെറ്റിനെക്കുറിച്ചുള്ള ആദ്യപരസ്യപ്രദർശനം നടന്നു. കമ്പ്യൂട്ടറുകൾ പരസ്പരവിനിമയം നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ 'ഇന്റർനെറ്റ് പ്രോട്ടോക്കോൾ' എന്ന പേരിൽ വികസിപ്പിച്ചെടുത്തതോടെ ഈ ശൃംഖലയെ ഇന്റർനെറ്റ് എന്ന പേരിൽ പരാമർശിക്കുവാൻ തുടങ്ങി.[14] 1972-ൽ ഇന്റർനെറ്റ് വർക്കിംഗ് ഗ്രൂപ്പിന്റെ മേധാവിയായി നിയമിതനായ വിന്റൺ സെർഫ്, 'ഇന്റർനെറ്റിന്റെ പിതാവ്' എന്ന് വിശേഷിപ്പിയ്ക്കപ്പെടുന്നു. പ്രതിരോധ

[13] ഷിബുമുഹമ്മദ്, *ടെലിവിഷൻ ചരിത്രവും രാഷ്ട്രീയവും* (ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2000), പു. 10,11.

[14] ഡോ. അച്യുത് ശങ്കർ. എസ്. നായർ, *ഇന്റർനെറ്റ്* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2002).

ആവശ്യങ്ങൾക്കായി 'മിൽനെറ്റ്' എന്ന പുതിയൊരു ശൃംഖല രൂപീകരിച്ചശേഷം അമേരിക്കൻ പ്രതിരോധവകുപ്പ് സർവ്വകലാശാലകൾക്കും ഗവേഷണസ്ഥാപനങ്ങൾക്കുമായി ഇന്റർനെറ്റ് വിട്ടുകൊടുത്തു.

1991-ൽ ടിംബെർണേഴ്സ് ലീ, 'വേൾഡ് വൈഡ് വെബ്' ഇന്റർനെറ്റിൽ ഉൾച്ചേർത്തതാണ് പിന്നീട് ഇന്റർനെറ്റിന് കൈവന്ന അത്ഭുതകരമായ പ്രചാരത്തിന് നിമിത്തമായത്.

> ആകർഷകമായ ചിത്രരൂപങ്ങളിൽ അക്ഷരങ്ങൾക്കു പുറമേ ശബ്ദ, ചിത്ര, ചലച്ചിത്രഅകമ്പടിയോടെ അവതരിപ്പിച്ചിരിക്കുന്ന, ലോകത്തിലെ വിവിധ കമ്പ്യൂട്ടറുകളിലായി വ്യാപിച്ചുകിടക്കുന്ന, പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന, പങ്കാളിത്തസ്വഭാവമുള്ള, തിരഞ്ഞെടുക്കാൻ സാധ്യമായ ഒരു വമ്പൻ വിജ്ഞാന, വിനോദ, വിവരശേഖരമാണ് വേൾഡ് വൈഡ് വെബ്.[15]

ഇന്റർനെറ്റിലെ ഏതു കമ്പ്യൂട്ടറിൽ ശേഖരിക്കുന്ന ഏതു രേഖയെയും പരാമർശിക്കാനായി ബെർണേഴ്സ് ലീ രൂപം നൽകിയ യൂനിഫോം റിസോഴ്സ് ലൊക്കേറ്റർ (URL-Uniform Resource Locater) സഹായിച്ചു. ഇന്റർനെറ്റിലെ കോടിക്കണക്കിന് വെബ്സൈറ്റുകളെയും പ്രമാണങ്ങളെയും കോർത്തിണക്കിയ ഒരു വലയാണ് വേൾഡ് വൈഡ് വെബ്. ഇത് ഇന്റർനെറ്റിനെ ഒരു ബഹുമാധ്യമ (multimedia)മാക്കി മാറ്റി, ഹൈപ്പർ ടെക്സ്റ്റ് എന്ന സങ്കേതം ആവിഷ്കരിച്ചു.

ഇന്റർനെറ്റ് സൊസൈറ്റി (Internet Society- ISOC) എന്ന ഒരു അന്താരാഷ്ട്ര സന്നദ്ധസംഘടനയാണ് ഇന്റർനെറ്റിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. വിവിധ സർക്കാരുകളുടെയും ഗവേഷണസ്ഥാപനങ്ങളുടെയും പ്രതിനിധികൾ ഉൾപ്പെടുന്നതാണ് ഈ സൊസൈറ്റി.

---

[15] ഡോ. അച്യുത് ശങ്കർ. എസ്. നായർ, *ഇന്റർനെറ്റ്*, (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2002 (1997)), പു.36.

ഇന്റർനെറ്റിന്റെ അത്ഭുതകരമായ വളർച്ച വിജ്ഞാനവിപ്ലവം സാധ്യമാക്കി. ആയിരത്തിത്തൊള്ളായിരത്തി എൺപതുകൾ മുതൽ വ്യാവസായികോല്പാദനത്തെ പുറന്തള്ളിക്കൊണ്ട് വിവരങ്ങളുടെ ഉല്പാദനത്തിലും വിനിമയത്തിലും അധിഷ്ഠിതമായ പുതിയൊരു സമ്പദ്‌വ്യവസ്ഥ നിലവിൽ വന്നു. മൂലധനത്തിനും അധ്വാനത്തിനും ഉല്പാദനത്തിനും പ്രാധാന്യമുണ്ടായിരുന്ന സമൂഹത്തിനുപകരം വിവരങ്ങളും അവ കൈകാര്യം ചെയ്യാനുള്ള സാങ്കേതികവിദ്യകളും മേൽക്കൈ നേടിയ ഈ കാലഘട്ടം വിവരയുഗം, വിജ്ഞാനയുഗം, ഇൻഫർമേഷൻ ഏജ്, ഡിജിറ്റൽ ഏജ് എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്നു. ഇന്ന് 'വിവരം' ആണ് ഏറ്റവും വിലപിടിച്ച വിഭവം.

1982-ലാണ് ഇന്റർനെറ്റിനെയോ അത് സൃഷ്ടിക്കുന്ന പ്രതീതിസ്ഥലത്തെയോ സൂചിപ്പിക്കാനായി 'സൈബർസ്പേസ്' എന്ന പദം വില്യം ഗിബ്സൺ ഉപയോഗിച്ചത്. പിന്നീട് അത് ലോകപ്രശസ്തമായി.

## 2.7 സൈബറിടവും മലയാളവും

ന്യൂമീഡിയയുടെ സാധ്യതകൾ പത്രസ്ഥാപനങ്ങൾ തിരിച്ചറിഞ്ഞതിന്റെ ഫലായാണ് ഇന്റർനെറ്റിൽ മലയാളത്തിന് ഇത്തിരി ഇടമുണ്ടായത്. നെറ്റിന്റെ സാധ്യത കണ്ടറിഞ്ഞ പത്രസ്ഥാപനങ്ങൾ വെബ്സൈറ്റ് തുറന്നതാണ് മലയാളം ഇന്റർനെറ്റിന്റെ ചരിത്രത്തിലെ ആദ്യസംഭവം എന്നുപറഞ്ഞാലും തെറ്റില്ല. പത്രമുത്തശ്ശിയായ ദീപികയാണ് തുടക്കമിട്ടത് - ഒരു പതിറ്റാണ്ടിലധികം മുമ്പ്.[16]

[16] ടോം. ജെ. മങ്ങാട്ട്, 'മലയാളം വെബ്സൈറ്റുകൾ - ഒരാമുഖം', *സൈബർമലയാളം*,എഡി., സുനീത. ടി.വി. (കറന്റ് ബുക്സ്, തൃശ്ശൂർ, 2009).

1997-ൽ ആരംഭിച്ച ദീപികയുടെ വെബ്സൈറ്റാണ് സൈബറിടത്തിലെ ആദ്യമലയാളസാന്നിധ്യം. ഇന്റർനെറ്റ് മലയാളത്തിന്റെ ചരിത്രം 1997-ൽ തുടങ്ങുന്നു എന്നും പറയാം.

പിന്നീടങ്ങോട്ട് വെബ്സൈറ്റുകൾ, ബ്ലോഗുകൾ, സാമൂഹ്യസമ്പർക്കസൈറ്റുകൾ, വെബ്പോർട്ടലുകൾ, വിക്കിപീഡിയ പോലുള്ള ഓൺലൈൻവിജ്ഞാനകോശങ്ങൾ, ഇന്റർനെറ്റ് കൂട്ടായ്മകൾ തുടങ്ങിയ ഇടങ്ങളിലാണ് മലയാളം പ്രത്യക്ഷപ്പെട്ടത്. ഇതിൽത്തന്നെ മലയാളത്തിന്റെ സാന്നിധ്യം ഏറ്റവും കൂടുതൽ കാണുന്നത് ബ്ലോഗുകളിലും മലയാളം വിക്കിയിലുമാണ്. ഇന്ന് ഓരോ ദിവസവും ധാരാളം പുതിയ ബ്ലോഗുകളുണ്ടാവുന്നു, ഇന്റർനെറ്റ് കൂട്ടായ്മകളുണ്ടാവുന്നു (ഉദാ: ഫേസ്ബുക്ക് കമ്മ്യൂണിറ്റികൾ), പുതിയ പുതിയ ആളുകൾ കടന്നു വരുന്നു, ഇന്റർനെറ്റിലെ മലയാളം ഉപയോക്താക്കളെ സഹായിക്കാനായി ധാരാളം ആളുകൾ നിലകൊള്ളുന്നു.

### 2.7.1 മലയാളം വെബ്സൈറ്റുകൾ

1997-ൽ ആരംഭിച്ച ദീപികയുടെ വെബ്സൈറ്റാണ് *(www.deepika.com)* ആദ്യമലയാളം വൈബ്സെറ്റ്. ആഴ്ചകൾക്കുള്ളിൽ മലയാള മനോരമയും വെബ്സൈറ്റ് ആരംഭിച്ചു *(www.malayalamanorama.com)*. പിന്നാലെ കേരളകൗമുദി *(www.kerala koumudi.com)*, *മാതൃഭൂമി* *(www.mathrubhoomi.com)*, *ദേശാഭിമാനി* *(www.deshabhimani.com)*, *മംഗളം* *(www.mangalam.com)*, *മാധ്യമം* *(www.madhyamamonline.com)*, വീക്ഷണം *(www.veekshanam.com)* എന്നിവയും ഈ

രംഗത്തേക്ക് കടന്നുവന്നു.

ആദ്യകാലത്ത് ഇവയെല്ലാം വാർത്തകൾ അതേപടി ഇന്റർനെറ്റിലേക്ക് കടത്തിവിടുന്ന രീതിയായിരുന്നു പിന്തുടർന്നത്. എന്നാലിന്ന് നവമാധ്യമങ്ങളുടെ സാധ്യതകൾ കൂടുതൽ ഉപയോഗപ്പെടുത്തുന്ന രീതിയിലേക്ക് ഏതാണ്ടെല്ലാവരും മാറിയിരിക്കുന്നു. ഉദാഹരണത്തിന് 2002 -ഓടെ തന്നെ മലയാളമനോരമ, വാർത്താസൈറ്റിനെ ബഹുവിഭവ-വാർത്താപോർട്ടലാക്കി മാറ്റി *(www.manoramaonline.com).*

മലയാളത്തിൽ ഇറങ്ങുന്ന മിക്ക മാസികകൾക്കും ആഴ്ചപ്പതിപ്പുകൾക്കും ഇന്റർനെറ്റ് പതിപ്പുകൾ ഇന്ന് ലഭ്യമാണ്.

*മലയാളംവാരിക (www.malayalamvarika.com)*

*കലാകൗമുദി (www.kalakaumudi.com)*

*ധനം (www.dhanammagazine.com)*

*ജനശക്തി (www.janasakthionline.com)*

*സത്യദീപം (www.sathyadeepam.com)*

*സാംസ്കാരികപൈതൃകം (www.paithrakamonline.com)*

*വെള്ളിനക്ഷത്രം (www.vellinakshathram.com)*

*സ്നേഹിത (www.snehitha.com)*

*നാന (www.nanafilmweekly.com)*

ഇത്തരം പത്ര-മാസിക സൈറ്റുകൾക്കപ്പുറത്ത് ടെലിവിഷൻ ചാനലുകളും ശക്തമായ സാന്നിധ്യമായി രംഗത്തുണ്ട്. *ഇന്ത്യാവിഷൻ (www.indiavisiontv.com),*

*മനോരമാന്യൂസ് (www.manoramanews.com)*, എന്നിവയുടെ സൈറ്റുകൾ ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടതാണ്.

മേൽപ്പറഞ്ഞവയ്ക്ക് പുറമെ സൈബറിടത്തിൽ മാത്രം ലഭ്യമായ ഒരു പിടി പ്രസിദ്ധീകരണങ്ങൾ മലയാളത്തിലുണ്ട്. അവയുടെ എണ്ണം പതുക്കെയാണെങ്കിലും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

*ചിന്ത (www.chintha.com)*

*അയനം (www.ayanam.com)*

*മൂന്നാമിടം (www.moonnamidam.com)*

*തുഷാരം (www.thusharam.com)*

*ജയകേരളം (www.jayakeralam.com)*

*മാതൃകാന്വേഷി (www.mathrukanveshi.com)*

*നാട്ടുപച്ച (www.nattupacha.com)*

*ചിരിച്ചെപ്പ് (www.chiricheppu.com)*

*കണിക്കൊന്ന (www.kanikonna.com)*

*ഹരിതകം (www.harithakam.com)*

*പുഴ (www.puzha.com)*

*ഇന്ദുലേഖ (www.indulekha.com)*

*സമകാലികം (www.samakalikam.com)*

*സമയം (www.samayamonline.com)*

*ഇ-പത്രം (www.epathram.com)*

*സായൂജ്യം (www.sayujyam.com)*

*അശ്വമേധം (www.aswamedham.com)*

ഇതിൽ ഹരിതകം[17] മലയാളത്തിലെ ആദ്യത്തെ കവിതാ ജാലികയാണ്. കവി പി.പി.രാമചന്ദ്രൻ എഡിറ്റു ചെയ്യുന്ന ഈ വെബ്സൈറ്റിൽ കവിതകളെ സമകാലീനം, പ്രാചീനം, വിവർത്തനം എന്നിങ്ങനെ തരം തിരിച്ച് അവതരിപ്പിച്ചിരിക്കുന്നു. കവിതകളുടെ ഓഡിയോ ക്ലിപ്പിങ്ങുകൾ (പലപ്പോഴും കവിയുടെ സ്വന്തം ശബ്ദത്തിൽ) ചേർത്തും, കവിതയുമായി ബന്ധപ്പെട്ട അഭിമുഖങ്ങൾ, ലേഖനങ്ങൾ, നിരൂപണങ്ങൾ എന്നിവ ഉൾപ്പെടുത്തിയും കൂടാതെ ബന്ധുക്കൾ എന്ന ഗണത്തിൽപ്പെടുത്തി മലയാളത്തിലെ കവിതാബ്ലോഗുകളും കവിതയുമായി ബന്ധപ്പെട്ട മറ്റു സൈറ്റുകളും അവതരിപ്പിച്ചും ശ്രദ്ധേയമായി മാറിക്കഴിഞ്ഞട്ടുണ്ട് *ഹരിതകം.*

എടുത്തു പറയേണ്ട മറ്റൊരു വെബ്സൈറ്റാണ് മലയാളത്തിന്റെ ഏക ഓൺലൈൻ ബുക്ക്സ്റ്റോറായ *ഇന്ദുലേഖ.കോം.* ലിംക ബുക്ക് ഓഫ് റെക്കോർഡിൽ ഇടം നേടുന്ന ആദ്യത്തെ കേരളീയ വെബ്സൈറ്റാണിത്. പുസ്തകം, ചിത്രകല, സിനിമ, ഫാഷൻ, വിനോദം, വീട്, യാത്ര തുടങ്ങിയ മേഖലകളിൽ ഊന്നൽ കൊടുക്കുന്ന ഇൻഫോടെയ്ൻമെന്റ് പോർട്ടലായ ഇന്ദുലേഖ, വിദേശമലയാളികൾക്ക് പുസ്തകങ്ങളെ പരിചയപ്പെടാനും വാങ്ങാനുമായി വളരെയധികം ഉപയോഗപ്പെടുന്നു.

ഇവയ്ക്കുപുറമെ മലയാളത്തിൽ വാർത്തകളും മറ്റു വിഭവങ്ങളും നൽകുന്ന മറ്റു ചില പോർട്ടലുകളുണ്ട്. വിവിധ തലങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ഏകീകൃതമായ രീതിയിൽ നൽകുന്നതിനോടൊപ്പം ഇ-മെയിൽ, ചാറ്റ്റൂം, ഒപ്പീനിയൻപോൾ,

---

17 *www.harithakam.com*

ഇ-ഷോപ്പിംഗ്, ഗെയിമുകൾ തുടങ്ങിയ സൗകര്യങ്ങൾകൂടി നൽകുന്ന ബഹുവിഭവ ഇന്ററാക്ടീവ് വെബ്സൈറ്റുകളാണ് വെബ്പോർട്ടലുകൾ.

മലയാളത്തിലെ ആദ്യത്തെ വെബ്പോർട്ടൽ എന്നു വിളിക്കാവുന്നത് 1999 ൽ ആരംഭിച്ച *ഇന്ത്യാഇൻഫോയെയാണ് (www.indiainfo.com)*. പിന്നീട് ഇത് *ദാറ്റ്സ് മലയാളം ഡോട്ട് കോമായി (www.thatsmalayalam.com)* മാറി. ഇപ്പോഴിത് വൺ ഇന്ത്യാ ഡോട്ട് ഇൻ എന്ന ബഹുഭാഷാ പോർട്ടലിന്റെ ഭാഗമാണ്. 2000 ത്തിലെ കേരളപ്പിറവി ദിനത്തിൽ വെബ്ദുനിയ ഗ്രൂപ്പ് ആരംഭിച്ച *വെബ്ലോകം (www.weblokam)* പിന്നീട് വന്ന ശ്രദ്ധേയമായ പോർട്ടലാണ്. പിന്നീടിത് *വെബ്ദുനിയ മലയാളം* ആയിമാറി.

മേൽപറഞ്ഞവക്കു പുറമെ മറ്റു ബഹുഭാഷാസംരംഭങ്ങളുടെ ഭാഗമായ പോർട്ടലുകളും മലയാളത്തിലുണ്ട്. യാഹൂവിന്റെ ഭാഗമായ *യാഹൂമലയാളം (in.malayalam.yahoo.com)*, മൈക്രോസോഫ്റ്റിന്റെ എം.എസ്.എൻ. മലയാളം (content.msn.co.in.malayalam/default), സത്യം ഗ്രൂപ്പിന്റെ സിഫി മലയാളം (sify.com/ malayalam) തുടങ്ങിയവയാണിവ.

**2.7.2 ഓൺലൈൻ വിജ്ഞാനകോശങ്ങൾ**

ഇന്റർനെറ്റിന്റെ ആവിർഭാവത്തോടെ വിവരങ്ങൾ ശേഖരിക്കുക, അവ എളുപ്പത്തിൽ ലഭ്യമാക്കുക എന്നീ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങളാണ് സംഭവിച്ചത്. അക്കൂട്ടത്തിൽ വളരെ ശ്രദ്ധേയമായ ഒരു സംഭവമാണ് ഓൺലൈൻ വിജ്ഞാനകോശങ്ങളുടെ നിർമ്മിതി. ആർക്കും എഴുതാവുന്ന സ്വതന്ത്രഓൺലൈൻവിജ്ഞാനകോശം എന്ന ആശയം

റിച്ചാർഡ് സ്റ്റാൾമാനാണ് 1989-ൽ അവതരിപ്പിച്ചത്. അതിനെത്തുടർന്ന് റിക്ക്ഗേറ്റ്സ് '*ഇന്റർപീഡിയ*' എന്നൊരു സംരംഭവുമായി മുന്നോട്ടുവന്നു. പക്ഷേ ആ ശ്രമം വിജയിച്ചില്ല. ജിമ്മി വെയിൽസും ലാറി സാങ്ജറും ചേർന്ന് ആരംഭിച്ച '*ന്യൂപീഡിയ*' ആണ് ഈ വഴിക്കുള്ള  അടുത്ത ശ്രമം. അതത് മേഖലകളിലെ വിദഗ്ദ്ധരുടെ ലേഖനങ്ങൾ മാത്രം ഉൾപ്പെടുത്തി, ഗുണമേന്മയ്ക്ക് അതിപ്രാധാന്യം നൽകിക്കൊണ്ട് ആരംഭിച്ച ന്യൂപീഡിയയുടെ വളർച്ച മന്ദഗതിയിലായിരുന്നു. ന്യൂപീഡിയയെ സഹായിക്കാനായി, ആർക്കും ലേഖനം എഴുതാവുന്ന '*വിക്കിപീഡിയ*' എന്ന മറ്റൊരു സംരംഭം ഇവർ ആരംഭിച്ചു. വിക്കിപീഡിയയിലെ മികച്ച ലേഖനങ്ങൾ ന്യൂപീഡിയയിൽ ഉപയോഗിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. സങ്കല്പിച്ചതിൽനിന്ന് വ്യത്യസ്തമായി ജനങ്ങളുടെ വൻതോതിലുള്ള സഹകരണത്തിലൂടെ ഇത് വളർന്ന് ഏറ്റവും വലിയ ഓൺലൈൻ വിജ്ഞാനകോശമായി മാറി.

'വിക്കി' എന്ന പദത്തിന് ഹവായിയൻ ഭാഷയിൽ വേഗത്തിൽ എന്നാണർത്ഥം. 'What I Know is' എന്നതിന്റെ ചുരുക്കരൂപമായും വിക്കിയെ വിശേഷിപ്പിക്കാം. പോർട്ട്ലാന്റുകാരനായ വാർഡ് കണ്ണിങ്ഹോം 1994-ൽ വിക്കിവിക്കി വെബ് എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചു. ഇതാണ് വിക്കി എന്ന കൂട്ടായ്മയെ വേഗത്തിലാക്കിയത്.

2001 ജനുവരി 15 നാണ് *വിക്കിപീഡിയ* ആരംഭിച്ചത്. ആർക്കും ലേഖനങ്ങൾ എഴുതുവാനും തിരുത്തുവാനും സ്വാതന്ത്ര്യവും സൗകര്യവും നൽകുന്ന വിക്കി എന്ന സോഫ്റ്റ് വെയറാണ് ഇതിന്റെ അടിസ്ഥാനം. ലക്ഷക്കണക്കിന് വായനക്കാരുടെയും എഴുത്തുകാരുടെയും പങ്കാളിത്തത്തോടെ നിർമ്മിക്കപ്പെട്ട ഏറ്റവും വലിയ സ്വതന്ത്ര ഓൺലൈൻ വിജ്ഞാനകോശമാണിത്. ഇംഗ്ലീഷ് *വിക്കിപീഡിയ (www.wikipedia.org)* ആണ്

ഇന്നുള്ളതിൽ വച്ച് ഏറ്റവും വലിയ വിജ്ഞാനകോശം. വിക്കി മീഡിയ ഫൗണ്ടേഷൻ എന്ന സ്ഥാപനമാണിതിന്റെ പ്രവർത്തനങ്ങൾക്കു മേൽനോട്ടം നടത്തുന്നത്.

**2.7.2.1 മലയാളം വിക്കിപീഡിയ**

ഗവേഷണവിദ്യാർത്ഥിയായ വിനോദ്.എം.പ്രഭാകരനാണ് 2002-ൽ മലയാളം *വിക്കിപീഡിയക്ക്* തുടക്കമിട്ടത് *(http://ml.wikipedia.org).*[18] ഏതാണ്ട് രണ്ടു വർഷത്തോളം മുഖ്യമായും അദ്ദേഹം തന്നെയാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. പിന്നീട് ചില വിദേശമലയാളികളും ഈ ശ്രമത്തിൽ പങ്കുചേർന്നു. 2004-2005 കാലത്തോടെ ജനപങ്കാളിത്തം വർദ്ധിച്ചുതുടങ്ങി.

മലയാളം യൂണികോഡ്ടൈപ്പിംഗ് സാമഗ്രികളുടെ ലഭ്യതക്കുറവായിരുന്നു വിക്കിപീഡിയയുടെ ആദ്യകാലത്തെ വളർച്ചയ്ക്ക് തടസ്സമായി നിന്നത്. 2006 - ഓടെ ഇവയ്ക്ക് നല്ല പ്രചാരം ലഭിക്കുകയും വരമൊഴി, മൊഴി കീമാൻ തുടങ്ങിയ യൂണികോഡ് ടൈപ്പിംഗ് സോഫ്റ്റ്വെയറുകൾ പരിശീലിച്ച് ആളുകൾ ബ്ലോഗുകളിലും വിക്കിപീഡിയയിലുമൊക്കെ കൂടുതൽ പങ്കാളികളാവാൻ തുടങ്ങുകയും ചെയ്തു. വിക്കിപീഡിയയിലെ ലേഖനങ്ങളുടെ എണ്ണത്തിലും മേന്മയിലും വൻവർദ്ധനവുണ്ടായി.

വിക്കിപീഡിയയുടെ സഹോദരസംരംഭങ്ങളായി *വിക്ഷണറി, വിക്കിബുക്സ്, വിക്കിന്യൂസ്, വിക്കിസോഴ്സ്, വിക്കിവാഴ്സിറ്റി, വിക്കികോട്സ്* എന്നിങ്ങനെയുള്ള വിവരശേഖരണ സംരഭങ്ങളുണ്ടായി.

---

18 ഷിജു അലക്സ്, 'മലയാളം വിക്കിമീഡിയ സംരംഭങ്ങൾ' , *സൈബർമലയാളം*, എഡി. സുനീത ടി.വി.(കറന്റ് ബുക്സ്, തൃശ്ശൂർ, 2009).

കേരളസർക്കാർ സംരംഭമായ *സർവ്വവിജ്ഞാനകോശവും* ഇന്റർനെറ്റിൽ ലഭ്യമാണ്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപ്പീഡിക് പബ്ലിക്കേഷൻസിന്റെ പ്രസിദ്ധീകരണമായ *സർവ്വവിജ്ഞാനകോശം* എന്ന മുദ്രിതവിജ്ഞാനകോശം വിക്കിപീഡിയയുടെ മാതൃകയിൽ മീഡിയ വിക്കി ഉപയോഗിച്ച് അവതരിപ്പിച്ചിരിക്കുന്നതാണിത് *(www.sarvavijnanakosam.gov.in)*.

**2.7.3 ബ്ലോഗുകൾ**

വളരെ ചെറിയ രൂപത്തിലുള്ള വെബ് സൈറ്റുകളാണ് ബ്ലോഗുകൾ. വെബ്ലോഗ് എന്നതിന്റെ ചുരുക്കെഴുത്താണിത്. വായനക്കാരുടെ കുറിപ്പുകൾ (പോസ്റ്റുകൾ) വഴി നിരന്തരം നവീകരിച്ചു കൊണ്ടിരിക്കുന്ന ഇവയിൽ ഏറ്റവും പുതിയ പോസ്റ്റ് പേജിന്റെ മുകളിലും പഴയവ അതിന്റെ താഴെയുമായി ക്രമീകരിക്കപ്പെട്ടിരിക്കും. അതിവേഗം വളരുന്ന അമേചർ പ്രസിദ്ധീകരണമേഖലയാണിത്.

ഒരു ബ്ലോഗു തുടങ്ങാൻ വലിയ സാങ്കേതികപരിജ്ഞാനമോ പണച്ചെലവോ ആവശ്യമില്ല. ഒരു ഇ-മെയിൽ അക്കൗണ്ട് തുടങ്ങുന്നപോലെ ആർക്കും ബ്ലോഗ് തുടങ്ങാവുന്നതാണ്. ഒരു ബ്ലോഗർക്ക് സ്വന്തം രചനകൾ പ്രസിദ്ധീകരിക്കാൻ, എഡിറ്ററുടെയോ പബ്ലിഷറുടെയോ ഔദാര്യത്തിനായും കാത്തുനിൽക്കേണ്ട കാര്യമില്ല. അച്ചടിമാധ്യമത്തിൽ ഒരു രചന പ്രസിദ്ധീകരിച്ചാൽ, അതിന്റെ പ്രതികരണമറിയാൻ സമയമേറെയെടുക്കുമെങ്കിൽ ബ്ലോഗിലെ പോസ്റ്റുകൾക്ക് നിമിഷങ്ങൾക്കകം പ്രതികരണം ഉണ്ടായേക്കും. കമന്റുകൾ വഴിയാണിത്. ബ്ലോഗിൽ പരസ്യങ്ങൾ അനുവദിക്കുന്നതു വഴി

വരുമാനമുണ്ടാക്കാനും സാധിക്കും. കൂടാതെ ബ്ലോഗ്റോളിലും മറ്റും അഫിലിയേറ്റു ചെയ്യുന്നതിലൂടെ ബ്ലോഗുകൾ കൂടുതൽ പ്രസിദ്ധമാകുന്നു. ഇക്കാരണങ്ങളാൽ ഇന്റർനെറ്റിലെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന അമേചർപ്രസിദ്ധീകരണമേഖലയായി ബ്ലോഗുകൾ മാറുന്നു.

*ബ്ലോഗർ.കോം, റീഡിഫ്.കോം, ഇന്ത്യാടൈംസ്.കോം, എം.എസ്.എൻ, വേഡ്പ്രസ്.കോം* തുടങ്ങി ഇപ്പോൾ പ്രചാരത്തിലുള്ള പ്രധാനപ്പെട്ട ഹോസ്റ്റ്സൈറ്റുകളിൽ പോയി സൗജന്യമായി ഒരു ബ്ലോഗ് തുടങ്ങാവുന്നതാണ്. സാധാരണ ഇ-മെയിലിൽ സൈൻ അപ്പ് ചെയ്യുന്നതുപോലെ സൈൻഅപ്പ് ചെയ്തു കഴിഞ്ഞാൽ ഒരു ബ്ലോഗ് കൺട്രോൾ ബോർഡ് കാണാൻ കഴിയും. ഇതിലെല്ലാം വിശദമായ ഹെൽപ് പേജുകളുമുണ്ട്. അതിലെ ബ്ലോഗ് തുടങ്ങാനുള്ള ഭാഗത്ത് ക്ലിക്ക് ചെയ്ത് ആർക്കും എളുപ്പത്തിൽ ഒരു ബ്ലോഗ് തുടങ്ങാവുന്നതേയുള്ളൂ.

ഇന്ന് ബ്ലോഗുകൾ ഇന്റർനെറ്റിലെ ഏറ്റവും ജനകീയമായ വ്യക്തിഗത പ്രസിദ്ധീകരണമേഖലയായി മാറിയിട്ടുണ്ട്. ഒരാളുടെ ബ്ലോഗിൽ അയാൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട് എന്നതും സമാനമനസ്കരായ മറ്റു ബ്ലോഗുകളുമായി ഹൈപ്പർ ലിങ്കിലൂടെ കണ്ണികൾ കൂട്ടിച്ചേർക്കാമെന്നതുമൊക്കെ ഇതിന്റെ പ്രചാരത്തിന് കാരണമായിട്ടുണ്ട്. എക്സ്. എം. എൽ, ആർ.എസ്.എസ്. ഫീഡ് റീഡുകളിലൂടെ മറ്റു ബ്ലോഗുകളിലെ പേജുകൾ നമ്മുടെ കമ്പ്യൂട്ടറിൽ എത്തിയ്ക്കാവുന്നതാണ്.

1993 ൽ മൊസൈക് എന്ന വെബ് ബ്രൗസർ കമ്പനി അവരുടെ വെബ്സൈറ്റിൽ 'വാട്ട്സ് ന്യൂ' എന്ന പേരിൽ ഒരു വെബ്പേജ് പ്രസിദ്ധീകരിച്ചു. ഇത് വെബിലെ പുതിയ സൈറ്റുകളുമായി ലിങ്ക് ചെയ്തിരുന്നു. പതുക്കെ ഇത്തരത്തിലുള്ള വെബ് പേജുകൾ കൂടുതൽ

ജനപ്രിയമായിത്തുടങ്ങി. ബ്ലോഗ് എന്ന രൂപത്തെ ചിട്ടപ്പെടുത്തിയത് 1994 – ൽ ജസ്റ്റിൻ ഹാൾ എന്ന കോളേജ് വിദ്യാർത്ഥിയാണ്. മറ്റു വെബ്പേജുകളിൽനിന്നും ഇവയെ തിരിച്ചറിയാൻ ഒരു പുതിയ പേര് വേണമെന്ന ആവശ്യം ഉയർന്നുവന്നു. ജോൺ ബാർജർ എന്ന എഴുത്തുകാരനാണ് 1997 ൽ 'വെബ്ലോഗ്' എന്ന പേര് ആദ്യമായി ഉപയോഗിച്ചത്. 99 ൽ പീറ്റർ മെർഹോൾസ് എന്ന വെബ്ഡിസൈനർ വിബ്ലോഗ് എന്ന പേര് ഉപയോഗിക്കുകയും പിന്നീട് 'ബ്ലോഗ്' എന്നായി മാറുകയും ചെയ്തു.

ആദ്യകാലത്ത് ഐ.ടി.വിദഗ്ധരുടെ മാത്രം ഒരു മേഖലയായിരുന്നു ബ്ലോഗിംഗ്. 1999 ൽ കുറെയധികം കമ്പനികൾ, എളുപ്പത്തിൽ നിർമ്മിക്കാവുന്നതും പുതുക്കാവുന്നതുമായ ബ്ലോഗുകൾ നൽകുന്ന സോഫ്റ്റുവെയറുമായി രംഗത്തെത്തി. അതോടെ എച്ച്.ടി.എം.എൽ.-നെപ്പറ്റി തീരെ അറിയാത്തവർക്കും ബ്ലോഗുകൾ നിർമ്മിക്കാമെന്നായി. അങ്ങനെയാണ് പ്രസിദ്ധീകരണരംഗത്തെ ജനകീയവിപ്ലവമായി ബ്ലോഗുകൾ മാറുന്നത്. 2011 സെപ്തംബർ 11-ലെ ന്യൂയോർക്ക് വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിനുശേഷം ബ്ലോഗുകളുടെ എണ്ണത്തിൽ വൻവർദ്ധനവാണുണ്ടായത്. ഈ സംഭവവുമായി ബന്ധപ്പെട്ട് സാധാരണക്കാർക്ക് അവരുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കാനും പരസ്പരം ബന്ധപ്പെടാനും ചർച്ചചെയ്യാനുമുള്ള ഒരു വമ്പൻ സാധ്യതയായി ബ്ലോഗിംഗിനെ ആളുകൾ തിരിച്ചറിയുകയുണ്ടായി. ഇറാഖ് യുദ്ധം, 2004 ലെ യു.എസ്. പ്രസിഡന്റ് തിരഞ്ഞെടുപ്പ് എന്നിവയൊക്കെ ബ്ലോഗിംഗ് മേഖലയിൽ കുതിച്ചുചാട്ടമുണ്ടാക്കിയ സംഭവങ്ങളാണ്.

### 2.7.3.1 മലയാളം ബ്ലോഗുകൾ

2002-ലാണ് മലയാളം ബ്ലോഗിംഗിന്റെ ചരിത്രം ആരംഭിയ്ക്കുന്നത്. വിദേശത്ത് ജോലിചെയ്യുന്ന സോഫ്റ്റ്‌വെയർ എൻജിനീയർമാരാണ് ഇതിന്റെ തുടക്കക്കാർ. മലയാളികളുടെ ബ്ലോഗുകളും കേരളത്തെക്കുറിച്ചുള്ള ബ്ലോഗുകളും പട്ടികപ്പെടുത്തുകയും തിരഞ്ഞുകണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്ന മേളം എന്ന ബ്ലോഗ് അഗ്രിഗേറ്റർ 2002 ൽ വിദേശമലയാളിയായ മനോജ് ചിട്ടപ്പെടുത്തുമ്പോൾ മലയാളം ബ്ലോഗുകൾ ഉണ്ടായിരുന്നില്ല. അധികം വൈകാതെ മറ്റൊരു വിദേശ മലയാളിയായ എം.കെ.പോൾ 2002 ഡിസംബറിൽ ബ്ലോഗ് ആരംഭിച്ചു. ഫ്രീഷെൽ ഡോട്ട് ഓർഗിൽ, *എം.കെ.പോൾ ഡോട്ട് ഫ്രീഷെൽ ഡോട്ട് ഓർഗ് (mkpaul.freeshell.org)* എന്ന വിലാസത്തിൽ, '*ജാലകം*' എന്ന പേരിൽ ആരംഭിച്ച ഈ ബ്ലോഗാണ് മലയാള ഭാഷയിലെ ആദ്യബ്ലോഗായി കണക്കാക്കപ്പെടുന്നത്. ഫ്രീഷെൽ ഇപ്പോൾ നിലവിലില്ലെങ്കിലും വെബ് ആർക്കൈവുകളിൽ ജാലകത്തിന്റെ പഴയ താളുകൾ ഇന്നും ദൃശ്യമാണ്. കേരളൈറ്റ് എന്ന ആസ്കി എൻകോഡിംഗിലുള്ള ട്രൂടൈപ്പ് ഗണത്തിലുള്ള ഫോണ്ട് ഉപയോഗിച്ചാണ് പോൾ ബ്ലോഗെഴുതിയത്. യൂനികോഡ് സാങ്കേതികതയുടെ പ്രചാരത്തിനു മുമ്പുള്ള ഈ ബ്ലോഗ്, കേരളൈറ്റ് ഫോണ്ട് കമ്പ്യൂട്ടറിലുള്ളവർക്ക് മാത്രമേ വായിക്കാൻ സാധിച്ചിരുന്നുള്ളൂ.

2003 മേയിൽ വിശ്വം എന്ന വിശ്വപ്രഭ മലയാളത്തിൽ ബ്ലോഗെഴുതിത്തുടങ്ങി*(viswam.blogspot.com)*. എന്നാൽ പ്രവാസിയായ അദ്ദേഹത്തിന് ഇറാഖ്-കുവൈറ്റ് യുദ്ധത്തോടനുബന്ധിച്ചുണ്ടായ നിയമസമ്മർദ്ദം മൂലം ആ ബ്ലോഗിലെ പോസ്റ്റുകളെല്ലാം ഡിലീറ്റ് ചെയ്യേണ്ടി വന്നു. 2004-ൽ മലയാളത്തിലെ ആദ്യത്തെ സ്ത്രീബ്ലോഗർ രേഷ്മ, '*മൈലാഞ്ചി*'യുമായി രംഗത്തെത്തി. ആദ്യകാലത്ത് ബ്ലോഗുകളുടെ എണ്ണം വളരെ

പരിമിതമായിരുന്നു. 2004 ന്റെ തുടക്കത്തിൽ ഇരുപതിൽ താഴെ ബ്ലോഗുകളേ ഉണ്ടായിരുന്നുള്ളൂ. പോൾ, സിബു.സി.ജെ, രേഷ്മ, കൈപ്പള്ളി, കെവിൻ, പെരിങ്ങോടൻ, സൂര്യഗായത്രി തുടങ്ങിയവരുടേതായിരുന്നു ഇവയിൽ ശ്രദ്ധേയമായവ. 2004 ൽ യൂണികോഡ് ടൈപ്പിംഗ് സാമഗ്രികളുടെ ലഭ്യതയും പ്രചാരവും സംഭവിച്ചതോടെയാണ് ബ്ലോഗുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായത്. സിബുജോണിയുടെ 'വരമൊഴി', രാജ് നായരുടെ 'മൊഴി കീമാൻ', ഇൻസ്ക്രിപ്റ്റ്, രചനയിൽ നിന്നും കടംകൊണ്ട 'മിൻസ്ക്രിപ്റ്റ്' തുടങ്ങിയ കീബോർഡുകളും, അജയ് ലാലിന്റെ തൂലിക, കെവിന്റെ അഞ്ജലി ഓൾഡ് ലിപി, മലയാളം കമ്പ്യൂട്ടിംഗ് സംഘവും ഹുസൈനും ചേർന്ന് നിർമ്മിച്ച 'മീര' തുടങ്ങിയ യൂണികോഡ് ഫോണ്ടുകളും ഒക്കെയാണ് മലയാളം ബ്ലോഗിംഗ് മേഖലയിൽ വൻകുതിച്ചുചാട്ടമുണ്ടാക്കിയത്.

മലയാളത്തിൽ കാര്യമായി ബ്ലോഗിംഗ് ആരംഭിക്കുന്നത് 2004 ലാണെങ്കിലും മലയാളം ബ്ലോഗോസ്ഫിയർ അതിവേഗം വളർന്നു. ഓരോ ദിവസവും പുതിയ ബ്ലോഗുകൾ ഉണ്ടാവുന്നു. ഇവയിൽ സജീവമായി നിലനിൽക്കുന്നവയുടെ എണ്ണം പരിമിതമാണെങ്കിലും ബ്ലോഗുലകം വളരുകതന്നെയാണ്.

വിഷയസ്വഭാവമനുസരിച്ച് ബ്ലോഗുകളെ പ്രധാനമായും താഴെപ്പറയുന്ന പൊതുഗണങ്ങളായി തിരിക്കാം.

1. സാഹിത്യം
2. നർമ്മം
3. സാമൂഹ്യവിമർശനം / രാഷ്ട്രീയം
4. വ്യക്തിഗത ഡയറികൾ

5. യാത്രാവിവരണം

6. സാങ്കേതികം

7. പാചകവിധികൾ

8. സിനിമ - പുസ്തക നിരൂപണങ്ങൾ

9. സംഗീതം[19]

### 2.7.3.2 ബൂലോകം

പരസ്പരം ബന്ധിക്കപ്പെട്ട ബ്ലോഗുകളുടെ സമൂഹമാണ് (മലയാളം ബ്ലോഗോസ് ഫിയർ) ബൂലോകം. ബൂലോകത്തെ ആദ്യകാല ബ്ലോഗർമാർ അധികവും പ്രവാസികളാണ്. ജന്മനാട്ടിൽനിന്ന് അകന്നുകഴിയുമ്പോഴാണ് നാടിനോടും മലയാളത്തോടും ഉള്ള വൈകാരികമായ അടുപ്പം കൂടുതൽ അനുഭവപ്പെടുക. അതുകൊണ്ടുതന്നെ മലയാളത്തിൽ ബ്ലോഗിംഗ് എളുപ്പമാക്കാനുള്ള സാങ്കേതികോപാധികളിൽ വലിയൊരു പങ്ക് തയ്യാറാക്കിവരും, ആദ്യകാലങ്ങളിൽ ബ്ലോഗെഴുതിയവരും ഇവർതന്നെ. അങ്ങനെ മലയാളവും ബൂലോകവും ലോകമെമ്പാടുമുള്ള മലയാളികളുടെ ഒത്തുചേരലിനുള്ള ഒരു വേദിയായും തമ്മിലിണക്കുന്ന വൈകാരികമായ ഒരിടമായും മാറി. ഇതിനർത്ഥം മലയാളി ബ്ലോഗർമാർ മുഴുവൻ പ്രവാസികളാണെന്നല്ല. പത്രപ്രവർത്തകരും, വീട്ടമ്മമാരും, കൃഷിക്കാരും, വിദ്യാർത്ഥികളും, സാഹിത്യകാരന്മാരും, സാങ്കേതിക വിദഗ്ദ്ധരും, രാഷ്ട്രീയ/ സാമൂഹ്യപ്രവർത്തകരും മുതിർന്ന പൗരന്മാരും ഒക്കെയടങ്ങുന്ന ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ടവർ ഇവിടെയുണ്ട്. ബ്ലോഗ് എന്ന മാധ്യമത്തിന്റെ

[19] സുനീത.ടി.വി, *ഇന്റർനെറ്റും മലയാളവും* (ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2009).

സാധ്യതകളുപയോഗപ്പെടുത്തി നിരവധി സംരംഭങ്ങളും കൂട്ടായ്മകളും രൂപപ്പെട്ടിട്ടുണ്ട്. ഉദാഹരണം:

*വനിതാലോകം (vanithalokam.blogspot.com)*

*ബൂലോകകഥ (boolokakatha.blogspot.com)*

*ബൂലോകകവിത (boolokakavitha.blogspot.com)*

*ബൂലോകകാരുണ്യം (boolokakarunyam.blogspot.com)*

*ബൂലോകക്ലബ്ബ് (boolokaclub.blogspot.com)*

*യു.എ.ഇ. മീറ്റ് (uaemeet.blogspot.com)*

ബ്ലോഗിലെ മികച്ച രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനായി ബ്ലോഗർമാർ ചേർന്ന് രൂപീകരിച്ച *'ബുക്ക് റിപ്പബ്ലിക്കെ'*ന്ന സ്വതന്ത്രപുസ്തക പ്രസാധനവിതരണസംരംഭം നിർണായകവും ശ്രദ്ധേയവുമായ ഒരു കൂട്ടായ്മയാണ്. 'ലാപുട' (ടി.പി.വിനോദ്) യുടെ *നിലവിളിയെക്കുറിച്ചുള്ള കടങ്കഥകൾ* എന്ന കവിതാസമാഹാരം, വി.എം.ദേവദാസിന്റെ നോവൽ *ഡിൽഡോ* എന്നിവ ഇത്തരത്തിൽ പ്രസിദ്ധീകൃതമായ കൃതികളാണ്. ബ്ലോഗിലെഴുതിയ കഥ ബ്ലോഗർമാർ തന്നെ ചിത്രീകരിച്ച് *പരോൾ* എന്ന ഷോർട്ട് ഫിലിം നിർമ്മിച്ചതും ശ്രദ്ധേയമാണ്.

ബ്ലോഗുകളുടെ പ്രചരണാർത്ഥം 'ബ്ലോഗ് അക്കാദമി'യും നിലവിൽ വന്നിട്ടുണ്ട്. എങ്ങനെ ബ്ലോഗ് തുടങ്ങാമെന്ന് ബ്ലോഗ് അക്കാദമിയിലെ ബ്ലോഗർമാർ പരിശീലനം നൽകിവരുന്നു. ഇതിനുപുറമെ ബ്ലോഗിംഗിനെക്കുറിച്ചുള്ള നിരവധി ബ്ലോഗുകളും നിലവിലുണ്ട്.

ബ്ലോഗിംഗിനെക്കുറിച്ചുള്ള ബ്ലോഗുകൾ

1. *blogsahayi.blogspot.com*
2. *bloghelpline.blogspot.com*
3. *howtostartmalayalamblog.blogspot.com*
4. *bloglokam.blogspot.com*
5. *blogvaraphalam.blogspot.com*
6. *releasebook.blogspot.com*

ബ്ലോഗിനെ അധികരിച്ച് ഉണ്ടാക്കുന്ന പുസ്തകത്തെ ബ്ലുക്ക് (blook) എന്ന് വിളിക്കാറുണ്ട്. മലയാളത്തിലെ ഇത്തരം ആദ്യ പുസ്തകം *കൊടകരപുരാണം* ആണ്. വിശാലമനസ്കൻ എന്ന പേരിൽ ബ്ലോഗെഴുതുന്ന സജീവൻ എടത്താടന്റെ അതേ പേരിലുള്ള ബ്ലോഗിലെ നർമ്മലേഖനങ്ങളാണ് ഇതിലെ ഉള്ളടക്കം.

**ചില ബ്ലോഗ് സാഹിത്യ കൃതികൾ**

| | | | |
|---|---|---|---|
| 1. *കൊടകരപുരാണം* | – | വിശാലമനസ്കൻ (സജീവൻ എടത്താടൻ) | നർമ്മ ലേഖനങ്ങൾ |
| 2. *എന്റെ യൂറോപ്പ് സ്വപ്നങ്ങൾ* | – | രാകേഷ് കുറുമാൻ | യാത്രാവിവരണം |
| 3. *കുളം + പ്രാന്തത്തി* | – | വിഷ്ണുപ്രസാദ് | കവിത |
| 4. *ചിറകുകളുള്ള ബസ്സ്* | – | വിഷ്ണുപ്രസാദ് | കവിത |
| 5. *നിലവിളിയെക്കുറിച്ചുള്ള കടങ്കഥകൾ* | – | ലാപുട (ടി.പി.വിനോദ്) | കവിത |

| | | | |
|---|---|---|---|
| 6. *പൾപ്പ് ഫിക്ഷൻ* | – | ലതീഷ് പോൾ | കവിത |
| 7. *പേശാമടന്ത* | – | ജ്യോതീബായ് പരിയാടത്ത് | കവിത |
| 8. *അടിയന്തിരാവസ്ഥ നഷ്ടപ്പെടുത്തിയ 7 വർഷങ്ങൾ* | – | കെ.എം.പ്രമോദ് | കവിത |
| 9. *ചിലന്തി* | – | സിമി നസ്രേത്ത് | കഥ |
| 10. *ഡിൽഡോ* | – | വി.എം.ദേവദാസ് | നോവൽ |

ബ്ലോഗിംഗിനെക്കുറിച്ച് മലയാളത്തിൽ വന്ന രണ്ടു പുസ്തകങ്ങളാണ് പി.എം.ബാബുരാജിന്റെ *മലയാളത്തിൽ എങ്ങനെ ബ്ലോഗാം*[20], വി.കെ.ആദർശിന്റെ *എന്താണ് ബ്ലോഗ്, ബ്ലോഗിംഗ് എങ്ങനെ തുടങ്ങാം*[21] എന്നിവ.

ഒരുപിടി പുതിയ പദങ്ങൾ ബ്ലോഗുലകം മലയാളത്തിന് സംഭാവന ചെയ്തു. ബൂലോകം, ബ്ലോഗുലകം, ബ്ലോഗർ, ബ്ലോഗന്മാർ, ബ്ലോഗിനിമാർ, ബ്ലോഗാത്മഹത്യ, ബൂലോകചുരുൾ, ബ്ലോഗീശ്വരൻ, ബ്ലോഗുക, ബ്ലോഗെഴുതുക, അനോണിപോസ്റ്റുക, ഡിലീറ്റുക, കമെന്റുക എന്നിങ്ങനെ പോകുന്നു അവ.

| | | |
|---|---|---|
| ബൂലോകം | – | മലയാളം ബ്ലോഗുകളുടെ സമൂഹം |
| ബ്ലോഗന്മാർ | – | ബ്ലോഗു ചെയ്യുന്ന പുരുഷന്മാർ |
| ബ്ലോഗിനിമാർ | – | ബ്ലോഗു ചെയ്യുന്ന സ്ത്രീകൾ |

[20] പി.എം. ബാബുരാജ്, *മലയാളത്തിൽ എങ്ങനെ ബ്ലോഗാം* (ഡി.സി. ബുക്സ്, കോട്ടയം. 2010).

[21] വി.കെ. ആദർശ്, *എന്താണ് ബ്ലോഗ്, ബ്ലോഗ് എങ്ങനെ തുടങ്ങാം* (കറന്റ് ബുക്സ്, തൃശ്ശൂർ, 2010).

| | | |
|---|---|---|
| ബ്ലോഗാത്മഹത്യ | - | ബ്ലോഗ് ഡിലീറ്റ് ചെയ്യുക |
| ബൂലോകച്ചുരുൾ | - | ബ്ലോഗ്റോൾ |
| അനോണി | - | പേര് വെളിപ്പെടുത്താതെ കമന്റിടുന്നയാൾ |

ബൂലോക സാഹിത്യത്തിന്റെ ഒരു സവിശേഷത, ആത്മാംശവും നർമ്മവും കലർന്ന കുറിപ്പുകളുടെ സജീവവും വിപുലവുമായ സാന്നിധ്യമാണ്. വിശാലമനസ്കന്റെ കൊടകപരപുരാണം ഇത്തരത്തിൽപ്പെട്ടതും വളരെയധികം വായനക്കാരുള്ളതുമായ ഒരു ബ്ലോഗാണ്.

സാഹിത്യവിഷയകമായ ബ്ലോഗുകളാണ്, അതും കവിതാ ബ്ലോഗുകളാണ്, എണ്ണത്തിൽ ഏറ്റവുമധികം എന്നു കണക്കാക്കപ്പെടുന്നു. *ഹരിതകം ഡോട്ട് കോം* എന്ന മലയാള കവിതാജാലികയിൽ മലയാളത്തിൽ ശ്രദ്ധേയമായ കവിതാബ്ലോഗുകളെ പട്ടികപ്പെടുത്തിയിരിക്കുന്നു. ലാപുട (ടി.പി.വിനോദ്), വിഷ്ണുപ്രസാദ്, കുഴൂർ വിത്സൻ, ടി.പി.അനിൽകുമാർ, കെ.എം.പ്രമോദ്, ലതീഷ് മോഹൻ, ഉമ്പാച്ചി, ഹസൻ, പി.എ.അനീഷ്, ദേവസേന, രശ്മി.കെ.എം, ഡോണ മയൂര, സെറീന, ജ്യോതിബായ് പരിയാടത്ത്, സനൽ ശശിധരൻ, നിരഞ്ജൻ ടി.ജി, നസീർ കടിക്കാട്, സുനിൽസലാം, ജി.മനു, സൂര്യഗായത്രി, വിശാഖ് ശങ്കർ, എസ്.കലേഷ്, സ്മിതമീനാക്ഷി, എം.ആർ.അനിലൻ, സുധീഷ് കോട്ടേമ്പ്രം, എം.ആർ.വിബിൻ, പ്രഭാ സക്കറിയാസ്, ഐശിബി തുടങ്ങി വലിയൊരു വിഭാഗം കവികൾ ശ്രദ്ധേയമായി ബ്ലോഗെഴുതുന്നവരാണ്.

മലയാളത്തിലെ ആദ്യത്തെ ബ്ലോഗ് കവിതാസമാഹാരം *നാലാമിടം* കവി കെ.സച്ചിദാനന്ദൻ എഡിറ്റു ചെയ്ത് 2010 ഡിസംബറിൽ പുറത്തിറക്കി.[22]

---

[22] കെ. സച്ചിദാനന്ദൻ, എഡി. *നാലാമിടം* (ഡി.സി. ബുക്സ്, കോട്ടയം, 2011).

ബ്ലോഗുകളിൽ ഏറ്റവും കൂടുതൽ വായിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നത് കവിതകളാണ്. ഇന്ന് ബ്ലോഗുലകത്തിലെ കവിതകളെപ്പറ്റി പറയാതെ ഒരു മലയാളകവിതാചർച്ച സാധ്യമല്ല എന്ന അവസ്ഥ സംജാതമായിരിക്കുന്നു.

പെരിങ്ങോടൻ (രാജ് നീട്ടിയത്ത്), ഗുപ്തൻ (മനു), ഡാലി, ജിതേന്ദ്രകുമാർ, സങ്കുചിതൻ (മണികണ്ഠൻ), പാമരൻ (ഗോപകുമാർ) എന്നിവരുടെ കഥാബ്ലോഗുകളും ശ്രദ്ധേയമാണ്. ഹരീഷ് നമ്പൂതിരി, റോബി കുര്യൻ, സുരേഷ് ബാബു, എൻ.പി.സജീഷ്, ജി.പി.രാമചന്ദ്രൻ, ചന്ദ്രശേഖർ, കെ.പി.ജയകുമാർ എന്നിവരുടെ ചലച്ചിത്ര വിഷയങ്ങളായ ബ്ലോഗുകളും, എതിരവൻ കതിരവൻ, സെബിൻ, ഡോക്ടർ സൂരജ്, സി.ബാബു, വി.കെ.ആദർശ് തുടങ്ങിയവരുടെ ശാസ്ത്ര-സാങ്കേതികവിഷയകമായ ബ്ലോഗുകളും, ഉന്മേഷ് ദസ്തക്കിർ, അനീഷ്, തുളസി, കുമാർ, ശ്രീലാൽ തുടങ്ങിയവരുടെ ഫോട്ടോ ബ്ലോഗുകളും, ജ്യോതീബായി പരിയാടത്ത്, അനംഗാരി, ബഹുവ്രീഹി, കിരൺസ്, ജോ, ജസ്റ്റ് ജോ തുടങ്ങിയവരുടെ ശബ്ദബ്ലോഗുകളും (പോഡ്കാസ്റ്റുകൾ) ഒക്കെ ബൂലോകത്തിലെ ശക്തമായ സാന്നിധ്യങ്ങളാണ്.

### 2.7.4 സാമൂഹ്യശൃംഖലാ സൈറ്റുകൾ (Social networking sites)

സാമൂഹ്യശൃംഖലാസൈറ്റുകൾ, ഇന്റർനെറ്റ് ചങ്ങലകൾ, സാമൂഹ്യസമ്പർക്ക സൈറ്റുകൾ എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന സോഷ്യൽ നെറ്റ്‌വർക്കിംഗ്സൈറ്റുകൾ തൊണ്ണൂറുകൾ മുതലാണ് പ്രചരിക്കുന്നത്. *സിക്സ് ഡിഗ്രീസ് ഡോട്ട് കോം (sixdegrees.com)* എന്ന പേരിൽ 1997 ൽ തുടങ്ങിയ സൈറ്റാണ് ആദ്യത്തെ സാമൂഹ്യശൃംഖലാസൈറ്റായി

കണക്കാക്കപ്പെടുന്നത്. ജനങ്ങൾ തമ്മിലുള്ള സമ്പർക്കം രൂപപ്പെടുത്താനും നിലനിർത്താനും വർദ്ധിപ്പിക്കാനും വേണ്ടി നിർമ്മിക്കപ്പെട്ട സൈറ്റുകളാണിവ. ഇന്ന് ഏറ്റവും കൂടുതൽ അംഗങ്ങളുള്ള ഫേസ് ബുക്കിന് 600 മില്യൺ ഉപയോക്താക്കളുണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്.

*ഫേസ്ബുക്ക്, ടിറ്റർ, ഓർക്കുട്ട്, ബിഗ്ഗാഡ, മൈ സ്പേസ്, ഫ്ലിക്കർ ഷെൽഫാരി, വെയ്ൻ, ലിങ്ക്ഡ് ഇൻ, ഡെലീഷ്യസ്, ഹൈഫൈവ്, നെറ്റ്ലോഗ്* എന്നിങ്ങനെ പോകുന്നു ശ്രദ്ധേയമായ സാമൂഹ്യശൃംഖലാസൈറ്റുകൾ.

വ്യവസായയുഗത്തിൽ അണുകുടുംബമാണെങ്കിൽ വ്യാവസായികോത്തര കാലഘട്ടത്തിൽ വ്യക്തിയുടെ ബന്ധം കമ്പ്യൂട്ടർ പോലുള്ള യന്ത്രങ്ങളിലേക്ക് ഒതുങ്ങുന്നു. ഈ ഒറ്റപ്പെടൽ കമ്പ്യൂട്ടർ ഉപയോഗിച്ചു തന്നെ മറികടക്കാനുള്ള ശ്രമങ്ങളാണ് ഇത്തരം സൈറ്റകളിലൂടെ ജനങ്ങൾ നടത്തുന്നത്.

സാമൂഹ്യശൃംഖലാസൈറ്റുകളിലും മലയാളത്തിന്റെ സാന്നിധ്യം സജീവമായുണ്ട്.

നിങ്ങളുടെ മനസ്സിലെന്താണെന്ന് ഫേസ്ബുക്ക് നമ്മളോടു ചോദിക്കുന്നു. 425 അക്ഷരങ്ങളിൽ കവിയാതെ സ്റ്റാറ്റസ് മെസേജായി നമുക്കത് ഫേസ്ബുക്ക് ചുമരിൽ (wall) പതിക്കാം. ഓരോരുത്തരുടെ പുതിയ സ്റ്റാറ്റസും നമുക്ക് പൂമുഖത്ത് കാണാം നിങ്ങൾക്ക് അത് ലൈക്ക് ചെയ്യുകയോ അഭിപ്രായങ്ങൾ അറിയിക്കുകയോ ചെയ്യാം. സുഹൃത്തുക്കൾ തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും സന്ദേശങ്ങളയക്കാം, മറ്റെയാളുടെ ചുമരിൽ അഭിപ്രായമെഴുതാം. ഫേസ്ബുക്ക് മലയാളം സജീവമായൊരു ഇടമാണ്. ബാലചന്ദ്രൻ

ചുള്ളിക്കാട്, സച്ചിദാനന്ദൻ, ബി.ആർ.പി.ഭാസ്കർ, ശാരദക്കുട്ടി, ജെ.ദേവിക തുടങ്ങി മലയാളത്തിലെ കവികളും ചിന്തകരും മാധ്യമപ്രവർത്തകരുമടങ്ങുന്ന വലിയൊരു വിഭാഗം ഇവിടെ സജീവമാണ്. മലയാളകവിത, പുഴയാളം, ട്രീ തുടങ്ങി ഫേസ്ബുക്കിന്റെ കമ്മ്യൂണിറ്റികളും സജീവമായുണ്ട്.

നിങ്ങൾ ഇപ്പോൾ എന്താണ് ചെയ്യുന്നതെന്ന് ട്വിറ്റർ നമ്മളോടു ചോദിച്ചുകൊണ്ടേയിരിക്കുന്നു. 140 അക്ഷരപരിധിയിൽ നമുക്കത് ലോകത്തോട് പറഞ്ഞു കൊണ്ടേയിരിക്കാം. ഇന്റർനെറ്റിന്റെ എസ്.എം.എസ്. എന്നാണ് ട്വിറ്റർ അറിയപ്പെടുന്നത്.

ഓർക്കുട്ടും മലയാളികൾ സജീവമായുള്ള മറ്റൊരിടമാണ്. ഇതുകൂടാതെ 'കൂട്ടം' തുടങ്ങിയ മലയാളം സാമൂഹ്യശൃംഖലാസൈറ്റുകളും സജീവമായുണ്ട്.

## 2.8 സൈബറിടവും സംസ്കാരവും

'ഒരു പ്രത്യേക സംഘത്തിന്റെയോ സംഘടനയുടെയോ പൊതുവായ നിലപാടുകളും സ്വഭാവവും' എന്ന് സംസ്കാരത്തെ സാമാന്യമായി വിശദീകരിയ്ക്കാം. അത് ഭാഷ, മതം, ഭക്ഷണശീലം, വസ്ത്രധാരണം, കലകൾ, സംഗീതം, സാഹിത്യം, സാമൂഹ്യശീലങ്ങൾ തുടങ്ങിയവയിലൂടെ പ്രത്യക്ഷീഭവിയ്ക്കുകയും ഇവയെല്ലാം ചേർന്ന് രൂപീകരിക്കപ്പെടുകയും ചെയ്യുന്നു. വ്യത്യസ്തസമൂഹങ്ങൾക്ക് വ്യത്യസ്ത സംസ്കാരമാണ്. അത് തലമുറകളിലൂടെ പകർന്നുകിട്ടുന്നു. കാലാനുസൃതമായി മാറിക്കൊണ്ടിരിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ സവിശേഷമായ ഒരു പഠനശാഖ സംസ്കാരപഠനം (Cultural Studies) എന്ന പേരിൽ രൂപപ്പെട്ടു. സംസ്കാരത്തെക്കുറിച്ചുള്ള

പഠനം എന്നതിനേക്കാളേറെ സാംസ്കാരികഘടകങ്ങളെ മുൻനിർത്തി സാഹിത്യകലാ-മാധ്യമനിരൂപണങ്ങൾ നടത്തുന്ന പദ്ധതി എന്ന് ഇതിനെ വിശദീകരിയ്ക്കാം. ബ്രിട്ടനിലെ ബർമിങ്ഹാം സർവ്വകലാശാലയിൽ 1964-ൽ സ്ഥാപിയ്ക്കപ്പെട്ട സെന്റർ ഫോർ കണ്ടമ്പററി കൾച്ചറൽ സ്റ്റഡീസ് ആണ് ഈ ചിന്താപദ്ധതിയ്ക്ക് പ്രത്യേക പഠനവിഷയം എന്ന പദവി നൽകിയത്. റിച്ചാർഡ് ഹൊഗാർട്ട്, റെയ്മണ്ട് വില്യംസ്, ഇ.പി.തോംസൺ, സ്റ്റുവർട്ട് ഹാൾ തുടങ്ങിയ പ്രഗൽഭരായ പണ്ഡിതരുടെ സംഭാവനകളാണ് ഇതിന്റെ അടിസ്ഥാനഗ്രന്ഥങ്ങളായി പരിഗണിക്കുന്നത്.

'സമഗ്രജീവിതശൈലിയാണ് സംസ്കാരം' എന്ന് റെയ്മണ്ട് വില്യംസ് സംസ്കാരത്തെ നിർവ്വചിക്കുന്നു.[23] ഈ നിർവചനത്തെ അടിസ്ഥാനമാക്കിക്കൊണ്ട് ഒരു സമൂഹത്തിന്റെ സവിശേഷമായ മൂല്യങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും ജീവിതരീതികളും പെരുമാറ്റ ശൈലികളും സ്ഥാപനങ്ങളും ക്രമങ്ങളും സംസ്കാരപഠനം വിശകലനം ചെയ്യുന്നു. സംസ്കാരവും അധികാരവും തമ്മിലുള്ള ബന്ധങ്ങൾ വിശകലനം ചെയ്യാൻ വിഭിന്നവിജ്ഞാനമേഖലകളിൽ നിന്നുള്ള കാഴ്ചപ്പാടുകൾ സമന്വയിപ്പിച്ചുകൊണ്ടു നടത്തുന്ന അന്തർവൈജ്ഞാനികമായ അന്വേഷണമാണ് സംസ്കാരപഠനം. സൈദ്ധാന്തികവും രീതിശാസ്ത്രപരവുമായ വൈവിധ്യങ്ങൾ അംഗീകരിക്കുന്ന വിഷയാന്തരസമീപനങ്ങളാണ് സംസ്കാര പഠനത്തിനുള്ളത്.

### 2.8.1 സൈബർസംസ്കാരം

സൈബർസംസ്കാരം എന്ന പദം ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും നിയതമായ അർത്ഥത്തിലല്ല അത് പ്രയോഗിക്കപ്പെടുന്നത്. പൊതുവെ അത്

[23] Raymond Williams, *Keywords* (Fontana, London, 1976).

വിവരവിനിമയസാങ്കേതികവിദ്യയുമായും വിവിധസൈബർ വിഷയങ്ങളുമായും ബന്ധപ്പെട്ട സാംസ്കാരികപ്രശ്നങ്ങളായാണ് മനസ്സിലാക്കപ്പെടുന്നത്. ഓരോ പഠിതാവും വിഭിന്നമായ സമീപനങ്ങളാണ് ഇക്കാര്യത്തിൽ കൈക്കൊള്ളുന്നത്.

സ്പാനിഷ്ചിന്തകനായ മാനുവൽ കാസ്റ്റെൽസ് ആധുനികസമൂഹത്തെ ശൃംഖലാബന്ധിതമായ സമൂഹം (നെറ്റ്വർക്ക് സൊസൈറ്റി) എന്നാണ് വിളിക്കുന്നത് (Castels 1996).[24] അറിവിൽ അധിഷ്ഠിതവും ആഗോളവ്യാപിയും കമ്പ്യൂട്ടർശൃംഖലകളാൽ ബന്ധിതവുമാണ് ഈ സമൂഹഘടന. ഇങ്ങനെ ആശയവിനിമയത്തിനും വിനോദത്തിനും വ്യവസായത്തിനും വിജ്ഞാനത്തിനും കമ്പ്യൂട്ടർശൃംഖലകൾ ഉപയോഗിക്കുന്നതിലൂടെ ഉരുത്തിരിഞ്ഞതോ, ഉരുത്തിരിയുന്നതോ ആയ സംസ്കാരത്തെ സൈബർസംസ്കാരം എന്നു വിളിക്കാം. വ്യവസായം, തൊഴിൽ, വിനോദം, ആശയവിനിമയം എന്നീ മേഖലകളിൽ കമ്പ്യൂട്ടർ ശൃംഖലകൾ ഉപയോഗിക്കുന്നതിലൂടെ രൂപപ്പെട്ട സംസ്കാരമാണിത്. ഒപ്പം തന്നെ ഇത് നവമാധ്യമങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട സാമൂഹ്യപ്രതിഭാസത്തിന്റെയും സ്വത്വം, സ്വകാര്യത, ശൃംഖലാരൂപീകരണം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളുടെയും പഠനംകൂടിയാണ്. ഈ സൈബർ സംസ്കാരത്തിനു നൽകുന്ന വലിയ പ്രധാന്യമാണ് ആധുനികാനന്തരചിന്തകളുടെ ഒരു പൊതുസ്വഭാവം.

സൈബർ സംസ്കാരത്തിന്റെ പ്രത്യക്ഷീകരണങ്ങളിൽ കമ്പ്യൂട്ടർ നിയന്ത്രിതമായ ബ്ലോഗുകൾ, സോഷ്യൽ നെറ്റ്വർക്കുകൾ, ഗെയിമുകൾ, ചാറ്റ്, യൂസ്നെറ്റ്, ബുള്ളറ്റിൻ ബോർഡ് സിസ്റ്റങ്ങൾ, ഇ-കൊമേഴ്സ്, സൈബർസെക്സ്, വിർച്വൽലോകങ്ങൾ, പിയർ ടു പിയർ നെറ്റ്വർക്ക് തുടങ്ങിയ നിരവധി മനുഷ്യപ്രതികരണങ്ങൾ ഉൾപ്പെടുന്നു.

24 Manuel Castells, *The Information Age 3 Volumes* (Blackwell, Oxford, 1996, 97 & 98).

വ്യത്യസ്തരായ ആളുകൾ വ്യത്യസ്തങ്ങളായ സ്ഥലങ്ങളിലിരുന്ന് പ്രയോഗിക്കുന്ന അസംഖ്യം പുതിയ സാങ്കേതികവിദ്യകളും കഴിവുകളും വിനിമയങ്ങളുമാണത്. കമ്പ്യൂട്ടർ സ്ക്രീനുകളാൽ നിർമ്മിതം, വിനിമയം നടത്താൻ ഒരു പൊതുഇടം തേടുന്ന സമാനമനസ്കരായ ആളുകളാൽ നിർമ്മിതം എന്നിങ്ങനെയെല്ലാം വിശേഷിപ്പിക്കപ്പെടുന്ന സൈബർസംസ്കാരം ബാഹ്യശക്തികളുടെ നിയന്ത്രണങ്ങൾക്കതീതമല്ല എന്നതും പ്രസ്താവ്യമാണ്.

സൈബർസംസ്കാരവും ഭൗതികലോകത്തെപ്പോലെതന്നെ താദാത്മ്യ വൽക്കരണത്തിനും പഠനത്തിനും വിധേയമായ ഒരിടമാണ്.

സൈബർസംസ്കാരം അപ്രകാരം വിശേഷിപ്പിക്കപ്പെടാൻ അടിസ്ഥാനമായ നിരവധി സവിശേഷതകളുണ്ട്. അവയിൽ ചിലത് താഴെക്കൊടുക്കുന്നു.

1. വിവരവിനിമയസാങ്കേതികത (ICT) കളാൽ നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹമാണത്.
2. കമ്പ്യൂട്ടർ സ്ക്രീനുകളാൽ നിയന്ത്രിക്കപ്പെടുന്ന സംസ്കാരമാണത്.
3. വിവര-വിജ്ഞാനകൈമാറ്റത്തിന്റെ ധാരണകളെ ആശ്രയിക്കുന്നു.
4. മറ്റു സംസ്കാരങ്ങളിലില്ലാത്തതും ഇതിനുള്ളതുമായ ഒരു പ്രത്യേകത, ഇത് ഉപകരണങ്ങളെ കൈകാര്യം ചെയ്യാനും നിയന്ത്രിക്കാനുമുള്ള കഴിവിനെ ആശ്രയിക്കുന്നു എന്നതാണ്.
5. അതിവിസ്തൃതവും അയഞ്ഞതുമായ ബന്ധങ്ങളെ അനുവദിക്കുന്നതുവഴി വിമർശനപാത്രമായി.
6. ഒരു പ്രത്യേക പ്രശ്നത്തിൽ നിരവധി പേരുടെ പങ്കാളിത്തം സാധ്യമാക്കുന്നു.

7. ഭൂമിശാസ്ത്രപരമെന്നതിനേക്കാൾ, ബൗദ്ധികവും സാമൂഹ്യവുമായ സംസ്കാരമാണത്.

8. വിനിമയം നടത്താനാഗ്രഹിക്കുന്ന സമാനമനസ്കരായ ആളുകൾ, ഒരു പൊതുസ്ഥലം കണ്ടെത്തുന്നതിന്റെ ഫലമാണിത്.

9. സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും യാഥാസ്ഥിതികരൂപങ്ങളെക്കാൾ ലോലമാണത്.

എഴുപതുകൾ മുതൽക്കുതന്നെ പാശ്ചാത്യ-വികസിത രാജ്യങ്ങളിൽ സൈബർ സംസ്കാരവുമായി ബന്ധപ്പെട്ട പ്രവണതകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. പതുക്കെപ്പതുക്കെ പണ്ഡിതശ്രദ്ധ ഈ വിഷയത്തിൽ പ്രവേശിക്കുകയും ചെയ്തു. എന്നാലും തൊണ്ണൂറുകളോടെയാണ് പാശ്ചാത്യരാജ്യങ്ങളിൽ ഈ വിഷയത്തിന് പ്രാധാന്യം ലഭിക്കുന്നത്. അതനുസരിച്ച് പാശ്ചാത്യരാജ്യങ്ങളിൽ നടന്ന സൈബർ സംസ്കാരപഠനങ്ങളെ സാമാന്യമായി അവലോകനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്.

#### 2.8.1.1 ആദ്യഘട്ടം

1995 മുതൽ പാശ്ചാത്യരാജ്യങ്ങളിൽ സൈബർസംസ്കാരം സജീവമായ ചർച്ചാവിഷയമായി മാറി. ആദ്യകാലചർച്ചകളിൽ കൂടുതലും ഇന്റർനെറ്റ്, സൈബർ സ്പേസ്, ഇൻഫർമേഷൻ സൂപ്പർഹൈവേ തുടങ്ങിയ കാര്യങ്ങളെപ്പറ്റിയുള്ള വിവരണാത്മകസ്വഭാവം പുലർത്തുന്ന നിരീക്ഷണങ്ങളായിരുന്നു ഉണ്ടായിരുന്നത്. കമ്പ്യൂട്ടർ സ്ക്രീനിൽ കാണുന്നതിനേക്കാൾ നല്ല ലോകം പുറത്തുണ്ടെന്ന ഓർമ്മപ്പെടുത്തലും ഇതുമൂലം ആളുകൾ സാമൂഹ്യമായി ഒറ്റപ്പെടുന്നുവെന്ന ആശങ്കയും ഒക്കെ ഇക്കാലത്ത് ഉയർന്നുകേട്ടു.

ഒപ്പം സൈബറിടം സംസ്കാരത്തിന്റെ ഒരു പുതിയ മേഖലയാണെന്നും ഇത് ജനാധിപത്യപങ്കാളിത്തവും വ്യാപാരവും വികസിപ്പിച്ചെടുക്കാനാവുന്ന, സാമൂഹ്യാസമത്വങ്ങളെ ഇല്ലാതാക്കുന്ന ഒരു സാംഖികമേഖലയാണെന്നും ഒക്കെ വിശേഷിപ്പിക്കപ്പെടുകയും ഉണ്ടായി.

"ഒരു പുതിയ സമ്പദ്വ്യവസ്ഥ, രാഷ്ട്രീയത്തിനപ്പുറത്തുള്ള ഒരു പുതിയ പ്രതിസംസ്കാരം" എന്നൊക്കെയാണ് വയേർഡ് (Wired) എന്ന മാസികയുടെ പ്രസാധകൻ ലൂയിസ് റൊസെറ്റോ സൈബർ സംസ്കാരത്തെ വിവരിച്ചത്. തീയുടെ കണ്ടുപിടിത്തത്തിനുശേഷമുള്ള ഏറ്റവും വിപ്ലവകരമായ ഒരു കണ്ടുപിടിത്തമാണ് ഇന്റർനെറ്റ് എന്നും നിരീക്ഷിക്കപ്പെട്ടു.

1995-ൽ ബ്യൂണസ് ഐറിസിലെ ഒരു കോൺഫറൻസിൽ പങ്കെടുത്ത് അന്നത്തെ അമേരിക്കൻ വൈസ് പ്രസിഡന്റ് അൽഗോർ പറഞ്ഞത്, ഈ ബുദ്ധിയുടെ വിതരണശൃംഖലകൾ നമ്മെ വിജ്ഞാനം പങ്കുവയ്ക്കാനും ഒരു ആഗോളസമൂഹമായി പരസ്പരം ബന്ധപ്പെടാനും ആശയവിനിമയം നടത്താനും സഹായിക്കും എന്നാണ്. അങ്ങനെ നമുക്ക് കൂടുതൽ സാമ്പത്തികവളർച്ചയും, ശക്തമായ ജനാധിപത്യവും, കാലാവസ്ഥാവ്യതിയാനങ്ങൾക്ക് കൂടുതൽ നല്ല പരിഹാരങ്ങളും, നല്ല ആരോഗ്യപരിചരണവും - എന്തിന് ആത്യന്തികമായി ഈ ചെറുഗ്രഹത്തിൽ കൂടുതൽ സഹകരണത്തിലധിഷ്ഠിതമായ പരിപാലനവും ഒക്കെ സാധ്യമാവും എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

#### 2.8.1.2 രണ്ടാം ഘട്ടം

സൈബർസംസ്കാരപഠനങ്ങളുടെ രണ്ടാം ഘട്ടത്തിൽ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടത് സൈബർ സമൂഹങ്ങളിലും സൈബർസ്വത്വങ്ങളിലുമായിരുന്നു.

മുഖാമുഖം ആശയവിനിമയം നടത്തുന്നതിനുപകരം കത്തുകളോ, ടെലിഫോണോ, ഇ-മെയിലോ യൂസ്നെറ്റോ ഒക്കെ ഉപയോഗിച്ച് ആശയവിനിമയം നടത്തുന്ന ഒരുകൂട്ടം ആളുകളെയാണ് ഒരു വിർചൽസമൂഹം എന്ന് പറയുക. മാധ്യമം കമ്പ്യൂട്ടർ നെറ്റ്വർക്കാണെങ്കിൽ അതിനെ ഓൺ-ലൈൻ സമൂഹം എന്ന് പറയാം. ജീവിതത്തിൽ ശരിക്ക് അറിയുന്നവർ തമ്മിൽ കൂടുതൽ നല്ല ആശയവിനിമയം സാധ്യമാക്കാനും ഇത്തരം സമൂഹങ്ങൾ സഹായിക്കുന്നു.

ഇത്തരം സമൂഹങ്ങളിലെ ആളുകൾ തമ്മിൽ ശക്തമായ ബന്ധങ്ങൾ ഉണ്ടായി ക്കൊള്ളണമെന്നില്ല. ഒരു ഇ-മെയിൽ വിതരണപ്പട്ടികയിൽ അവർ വിവരങ്ങൾ കൈമാറുന്ന ആയിരക്കണക്കിന് ആളുകളുണ്ടെങ്കിലും അപരിചിതരായി തുടരുന്നത് സ്വാഭാവികമാണ്. ഫ്ളിക്കർ, ഫേസ് ബുക്ക്, ഡെലീഷ്യസ്, യാഹൂ ഗ്രൂപ്പുകൾ, ഗൂഗിൾ ഗ്രൂപ്പുകൾ, ലിസ്റ്റ് സെർവ്, മൈക്രോസോഫ്റ്റ് ഷെയർ പോയിന്റ് എന്നിവയൊക്കെ ഇത്തരം സമൂഹങ്ങളാണ്. ഇതിൽത്തന്നെ ചാറ്റ്-റൂമുകളും മെസേജ് ബോർഡുകളും ഉൾപ്പെടുന്ന ഓൺ-ലൈൻ സമൂഹങ്ങളേക്കാൾ ബ്ലോഗുകൾ, ഇൻസ്റ്റന്റ് മെസേജിംഗ്, ബഡ്ഡിലിസ്റ്റുകൾ തുടങ്ങിയ വ്യക്തികേന്ദ്രിതമായ സമൂഹങ്ങൾക്ക് പ്രചാരം ഏറിവരികയാണ്.

ഓൺ-ലൈൻ സമൂഹങ്ങൾ സ്ഥല-കാല-സംഘടനാപരമായ പരിമിതികളെ മറികടന്ന് പ്രവർത്തിക്കുന്നതിനാൽ ഓൺ-ലൈൻസാമൂഹ്യവൽക്കരണപ്രക്രിയ അപസാമൂഹ്യവൽക്കരണം കൂടിയാണ്. നമ്മുടെ ജീവിതങ്ങൾ കൈയടക്കുന്ന

വിവരസാങ്കേതികവിദ്യ യഥാർത്ഥ (ഓഫ്-ലൈൻ) ജീവിതത്തിൽ പലപ്പോഴും നിഷേധാത്മകമായി മാറുകയും ചെയ്യുന്നു. ഇത് മനുഷ്യരിൽ വ്യത്യസ്ത വ്യക്തിത്വങ്ങളെ സൃഷ്ടിക്കുകയും വ്യക്തിബന്ധങ്ങളിലും ഓൺലൈൻ - ഓഫ്ലൈൻ സമൂഹങ്ങളിലും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ചെയ്യും.

വിക്കികൾ, ബ്ലോഗുകൾ, ചാറ്റ്റൂമുകൾ, ഇന്റർനെറ്റ് ഫോറങ്ങൾ, ഇലക്ട്രോണിക് മെയിലിംഗ് ലിസ്റ്റുകൾ തുടങ്ങിയ ഓൺലൈൻമാധ്യമങ്ങൾ പലപ്പോഴും അവരുടേതായ ഒരു പ്രത്യേകസംസ്കാരം രൂപപ്പെടുത്തുന്നു. ഇത്തരം ഗ്രൂപ്പുകളിൽ ദീർഘകാലം സജീവമായി പ്രവർത്തിക്കുന്നവർക്ക് അതിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിൽ വർദ്ധിച്ച ഉൾക്കാഴ്ചയും ഒപ്പം മെച്ചപ്പെട്ട ലോകബന്ധവും ഉണ്ടാവുന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

ഹൊവാർഡ് റെയ്ൻഗോൾഡ് (1993) ഒരു സൈബർ സമൂഹത്തെ ഇങ്ങനെ നിർവ്വചിക്കുന്നു. 'കമ്പ്യൂട്ടർ നെറ്റ്വർക്കുകളുടെയും ബുള്ളറ്റിൻ ബോർഡുകളുടെയും സഹായത്തോടെ ആശയങ്ങളും വാക്കുകളും കൈമാറുന്ന; പരസ്പരം കാണുകയോ കാണാതിരിക്കുകയോ ചെയ്യുന്ന ഒരുകൂട്ടം ആളുകളാണ് ഒരു സൈബർ സമൂഹം.'[25] സൈബർ സ്പേസിൽ നാം ചാറ്റു ചെയ്യുന്നു; ബൗദ്ധിക ചർച്ചകളിലേർപ്പെടുന്നു; കച്ചവടം നടത്തുന്നു; വിവരം കൈമാറുന്നു, പദ്ധതികളുണ്ടാക്കുന്നു; പ്രണയിക്കുന്നു; പരദൂഷണം നടത്തുന്നു; ഗെയിമുകൾ കളിക്കുന്നു - അതായത് ശരിക്കും ആളുകൾ ഒത്തുകൂടുമ്പോൾ ചെയ്യുന്നതെല്ലാം നാമും ചെയ്യുന്നു. പക്ഷേ, നാം ഇവിടെ ശരീരങ്ങളെ പിറകിലുപേക്ഷിച്ച് കമ്പ്യൂട്ടർ സ്ക്രീനുകളിലാണിത് ചെയ്യുന്നതെന്ന് മാത്രം!

---

[25] Harvard Reign Gold, The Virtual Community (Blackwell, Oxford, 1998).

#### 2.8.1.2.1 സൈബർസ്വത്വം

ഹൊർവാർഡ് റെയിൻ ഗോൾഡിന്റെ *ദി വിർചൽ കമ്മ്യൂണിറ്റി*[26] ഷെറി ടർക്കിളിന്റെ *ലൈഫ് ഓൺ ദി സ്ക്രീൻ: ഐഡൻറിന്റി ഇൻ ദി ഏജ് ഓഫ് ദി ഇന്റർനെറ്റ്*[27] എന്നീ പുസ്തകങ്ങൾ സൈബർസംസ്കാരപഠനങ്ങൾക്ക് അടിത്തറ പാകി. നിരവധി മൾട്ടി യൂസർ ഡൊമെയ്നുകൾ (MUD) ഉൾപ്പെടുന്ന വിർചൽഅന്തരീക്ഷങ്ങളെ അടിസ്ഥാനമാക്കി സൈബർസ്വത്വങ്ങളെ പഠിച്ചശേഷം അവർ കണ്ടെത്തുന്നത് ചിലർ തങ്ങളുടെ യഥാർത്ഥസ്വത്വം ഒളിച്ചുവയ്ക്കാനും അതിലുമധികംപേർ കൂടുതൽ ശരിയായ സ്വത്വമോ നിരവധി സ്വത്വങ്ങളോ സ്ഥാപിക്കാനും സൈബറിടം ഉപയോഗിക്കുന്നു എന്നാണ്. എല്ലായിടത്തും ഉപയോക്താക്കൾക്ക് ലിംഗപദവി (ജെന്റർ), ലൈംഗികത, വ്യക്തിത്വം എന്നിവയൊക്കെ ഇഷ്ടാനുസാരം തിരഞ്ഞെടുക്കാം.

ഈ സമീപനങ്ങളുടെ ഫലമായി സൈബറിടത്തെ ചിലർ ശാക്തീകരണ സാധ്യതയുള്ള ഒരു ഇടമായി കരുതാൻ തുടങ്ങി – കൂട്ടായ്മയും സർഗ്ഗാത്മകതയും ഒക്കെ നിർമ്മിച്ചെടുക്കാൻ പറ്റുന്ന ഒരു സ്ഥലം. ചില സാമൂഹ്യശാസ്ത്രജ്ഞന്മാർ സൈബർ സമൂഹങ്ങളെ സോഷ്യൽ നെറ്റ്വർക്കുകളായി കാണാൻ തുടങ്ങി. വ്യക്തികളും കമ്പ്യൂട്ടർ ശൃംഖലകളും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു പഠിക്കുന്ന സൈബോർഗ് ആന്ത്രപ്പോളജി എന്നൊരു ഉപവിഭാഗം ആന്ത്രപ്പോളജിക്കുണ്ടായി. ഭാഷാശാസ്ത്ര ജ്ഞന്മാരാകട്ടെ സൈബർലോകത്തെ ഭാഷാശൈലിയെപ്പറ്റിയും ഇന്റർ ടെക്സ്റ്റ്വൽ കോഡുകളെപ്പറ്റിയും പഠിക്കാനും തുടങ്ങി. അത് പിന്നീട് ഇന്റർനെറ്റ് ഭാഷാശാസ്ത്രം എന്നൊരു പഠനശാഖയായി വികസിച്ചു.

---

[26] ടി.

[27] Sherry Turkle, Life on the Screen : Identity in the age of Internet (St. Martin's Press, Newyork, 1999).

സൈബറിടത്തിലെ ലിംഗപദവി നിർമ്മിതിയെക്കുറിച്ച് പഠിച്ചുകൊണ്ട് ഫെമിനിസ്റ്റ് ഗവേഷകർ, സൈബർഫെമിനിസം എന്നൊരു പുതിയ പഠനമേഖല വികസിപ്പിച്ചെടുത്തു.

**2.8.1.3 മൂന്നാം ഘട്ടം**

തൊണ്ണൂറുകളുടെ അവസാനത്തോടെ സൈബറിടത്തെക്കുറിച്ചുള്ള പഠനങ്ങളിൽ നാലു പ്രധാനപ്പെട്ട മേഖലകൾ രൂപപ്പെട്ടു. ഓൺലൈനായി നടക്കുന്ന സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക വിനിമയങ്ങളെപ്പറ്റിയുള്ള പഠനം, ഇത്തരം വിനിമയങ്ങളെപ്പറ്റി പ്രചരിക്കുന്ന കഥകളെപ്പറ്റിയുള്ള പഠനം, ഇത്തരം വിനിമയങ്ങൾക്ക് വ്യക്തിയെയോ ഗ്രൂപ്പുകളെയോ സാധ്യമാക്കുന്ന ഒരുകൂട്ടം സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ-സാമ്പത്തിക പരിഗണനകളുടെ അപഗ്രഥനം, ഇത്തരം നെറ്റ്‌വർക്കുകളുടെ ഡിജിറ്റൽ രൂപമാതൃകകളുടെ പഠനം എന്നീ മേഖലകളെയും ഇവ തമ്മിലുള്ള പരസ്പരബന്ധങ്ങളെയും പറ്റിയായി പിൽക്കാലത്തുള്ള സൈബർസംസ്കാരപഠനങ്ങൾ.

സൈബർയാഥാർത്ഥ്യത്തിന്റെ സാമൂഹ്യനിർമ്മിതിയെക്കുറിച്ചും അതിന്റെ സാധ്യതകളെ വിമർശനാത്മകമല്ലാതെ കൊണ്ടാടുന്നതിന്റെ അപകടങ്ങളെക്കുറിച്ചുമുള്ള ഓർമ്മപ്പെടുത്തലുകൾ ഉയർന്നുവന്നു. കാലത്തെയും സ്ഥലത്തെയും അതിവർത്തിക്കാനുള്ള ഇന്റർനെറ്റിന്റെ സാധ്യതകൾ വ്യാപകമായി ചർച്ചചെയ്യപ്പെടുന്നതും ഇക്കാലത്താണ്. പല സൈബർസമൂഹങ്ങളുടെയും ചരിത്രത്തെയും പ്രവർത്തനങ്ങളെയും വിലയിരുത്തി പഠിക്കാനുള്ള ശ്രമങ്ങളും അതോടൊപ്പമുണ്ടായി.

സൈബർ സ്പേസിന്റെ സ്ത്രീവിരുദ്ധതയെപ്പറ്റിയും നിരീക്ഷണങ്ങളുണ്ടായി.

അമേരിക്കയിലെ വാണിജ്യവകുപ്പിന്റെ കീഴിലുള്ള *നാഷണൽ ടെലികമ്മ്യൂണിക്കേഷൻസ് ആന്റ് ഇൻഫർമേഷൻ അഡ്മിനിസ്ട്രേഷൻ, ഫാളിങ് ത്രൂ ദ നെറ്റ്* എന്ന പേരിൽ വിപുലമായ ഒരു പഠനം നടത്തുകയുണ്ടായി. ഡിജിറ്റൽ ഡിവൈഡിനെക്കുറിച്ചുള്ള ശ്രദ്ധേയമായ നിരീക്ഷണങ്ങൾ മുന്നോട്ടുവെച്ചുകൊണ്ട് അവർ ചൂണ്ടിക്കാട്ടിയത് വർഗ്ഗം, വംശം, പ്രായം, സ്ഥലം, വിദ്യാഭ്യാസം ഇവയെല്ലാം ഓൺ-ലൈൻ അക്സസിന്റെ കാര്യത്തിൽ നിർണ്ണായക ഘടകങ്ങളാണ് എന്നും ഇവയുടെ അടിസ്ഥാനത്തിലുള്ള വ്യത്യാസങ്ങൾ വർദ്ധിച്ചു വരികയാണ് എന്നുമാണ്.

ഓൺ-ലൈൻ വിനിമയങ്ങളിലുപയോഗിക്കുന്ന ഭാഷ, പലപ്പോഴും അതി സാങ്കേതികമാകയാൽ അത് ആളുകളെ അകറ്റി നിർത്തുന്നു. പുറത്തുള്ളവരെ അകറ്റി നിർത്തുന്നതരത്തിലുള്ള പലതരം ഭാഷാപ്രയോഗങ്ങളും ഇമോട്ടിക്കോണുകളും എന്തിന് ചുരുക്കെഴുത്തുകളും ഇക്കൂട്ടത്തിലുണ്ട്. (ഉദാ: BTW = By The Way, LOL = Laughing Out Loud, CU - See You, FAQ - Frequently asked Questions, FYI - For Your Information, IMHO - In My Humble Opinion, TIAS - Thanks in Advance, TTFN - Ta Ta For Now)

ഇപ്പറഞ്ഞതിനർത്ഥം പ്രാന്തവൽക്കരിക്കപ്പെട്ട സംസ്കാരസമൂഹങ്ങൾ സൈബർലോകത്ത് ഇടപെടുന്നില്ല എന്നല്ല. അത്തരം നിരവധി സൈബർസമൂഹങ്ങൾ ഇന്ന് ശ്രദ്ധേയമായിക്കഴിഞ്ഞിരിക്കുന്നു.

ഓൺ-ലൈൻ ഇടങ്ങളുടെ ഡിജിറ്റൽ രൂപകല്പന ഒരു സൈറ്റിന്റെ വിജയത്തിന് ഒട്ടും അപ്രധാനമല്ലാത്ത പങ്ക് വഹിക്കുന്നു. അതിനെക്കുറിച്ചും നിരവധി പഠനങ്ങളുണ്ടായി.

## 2.8.2 സൈബർസംസ്കാരം: ചില മുഖങ്ങൾ

### 2.8.2.1 സൈബർ ആക്ടിവിസം

ബോധവല്ക്കരണം, സംഘാടനം, ആശയപ്രചരണം തുടങ്ങിയ ലക്ഷ്യങ്ങൾക്കായി സൈബർമാധ്യമങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് സൈബർ ആട്റ്റിവിസം. ഇ-മെയിലുകൾ, ബ്ലോഗൂകൾ വെബ്സൈറ്റുകൾ, പോഡ് കാസ്റ്റിംഗ് തുടങ്ങിയ ഉപാധികളാണ് ഇതിനായി ഉപയോഗിക്കപ്പെടുന്നത്.

ഹാക്ടിവിസം (ഹാക്ക് + ആക്ടിവിസം) എന്നത് ഈ രംഗത്തെ വിവാദപരമായ പ്രവർത്തനമാണ്. ഇതിനൊരുദാഹരണമാണ് മെക്സിക്കോയിലെ സപാറ്റിസ്റ്റ (Zapatista) എന്ന സംഘടന. ആദ്യത്തെ വിവരസാങ്കേതികഗളിപ്പോർസംഘം' എന്ന് ഇന്ന് വിശേഷിപ്പിക്കപ്പെട്ടു. ചൈനീസ് ഹാക്കർമാർ 2008-ൽ നിരവധി തവണ സി.എൻ.എൻ. സൈറ്റിനെ ആക്രമിച്ചതും വിവിധ സർക്കാർ വൈബ്സൈറ്റുകളെ നയപരമായ വിയോജിപ്പുകൾകൊണ്ട് തകർക്കാൻ ശ്രമിക്കുന്നതുമൊക്കെ ഇതിൽപ്പെടും. ഇൻഡിമീഡിയ എന്ന പേരിൽ ഇന്റർനെറ്റ് ആക്ടിവിസ്റ്റ് സൈറ്റുകളുടെ ഒരു കൂട്ടായ്മ സിയാറ്റിലിലെ ഡബ്ല്യൂ.ടി.ഒ. (WTO)-യ്ക്കെതിരെ പ്രക്ഷോഭങ്ങൾക്ക് പ്രചാരം നൽകാനായി 1999-ൽ ആരംഭിച്ചു. സൈബർആക്ടിവിസത്തിന്റെ ശക്തമായ ഒരുപാധിയാണ് ബ്ലോഗുകൾ. നിശിതമായ രാഷ്ട്രീയ-സാമൂഹ്യ-മാധ്യമവിമർശനം നടത്തുന്ന ബ്ലോഗുകൾ പാശ്ചാത്യരാജ്യങ്ങളിലെ ശ്രദ്ധേയമായ ഒരു സാന്നിധ്യമാണ്.

2.8.2.2 **സൈബർകുറ്റകൃത്യങ്ങൾ**

അസാധാരണമായ ജീവച്ഛക്തിയുള്ള ആളുകളാണ് ജയിലുകളിൽ കുറ്റവാളികളായി എത്തി സ്വയം പാഴാകുന്നവരിൽ നല്ലൊരു വിഭാഗവും എന്ന് റഷ്യൻ നോവലിസ്റ്റായ ഡോസ്റ്റോയേവ്സ്കി നിരീക്ഷിച്ചിട്ടുണ്ട്. സൈബർ കുറ്റവാളികളിൽ വലിയൊരു വിഭാഗവും അതുപോലെ തന്നെ ബുദ്ധിയും അസാധാരണമായ സാങ്കേതികപരിജ്ഞാനവും തികഞ്ഞവരാണ് എന്നത് സങ്കടകരമായ വസ്തുതയാണ്. സൈബർ കുറ്റകൃത്യങ്ങളിൽ ഏറ്റവും പ്രധാനം വിവിധ വൈറസുകൾ, വേമുകൾ, ട്രോജനുകൾ, സ്പൈവെയറുകൾ എന്നിവ ഉപയോഗിച്ച് നെറ്റുവർക്കു കളെയോ, കമ്പ്യൂട്ടറുകളെയോ, കമ്പ്യൂട്ടറുകളുടെ ചില പ്രത്യേക ഭാഗങ്ങളെയോ, പൂർണ്ണമായോ ഭാഗികമായോ നശിപ്പിക്കുകയും മറ്റു ചിലപ്പോൾ നുഴഞ്ഞുകയറി വിവരങ്ങൾ ചോർത്തുകയും ചെയ്യുന്ന പ്രോഗ്രാമുകളാണ്. രഹസ്യങ്ങൾ ചോർത്തുക, വ്യക്തിഹത്യ നടത്തുക, സാമ്പത്തികതട്ടിപ്പുകൾ നടത്തുക തുടങ്ങിയവയൊക്കെ ഇക്കൂട്ടരുടെ ലക്ഷ്യങ്ങളാണ്. മറ്റൊരു വിഭാഗം അശ്ലീലമായ ഉപയോഗങ്ങളാണ്. ഒളിക്യാമറകൾവെച്ച് ശരീരഭാഗങ്ങളോ, നഗ്നതയോ ഒക്കെ ഷൂട്ട് ചെയ്ത് ബ്ലൂടൂത്ത്, യൂട്യൂബ്, മോർഫിംഗ് തുടങ്ങിയ സൗകര്യങ്ങളുപയോഗിച്ച് നെറ്റിൽ ലഭ്യമാക്കുന്നു. അശ്ലീലചിത്രങ്ങളും അസഭ്യവചനങ്ങളും ആളുകൾക്കയയ്ക്കുന്നു.

തങ്ങളുടെ സ്വത്വങ്ങൾ സമർത്ഥമായി മറച്ചുവെച്ചുകൊണ്ടും പലപല സ്വത്വങ്ങൾ കൈക്കൊണ്ടുകൊണ്ടും പ്രവർത്തിക്കാനുള്ള അനന്തമായ സാധ്യതകൾ ഇന്റർനെറ്റ് ഉപയോക്താക്കൾക്ക് നൽകുന്നു. ഇത് വ്യക്തികളും സംഘങ്ങളുമെല്ലാം തങ്ങളുടെ ഇഷ്ടാനുസാരം ഉപയോഗിക്കുന്നു.

### 2.8.2.3 ഗെയിമുകൾ

ഇന്റർനെറ്റിൽ ലഭ്യമായ പലവിധ ഗെയിമുകളുടെയും സ്വഭാവം ഉപയോക്താക്കളിൽ പലവിധത്തിൽ സ്വാധീനം ചെലുത്തുന്നു. അതിവേഗതയും അക്രമവും കുത്തിനിറച്ച ഗെയിമുകൾതൊട്ട് കൃത്യമായ സ്ത്രീവിരുദ്ധതയും വംശവെറിയും പ്രകടിപ്പിക്കുന്നവ വരെ ഇക്കൂട്ടത്തിലുണ്ട്. പെൺകുട്ടികളെ ഉദ്ദേശിച്ചും ആൺകുട്ടികളെ ഉദ്ദേശിച്ചും മുതിർന്നവരെ ഉദ്ദേശിച്ചുമൊക്കെ നിർമ്മിക്കുന്നപ്പെടുന്ന പ്രത്യേകം ഗെയിമുകൾ ഈ തരത്തിൽ നിരീക്ഷിക്കപ്പെടേണ്ടതാണ്. പുറംലോകത്ത് അലഞ്ഞുനടന്നും, തമ്മിൽ വഴക്കടിച്ചും, ഓടിയും, ചാടിയും കളിക്കേണ്ട ബാല്യങ്ങൾ കമ്പ്യൂട്ടറിന്റെ അയഥാർത്ഥലോകത്തുമാത്രം ഒതുങ്ങുമ്പോഴുണ്ടാകുന്ന ശാരീരിക-മാനസിക വ്യതിയാനങ്ങൾ നാം ശ്രദ്ധിക്കാതിരുന്നുകൂടാ. അമിതവണ്ണം, അക്രമവാസന, യഥാർത്ഥ ജീവിതാനുഭവങ്ങളിലൂടെ നേടേണ്ട നിരവധി അനുഭവങ്ങളുടെ അഭാവം നൽകുന്ന പരിമിതികൾ, വെറും നിസ്സംഗരായ കാഴ്ചക്കാരായി മാത്രം എല്ലാറ്റിനെയും സമീപിക്കുന്ന രീതി, സാമൂഹ്യവിരുദ്ധത - ഇങ്ങനെ പോകുന്നു ഇവയുടെ ദോഷവശങ്ങൾ. എന്നാൽ മറുവശത്ത് നിയന്ത്രിതമായി അനുവദിച്ചാൽ, ഒറ്റക്കുട്ടികളുടെ കേരളത്തിൽ; കളിസ്ഥലങ്ങളില്ലാത്ത കേരളത്തിൽ, കുട്ടികളുടെ വിരസത മാറ്റാനും മാനസികവികാസത്തിനും ഗെയിമുകൾ സഹായിക്കും.

### 2.8.3 മലയാളിയും സൈബർ സംസ്കാരവും

സൈബർലോകം എന്നാൽ ഭൂമിശാസ്ത്രപരമായ അതിരുകൾക്കപ്പുറത്തുള്ള ഒരു അയഥാർത്ഥലോകമാണ്. മലയാളികളെപ്പോലെ ലോകം മുഴുവൻ എത്തിപ്പെട്ട ഒരു ജനത,

പരസ്പരം ബന്ധപ്പെടാനും ഗൃഹാതുരത്വത്തോടെ നാടിനെ അറിയാനും ആശ്രയിക്കുന്നത് ഇന്റർനെറ്റാണ്. അതിനപ്പുറത്ത് സ്വദേശികളായ മലയാളികളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ലോകത്തിന്റെ പരിധികൾ അതിലംഘിക്കാൻ സഹായിച്ചു, സൈബറിടം. മലയാളത്തിലെ അതിവേഗത്തിൽ വളർന്ന ബ്ലോഗുകൾ (ബൂലോകം) ഇതാണ് കാണിക്കുന്നത്. ബ്ലോഗർമാർ തമ്മിലും സാമൂഹ്യസൈറ്റിലെ കൂട്ടുകാർ തമ്മിലും വലിയ കൂട്ടായ്മകൾ രൂപപ്പെടുകയും ആ സൗഹൃദങ്ങൾ സൈബറിടം വിട്ട് ലോകത്തിലെ പലയിടങ്ങളിലുംവെച്ച് ഉറപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ ഇതുവരെ സ്വത്വം വെളിപ്പെടുത്താവരും പല സ്വത്വങ്ങൾ സ്വീകരിക്കുന്നവരുമൊക്കെ ഇവിടെയുണ്ട്. സ്ത്രീകൾ ധാരാളമായി രംഗത്തുണ്ട് എന്നതും പലരുടെയും സാമൂഹ്യമായ ഒറ്റപ്പെടൽ (സാമൂഹ്യവും ഭൗതികവുമായ കാരണങ്ങൾ മൂലമാണ്) അകറ്റാനുള്ള ഒരു വേദിയായി സൈബറിടം മാറി എന്നതും സ്വാഗതാർഹംതന്നെ.

സ്വന്തം സ്വത്വം, ലിംഗപദവി, പ്രായം, സ്വകീയമായ പരിമിതികൾ, ദൗർബല്യങ്ങൾ ഇവയൊക്കെ രഹസ്യമാക്കിവെച്ചുകൊണ്ട് ഒരു ജന്മത്തിൽ പല വേഷങ്ങൾ അണിയാൻ ശ്രമിക്കുന്ന ആളുകൾ, എല്ലായിടത്തുമെന്നപോലെ മലയാളികൾക്കിടയിലുമുണ്ട്. സ്വന്തം സ്വത്വം വെളിപ്പെടുത്താതെ സജീവമായി നിലനിൽക്കാനും, അജ്ഞാതമായി കമന്റുകൾ ചെയ്യാനും ഒക്കെ നെറ്റ് സൗകര്യമൊരുക്കുന്നു. ഇന്നലെ കമന്റിട്ടയാളും മെയിലയച്ചയാളുമൊക്കെ ആരായിരിക്കാം എന്ന ആകാംക്ഷ വർദ്ധിച്ച് വീട്ടിൽ വരുന്ന പാൽക്കാരനെയും പത്രക്കാരനെയും പോലുള്ളവരെപ്പോലും ഇവരല്ലേ അവർ എന്നമട്ടിൽ സംശയിക്കുന്ന ഒരു നെറ്റിസന്റെ കഥ അടുത്തിടെ ഒരു പ്രസിദ്ധീകരണത്തിൽ വന്നിരുന്നു.

സമീപകാലത്തെ മലയാളകഥകൾ പങ്കിടുന്ന ഒരു ആകാംക്ഷ ഈ സ്വത്വങ്ങളെയും സ്വത്വനഷ്ടങ്ങളെയും കുറിച്ചാണ്. 'നീ ശരിക്കും നീ തന്നെയാണോ?' എന്ന് ഓരോ നെറ്റിസനും പരസ്പരം ചോദിക്കുന്നുണ്ടാവും.

മല്ലു (മലയാളികളെ പരിഹാസരൂപേണ വിശേഷിപ്പിയ്ക്കുന്ന ചുരുക്കപ്പേര്) തമാശകളും, മല്ലു ഗേൾസിന്റെ ശരീരദൃശ്യങ്ങളുള്ള പ്രത്യേക സൈറ്റുകളും, ബാത്ത് റൂമിലെയും കിടപ്പുമുറിയിലെയും ഒളികൃാമറാദൃശ്യങ്ങളും ഒക്കെ മലയാളിയുടെ സൈബർപ്രവർത്തനങ്ങളിൽ പെടുന്നു. അന്യന്റെ റൂമിലേയ്ക്ക് ഒളിഞ്ഞുനോക്കുന്ന അതേ രീതിയിൽ പാസ്വേഡ് ചോർത്തി മറ്റുള്ളവരുടെ ചാറ്റ് ഹിസ്റ്ററിയും ഇ-മെയ്ലുകളും വായിച്ച് കള്ളപ്പേരിൽ ബ്ലോഗുണ്ടാക്കി (കമന്റുസഹിതം) പ്രസിദ്ധീകരിക്കുന്നതും മെയിൽ അറ്റാച്ച്മെന്റായി അയയ്ക്കുന്നതും ഇവിടെ പുതുമയല്ല. ഭാര്യമാരുടെ ഓൺ-ലൈൻ പ്രവർത്തനം നിരീക്ഷിക്കാൻ രഹസ്യാന്വേഷകരെ ഏല്പിച്ച ഭർത്താക്കന്മാരുടെ ചരിത്രവും നമുക്കുണ്ട്.

എന്തായാലും മലയാളിയുടെ സൈബർജീവിതം മോശം കാര്യങ്ങളേക്കാളെത്രയോ അധികം ശുഭകാര്യങ്ങൾ നിറഞ്ഞതാണെന്ന് പറയാതെ വയ്യ. സാമൂഹ്യമായി ഒറ്റപ്പെടുന്നവരും സൗഹൃദം തേടുന്നവരും വ്യത്യസ്തമായി എന്തെങ്കിലും പറയാനുള്ളവരും പരദൂഷണപ്രിയരും തമാശക്കാരും ഒക്കെ ഇവിടെ കൂട്ടുകൂടുന്നു. ഒരുപക്ഷെ, കേരളം എന്ന ഭൂമിശാസ്ത്രമേഖലയ്ക്കപ്പുറത്ത് ഒരു സൈബർകേരളം നിലനിൽക്കുന്നുണ്ട്. ചാറ്റ് റൂമുകളുടെ വേലിക്കലും, ബൂലോകത്തെ ബ്ലോഗിടങ്ങളിലും, സാമൂഹ്യസൈറ്റുകളിലും, ചർച്ചാവേദികളിലും ഒക്കെയായി സൈബർകേരളം ജീവിക്കുന്നു.

ചുരുക്കത്തിൽ സൈബർസംസ്കാരം ഭൗതികലോകത്തും സൈബർ ലോകത്തും നടക്കുന്ന നിരവധി വിലപേശലുകളുടെ ആകെത്തുകയാണ്. ഈ അർത്ഥത്തിൽ സൈബർവിനിമയങ്ങളുടെ ലഭ്യതയും രൂപകല്പനയുമെല്ലാം പഠിക്കുന്നത് കേബിളുകൾക്കകത്ത് എന്തു സംഭവിക്കുന്നുവെന്നും അത് ജനതയെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്നും മനസ്സിലാക്കാൻ സഹായിക്കും.

## അധ്യായം 3

# സൈബറിടം മലയാളഭാഷയിലും സാഹിത്യത്തിലും ചെലുത്തിയ സ്വാധീനം

ഉത്തരാധുനികമാധ്യമങ്ങൾ, നവമാധ്യമങ്ങൾ എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന സൈബർമാധ്യമങ്ങളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരാധുനികസമൂഹം നിർവ്വചിക്കപ്പെടുന്നത്. 1980-കൾ മുതൽ നിലവിൽവന്ന വിവരങ്ങളുടെ ഉല്പാദനത്തിൽ അധിഷ്ഠിതമായ ഈ സമൂഹത്തെ 'ജാലസമൂഹം' (Net Work Society) എന്ന് മാന്വൽ കാസ്റ്റെൽസ് വിശേഷിപ്പിച്ചിരിയ്ക്കുന്നു.[1] ഈ ജാലസമൂഹം ആഗോളവ്യാപിയും, ശൃംഖലകളിൽ ബന്ധിതവുമാണ്.

"യന്ത്രത്തെ ആഘോഷപൂർവ്വം സ്വീകരിക്കുന്ന മാധ്യമസമൂഹം", "സ്ക്രീൻ ജനത", "റിയാലിറ്റിയെ ഹൈപ്പർറിയാലിറ്റിയായും ടെക്സ്റ്റിനെ ഹൈപ്പർടെക്സ്റ്റായും കാണുന്നതിൽ ആശങ്കകളില്ലാത്ത തലമുറ" എന്നൊക്കെയാണ് പി.കെ. രാജശേഖരൻ ഉത്തരാധുനികസമൂഹത്തെ വിശേഷിപ്പിക്കുന്നത്.[2] "മൂലധനത്തിനും അദ്ധ്വാനത്തിനും ഉദ്പാദനത്തിനും പ്രാധാന്യമുണ്ടായിരുന്ന വ്യവസായസമൂഹത്തിനു പകരം വിവരങ്ങളും അറിവുകളും അവ പെരുപ്പിക്കാനും പ്രചരിപ്പിക്കാനുമുള്ള നൂതനസാങ്കേതികവിദ്യയും ഒത്തുചേരുന്ന ഒന്നാണ് ഉത്തരാധുനികസമൂഹം" എന്ന് സമൂഹത്തെ നിർവ്വചിച്ച ജി.മധുസൂദനൻ നവമാധ്യമ - സാങ്കേതികവിദ്യകൾ കലയിലും സംസ്കാരത്തിലും മൂല്യങ്ങളിലും പ്രത്യാഘാതങ്ങൾ സൃഷ്ടിച്ച് ഒരു സൈബർസാംസ്കാരികപരിസരം

---

1 Manuel Castells, *The Information Age 3 Volume* (Blackwell, Oxford 1996, 1997 and 1998).

2 പി.കെ. രാജശേഖരൻ, *ഏകാന്തനഗരങ്ങൾ* (ഡി.സി. ബുക്സ്, കോട്ടയം, 2000), പു. 21.

സൃഷ്ടിയ്ക്കുന്നു എന്ന് നിരീക്ഷിക്കുന്നു.[3]

ഈ സൈബർസാംസ്കാരികപരിസരം ഭാഷയിലും സാഹിത്യത്തിലും മാറ്റങ്ങൾ സൃഷ്ടിച്ചു. ഇത് മലയാളഭാഷാ-സാഹിത്യമേഖലകളിലും പ്രകടമാണ്. ആ മാറ്റങ്ങളെപ്പറ്റിയുള്ള ഒരു വിശകലനമാണ് ഈ അധ്യായം.

## 3.1 സൈബർസ്വാധീനം ഭാഷയിൽ

ഇന്റർനെറ്റ് കമ്പ്യൂട്ടർമാധ്യമാധിഷ്ഠിത ആശയവിനിമയ (Computer Mediated Communication - CMC) ത്തിന്റെ ഉപാധി എന്ന നിലയിൽ വ്യത്യസ്തമായ ഒരു ഭാഷാവിഷ്കാരമാതൃക മുന്നോട്ടുവെയ്ക്കുന്നു. അത് പരമ്പരാഗതമായ എഴുത്തിൽനിന്നും, ഭാഷണത്തിൽനിന്നും വ്യത്യസ്തമായ ഒന്നാണ്. ഭാഷയുടെ ആവിഷ്കാരസാധ്യതകളുടെ സ്പെക്ട്രത്തിലെ അനൗപചാരികമേഖലയിലാണ് ഇത് നില്ക്കുന്നത്. വരമൊഴിയുടെ ഔപചാരികനിയമങ്ങളെ പലപ്പോഴും വെല്ലുവിളിച്ചും ഒപ്പം വാമൊഴിക്കാലത്തെ സ്വാതന്ത്ര്യം നിലനിർത്തിയും ഉള്ള ഒരുതരം 'എഴുത്തുഭാഷണം' എന്നോ 'അനൗപചാരിക എഴുത്തുഭാഷ' എന്നോ ഒക്കെ ഇതിനെ വിളിക്കാം.[4] ചിഹ്നനം, അക്ഷരശുദ്ധി, അകലമിടൽ, സന്ധി തുടങ്ങിയ നിയമങ്ങളെ ഇത് പലപ്പോഴും മറികടക്കുന്നു. ലിപികൾ കൂട്ടിക്കലർത്തുന്നു. പലനിറത്തിൽ, പല വലിപ്പത്തിൽ അനങ്ങുന്ന, നീങ്ങുന്ന അക്ഷരങ്ങൾ. ബഹുഭാഷണം (Multiple Chat) സാധ്യം. ശൈലീപരമായ വ്യതിയാനങ്ങളും ചുരുക്കെഴുത്തും ഇന്റർനെറ്റ്

---

[3] ജി. മധുസൂദനൻ, *ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ* (ഡി.സി. ബുക്സ്, കോട്ടയം, 2006),പു. 91,92.

[4] David Crystal, *Internet Linguistics* (Routledge London, 2011).

ഭാഷ (Net Slang)യും ഒക്കെച്ചേർന്ന് ഇത് പലപ്പോഴും ഒരു അതിഭാഷ (Meta Language) ആയി മാറുന്നു. സ്മൈലികൾ, ഇമോട്ടിക്കോണുകൾ, ചിഹ്നങ്ങളുടെ പുതുമട്ടിലുള്ള ഉപയോഗങ്ങൾ, ചരിവുലിപി (Italics), ക്യാപിറ്റൽ ലിപി ഉപയോഗിക്കൽ, സംവാദാത്മകത, ചലനാത്മകത, ബഹുഭാഷാത്വം തുടങ്ങിയവയൊക്കെ ഇതിന്റെ സവിശേഷതകളാണ്. എടുത്തുപറയേണ്ട മറ്റൊരു പ്രത്യേകതയാണ് അതിപാഠപരത (Hypertextuality).

> ഒരു വിഷയത്തിന്റെ അനുബന്ധവിഷയങ്ങൾ, വിവരങ്ങളോടുബന്ധപ്പെട്ട ചിത്രങ്ങൾ, ശബ്ദങ്ങൾ, ചലനങ്ങൾ എന്നിവയെ പരസ്പരം ബന്ധിച്ചിരിയ്ക്കുന്ന കമ്പ്യൂട്ടർ സംവിധാനത്തെയാണ് ഹൈപ്പർടെക്സ്റ്റ്, ഹൈപ്പർമീഡിയ എന്നൊക്കെ പറയുന്നത്. വേൾഡ് വൈഡ് വെബ് വിവിധ കമ്പ്യൂട്ടറുകളിലുള്ള സമാനസ്വഭാവമുള്ള വിവരങ്ങളെ ബന്ധിപ്പിച്ചിരിക്കുന്നു.[5]

എച്ച്.ടി.എം.എൽ., ജാവാ സ്ക്രിപ്റ്റ്, വി.ആർ.എം.എൽ. (Virtual Reality Modeling Language)തുടങ്ങിയ കമ്പ്യൂട്ടർഭാഷകളുപയോഗിച്ചാണ് ഹൈപ്പർടെക്സ്റ്റ് പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നത്.

1960 –ൽ തിയോഡോർ എച്ച്. നെൽസൺ (Theodor. H. Nelson)ആണ് ഹൈപ്പർടെക്സ്റ്റ് എന്ന പദം ആദ്യമായി ഉപയോഗിച്ചത്. തുടർച്ചയില്ലാത്ത/ക്രമമില്ലാത്ത എഴുത്ത് (Non - sequential Writing)എന്ന അർത്ഥത്തിലാണ് അദ്ദേഹം ഈ പദം ഉപയോഗിച്ചത്. ഹൈപ്പർടെക്സ്റ്റിന് ‘തിരമൊഴി’ എന്ന പേര് നല്കിയത് പി.പി രാമചന്ദ്രനാണ്.

> ഭാഷയ്ക്ക് വാമൊഴിയെന്നും വരമൊഴിയെന്നും രണ്ടു വകഭേദങ്ങൾ എന്നാണ് ഭാഷാവിദ്യാർത്ഥികളുടെ ആദ്യപാഠങ്ങളിലൊന്ന്. വാകൊണ്ടു മൊഴിയുന്നത് വാമൊഴി. വരച്ചുകാട്ടുന്നത് വരമൊഴി. കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഭാഷയ്ക്ക് ലഭിക്കുന്ന അധികമാനത്തെയാണ് ഇവിടെ തിരമൊഴി എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. തിരയിൽ

---

[5] കെ. രവീന്ദ്രൻ, *ബി. ഇക്ബാൽ, ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും* (ഡി.സി. ബുക്സ്, കോട്ടയം 2006 (1999)), പു. 30.

കാണാവുന്നതും, എഴുതാവുന്നതും, വായിക്കാവുന്നതുമായ മൊഴി എന്നോ; തിരപോലെ അസ്ഥിരവും, രൂപാന്തരസാധ്യതകളുള്ളതുമായ മൊഴി എന്നോ; തിരയാവുന്ന മൊഴി എന്നോ ഒക്കെ ഈ പദത്തിന് നിഷ്പത്തി പറയാം. ഇംഗ്ലീഷിൽ ഹൈപ്പർ ടെക്സ്റ്റ് എന്ന പദം അർത്ഥമാക്കുന്നത് മലയാളത്തിൽ തിരമൊഴി എന്ന പദംകൊണ്ടും ഏറെക്കുറെ സാധിക്കുമെന്ന് വിചാരിക്കുന്നു.[6]

ഭാഷയുടെ പരിണാമചരിത്രം സാങ്കേതികവിദ്യയുടെ പരിണാമചരിത്രം കൂടിയാണ്. വാമൊഴിയിൽനിന്ന് വരമൊഴിയിലേക്കും തിരമൊഴിയിലേക്കും അതു പരിണമിക്കുന്നു. വിവരസാങ്കേതികവിദ്യയുടെ സൃഷ്ടിയാണ് തിരമൊഴി. സമസ്തവിവരങ്ങളും ഡിജിറ്റൽ ആയി രേഖപ്പെടുത്താനും സൂക്ഷിക്കാനും വിതരണം ചെയ്യാനും കഴിയുന്ന കാലത്തെ ഭാഷാരൂപമാണത്.

പുസ്തകവായനയുടെ രേഖീയമായ ക്രമത്തെ തിരമൊഴി പൊളിച്ചെഴുതുന്നു. എഴുത്തിലും വായനയിലും പാലിക്കേണ്ട രേഖീയമായ പുരോഗതി, പൗർവ്വാപര്യക്രമം എന്നീ കീഴ്വഴക്കങ്ങളേയും തുടക്കം - ഒടുക്കം, എഴുത്തുകാരൻ-വായനക്കാരൻ, കേന്ദ്രം - ഓരം, അകം -പുറം എന്നീ പമ്പരാഗതവിഭജനങ്ങളെയും തിരമൊഴി ചോദ്യം ചെയ്യുന്നു. തിരമൊഴിയിൽ ലഭ്യമായ പാഠങ്ങളിൽനിന്ന് തനിക്കാവശ്യമുള്ള ഉള്ളടക്കം (തുടർക്കണ്ണികളെ - ലിങ്കുകളെ - സ്വീകരിച്ചുകൊണ്ടോ നിരാകരിച്ചുകൊണ്ടോ) നിർണ്ണയിക്കുന്നത് വായനക്കാരനാണ്.

അസ്ഥിരതയാണ് തിരമൊഴിയുടെ മറ്റൊരു സവിശേഷത. അച്ചടിച്ച താൾ മായ്ക്കാനോ മാറ്റിയെഴുതാനോ വായനക്കാരന് സാധ്യമല്ല. അത് അടഞ്ഞതും ഗ്രന്ഥകാരന്റെ ഏകസ്വരമായ കാഴ്ചപ്പാട് മാത്രം അവതരിപ്പിക്കുന്നതുമാണ്. എന്നാൽ ഹൈപ്പർടെക്സ്റ്റ് ബഹുസ്വരവും തുറന്നതുമാണ്.

---

[6] പി.പി. രാമചന്ദ്രൻ, 'തിരമൊഴി', *സൈബർമലയാളം*, എഡി. സുനീത ടി.വി. (കറന്റ് ബുക്സ്, തൃശ്ശൂർ, 2009).

തിരമൊഴിക്ക് ആദിമധ്യാന്തങ്ങളോ കേന്ദ്രപാർശ്വങ്ങളോ അകം പുറങ്ങളോ നിർണ്ണയിക്കാനാവില്ല. അപൂർണ്ണമാണ് ഓരോപാഠവും. രേഖീയമായ തുടർച്ചയല്ല. അരേഖീയമായ പടർച്ചയാണ് തിരമൊഴിയുടെ ഘടന.

തിരമൊഴി എന്ന ഭാഷയുടെ മൂന്നാമത്തെ അധികമാനത്തിന്റെ സവിശേഷതകൾ ഒരു പുതിയ പഠനമേഖല (hypertext studies)രൂപപ്പെടാൻ കാരണമായി.

ഇന്റർനെറ്റും ഭാഷയുമായി ബന്ധപ്പെട്ട പഠനങ്ങൾ 'ഇന്റർനെറ്റ് ഭാഷാശാസ്ത്രം' (Internet Linguistics) എന്നൊരു പഠനമേഖലയായി രൂപപ്പെട്ടു. ഐറിഷ് ഭാഷാശാസ്ത്രജ്ഞനായ ഡേവിഡ് ക്രിസ്റ്റൽ ആണ് ഈ മേഖലയുടെ പ്രാരംഭപഠനങ്ങൾ നിർവ്വഹിച്ചത്. അദ്ദേഹത്തിന്റെ 'Language and the Internet', 'A Glossary of Net speak and Text Speak', 'Internet Linguistics', 'Txtng = the gr8 db8' എന്നീ ഗ്രന്ഥങ്ങളാണ് ഈ പഠനശാഖയ്ക്ക് അടിത്തറ പാകിയത്.[7]

ഇന്റർനെറ്റിലെ ഭാഷാപ്രവർത്തനങ്ങളെ അപഗ്രഥിച്ചു പഠിക്കുന്ന ഭാഷാശാസ്ത്രശാഖയാണിത്. ഇന്റർനെറ്റും മൊബൈൽഫോണും മറ്റു നവമാധ്യങ്ങളും ഉപയോഗിച്ചു നടത്തുന്ന ഇ – മെയിൽ, ചാറ്റിങ്, ഗെയിമുകൾ, ഹ്രസ്വസന്ദേശങ്ങൾ, വെബ് പേജുകൾ, മൊബൈൽ സന്ദേശങ്ങൾ എന്നിവയെല്ലാം ഇതിന്റെ പരിധിയിൽ വരുന്നു. ഇന്റർനെറ്റ് ഭാഷയിൽ പൊതുവെ കാണപ്പെടുന്ന ചില പ്രവണതകൾ ഇവയാണ്.

1. അപ്പോസ്ട്രോഫി ഇല്ലാതാവുന്നു. ഉദാഹരണത്തിന് Rema's book എന്നെഴുതേണ്ടിടത്ത് Remas book എന്നെഴുതുന്ന രീതി വ്യാപകമാണ്.

---

7 www.davidcrystal.com

2. ക്യാപിറ്റലൈസേഷൻ ഉപയോഗിക്കാതിരിയ്ക്കുക. പേരുകൾ എഴുതുമ്പോഴും വാക്യാരംഭത്തിലും ഒക്കെ ക്യാപിറ്റൽ അക്ഷരങ്ങൾ ഉപയോഗിക്കുന്ന രീതി പൊതുവെ പാലിക്കുന്നില്ല.

3. ചുരുക്കരൂപങ്ങളുടെ ആധിക്യം.

u(you),

2 (to),

lol (Laughing out loud),

Omg(oh my god),

gtg(got to go),

i8n(internationalization),

ILU(I love you),

CYA (See you again),

btw(by the way),

CYL8R (See you later),

grt/gr8 (great)

എന്നിങ്ങനെ പോവുന്നു അവ. ചിരി സൂചിപ്പിക്കാൻ സ്മൈലിയോ ഹ ഹ യോ ഉപയോഗിക്കുന്നു. ചിഹ്നങ്ങളുടെ പല മട്ടിലുള്ള ഉപയോഗം വ്യത്യസ്തമായ അർത്ഥങ്ങൾ ദ്യോതിപ്പിക്കാനുപയോഗിക്കുന്നു ( ... , !!!!, !??!!?....). അടിവര, ചരിവുലിപി (Italics), ബോൾഡ് എന്നിവയും വ്യത്യസ്താർത്ഥങ്ങൾ സൂചിപ്പിക്കാനായി ഉപയോഗിക്കുന്നു. ഇമോട്ടിക്കോണുകൾ, സ്മൈലികൾ എന്നിവ നെറ്റ്ഭാഷയുടെ അവിഭാജ്യഘടകമാണ്.

കൂടാതെ ധാരാളം പുതിയ പദങ്ങളും (നെറ്റിസൻ, നെറ്റികൃറ്റ്, ബ്ലോഗ്, പ്രൊസ്യൂമർ...)ഇക്കൂട്ടത്തിലുണ്ട്. ഇവയെല്ലാം ചെർന്ന് ഒരു അതിഭാഷ (Meta language)സൃഷ്ടിക്കുന്നു. ആഗോളബന്ധങ്ങൾ സാധ്യമാക്കുന്ന ഈ പുതിയ നെറ്റ് ഭാഷ ഉപയോക്താക്കളുടെ ഡിജിറ്റൽ സാക്ഷരതയുടെ പ്രദർശനമാണ്. ഇത് അറിയുന്നത് ആളുകളുടെ ആശയവിനിമയശേഷിയുടെ കഴിവായി കണക്കാക്കപ്പെടുന്നു.

## 3.2 മലയാളഭാഷയിലെ സൈബർസ്വാധീനം

ലോകജനത ബഹുഭാഷാത്വവുമായി നേർക്കുനേർ നില്ക്കുന്ന ഇടമാണ് ഇന്റർനെറ്റ്. അതുകൊണ്ട് മേല്പറഞ്ഞ സവിശേഷതകൾ നെറ്റിൽ ഉപയോഗിക്കപ്പെടുന്ന ഭാഷകൾക്കെല്ലാം സാമാന്യമായി ബാധകമാണ്. ഭാഷകൾ തമ്മിലുള്ള ലിപിപരവും രൂപിമപരവുമായ അതിർവരമ്പുകൾ പലപ്പോഴും അപ്രത്യക്ഷമാവുന്ന ഒരിടം കൂടിയാണ് ഇന്റർനെറ്റ്. അതിനാൽത്തന്നെ ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട ചുരുക്കരൂപങ്ങളെല്ലാം മലയാളമുൾപ്പെടെയുള്ള വ്യത്യസ്തഭാഷകളിൽ അതേപടി ഉപയോഗിക്കപ്പെടുന്നു.

ടെലിവിഷന്റെ പ്രാഭവം ഭാഷയിൽ ഇംഗ്ലീഷ്പദങ്ങൾ ധാരാളമായി കൂട്ടിക്കലർത്തി ഉപയോഗിക്കുന്ന രീതി പ്രചരിച്ചു. ടെലിവിഷൻഅവതാരകർ പലരും മറുനാടൻ താരങ്ങളെയും മറ്റും അനുകരിച്ച് ആംഗലേയമട്ടിൽ മലയാളം ഉച്ചരിക്കുന്നത് വ്യാപകമായി. ഇന്റർനെറ്റ് ഒരുപടി കൂടിക്കടന്ന് വ്യാകരണത്തിൽ ചില കൂട്ടിക്കലർത്തലുകളുണ്ടാക്കി. ഉദാഹരണത്തിന് ഫേസ്ബുക്ക് എന്ന സാമൂഹ്യശൃംഖലാ സൈറ്റുമായി ബന്ധപ്പെട്ട് മലയാളത്തിൽ പ്രചരിച്ച പ്രയോഗമാണ് ലൈക്കി. 'ലൈക്ക്' (Like)

എന്ന ഇംഗ്ലീഷ് ധാതുവും 'ഇ' എന്ന മലയാള ഭൂതകാലപ്രത്യയവും ചേർന്നാണ് ഈ പ്രയോഗം ഉണ്ടായത്. സമാനപ്രയോഗങ്ങളിൽ ചിലത് താഴെ ക്കൊടുക്കുന്നു

ലൈക്ക് + ഉക – ലൈക്കുക

കമന്റ് + ഇ – കമന്റി

കമന്റ് + ഉക – കമന്റുക

ഡിലീറ്റ് + ഇ – ഡിലീറ്റി

ഡിലീറ്റ് + ഉക – ഡിലീറ്റുക

പോസ്റ്റ് + ഇ – പോസ്റ്റി

പോസ്റ്റ് + ഉക – പോസ്റ്റുക

ട്വീറ്റ് + ഇ – ട്വീറ്റി

ട്വീറ്റ് + ഉക – ട്വീറ്റുക

ബ്ലോഗ് + ഉക – ബ്ലോഗുക

ബ്ലോഗ് + എഴുതുക – ബ്ലോഗെഴുതുക

ധാരാളം പുതിയ പദങ്ങൾ ഇന്റർനെറ്റ് മലയാളത്തിന് സംഭാവന ചെയ്തിട്ടുണ്ട്. ബ്ലോഗ്, ബ്ലോഗൻ, ബ്ലോഗിനി, അനോണി, ബ്ലോഗാത്മഹത്യ, ബ്ലോഗുലകം, ബൂലോകം, ബൂലോകചുരുൾ, ബസ് ഡ്രൈവർ, ചാറ്റ്, ഗൂഗോളവല്കരണം എന്നിങ്ങന പോവുന്നു അവ. ഇംഗ്ലീഷും മലയാളവും ലിപിതലത്തിൽ കൂട്ടികലർത്തി 'സ്മാർട്ട് Cuteപ്പൻ', 'eല', 'eതൾ' പോലുള്ള പ്രയോഗങ്ങളും കാണാൻ സാധിക്കുന്നു.

ചുരുക്കത്തിൽപ്പറഞ്ഞാൽ ഇംഗ്ലീഷ് മലയാളങ്ങളുടെ സർവ്വതലത്തിലുള്ള ഒരു സ്വതന്ത്രലീലയാണ് ഇന്റർനെറ്റ്മലയാളത്തിൽ കാണാനാവുന്നത്.

## 3.3 സൈബർസ്വാധീനം മലയാളസാഹിത്യത്തിൽ

സാഹിത്യത്തെ ഇന്റർനെറ്റ് മുഖ്യമായി രണ്ടുതരത്തിലാണ് സ്വാധീനിച്ചത്. സാഹിത്യസൃഷ്ടികൾ പ്രകാശിപ്പിക്കാൻ സൈബറിടം എന്ന ഒരു തുറസ്സ് ലഭ്യമാക്കിക്കൊണ്ടും, ഈ തുറസ്സിനെ പ്രമേയമാക്കിയ സാഹിത്യകൃതികൾ സൃഷ്ടിച്ചുകൊണ്ടുമാണിത്. അതിനെപ്പറ്റിയുള്ള അവലോകനമാണ് തുടർന്നുനടത്തുന്നത്.

### 3.3.1 സൈബറിടത്തിലെ മലയാളസാഹിത്യം

സൈബറിടത്തിൽ മലയാളം ദൃശ്യമാകുന്ന ഇടങ്ങൾ വെബ് സൈറ്റുകൾ, വെബ് പോർട്ടലുകൾ, ബ്ലോഗുകൾ, സാമൂഹ്യശൃംഖലാ സൈറ്റുകൾ എന്നിവിടങ്ങളിലാണ് (ഇവയെ ക്കുറിച്ച് 2-ാം അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്). ഇക്കൂട്ടത്തിൽ മലയാളം ആദ്യം പ്രത്യക്ഷപ്പെട്ടത് വെബ്സൈറ്റുകളിലാണെങ്കിലും ഇന്ന് ഏറ്റവും കൂടുതൽ ദൃശ്യമാവുന്നത് യഥാക്രമം ബ്ലോഗുകളിലും സാമൂഹ്യസമ്പർക്കസൈറ്റുകളിലുമാണ്.

#### 3.3.1.1 ബ്ലോഗ് സാഹിത്യം

ബ്ലോഗുകളിൽ പ്രത്യക്ഷപ്പെടുന്ന സാഹിത്യത്തെ ബ്ലോഗ് സാഹിത്യമെന്നോ ബൂലോകസാഹിത്യമെന്നോ വിളിയ്ക്കും. മലയാളം ബ്ലോഗുകവിതകളെ സമാഹരിച്ചുകൊണ്ട്

നടത്തിയ പഠനത്തിൽ കെ.സച്ചിദാനന്ദൻ ഇങ്ങനെ നിരീക്ഷിക്കുന്നു:

> മറ്റേതു സാഹിത്യശാഖയേയുംകാൾ കവിതതന്നെയാണ് ഈ നാലാമിടത്തെ (എന്നുവെച്ചാൽ സൈബറിടം) വേദിയാക്കിയിട്ടുള്ളതെന്ന് നിസ്സംശയം പറയാം. ഇത് മലയാളത്തെ സംബന്ധിച്ചുമാത്രമല്ല ഇതരഭാഷകളെ സംബന്ധിച്ചും നേരാണ്....... ചുരുക്കത്തിൽ ഇന്റർനെറ്റിലൂടെ സംഭവിച്ചിരിയ്ക്കുന്നത് കവിതയുടെ ഒരു വിസ്ഫോടനം തന്നെയാണ്".[8]

ബ്ലോഗുസാഹിത്യത്തിൽ കവിതകളുടെ ആധിക്യത്തിനു കാരണങ്ങളായി അദ്ദേഹം കണ്ടെത്തുന്നത് കവിത ഏറ്റവും ഹൃദയാഭിമുഖമായ - ഇന്റിമേറ്റ് ആയ ആവിഷ്കാരമാണെന്നതും, അതിന്റെ രൂപം പുതിയ സ്പെയിസിനും പുതിയ ജീവിതത്തിന്റെ വേഗത്തിനും നന്നായി ഇണങ്ങുന്നതാണെന്നതും ആണ്.

### 3.3.1.1 സൈബറിടത്തിലെ മലയാളകവിത

ബ്ലോഗുകവിതകൾ അച്ചടിക്കവിതകളിൽ നിന്നും പൂർണ്ണമായും വേറിട്ട ഒരു വ്യക്തിത്വം സ്വരൂപിച്ചിട്ടുണ്ടെന്നു പറയാനാവില്ല. എന്നാൽ ചില പൊതുസ്വഭാവങ്ങൾ കാണാവുന്നതാണ്. ഭൂതകാലഭാരം തീരെയില്ലാത്ത ബിംബങ്ങൾ, അസോസിയേഷനുകൾ, ഗദ്യതാളങ്ങൾ, ഘടനകൾ, വാഗ്സംയുക്തങ്ങൾ, ലജ്ജയില്ലാതെത്തന്നെയുള്ള ഇംഗ്ലീഷിന്റെ ഉപയോഗം, വ്യത്യസ്തമായ പ്രകൃതിയുടെയും സംസ്കാരങ്ങളുടെയും സാന്നിധ്യം ഇവയൊക്കെ ഈ രചനകൾക്ക് പുതിയൊരു 'ടെക്സ്ചർ' നൽകുന്നതായി കാണാം.[9] മലയാളത്തിലെ മുഖ്യധാരാകവിതയിൽ കാണാത്ത ഒരനുഭവലോകം ഇതിൽ പലതിലുമുണ്ട്.

---

8 കെ. സച്ചിദാനന്ദൻ, *നാലാമിടം* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു. 6.

9 ടി.

മാധ്യമവ്യവഹാരങ്ങൾ സൃഷ്ടിച്ച പ്രതീതിയുടെയും യാഥാർത്ഥ്യത്തിന്റെയും ദൃശ്യലോകത്തിരുന്നാണ് ഇവർ കവിതയുടെ പണിയാല തീർക്കുന്നത്. ഇതുവരെ നിർവ്വചിച്ചുപോന്ന പുതുകവിതയുടെ പദാവലികൾ അതുകൊണ്ടുതന്നെ ഇവരുടെ കവിതകളെ വിശകലനം ചെയ്യാൻ പോരാതെ വരുന്നു

എന്ന് നിരീക്ഷിച്ച് പുതു (ബ്ലോഗു) കവിതയെ ന്യൂമീഡിയാട്രിക് പൊയട്രി (നവമാധ്യമീകൃത കവിത) എന്ന രീതിയിലാണ് സമീപിക്കേണ്ടത് എന്ന് കവിയും മാധ്യമപ്രവർത്തകനുമായ സുധീഷ് കോട്ടേമ്പ്രം അഭിപ്രായപ്പെടുന്നു.[10] ഈ പേരിനടിസ്ഥാനം നവമാധ്യമങ്ങൾ കവിതയ്ക്ക് പ്രതലമാവുന്നതുകൊണ്ടല്ല, മറിച്ച് കവിതയുടെ ഘടനയിലും ഭാവുകത്വത്തിലും രൂപപ്പെട്ട മാധ്യമബോധത്തിന്റെ അടിസ്ഥാനത്തിലാണ്. അതിൽ പുതിയ ചിത്രകലയുടെയും പെർഫോമൻസിന്റെയും സിനിമയുടെയും ആഖ്യാനസമ്പ്രദായങ്ങളുണ്ട്. ദൃശ്യ കലകളുമായുള്ള സംവാദാത്മകബന്ധങ്ങളുണ്ട്.

അസ്ഥിരമായ ഇടങ്ങളെക്കുറിച്ചും ദേശനഷ്ടത്തെക്കുറിച്ചുമുള്ള വേവലാതി, ദൂരക്കാഴ്ചയോ വിസ്മൃതചിത്രമോ ആവുന്ന വീടനുഭവം; ദൃശ്യത്തെ ദർശനമാക്കുന്ന അവസ്ഥ; മെട്രോനഗരജീവിതത്തിലെ കെട്ടുകാഴ്ചാസംസ്കാരം; വിപരീതങ്ങളെ കൂട്ടിച്ചേർത്തുനിർമ്മിക്കുന്ന സൗന്ദര്യം; അസ്ഥിരമായ, വിപണിവല്കൃതമായ പ്രണയം; പുറത്തുനിന്നും ജന്മനാട്ടിലേക്കും വീട്ടിലേക്കുമുള്ള നോട്ടം; ആഗോളമായ മനുഷ്യാനുഭവങ്ങൾ എന്നിങ്ങനെ പോവുന്നു പ്രമേയപരമായി ഈ കവിതകൾ. വീടും നാടും വിട്ടുപോയവരുടെ (ഭൗതികമായോ മാനസികമായോ) താല്കാലിക വിശ്രമത്താവളങ്ങളായി സാമൂഹ്യശൃംഖലാസൈറ്റുകളും ബ്ലോഗുകളും ഒക്കെ മാറി. അവിടെ

---

[10] സുധീഷ് കോട്ടേമ്പ്രം, 'നവമാധ്യമകാലത്തെ കവിതയുടെ പ്രയോഗങ്ങൾ', *സമകാലികമലയാളം വാരിക,* 15, 50 (മെയ് 2012), പു. 71.

നിന്നുകൊണ്ട്, തന്നെയും വീടിനെയും വീടില്ലായ്മയെയും നാടിനെയും പ്രവാസസ്ഥലങ്ങളെയും പ്രപഞ്ചത്തെയും മനുഷ്യബന്ധങ്ങളെയും സമകാലിക ജീവിതത്തെയുമൊക്കെ വിഘടിച്ച് ശകലങ്ങളാക്കി ദർശിക്കുന്നു, ഈ ഉത്തരാധുനിക സ്ക്രീൻ ജനത. ആൾക്കൂട്ടത്തിൽ, ദേശാന്തരങ്ങളിൽ, മായക്കാഴ്ചയിൽ, പരുക്കൻ യാഥാർത്ഥ്യങ്ങളിൽ ഒറ്റപ്പെട്ടു നില്ക്കുന്ന മനുഷ്യരുടെ വേറിട്ട കാഴ്ചകളാണവ. 'ചങ്ങനാശ്ശേരി വേണ്ടെന്നു വെച്ചാലെന്ത്?' എന്ന ചോദ്യമുയർത്തിയും (ലതീഷ് മോഹൻ) കോട്ടയത്തു നിന്നൊരു ക്വാളിസ് നിറയെ സങ്കടം നിറച്ച് മരണവീട്ടിലേക്കു പോകുന്ന വണ്ടി കള്ളുഷാപ്പിലേക്ക് കരഞ്ഞിറങ്ങുന്ന ദുരന്തയാഥാർത്ഥ്യത്തെ കാണിച്ചുതന്നും (രവികുമാർ. എം.ജി), ജീവിതത്തിന്റെ അധ്യായങ്ങളായി ഷെൽഫിൽ അടുക്കിവെച്ചിരിക്കുന്ന സാരികൾക്കിടയിൽ നിന്ന് 'ജന്മം മടുത്തുവെങ്കിൽ ഞാനുണ്ട്' എന്നാശ്വസിപ്പിയ്ക്കുന്ന ഷിഫോൺ സാരിയെ കാട്ടിത്തന്നും (ദേവസേന), കൈകൾ വിരുത്തി കുന്നിറങ്ങുന്ന കാറ്റിനെപ്പോലെ നാം ചില ജീവിതങ്ങളിൽ നിന്ന് ഇറങ്ങിപ്പോകുന്നതിന്റെ അനായാസത അനുഭവിപ്പിച്ചും (സെറീന), അടിഞ്ഞിരിക്കുന്ന എലിക്കെണിയ്ക്കകത്ത് സ്വൈരസഞ്ചാരം നടത്തുന്ന ചിതലുകളെ ഓർമിപ്പിയ്ക്കുന്ന സ്വാതന്ത്ര്യം എന്ന പത്രവാർത്ത കാണിച്ചും (ടി.പി. വിനോദ്), പല ചെടികൾ നിന്നു കരിയുന്ന മീസാൻ കല്ലുകളുടെ ശ്മശാനമായ മനുഷ്യരെ അവതരിപ്പിച്ചും (കെ.പി. റഷീദ്) ഒക്കെ ബ്ലോഗു കവിത നമ്മുടെ ഭാവുകത്വത്തെ മാറ്റിമറിയ്ക്കുന്നു.

**ചില പ്രധാനകവിതാബ്ലോഗുകളും വിലാസവും**

| | |
|---|---|
| ബൂലോകകവിത | *http://boolkavitha.blogspot.in* |
| പുതുകവിത | *http://puthukavitha.blogspot.in* |
| ആനുകാലികകവിത | *http://anukalikakavitha.blogspot.in* |
| പ്രാസകവിത | *http://uaepoets.blogspot.in* |
| കാവ്യയൗവ്വനം | *http://varshikapathip2012.blogspot.in* |
| ക | *sanathanam.blogspot.com* |
| ഉമ്പാച്ചി | *http://umbachy.blogspot.in* |
| പ്രമാദം | *pramaadam.blogspot.com* |
| ലാപുട | *http://lapuda.blogspot.in* |
| അച്ചടിമലയാളം നാടുകടത്തിയകവിതകൾ | *http://vishakham.blogspot.in* |
| രാപ്പനി | *http://rappani.blogspot.in* |
| ജലത്തേക്കാൾ സാധ്യത കൂടിയ ഓർമകൾ | *http://bjunkiegypsy.blogspot.com* |
| സംക്രമണം | *http://samkramanam.blogspot.in* |
| വേരുകളിലേക്ക് തിരികെ എത്തുന്ന ഇലകൾ | *vimatham-vimatham.blogspot.com* |
| ചന്ദ്രകാന്തം | *http://chandrakaantham.blogspot.in* |
| ആകാശത്തേക്കുള്ള ഗോവണി | *akasathekkullagovani.blogspot.com* |
| അനുരണനങ്ങൾ | *http://poemsanuranangal.blogspot.in* |
| അരൂപി | *http://poems-aroopi.blogspot.in* |
| കാവ്യം സുഗേയം | *http://kavyamsugeyam.blogspot.in* |
| അലക്കിവിരിച്ചത് | *http://prabha-zacharias.blogspot.in* |

| | |
|---|---|
| *ഉറുമ്പിൻകൂട്* | *http://urumbinkoodu.blogspot.in* |
| *വൈകുന്നേരമാണ്* | *http://bvaikunneramanu.blogspot.in* |
| *എരകപ്പുല്ല്* | *http://sasiayyappan.blogspot.com* |
| *പച്ച* | *http://herberium.blogspot.com* |
| *നാക്കില* | *nakkila.blogspot.com* |
| *ഉറങ്ങുന്ന മരങ്ങൾ* | *http://sleepingwoods.blogspot.in* |
| *പൊറ്റാളിലെഇടവഴികൾ* | *http://potaal.blogspot.com* |

ബ്ലോഗുകവി വിഷ്ണുപ്രസാദ് ബ്ലോഗുകവിതയുടെ സാധ്യതകളെപ്പറ്റിയും അത് മലയാളം എത്രമാത്രം ഉപയോഗിച്ചുവെന്നതിനെപ്പറ്റിയുമുള്ള തന്റെ നിരീക്ഷണങ്ങൾ ഇങ്ങനെ അവതരിപ്പിയ്ക്കുന്നു.

> തത്സമയ സംവാദാത്മകസ്വഭാവമാണ് ഇന്റർനെറ്റ് എഴുത്തിന്റെ ഒരു പ്രധാന സവിശേഷത. ഹൈപ്പർലിങ്ക് സാധ്യതകളാണ് മറ്റൊന്ന്. ഒരു രചനയിൽ പരാമർശിക്കുന്ന ചില മുൻപിൻവിഷയങ്ങളിലേക്ക് വാക്കുകളിൽനിന്നോ വാക്യങ്ങളിൽനിന്നോ ഒരു മൗസ് ക്ലിക്കിനാൽ ചാടിപ്പോകാം. ഇങ്ങനെയുള്ള അനേകം തുറസുകൾ ഒരു രചനയ്ക്കകത്ത് എഴുത്തുകാരന് സൃഷ്ടിക്കാനാകും. ചിത്രങ്ങൾ, സംഗീതം, ഓഡിയോ, വീഡിയോ, ആനിമേഷൻ തുടങ്ങിയവ രചനയോട് ബന്ധിപ്പിക്കാനും സാധ്യമാണ്. ഇത്തരം സാധ്യതകൾ ഇന്റർനെറ്റ് മലയാളം വേണ്ടത്ര ഉപയോഗിച്ചിട്ടില്ല. ഇന്റർനെറ്റ് എഴുത്ത് അതിന്റെ ശൈശവം പിന്നിട്ടിട്ടില്ലാത്തതുകൊണ്ടാവാം ഇത്.[11]

എന്നാൽ 'ഇ.കവിത' എന്ന സവിശേഷകാവ്യമാതൃകയുടെ സ്വഭാവങ്ങളെ വിവരിച്ചുകൊണ്ട് മലയാളത്തിൽ നടന്ന അത്തരം ചില പരീക്ഷണങ്ങളെ അപഗ്രഥിയ്ക്കുന്നു വി. അബ്ദുൾ ലത്തീഫ്.[12]

---

[11] വിഷ്ണുപ്രസാദ്, 'മലയാളസാഹിത്യത്തിന്റെ പുതിയ ഭൂമിക', *ജനപഥം* പ്രത്യേകപതിപ്പ് (2012 നവംബർ).

[12] വി. അബ്ദുൾ ലത്തീഫ്, ഇ. കവിതയുടെ രൂപഘടന, *തർജ്ജനി ഓൺലൈൻ മാസിക* 8,3 (മാർച്ച് 2012).

ജാൻ വിറ്റൻസും ജാൻ വാൻ ലൂയിയും ഇ.കവിതയുടെ ലക്ഷണങ്ങളായി നിരീക്ഷിയ്ക്കുന്നവയെ അദ്ദേഹം ഇങ്ങനെ സംക്ഷേപിയ്ക്കുന്നു. ഇ.ഇടത്തിന്റെ സാദ്ധ്യതകൾ കവിതയുടെ സംവേദനക്ഷമതയോട് ചേർത്തുനിർത്തുന്ന രചനകളെയാണ് ഇ.കവിത എന്നു വിശേഷിപ്പിക്കുന്നത്.

1. ജാൻ വിറ്റൻസും ജാൻ വാൻ ലൂയിയും ഇ.കവിതയുടെ ലക്ഷണങ്ങളായി നിരീക്ഷിക്കുന്നത് ഇവയാണ്. ഇ.കവിത എഴുത്തിനും വായനയ്ക്കുമിടയിൽ ഇന്ററാക്ടീവ് ആയിരിക്കണം, ദൃശ്യശ്രാവ്യസങ്കേതങ്ങൾ ഉപയോഗിച്ചിരിക്കണം, ഇ.കവിത സഞ്ചാരസന്നദ്ധവും ചലനാത്മകവും ബഹുരൂപിയുമായിരിക്കണം. എഴുത്തുകാരനും വായനക്കാരനും വെച്ചുമാറി ഒന്നാകുന്ന രചനാ-വായനാലോകത്തിന്റെ സൃഷ്ടിയാണ് ഇ.കവിതയുടെ ഒന്നാമത്തെ സവിശേഷതയായി പരിഗണിക്കപ്പെടുന്നത്. ഒരു കവിത ഇ-ഇടത്തിൽ പ്രസിദ്ധീകരിക്കുമ്പോൾത്തന്നെ മൊബൈൽഫോണിലെ ഇ-മെയിൽ അലർട്ട് വഴി അത് വായനക്കൂട്ടത്തിലെത്തും. വായനയും പ്രതികരണങ്ങളും കവികൂടി ഇടപെടുന്ന ചർച്ചകളും അപ്പോൾത്തന്നെ ആരംഭിക്കും. ഇത്തരം ചർച്ചകൾ പിന്തുടരുന്ന അനുവാചകന് കവിതയുടെ ജ്ഞാനബോധങ്ങൾ ഏകപക്ഷീയമാവില്ല. എഴുത്തിനും വായനയ്ക്കുമിടയിൽ ഇത്തരമൊരു സംവാദം അച്ചടിരൂപത്തിൽ സാദ്ധ്യമല്ല.

2. ദൃശ്യശ്രാവ്യസങ്കേതങ്ങളുടെ ഉപയോഗം അച്ചടിക്കവിതയിൽനിന്ന് ഇ.കവിതയെ വ്യാവർത്തിപ്പിക്കുന്നതിൽ പ്രധാനമാണ്. അക്ഷരങ്ങളെക്കാൾ ഇ-ഇടത്തിൽ ശബ്ദവും ബഹുവർണ്ണദൃശ്യങ്ങളും ചലച്ചിത്രങ്ങളുമാണ് യഥാതഥം. അക്ഷരങ്ങൾതന്നെ ബഹുവർണ്ണദൃശ്യങ്ങളാണ്. കവിതയോടൊപ്പം സംഗീതം, കവിതയുടെ ആലാപനം മറ്റേതെങ്കിലും ശബ്ദങ്ങൾ എന്നിവ തനിച്ചോ ഒന്നിച്ചോ ഉൾപ്പെടുത്താം. മലയാളത്തിൽ

ബഹുവ്രീഹി എന്ന ബ്ലോഗിൽ കവിതയുടെ ലിഖിതപാഠത്തോടൊപ്പം മനോഹരമായ ആലാപനവും കേൾക്കാം. അക്ഷരങ്ങളെ പല രീതിയിൽ പ്രത്യക്ഷപ്പെടുത്താനും ചലിപ്പിക്കാനും ഇ.ഇടത്തിൽ സൗകര്യമുണ്ട്.

3. ഇ.കവിതയുടെ മറ്റൊരു സവിശേഷത അതിന്റെ ഇടം നിശ്ചിതമല്ല എന്നതാണ്. ഒരേ സമയം ഒന്നിലധികം വേദികളിൽ പ്രത്യക്ഷമാവാനുള്ള ശേഷി അതിനുണ്ട്. സ്വന്തം ബ്ലോഗിലും ഫെയ്സ്ബുക്ക് പോലുള്ള ഒന്നിലധികം സൗഹൃദക്കൂട്ടങ്ങളിലും അനേകായിരം മെയിൽബോക്സുകളിലും ഒരേ സമയം പ്രത്യക്ഷമാവാൻ ഇ.കവിതയ്ക്കാവും. പ്രത്യക്ഷമാവുന്നതുപോലെ അപ്രത്യക്ഷമാവാനും രൂപമാറ്റത്തിന് വിധേയമാവാനും ഇ.കവിതയ്ക്കു സാധിക്കും. ഇ.കവിതയുടെ ഈ കരുത്ത് കവിതയുടെ മറ്റു രൂപങ്ങൾക്കൊന്നും ഇല്ലാത്തതാണ്.

4. ഇതിനോടൊപ്പം അരേഖീയവായനയിലേക്കു നയിക്കുന്ന (None linear Reading) കണ്ണിചേർക്കലുകളുടെ (Hyperlink) സാദ്ധ്യതയും ഇ.കവിത ഉപയോഗിക്കും. കടലാസ്സിന്റെ വെളുത്ത പ്രതലത്തിലേക്ക് വലിപ്പത്തിലും നിറത്തിലും ഏകതാനമായി നിരന്നുനിൽക്കുന്ന കറുത്ത അക്ഷരങ്ങളിലൂടെ മാത്രം ആവിഷ്കരിക്കപ്പെടേണ്ട ഗതികേട് ഇ.കവിതയ്ക്കില്ല. ഒരു മൗസ് ക്ലിക്കിൽ ഏതു ദൂരത്തെയും കീഴടക്കുന്ന കണ്ണിചേർക്കൽ സങ്കേതമുപയോഗിച്ച് അക്ഷരവിന്യാസത്തോടൊപ്പം വൈവിദ്ധ്യമാർന്ന ദൃശ്യശ്രാവ്യാനുഭവങ്ങളെക്കൂടി കവിതയിൽ സന്നിവേശിപ്പിക്കാവുന്നതേയുള്ളൂ. വാക്കുകളിൽ നേരിട്ട് കണ്ണിചേർക്കുന്ന രീതി കവിതകളിൽ കാണാനായിട്ടില്ല. വിഷ്ണുപ്രസാദിന്റെ 'ഗെയിം' എന്ന കവിത ഈ സാദ്ധ്യതയെ മനോഹരമായി ഉപയോഗപ്പെടുത്തിയ രചനയാണ്. ഭാഷയ്ക്കുള്ളിൽ മറ്റൊരു ഭാഷ നിർമ്മിച്ച് ജീവിതത്തോട് വൈവിദ്ധ്യമാർന്ന വഴികളിൽ പ്രതികരിക്കുകയെന്ന

പ്രാഥമികമായ കാവ്യധർമ്മത്തെ നിലനിർത്തിക്കൊണ്ടുതന്നെ ഇ-ഇടത്തിന്റെ സംവിധാനങ്ങൾ ഭാവുകത്വനിർമ്മിതിക്കുപയോഗിക്കുകയാണ് ആകെക്കൂടി ഇ.കവിതയുടെ മർമ്മം. ഇത്തരം സൃഷ്ടികളിൽ നിന്ന് ഇ-ഇടത്തിന്റേതായ ഘടകങ്ങൾ മാറ്റിനിർത്തിയാൽ കവിതയുടെ സംവേദനക്ഷമത നിശ്ചലമാകും.

ആവിഷ്കാരമാധ്യമം കവിതയെ രൂപപരമായി സ്വാധീനിച്ചതിന്റെ ഫലമാണ് ഇ.കവിത എന്ന് വിശദീകരിച്ചശേഷം വിഷ്ണുപ്രസാദിന്റെ 'ഗെയിം' എന്ന കവിത മാത്രമാണ് ഈ വിശദീകരണത്തിനർഹത നേടുന്ന ഏകമലയാളകവിത എന്ന് വി.അബ്ദുൾ ലത്തീഫ് കണ്ടെത്തുന്നു. കാവ്യഭാവനയെ ആന്തരികമായി നിർണ്ണയിയ്ക്കുംവിധം ചിത്രങ്ങൾ വിന്യസിയ്ക്കുകയും ഹൈപ്പർലിങ്കുകളിലൂടെ കണ്ണിചേർക്കുകയും ചെയ്ത രൂപത്തിലാണ് ഇത് ഓൺലൈനിൽ പ്രത്യക്ഷമായത്.

എന്നാൽ അനുദിനം മാറിക്കൊണ്ടിരിയ്ക്കുന്ന ബ്ലോഗ്ലോകത്തെ സംബന്ധിച്ചിടത്തോളം ഈ നിരീക്ഷണം പൂർണ്ണമായി ശരിയല്ല. ഹൈപ്പർലിങ്കുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന കവിതകൾ മലയാളത്തിൽ കൂടുതലായി ഉണ്ടായിവരുന്നു. അവയെ വിശേഷിപ്പിയ്ക്കാൻ 'ഹൈപ്പർലിങ്ക് കവിതകൾ' എന്ന വിശേഷണമാണ് മലയാളത്തിൽ സമീപകാലത്ത് ഉപയോഗിച്ചുവരുന്നത്.

വിഷ്ണുപ്രസാദിന്റെ 'ശവത്തോടൊപ്പം നമ്മൾ ലിഫ്റ്റിറങ്ങുകയാണ്', എം.ആർ. വിഷ്ണുപ്രസാദിന്റെ 'ഇയാള് അയാള്', എസ്. കലേഷിന്റെ 'അങ്ങനെയിരിക്കെ മരിച്ചുപോയ ഞാൻ/നീ', വി.ബി. ഷൈജുവിന്റെ 'വീട്/മഴ നനഞ്ഞുനിൽക്കുന്ന ഒരു പശു' എന്നിവ ഹൈപ്പർലിങ്ക് കവിതകൾക്ക് ഉദാഹരണമാണ്. എൻ.എം. സുജീഷിന്റെ 'ഭൂമി-ചന്ദ്രൻ-സൂര്യൻ'

എന്ന കവിത, ഇതിന് ഒരു മികച്ച മാതൃകയാണ്.

ബ്ലോഗ്കവി അനുഭവിക്കുന്ന സ്വാതന്ത്ര്യത്തെപ്പറ്റി വിഷ്ണുപ്രസാദ് ഇങ്ങനെ വിവരിയ്ക്കുന്നു.

> എഴുത്തുഭാഷയിൽ അച്ചടിസാഹിത്യകാരനേക്കാൾ സ്വാതന്ത്ര്യം സൈബർസാഹിത്യകാരൻ അനുഭവിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അധീശസമൂഹം പടിക്കുപുറത്തു നിർത്തിയിരിക്കുന്ന വാക്കുകൾക്കും വിചാരങ്ങൾക്കും ഇവിടെ സ്ഥാനമുണ്ട്. പുതിയ എഴുത്തുകാർ ഇത് ഭംഗിയായി ഉപയോഗിക്കുന്നുമുണ്ട്. ഹരിശങ്കർ, സുബൽ, സുജീഷ്. എൻ.എം., പത്മാബാബു (എല്ലാ കവികളും ഫേസ്ബുക്കിൽ നിന്നും) തുടങ്ങിയ ഏറ്റവും പുതിയ കവികളുടെ രചനകളിൽ ശ്ലീലാശ്ലീലവരമ്പ് മുറിഞ്ഞുപോയതായി കാണാം. നവസാങ്കേതികതയുടെ അനുഭവങ്ങൾതന്നെ എഴുത്തിന്റെ വിഷയമായി വരുന്ന രചനകളുമുണ്ട്. അനൂപ്. കെ.ആറിന്റെ www.sevidosemore.com എന്ന കവിത ഇതിനുദാഹരണമാണ്. സൈൻഔട്ട് ചെയ്യാനാവാതെ ഒരു സൈബർ നഗരത്തിൽ കുടുങ്ങിപ്പോകുന്ന അവസ്ഥയെ മലയാളം ഇന്നുവരെ കണ്ടിട്ടില്ലാത്ത വിധത്തിൽ മനോഹരമായി ആവിഷ്കരിച്ചിരിക്കുന്നു.[13]

അങ്ങനെ രൂപഘടനയിൽ, ഭാഷയിൽ വിഷയസ്വീകരണത്തിൽ എല്ലാംതന്നെ സൈബർമാധ്യമങ്ങൾ കവിതയിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിയ്ക്കുകയാണ് എന്ന് നിരീക്ഷിയ്ക്കാനാവുന്നുണ്ട്.

### 3.3.1.1.2 സൈബറിടത്തിലെ മലയാളകഥ

കവിതയ്ക്കപ്പുറം ബ്ലോഗിലുള്ള സാഹിത്യം കഥയാണ്. *ബൂലോകകഥ, ബ്ലോഗ്ലോകം, മനോജ് വെങ്ങോല, ലവണതീരം, നിഴലുകൾ, വെടിക്കഥകൾ, എന്റെ സ്വപ്നം, കരിവണ്ടുകൾ, ബൈനോക്കുലർ, ഷീലാടോമി, ഏഞ്ചൽവോയ്സ് ഓൺലൈൻ,*

[13] വിഷ്ണുപ്രസാദ്, *മലയാളസാഹിത്യത്തിന്റെ പുതിയ ഭൂമിക* ,ജനപഥം പ്രത്യേകപതിപ്പ് (2012 നവംബർ).

*റോസാപ്പൂക്കൾ, സേതുലക്ഷ്മി, ആനമയിലൊട്ടകം* തുടങ്ങിയ ബ്ലോഗുകളിലാണ് കഥകൾ കാര്യമായി പ്രത്യക്ഷപ്പെടുന്നത്. ഇവയിൽനിന്നും തിരഞ്ഞെടുത്ത 14 കഥകളുടെ സമാഹാരമാണ് *പൂക്കളേക്കാൾ മണമുള്ള ഇലകൾ.*[14] ഇതിൽ മനോജ് വെങ്ങോല, നിധീഷ്.ജി, ഉബൈദ്, പ്രദീപ്കുമാർ, വിഡ്ഢിമാൻ, സുജ.ജെ.എസ്, സിയാഫ് അബ്ദുൾ ഖാദിർ, ആരിഫ് സെയ്ൻ, ഷീലാടോമി, ബിജു ഡേവിഡ്, എസ്. ജയേഷ്, റോസിലി ജോയ്, സേതുലക്ഷ്മി, വി. ജയദേവ് എന്നിവരുടെ ബ്ലോഗുകഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കഥയാണോ, ജീവിതം തന്നെയാണോ എന്ന് വിഭ്രമിപ്പിക്കുന്ന 'നോവൽ സാഹിത്യം' എന്ന മനോജ് വെങ്ങോലയുടെ കഥ ശ്രദ്ധേയമാണ്. ശിവൻ പിറക്കാട്ട് എന്ന കഥാകൃത്തിന്റെ ജീവിതമാണ് ആഖ്യാനത്തികവോടെ മനോജ് അവതരിപ്പിക്കുന്നത്. അധികാരത്തിന്റെ കനത്ത കാലടികളിൽ ചതയുന്ന അവസ്ഥാന്തരങ്ങളാണ് 'സ്പെസിഫിക്ക് ഗ്രാവിറ്റി' എന്ന ഉബൈദിന്റെ കഥ. 'ഖരമാലിന്യങ്ങൾ' ആവിഷ്കരിക്കുന്നത് സ്ത്രീ-പുരുഷ ബന്ധങ്ങളുടെ നൈമിഷികതയാണ്. 'കാസിനോ'യെന്ന കഥയിൽ ഭോഗാസക്തിയും, മസിൽപവറും, മണിപവറും തീർക്കുന്ന വിഭ്രമക്കാഴ്ച സിയാഫ് അബ്ദുൾ ഖാദർ അവതരിപ്പിക്കുന്നു. മധ്യവയസ്സിലെ പ്രണയം ഒരു സ്ത്രീയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളാണ് 'അനന്തരം' എന്ന സേതുലക്ഷ്മിയുടെ കഥയിലെ പ്രമേയം. 'പീഡനപർവ്വ'ത്തിൽ തകരാത്ത ഹൃദയവുമായി പിടിച്ചുനിന്ന ചാരുലതയുടെ കഥയാണ് റോസിലി ജോയി അവതരിപ്പിക്കുന്നത്. 'മെൽക്വിയാസിന്റെ പ്രളയപുസ്തകം' എന്ന കഥ ഡാമിന്റെ സുരക്ഷയുടെ ചർച്ചയ്ക്കായി പോവുന്ന മെൽക്വിയാസിന്റെ ജീവിതത്തിലെ അപ്രതീക്ഷിതനിമിഷങ്ങളാണ്. ഷീലാ ടോമിയാണ് കഥാകാരി. കരോൾ ബാഗ് മെട്രോസ്റ്റേഷനിലെ റിക്ഷക്കാരൻ ഗബ്രിയേലിന്റെ ജീവിതവും ഗന്ധവും, സുജ. ജെ.എസ്

[14] *പൂക്കളേക്കാൾ മണമുള്ള ഇലകൾ,* (ഇൻസൈറ്റ് പബ്ലിക, കോഴിക്കോട്, 2012).

പറയുന്നു. പ്രാന്തിപപ്പിയുടെ കഥപറയുന്ന 'രാത്രിമഴ' തീക്ഷ്ണമായ രചനയാണ്. മനോജ്. വി.സി.യുടെ ആഖ്യാനരീതി ആകർഷകമാണ്. 'മൂന്നു തെലുങ്കന്മാർ' പഴനിക്ക് പോയ കഥയാണ് എസ്. ജയേഷിന്റേത്. കച്ചവടതന്ത്രവും അഴിയാച്ചരടുകളും 'ധനസഹായം ബാർ' എന്ന കഥയിൽ ജയദേവ് വരച്ചിടുന്നു. 'സിദ്ധന്റെ കഥ'യിലൂടെ പത്രപ്രവർത്തകന്റെ നിസ്സഹായത ആരിഫ് സെയ്നും, 'ഹൈഡ്രേ' എന്ന കഥയിലൂടെ പ്രതികാരത്തിന്റെ കഥ നിധീഷ് ജി.യും ആവിഷ്ക്കരിക്കുന്നു. 'കുരിയപ്പൻ അലിയാസ് മറഡോണ'- വിശാലമനസ്കൻ എന്ന ബ്ലോഗറുടെ എഴുത്തുരീതിയോട് സാദൃശ്യമുള്ളമട്ടിൽ എഴുതപ്പെട്ട കഥയാണ്. കഥപോലെ അനുഭവപ്പെട്ടു. ബിജുഡേവിഡ് തൃശ്ശൂർ വാമൊഴി വഴക്കത്തിൽ കഥപറഞ്ഞിരിക്കുന്നു. 'മിന്നൽപ്പിണരുകൾക്കിടയിലെ ജീവൻ' എന്ന കഥ ഐ.ടി. രംഗത്തെ ശ്ലഥബന്ധങ്ങളേയും, ജോലിഭാരത്തേയും, സമ്മർദ്ദങ്ങളേയും ചിത്രീകരിക്കുന്നു.

സമകാലികമായ അച്ചടിരചനകളെ വെല്ലുവിളിയ്ക്കുന്ന ബ്ലോഗ് കഥകളെഴുതിയവരിൽ പ്രമുഖരാണ് സിമി ഫ്രാൻസിസ് നസ്രേത്ത്, സിജി, ഗുപ്തൻ, പെരിങ്ങോടൻ, വി.എം. ദേവദാസ്, രാജേഷ് വർമ്മ തുടങ്ങിയവർ. കൂടാതെ ഇബ്രു, രേഷ്മ ജന്നത്ത്, ഡാലി, ലേഖ, റഷീദ് ചാലിൽ, സുനീഷ് തോമസ് തുടങ്ങിയവർ ശ്രദ്ധേയരാണ്.

ചില പ്രധാന കഥാബ്ലോഗുകൾ, ബ്ലോഗ് എഴുത്തുകാരൻ, ബ്ലോഗ് വിലാസം എന്ന ക്രമത്തിൽ പട്ടികയാക്കി താഴെ കാണിച്ചിരിക്കുന്നു.

| | | |
|---|---|---|
| *നെല്ലിക്ക* | രാജേഷ്വർമ | *nellikka.blogspot.com* |
| *കാലിച്ചാംപൊതി* | പി.വി. ഷാജികുമാർ | *http://kodzu.blogspot.in* |
| *മൈലാഞ്ചി* | രേഷ്മ ജന്നത്ത് | *http://reshan.blogspot.in* |
| *ദൂരം* | സിജി | *sijijoy.blogspot.com* |

| | | |
|---|---|---|
| *ലസ്സി* | ജയേഷ് | *http://jayeshan.blogspot.in* |
| *കൈതമുള്ള്* | ശശി | *kaithamullu.blogspot.com* |
| *ഗുപ്തം* | മനു | *guptham.blogspot.com* |
| *സിമിയുടെ ബ്ലോഗ്* | സിമി ഫ്രാൻസിസ് നസ്രോത്ത് | *http://siminazerath.blogspot.in* |
| *ഇത്തിരിവെട്ടം* | റഷീദ് ചാലിൽ | *http://ithirivettam.blogspot.in* |
| *പെരിങ്ങോടൻ* | രാജ് നീട്ടിയത്ത് | *http://peringodan.blogspot.in* |

ബ്ലോഗുകഥകൾക്ക് അച്ചടിക്കഥയേക്കാൾ (ബ്ലോഗുകവിതകൾക്കെന്നപോലെ) നിരവധി സാധ്യതകളുണ്ട്. പാഠശീർഷകം, രൂപമാതൃക, ചിത്ര-ദൃശ്യകലകൾ ചേർക്കൽ, അക്ഷരങ്ങളുടെ വർണ്ണ-രൂപ വ്യത്യാസങ്ങൾ, ഹൈപ്പർലിങ്കുകൾ ഇവയൊക്കെ അതിൽപ്പെടുന്നു. അപൂർവ്വം ചിലർ മാത്രമേ നവമാധ്യമത്തിന്റെ ഇത്തരം സാധ്യതകൾ ഉപയോഗിച്ചിട്ടുള്ളൂ.

ഇവയുടെ ആഖ്യാനരീതിയെപ്പറ്റി പ്രമോദ് പൈമ്പ്ര ഇങ്ങനെ നിരീക്ഷിയ്ക്കുന്നു.

> കഥാകൃത്തുതന്നെ ആഖ്യാതാവാകുന്ന തന്ത്രമാണ് മിക്ക ബ്ലോഗിലും കാണുന്നത്. കഥാപാത്രങ്ങളിലൂടെ കഥ പറയുക, ഓർമ്മക്കുറിപ്പുകളുടെ രൂപത്തിലുള്ള കഥനരീതി, ബോധധാരാരീതി എന്നിവയും ബ്ലോഗിൽ സാധാരണമാണ്. പരീക്ഷണാഖ്യാനങ്ങളിലേക്ക് കടക്കാതെ ഋജുവായി കഥ പറയാനാണ് ബ്ലോഗർമാർ താൽപ്പര്യപ്പെടുന്നത്. വായനക്കാരനും, ബ്ലോഗറും ഒരേ തരംഗദൈർഘ്യത്തിൽ സഞ്ചരിച്ചിട്ടില്ലെങ്കിൽ കഥാസ്വാദനം പ്രയാസമാകും. എഴുത്തുകാരന്റെ തൊഴിലിടം, സൈബർസാങ്കേതികപദാവലികൾ എന്നിവയെക്കുറിച്ചുള്ള ധാരണ വായനക്കാരനുമുണ്ടാകണം. 'ചാറ്റൽമഴ' മാത്രം പരിചിതനായ വായനക്കാരന് "അവൻ അന്നും പതിവുപോലെ ചാറ്റാനിരുന്നു" എന്ന പ്രയോഗം ആസ്വാദ്യമാകാനിടയില്ല. "ഗൂഗിളമ്മച്ചിയുടെ പറമ്പിൽ കൊത്തും കിളയുമായി കൂടുന്നതിനുമുമ്പ്" എന്ന പ്രയോഗവും "ബ്ലോഗ് പുഴുങ്ങിയാൽ ചോറാകുമോ", "കമന്റൊഴിച്ചാൽ കറിയാകുമോ" എന്ന രൂപത്തിലുള്ള പ്രയോഗങ്ങളും ബ്ലോഗർമാർക്കിടയിൽ പതിവാണ്. മിശ്രഭാഷയാണ് കഥാഖ്യാനത്തിന് പല ബ്ലോഗർമാരും ഉപയോഗിക്കുന്നത്. ഇതു പുതുതലമുറയുടെ സംസാരഭാഷയുമാണ്. എസ്.എം.എസ്.

ഭാഷയെപ്പറ്റി ചർച്ചകൾ നടക്കുമ്പോൾ ബ്ലോഗിലെയും ഫേസ്ബുക്കിലെയും ഭാഷയെപ്പറ്റിയുള്ള പഠനവും നടത്തേണ്ടതുണ്ട്. ഭാഷയെ സൗകര്യത്തിനനുസരിച്ച് മുറിക്കുകയും വക്രീകരിക്കുകയും ചെയ്യുന്നത് ബ്ലോഗ് കഥാകാരന്മാരുടെ പതിവാണ്."[15]

ഇ. വായന വായനയെന്നതിനെക്കാൾ സ്കാനിംഗ് ആണ് എന്നു പറയാം. വായനക്കാരുടെ കണ്ണിന്റെ കൃഷ്ണമണിയുടെ ചലനത്തെയും, അവർ എത്രസമയം ഒരു പേജിൽ നില്ക്കുന്നു എന്നതിനെയും അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ പറയുന്നത് ഒരു വെബ് പേജിലെ 20 - 28% വാക്കുകളേ ഒരു ശരാശരിവായനക്കാരൻ വായിക്കുന്നുള്ളൂ എന്നാണ്. അക്ഷമരും സ്വന്തം വായനാനുഭവം സൃഷ്ടിക്കുന്നവരും ഹൈപ്പർലിങ്കുകളിലൂടെ ദ്രുതസഞ്ചാരം നടത്തുന്നവരുമാണ് ഇ. വായനക്കാർ. ഈ പ്രത്യേകത കൂടി വെബ്ബിലെ ദീർഘാഖ്യാനങ്ങളുടെയും ഗദ്യാഖ്യാനങ്ങളുടെയും സാധ്യത പരിമിതമാക്കുകയും കവിതപോലുള്ള രൂപങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം നല്കുകയും ചെയ്യുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ടാവാം. അഥവാ മറ്റൊരു രീതിയിൽപ്പറഞ്ഞാൽ സാങ്കേതികവിദ്യയാണ് സൈബറിടത്തെ കവിതയുടെ സ്വന്തം പ്രിയപ്പെട്ട ഇടമാക്കി മാറ്റിയതെന്നു പറയാം.

### 3.2.2 സൈബർസാഹിത്യം

സൈബർവിഷയകമായ സാഹിത്യത്തെയാണ് 'സൈബർസാഹിത്യം' എന്ന് വ്യപദേശിക്കുന്നത്. മുമ്പുപറഞ്ഞതിൽനിന്ന് വ്യത്യസ്തമായി മലയാളത്തിൽ ചെറുകഥകളാണ് ആദ്യമായി സൈബറിടം പ്രമേയമാക്കിയത്.

---

[15] പ്രമോദ് പൈമ്പ്ര, *'നവമാധ്യമങ്ങളിലെ കഥാലോകം'* (അപ്രകാശിതലേഖനം, ചാലക്കുടി സേക്രഡ് ഹാർട്ട് കോളേജിലെ യു.ജി.സി. നാഷനൽ സെമിനാറിൽ അവതരിപ്പിച്ചത്. ഒക്ടോബർ 30, 2013)

### 3.2.2.1 മലയാളചെറുകഥയും സൈബറിടവും

കമ്പ്യൂട്ടറുകളുടെ ലോകം മലയാള ചെറുകഥയിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങുന്നത് 1990 – കളിലാണ്. 1992 –ൽ ടി.വി. കൊച്ചുബാവ രചിച്ച 'കൊക്കരണി' എന്ന ചെറുകഥ കമ്പ്യൂട്ടറിൽ ഡിസൈൻ ചെയ്ത് കുഞ്ഞുങ്ങളെ നിർമിക്കുന്നതിനെപ്പറ്റിയാണ്. 80 – കളിൽ കമ്പ്യൂട്ടർവത്കരണത്തിനെതിരായ കേരളത്തിൽ വ്യാപകമായ രാഷ്ട്രീയ പ്രക്ഷോഭങ്ങളോടു ചേർത്തുവെച്ച് വായിക്കപ്പെടേണ്ടതാണ് ഈ കഥ. തുടർന്നുവന്ന വി. വിനയകുമാറിന്റെ 'കാശ്മീരി അംബ്രി' (1998) ആപ്പിൾ കച്ചവടം നടത്തി പൊളിഞ്ഞ അച്ഛന്റെ മകൻ ആപ്പിൾ കമ്പ്യൂട്ടർ വിറ്റ് ധനികനായിത്തീരുന്ന ചിത്രമാണ് അവതരിപ്പിയ്ക്കുന്നത്. 'തിങ്കളാഴ്ചകളിലെ ആകാശം' (1997) എന്ന സേതുവിന്റെ കഥയിലാണ് സൈബറിടം മലയാളചെറുകഥയിൽ പ്രത്യക്ഷപ്പെടുന്നത്.

90 – കളുടെ അവസാനം ഇന്റർനെറ്റിന്റെ വരവോടെ സൈബർവിഷയകമായ കഥകൾ ധാരാളം ഉണ്ടാവാൻ തുടങ്ങി. എം. നന്ദകുമാറിന്റെ 'വാർത്താളി: സൈബർ സ്പെയ്സിൽ ഒരു പ്രണയ നാടകം' (1999), സുനന്ദന്റെ 'വെള്ളിനേഴി ഡോട്ട്.കോം'(1999), വിനു എബ്രഹാമിന്റെ 'ചില പ്രീ മോഡോൺ ഇടപെടലുകൾ' (2000), സേതുവിന്റെ 'അടയാള വാക്യങ്ങൾ'(2000), ചന്ദ്രമതിയുടെ 'വെബ്സൈറ്റ്' (2000), ഐസക് ഈപ്പന്റെ 'ക്രിസ്റ്റീന റൊസേറ്റി ഇന്റർനെറ്റിൽ' (2001), ബി. മുരളിയുടെ 'ചാറ്റൽ മഴയിലെ ഏകാകി'(2001) തുടങ്ങിയ കഥകളാണ് ഈ പുതുഭാവുകത്വത്തിന്റെ അടയാളങ്ങളായി പ്രത്യക്ഷപ്പെട്ടത്. സൈബറിടം നിർമിക്കുന്ന പ്രതീതിയാഥാർത്ഥ്യവും (Virtual reality) ആഖ്യാനവും തമ്മിലുള്ള ബന്ധപ്പെടലിലൂടെ രൂപപ്പെടുന്ന സംസ്കാരം അടയാളപ്പെടുന്ന ഈ കഥകൾ ശേഖരിച്ച്

പി.കെ. രാജശേഖരൻ, *ഭാവനാതീതം : മലയാളത്തിന്റെ സൈബർ കഥകൾ* എന്ന സമാഹാരം തയ്യാറാക്കി.[16]

ഈ സമാഹാരത്തിലെ കഥകൾ ഇന്റർനെറ്റ് സൃഷ്ടിച്ച പുതിയ അന്തരീക്ഷവും യാഥാർത്ഥ്യവും അഭിമുഖീകരിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളാണ് അവതരിപ്പിക്കുന്നത്.[17]

ഈ കഥകളെ അവതരിപ്പിച്ചുകൊണ്ട് പി.കെ.രാജശേഖരൻ നിരീക്ഷിയ്ക്കുന്നത് ഇവ ഉത്തരാധുനികതയുടെ ഭാഗമായി മലയാളത്തിൽ വരുന്ന മാറ്റം അടയാളപ്പെടുത്തുന്നു എന്നാണ്.... രണ്ടാം മാധ്യമയുഗത്തിന്റെ ഭാഗമാണ് ഈ കഥകൾ. ആധുനികതയുടെ ഭാഗമായ സ്ഥാപനങ്ങളും വ്യവഹാരങ്ങളും നിർമ്മിച്ച കർത്തൃത്വങ്ങളിൽനിന്ന് വ്യത്യസ്തമായ പുതുകർത്തൃത്വങ്ങളാണ് ഇവിടെയുള്ളത്...[18]

സി.പി.ബിജുവിന്റെ 'ചരക്ക്'[19] എന്ന കഥ ഇന്റർനെറ്റിലെ 'റെന്റ് എ മെയ്ൽ' സർവ്വീസ് ഉപയോഗിച്ച് ഒരു ആണിനെ വാടകയ്ക്കെടുക്കുന്ന ചാരുവിന്റെ കഥയാണ്. ബിജുവിന്റെ തന്നെ മറ്റൊരു കഥയായ 'വാതപ്പരു'[20] പി.വി.ഷാജികുമാറിന്റെ 'രൂപങ്ങൾ'[21] എന്നീ കഥകളിൽ മുഖ്യകഥാപാത്രങ്ങൾ ക്യാമറയും യൂട്യൂബുമാണ്. സേതുവിന്റെ 'മറ്റൊരു ഡോട്ട്കോം സന്ധ്യയിൽ'[22] ചാറ്റിങ്ങിലൂടെ ഗർഭം ധരിച്ച 'എങ്കിലും ചന്ദ്രിക'യുടെയും സൈബർസ്പേസിലിരുന്ന് ഓടക്കുഴലൂതി രാസക്രീഡ നടത്തുന്ന രമണന്റെയും കഥയാണ്.

---

16 പി.കെ. രാജശേഖരൻ - *ഭാവനാതീതം: മലയാളത്തിലെ സൈബർ കഥകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2005).

17 ടി.

18 പി.കെ. രാജശേഖരൻ - *ഏകാന്തനഗരങ്ങൾ* (ഡി.സി. ബുക്സ്, കോട്ടയം, 2005).

19 സി.പി.ബിജു, *ചരക്ക്*, (ഡി.സി. ബുക്സ്, കോട്ടയം, 2009), പു. 55.

20 ടി, പു. 91.

21 പി.വി.ഷാജികുമാർ, *വെള്ളരിപ്പാടം* (ഡി.സി.ബുക്സ്, കോട്ടയം, 2009) ,പു. 43.

22 സേതു, *മറ്റൊരു ഡോട്ട്കോം സന്ധ്യയിൽ* (കറന്റ് ബുക്സ്, തൃശ്ശൂർ, 2002) ,പു. 49.

“നിനക്കെപ്പോഴും നിന്റെ ചെമ്മരിയാടുകളും നിന്റെ താഴ്വാരവും ഓടക്കുഴലും മാത്രം, രമണാ” ചന്ദ്രിക ഒരിക്കൽ പരാതി പറഞ്ഞു.

> ഉവ്വ് മറ്റൊന്നുകൂടിയുണ്ട്, അയാൾ മറുപടി പറയാനാഞ്ഞു. അതിരുകളില്ലാത്ത സ്ഥലരാശി, പുതിയ കാലം, പുതിയ മാത്രകൾ, പുതിയ വിതാനങ്ങൾ. ഈ മഹാപ്രപഞ്ചമാകെ എന്റെ വിരൽത്തുമ്പിൽ.[23]

അതെ, അതാണ് സൈബറിടം. അതിരുകളില്ലാത്ത, എല്ലാത്തിനെയും വിരൽത്തുമ്പിൽ നിർത്തുന്ന മഹാകാശം. അതിനെക്കുറിച്ച് മലയാളചെറുകഥ പലപ്പോഴും ആധിപ്പെട്ടു, അത്ഭുതം കൂറി, ആശങ്കിച്ചു, പേടിച്ചു, വരാൻ പോകുന്ന സമഗ്ര പരിവർത്തനങ്ങളെപ്പറ്റി പ്രവചനാത്മകമായി സംസാരിച്ചു.

### 3.2.2.2 മലയാളനോവലും സൈബറിടവും

മലയാളനോവലിൽ അങ്ങിങ്ങായി പ്രത്യക്ഷപ്പെട്ട പരാമർശങ്ങൾക്കപ്പുറത്ത് പ്രധാനമായും മൂന്നുനോവലുകളിലാണ് സൈബറിടം അതിശക്തമായി പ്രമേയതലത്തിൽ പ്രത്യക്ഷപ്പെടുന്നത്. എം. മുകുന്ദന്റെ *നൃത്തം*[24], ടി.ഡി. രാമകൃഷ്ണന്റെ *ഫ്രാൻസിസ് ഇട്ടിക്കോര*[25], ബെന്യാമിന്റെ *മഞ്ഞവെയിൽ മരണങ്ങൾ*[26] എന്നിവയാണവ.

‘മലയാളത്തിലെ ആദ്യത്തെ സൈബർനോവൽ’ എന്നാണ് ‘നൃത്ത’ത്തെ പി.കെ. രാജശേഖരൻ വിശേഷിപ്പിക്കുന്നത്[27]. അതുവരെ അപരിചിതമായിരുന്ന ‘സൈബർസ്പേസ്’

---

[23] ടി.

[24] എം. മുകുന്ദൻ, *നൃത്തം* (ഡി.സി. ബുക്സ്, കോട്ടയം, 2003(2000)).

[25] ടി.ഡി. രാമകൃഷ്ണൻ, ഫ്രാൻസിസ് ഇട്ടിക്കോര (ഡി.സി. ബുക്സ്, കോട്ടയം, 2009).

[26] ബെന്യാമിൻ, *മഞ്ഞവെയിൽ മരണങ്ങൾ* (ഡി.സി. ബുക്സ്, കോട്ടയം,2010).

[27] പി.കെ. രാജശേഖരൻ, ‘നൃത്തം പ്രതീതി യാഥാർത്ഥ്യം. നോവൽ’, *ഏകാന്തനഗരങ്ങൾ* (ഡി.സി. ബുക്സ്, കോട്ടയം.2005).

എന്ന പുതിയ തുറസ്സിലേക്ക് ഈ നോവൽ മലയാളഭാവനയെ നീക്കിനിർത്തുന്നു. ഇവിടെ യാഥാർത്ഥ്യം എന്നാൽ പ്രതീതയഥാർത്ഥ്യ(Virtual reality)മാണ്. ഈ കൃതി മലയാള നോവലിന്റെ ചരിത്രത്തിൽ വിപുലനവും അതോടൊപ്പം വിച്ഛേദവും സൃഷ്ടിക്കുന്നു.

ശ്രീധരനും അഗ്നിയും sreedharantp@hotmail.com, agni@gmail.com എന്നീ ഇ.മെയ്ൽവിലാസങ്ങളായി സൈബറിടത്തിൽവെച്ച് കണ്ടുമുട്ടുന്നു. 48-ാം വയസ്സിൽ 'നാടിന്റെ പേരില്ലാത്ത' ഒരു പുതിയ മേൽവിലാസം (ഇ.മെയിൽ വിലാസം) ലഭിച്ച ശ്രീധരന് മൂന്നുമാസം കഴിഞ്ഞപ്പോൾ 'അഗ്നി'യുടെ ഒരു ഇ.തപാൽ ലഭിയ്ക്കുന്നു. 'എന്നെ വിശ്വസിക്കുക, നെറ്റിലെ സത്യമാണു ഞാൻ' എന്ന പരിചയപ്പെടുത്തലോടെ (സൈബറിടത്തിൽ) വന്നെത്തിയ അഗ്നി ഒരു നർത്തകനാണ്. കേരളത്തിലെ ഒരു പുഴയുടെ കരയിൽ ജനിച്ച കളരിയഭ്യാസിയായ ബാലകൃഷ്ണനെ 'അഗ്നി'യാക്കി യൂറോപ്പിലെത്തിച്ചത് പാട്രിക് റൊഡോൾഫ് എന്ന നർത്തകനാണ്. ഇപ്പോൾ എയ്ഡ്സ് രോഗിയായ അഗ്നി തന്റെ ജീവിതകഥ, ഭൂമിശാസ്ത്രപരമായ അടയാളപ്പെടുത്തലുകളില്ലാതെ ചുരുക്കിപ്പറയുന്നു. അഗ്നിയുടെ ചിത്രം ആവശ്യപ്പെട്ട ശ്രീധരന് അയാൾ തന്റെ കമ്പ്യൂട്ടർ ഗ്രാഫിക്സ് ഹാസ്യചിത്രം അയച്ചുകൊടുത്ത് സൈബറിടത്തിൽ അപ്രത്യക്ഷനാവുന്നു.

ശ്രീധരന് ഒരു സൈബർസ്വത്വം ഉണ്ടായതാണ് കഥയുടെ ആരംഭബിന്ദു. സൈബർസ്വത്വത്തിനപ്പുറത്ത് നമുക്ക് ശ്രീധരനെപ്പറ്റി ഒന്നുമറിയില്ല. അതുതന്നെയാണ് അദ്ദേഹം ഇന്റർനെറ്റിലൂടെ പരിചയപ്പെടുന്ന 'അഗ്നി'യുടെ കഥയും. അഗ്നി പറയുന്ന കഥ കേൾക്കുക എന്നതിനപ്പുറം ഇങ്ങനെയൊരാളുണ്ട് എന്നോ ഉണ്ടെങ്കിൽ എവിടെയാണുള്ളത് എന്നോ ഒന്നും നമുക്ക് പറയാനാവില്ല. എന്നുവെച്ചാൽ ഒരുതരം പുതിയ കർത്തൃത്വങ്ങൾ ആണവർ.

ഉത്തരാധുനികതയുടേത് ബഹുലവും അസ്ഥിരവും വ്യാപാനസ്വഭാവമുള്ളതുമായ കർത്തൃത്വങ്ങളാണ്..............ഇന്റർനെറ്റിലെ വിനിമയ സാധ്യതകളിൽ നാം നമ്മുടെ സ്വത്വത്തെ വാക്കുകളായി മാറ്റുന്നു. ശ്രീധരനും അഗ്നിയും ചെയ്യുന്നത് അതാണ്.[28]

സാങ്കേതികവിദ്യയും മുതലാളിത്തവും ഉപഭോഗസംസ്കാരവും കൈകോർക്കുന്ന ആഗോളഗ്രാമത്തെ, അതിന്റെ പ്രതീതയാഥാർത്ഥ്യമായ സൈബറിടത്തെ ഒക്കെ നോവലിസ്റ്റ് ഭയം കലർന്ന സംശയത്തോടെ വീക്ഷിക്കുന്നു. അത് മൂന്നാം ലോകത്തുനിന്നു വന്നെത്തിയ ബാലകൃഷ്ണനെ, വേരുകളില്ലാത്ത ആഗോളപൗരനാക്കി, നെറ്റിസനാക്കി ഒടുവിൽ എയ്ഡ്സ് സമ്മാനിക്കുന്നു. ബന്ധങ്ങളില്ലാതെ, വേരുകളില്ലാതെ, അപരിചിതമായ ഭൂഭാഗങ്ങളിലും അതിരുകളില്ലാത്ത സൈബറിടത്തിലും അയാൾ അലഞ്ഞുനടക്കുന്നു.

മറ്റാരുമില്ലാത്ത ഒരു മുറിയിൽ മടിയിൽ ഒരു ലാപ്ടോപ് കമ്പ്യൂട്ടറുമായി ഇരിക്കുന്ന എനിക്ക് ആരോടെങ്കിലും കഥ പറയണം. അതിനു വേണ്ടി താങ്കളെ സമീപിക്കുമ്പോൾ താങ്കൾ അതിനു തയ്യാറാകുമോ എന്നു ഞാൻ സംശയിച്ചിരുന്നു. താങ്കൾക്കയച്ചതുപോലുള്ള ടെസ്റ്റ് മെസേജുകൾ പല മേൽവിലാസങ്ങളിലുമായി പലർക്കും ഞാൻ അയച്ചിരുന്നുവെങ്കിലും താങ്കൾ മാത്രമാണ് പ്രതികരിച്ചത്. താങ്കൾ ഏതു രാജ്യത്താണെന്ന് എനിക്കറിയില്ല. അതുപോലെ ഞാൻ എവിടെയാണെന്ന് താങ്കൾക്കും അറിയില്ലല്ലോ.[29]

ലോകം മുഴുവൻ കറങ്ങിയ, ധനികനും പ്രസിദ്ധനർത്തകനുമായ അഗ്നിയ്ക്ക് യഥാർത്ഥത്തിൽ ആരുമില്ല. ഏതൊക്കെയോ ഹോട്ടൽമുറികളിൽ, ഏതൊക്കെയോ രാജ്യങ്ങളിൽ അലയുന്നു. സ്വന്തം കഥ കേൾക്കാൻ യഥാർത്ഥജീവിതത്തിൽ ഒരാളെ കിട്ടാനില്ല. അങ്ങനെയാണ് സൈബറിടത്തിൽ അതിനായി പരതാൻ ഇറങ്ങിയത്. ആർക്കും ആരുടെയും കഥ കേൾക്കാൻ സമയമില്ലാത്ത ലോകത്ത് അപരിചിതനായ ശ്രീധരൻ മാത്രമേ

[28] പി.കെ. രാജശേഖരൻ, *നൃത്തം@ പ്രതീതിയാഥാർത്ഥ്യം. നോവൽ, ഏകാന്തനഗരങ്ങൾ* (ഡി.സി. ബുക്സ്, കോട്ടയം,2005)

[29] എം. മുകുന്ദൻ, *നൃത്തം* (ഡി.സി.ബുക്സ്, കോട്ടയം, 2003 (2000), പു.13.

അഗ്നിയോടു പ്രതികരിക്കുന്നുള്ളൂ. “നമ്മൾ നെറ്റിലെ പൗരൻമാരാണ്. നമുക്ക് നാടും വീടുമില്ല.”[30] മറ്റൊരിടത്ത് അഗ്നി ഇങ്ങനെ പറയുന്നു.

> യഥാർത്ഥത്തിൽ ഞാൻ എവിടെ നിന്നാണ് വരുന്നത് എന്ന് ആരെങ്കിലും ചോദിച്ചാൽ എന്താണ് ഞാൻ മറുപടിപറയുക? ഏതാണ് എന്റെ രാജ്യം? കഴിഞ്ഞ പതിനാറു കൊല്ലങ്ങൾക്കിടയിൽ ലോകത്തിന്റെ വലിയൊരുഭാഗം ഞാൻ സഞ്ചരിച്ചു കഴിഞ്ഞിരിക്കുന്നു. എനിയ്ക്ക് നാടില്ല, ലോകമേയുള്ളൂ എന്നു പറയുന്നതല്ലേ ശരി?[31]

തന്റെ ചിത്രം ആവശ്യപ്പെട്ട ശ്രീധരന് ഒരു ഗ്രാഫിക്സ് കോമഡിചിത്രം അയച്ചുകൊടുത്തുകൊണ്ട് പറഞ്ഞതും ഇതുതന്നെ. “നാടിന്റെ പേരോ വീടിന്റെ പേരോ ഇല്ലാത്ത ഒരു വെറും ഇ-മെയിൽ വിലാസം മാത്രമാണുഞാൻ. എനിയ്ക്ക് കയ്യൊപ്പുപോലുമില്ല”[32]. ഇത്രയും പറഞ്ഞ് ആ ഇമെയ്ൽ വിലാസം മായ്ച്ച് അഗ്നി സൈബർസ്പേസിൽ മായുന്നു.

> സങ്കീർണ്ണമായ ചോദ്യങ്ങളുടെ ഈ സന്നിധിയിൽ വായനക്കാരെ വിട്ടുകൊണ്ടാണ് അഗ്നിയും ശ്രീധരനും മുകുന്ദനും വിടവാങ്ങുന്നത്. പ്രതീതി സംസ്കാരത്തിന്റെ സ്വഭാവമാണ് ഈ അനിശ്ചിതത്വം. ‘നൃത്ത’ത്തിലൊരിടത്ത് നോവലിസ്റ്റ് പറയുന്നതുപോലെ ‘തത്വ’ വിചാരങ്ങളുടെ ഘാതകനാണ് കമ്പ്യൂട്ടർ.[33]

‘നൃത്ത’ത്തെക്കുറിച്ച് പി.കെ. രാജശേഖരൻ എഴുതിയ പഠനത്തിലെ അതിഭാവുകത്വത്തോട് താൻ വിയോജിക്കുന്നുവെന്ന് ജി. മധുസൂദനൻ പ്രസ്താവിക്കുന്നു.

> ഇന്റർനെറ്റ് തുറന്നിടുന്ന ഇന്ററാക്ടിവിറ്റി പുതിയ തരം സ്വത്വ - കർത്തൃത്വനിർമിതികൾ സാധ്യമാക്കുന്നതിനെക്കുറിച്ച് രാജശേഖരൻ പറയുന്നു.

---

[30] ടി., പു. 13.

[31] ടി., പു. 91, 92.

[32] ടി., പു. 95.

[33] പി.കെ. രാജശേഖരൻ, ‘നൃത്തം@ പ്രതീതിയാഥാർത്ഥ്യം. നോവൽ’, *ഏകാന്തനഗരങ്ങൾ* (ഡി.സി. ബുക്സ്, കോട്ടയം,2005), പു. 170.

സൈബർസ്പേസിന്റെ വിമോചനസാധ്യതകളിൽ വിശ്വസിക്കുന്ന ഒരു കൂട്ടം സൈദ്ധാന്തികരുടെ നിരീക്ഷണങ്ങൾക്ക് ഇവിടെ അദ്ദേഹം അടിവരയിടുന്നു....... സൈപർസ്പേസ് തുറന്നിടുന്ന ഭാവനയുടെ പുതിയ തുറസ്സുകൾ ജീവിതത്തിന്റെ യാഥാർത്ഥ്യത്തെ തേടുകതന്നെ വേണം. അപ്പോഴേ നല്ല സാഹിത്യമുണ്ടാവുകയുള്ളൂ.[34]

സൈബറിടം തുറന്നിടുന്ന യാഥാർത്ഥ്യത്തിനപ്പുറത്ത് യഥാർത്ഥജീവിതവുമായി അഥവാ പ്രതീതയാഥാർത്ഥ്യത്തിനപ്പുറത്ത് ജീവിതയാഥാർത്ഥ്യവുമായി ഭാവന നേരിടുകയാണ് സാഹിത്യത്തിൽ വേണ്ടത് എന്നാണ് ജി. മധുസൂദനൻ അഭിപ്രായപ്പെടുന്നത്.

ഇ. മെയിൽ ആഖ്യാനത്തിന്റെ പുതുമ ഒന്നു മാത്രമാണ് 'നൃത്ത'ത്തെ ശ്രദ്ധേയമാക്കുന്നത്. കാരണം ഫാഷൻപരേഡുകളിലൂടെയും സിനിമകളിലൂടെയും മറ്റും ഇതിനകം മാറിക്കഴിഞ്ഞ സൗന്ദര്യസങ്കല്പങ്ങളും, എയ്ഡ്സ് ഒരു പാശ്ചാത്യരോഗമല്ലാതായിക്കഴിഞ്ഞ വർത്തമാനാവസ്ഥയും വെച്ചുനോക്കുമ്പോൾ 'നൃത്ത'ത്തിന്റെ പ്രമേയത്തിൽ പുതിയതായി ഒന്നും കാണാനാകില്ല. എന്നാൽ അതിന്റെ ആഖ്യാനത്തെക്കുറിച്ചു ചിന്തിക്കുന്നതിലൂടെ നമുക്ക് സാഹിത്യത്തിൽ സാങ്കേതികതയുടെ പുതിയ ഇടപെടലുകളെക്കുറിച്ച് ആലോചിക്കാൻ കഴിയും.

എന്നാണ് രഘുനാഥൻ പറളി അഭിപ്രായപ്പെടുന്നത്.[35] ആഖ്യാനകല മാത്രമായി സാഹിത്യം നിലനിൽക്കില്ല. ഇ.മെയ്ൽ സങ്കേതം തന്നെ സാഹിത്യത്തിലെ വിരസമായ ക്രാഫ്റ്റായിത്തുടങ്ങി.

നൃത്തം എന്ന നോവൽ എങ്ങനെ ഒരു സാങ്കേതികവസ്തുവായിത്തീരുന്നുവെന്നോ, അല്ലെങ്കിൽ സാഹിത്യകല എങ്ങനെ സാങ്കേതികതയുടെ കലയായിത്തീരുന്നുവെന്നോ അന്വേഷിക്കുമ്പോൾ (പി.കെ. രാജശേഖരൻ) സാഹിത്യനിരൂപണം സാങ്കേതികതയുടെ നിരൂപണമായിത്തീരുകയാണ്. അവിടെ സാഹിത്യകല സാഹിത്യകലയല്ലാതായി ത്തീരുകയാണ്

[34] ജി. മധുസൂദനൻ, 'പ്രതീതിയാഥാർത്ഥ്യത്തിനു ശേഷം', *ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ* (ഡി.സി. ബുക്സ്, കോട്ടയം, 2006), പു. 96,97.

[35] രഘുനാഥൻ പറളി, 'സാഹിത്യത'യും സാങ്കേതികതയും', *ഭാവിയുടെ ഭാവന* (ഡി.സി. ബുക്സ്, കോട്ടയം),പു. 113.

എന്നും പറയാം. ആ അർത്ഥത്തിൽ 'സൈബർനോവൽ' എന്ന വിശേഷണമെല്ലാം പരസ്യത്തിനുമാത്രമാകും ഏറെ ഉപയുക്തമാവുക[36]

ഏതാണ്ടിതേ അഭിപ്രായം തന്നെയാണ് ബാലചന്ദ്രൻ വടക്കേടത്തും പ്രകടിപ്പിക്കുന്നത്. നൃത്തം ഒരു സൈബർനോവലല്ല എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.[37]

ഈ അഭിപ്രായങ്ങൾ പരിശോധിക്കുമ്പോൾ ഖണ്ഡിതമായി പറയാവുന്ന ചില വസ്തുതകളുണ്ട്. കേവലം ഇ. മെയ്ൽ സങ്കേതമുപയോഗിച്ചതുകൊണ്ടു മാത്രമല്ല നൃത്തം സൈബർനോവലാണെന്നു വിശേഷിപ്പിക്കപ്പെട്ടത്, മറിച്ച് സൈബറിടം എന്ന പ്രതീതയാഥാർത്ഥ്യമേഖല നോവലിലെ പ്രധാനപ്രമേയത്തിന് അടിത്തറയാവുന്നതുകൊണ്ടാണ്. ശ്രീധരൻ സൈബറിടത്തിലെത്തിപ്പെട്ടതുകൊണ്ടുമാത്രമാണ് അഗ്നിയെ പരിചയപ്പെടുന്നത്. അത് അയാളെ മാറ്റിമറിക്കുന്നു. അഗ്നി യഥാർത്ഥ ജീവിതസ്വത്വത്തെക്കാൾ സൈബർസ്വത്വമാണ് കൈക്കൊള്ളുന്നത്. നാടും, വീടും, നിരത്തും, പോസ്റ്റോഫീസും, പിൻകോഡും ഒക്കെയുള്ള ദേശീയസ്വത്വങ്ങളേക്കാൾ ഇരുവരും സൈബർസ്വത്വങ്ങളായി നോവലിൽ ജീവിക്കുന്നു. അതുകൊണ്ടുതന്നെ വെറും ആഖ്യാനത്തിൽ ഇ. മെയ്ൽസങ്കേതമുപയോഗിച്ചു എന്നതിനേക്കാൾ പ്രമേയത്തെ നിർണ്ണയിക്കുന്ന മുഖ്യഘടകമായി സൈബറിടം നിലനില്ക്കുന്നതിനാൽ 'നൃത്ത'ത്തെ 'സൈബർനോവൽ' എന്നു വിശേഷിപ്പിക്കുന്നത് ഉചിതമാണ്.

പാഠങ്ങളെ റൊളാങ് ബാർത്ത് 'റീഡർലി ടെക്സ്റ്റ്', 'റൈറ്റർലി ടെക്സ്റ്റ്' എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു.[38] റീഡർലി ടെക്സ്റ്റിനെ വായനക്കാരൻ രേഖീയമായി

---

36 ടി.

37 ബാലചന്ദ്രൻ വടക്കേടത്ത്, *കൂട്ടിവായന* (ഡി.സി. ബുക്സ്.).

38 Roland Barthes, *S/Z An Essay* (Hill and Wang, New York, 1974).

വായിക്കുന്നു. ഇത് അച്ചടിയുടെ മട്ടിലുള്ള ലളിതമായ വായനാരീതിയാണ്. ഇവിടെ വായനയെ നയിക്കുന്നത് എഴുത്തുകാരനാണ്. എന്നാൽ ഹൈപ്പർലി ടെക്സ്റ്റ് ഇലക്ട്രോണിക് സാഹചര്യത്തിലുള്ള വായനയാണ്. മറ്റു നിരവധി ലിങ്കുകളുമായി ബന്ധിച്ചുനടത്താവുന്ന 'അതിവായന'(hypertext reading/തിരവായന)യാണത്. 'നൃത്തം' ഈ മട്ടിൽ ഒരു ഹൈപ്പർലി ടെക്സ്റ്റാക്കി, ഹൈപ്പർലിങ്കുചെയ്ത് തയ്യാറാക്കാവുന്നതേയുള്ളൂ എന്ന് പി.കെ. രാജശേഖരൻ നിരീക്ഷിക്കുന്നു.[39]

ഈ മട്ടിൽ തയ്യാറാക്കപ്പെടുന്ന നോവലുകളെ 'ഹൈപ്പർടെക്സ്റ്റ് നോവലുകൾ' എന്നുവിളിക്കുന്നുണ്ട്. മലയാളത്തിൽ ഹൈപ്പർടെക്സ്റ്റ് നോവലിന്റെ മാതൃകയിൽ തയ്യാറാക്കി അച്ചടിപ്പുസ്തകമായി പ്രസിദ്ധീകൃതമായ മറ്റൊരു സൈബർനോവലാണ് ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര'.[40]

> ചരിത്രവും ഗണിതശാസ്ത്രവും സംഗീതസാന്ദ്രമാകുന്ന രതിസാമ്രാജ്യവുമാണ് ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവൽ .... 15-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു എന്ന് വിശ്വസിക്കപ്പെടുന്ന 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നായകൻ വളർന്നുവലുതായി ഇതിഹാസമാനമുള്ള കഥാപാത്രമായി പരിണമിക്കുന്നു. ആ വളർച്ച മലയാളനോവലിന്റെ ആഖ്യാനപരവും സൗന്ദര്യശാസ്ത്രപരവുമായ വളർച്ചതന്നെ[41]

എന്ന് കെ. എൻ. ഷാജി അഭിപ്രായപ്പെടുന്നു. പി.കെ. ശ്രീകുമാർ നോവലിനെ വിലയിരുത്തുന്നത് ഇങ്ങനെയാണ്:

> കത്തോലിക്കസഭയുടെ മതാത്മകജ്ഞാനാധികാര/ ആധിപത്യത്തെ തകർക്കുകയും അതേസമയം ശാസ്ത്രീയമായ അറിവധികാരത്തിന്റെ കേരളീയബ്രാഹ്മിനിക്കൽ

[39] പി.കെ. രാജശേഖരൻ, *ഏകാന്തനഗരങ്ങൾ* (ഡി.സി. ബുക്സ്, കോട്ടയം,2005).

[40] ടി.ഡി. രാമകൃഷ്ണൻ, ഫ്രാൻസിസ് ഇട്ടിക്കോര (ഡി.സി. ബുക്സ്, കോട്ടയം, 2009).

[41] കെ.എൻ. ഷാജി, 'കോരപ്പാപ്പന് ഒരു സ്തുതിഗീതം',*പച്ചക്കുതിര* ( നവംബർ, 2009).

അധീശത്വത്തെ കൃത്യമായി പൊളിയ്ക്കുകയും ചെയ്യുന്നുണ്ട് ഫ്രാൻസിസ് ഇട്ടിക്കോര എന്ന പ്രാദേശിക-ആഗോളക്രിസ്ത്യൻ മിത്ത്.[42]

അനുകൂലവും പ്രതികൂലവുമായ നിരവധി പ്രതികരണങ്ങൾ ഉളവാക്കിയ ഈ കൃതി കേരളീയവായനാസമൂഹം സ്വീകരിച്ചു. "മലയാളവായനക്കാരുടെ ഉറക്കം കെടുത്താൻ പോന്ന പ്രഹരശേഷി ഉൾക്കൊള്ളുന്നതെന്ന്"[43] വിശേഷിപ്പിക്കപ്പെട്ട ഈ നോവൽ ഉള്ളടക്കം രൂപം, ആഖ്യാനരീതി എന്നീ മേഖലകളിലെല്ലാം ദൃശ്യമായ സൈബർസ്വാധീനം മൂലം 'സൈബർനോവൽ' എന്ന വിശേഷണത്തിന് സർവ്വഥാ യോഗ്യമാണ്.

നോവലിൽ നിറഞ്ഞുനില്ക്കുന്ന കേന്ദ്രകഥാപാത്രം 1456 - ൽ കുന്നംകുളത്ത് ജനിച്ച (1517 - ൽ ഇറ്റലിയിലെ ഫ്ളോറൻസിൽ ജനിച്ചതായി നോവലിസ്റ്റ് പറയുന്ന) 'ഫ്രാൻസിസ് ഇട്ടിക്കോര'യെന്ന ആഗോളകുരുമുളകുവ്യാപാരിയാണ്. അദ്ദേഹത്തിന് 18 നാടുകളിൽ 18 സ്ത്രീകളിൽ നിന്നായി ഉണ്ടായ 79 സന്താനങ്ങളുടെയും അവരുടെ സന്തതിപരമ്പരകളുടെയും ജീവിതമാണ്, ആചാരവൈചിത്ര്യങ്ങളാണ് നോവലിലെ കഥാവിഷയം. ആ സന്തതിപരമ്പര " പതിനെട്ടാം കൂറ്റുകാർ' എന്ന രാഷ്ട്രാന്തരഗോത്രമായി മാറുന്നു. ഫ്രാൻസിസ് ഇട്ടിക്കോരയുടെ സന്തതിപരമ്പരയിൽ ഫ്ളോറൻസിൽ ജനിച്ച് അമേരിക്കയിലെ ബ്രൂക്ക്ലീനിലേക്കു കുടിയേറിപ്പാർത്ത ഒരമ്മയുടെ മകനായ 'സേവ്യർ ഫെർണാണ്ടസ് ഇട്ടിക്കോര' എന്ന 24 - കാരനെ അവതരിപ്പിച്ചാണ് നോവൽ തുടങ്ങുന്നത്. ഇറാഖ് യുദ്ധത്തിൽ അമേരിക്കൻ സൈന്യത്തിൽ ചേർന്ന അയാൾ, ഫലൂജയിലെ ഒരു തെരച്ചിലിനിടെ നടത്തിയ ബലാൽസംഗത്തിൽ ഒരു ഇറാഖി പെൺകുട്ടി മരിച്ചു. തുടർന്ന് സേവനനിവൃത്തനാക്കപ്പെട്ട സേവ്യർ ഇട്ടിക്കോര ഒരു വർഷത്തെ

[42] പി.കെ. ശ്രീകുമാർ, 'ചരിത്രഫ്രാൻസിന്റെ ഗണിതവായന' മാതൃഭൂമി ആഴ്ചപ്പതിപ്പ്.

[43] പി.കെ. ശ്രീകുമാർ, 'ചരിത്രഫ്രാൻസിന്റെ ഗണിത വായന', മാതൃഭൂമി ആഴ്ചപ്പതിപ്പ്.

മനോരോഗചികിത്സയ്ക്കുശേഷം സാധാരണനിലയിൽ ആയെങ്കിലും അയാളുടെ ലൈംഗികശേഷി നഷ്ടപ്പെട്ടിരുന്നു. ന്യൂയോർക്കിലെ 'കാനിബാൾസ്.കോം'- കാരുടെ സങ്കേതത്തിൽ ആഴ്ചയിൽ ഒരിക്കലുള്ള മനുഷ്യമാംസവിരുന്നും മറ്റുമായി കഴിയുമ്പോൾ, ലൈംഗികശേഷി തിരികെ കിട്ടാൻവേണ്ടി അയാൾ നടത്തിയ ഇന്റർനെറ്റ് തെരച്ചിൽ കൊച്ചിയിൽ ഉന്നതൻമാർക്കുവേണ്ടി അഭ്യസ്തവിദ്യരായ മൂന്ന് സ്ത്രീകൾ നടത്തിയിരുന്ന 'ദ് സ്കൂൾ' എന്ന 'ഹൈടെക്' രതിവിപണനസ്ഥാപനത്തിൽ ചെന്നെത്തി. കൊച്ചി സന്ദർശിക്കുന്നതിനുള്ള തയ്യാറെടുപ്പിൽ 'ദ് സ്കൂൾ'-ന്റെ തലപ്പത്തിരുന്ന രേഖയ്ക്ക് സേവ്യർ ഇട്ടിക്കോര അയക്കുന്ന ഇ-മെയിലുകളും, ഇന്റർനെറ്റ്തെരച്ചിലിൽത്തന്നെ അയാൾ കണ്ടെത്തിയ പെറുവിലെ ഗോത്രവർഗ്ഗക്കാരി കത്രീന വഴി പരിചയപ്പെട്ട ഹഷിമോട്ടോ മൊറിഗാമി എന്ന ജപ്പാൻവംശജയായ ഗണിതശാസ്ത്രഗവേഷകയുടെ ബ്ലോഗ് പോസ്റ്റുകളും മറ്റും വഴിയാണ് നോവലിലെ കഥയും ഫ്രാൻസിസ് ഇട്ടിക്കോരയുടെ ചരിത്രത്തെക്കുറിച്ചുള്ള അന്വേഷണവും പുരോഗമിക്കുന്നത്. തുടർന്ന് ഗണിതവും കച്ചവടവും ബൗദ്ധിക/ സാംസ്കാരികപ്രമുഖരുടെ സാന്നിധ്യവും രതിയും യാത്രകളും രഹസ്യങ്ങളും എല്ലാം ഇടകലർന്ന ഇട്ടിക്കോരയുടെ അത്ഭുതകരമായ ചരിത്രം നോവലിലൂടെ ഇതൾവിരിയുന്നു.

കൊച്ചിയിലെ രതിവിപണനസ്ഥാപനമായ 'ദ് സ്കൂൾ' സന്ദർശിക്കാനായി ഇട്ടിക്കോരഗോത്രത്തിന്റെ ഇങ്ങേത്തലയിലുള്ള സേവ്യർ ഇട്ടിക്കോര കേരളത്തിലേയ്ക്കു പുറപ്പെടുന്നുവെന്നറിഞ്ഞ്, ആ സ്ഥാപനത്തിന്റെ നടത്തിപ്പുകാരായ രേഖയും, ബിന്ദുവും, രശ്മിയും അയാൾക്കു നൽകാനായി പതിനെട്ടാംകൂറ്റുകാരെക്കുറിച്ചുള്ള വിവരങ്ങൾ തിരക്കിട്ട് അന്വേഷിക്കുകയായിരുന്നു. ആ ദിവസങ്ങളിൽ പതിനെട്ടാംകൂറ്റുകാരുടെ ഒരു പെൺകുട്ടിയുടെ 'കോരയ്ക്കു കൊടുക്കൽ' ചടങ്ങ് കുന്നംകുളത്തെ ഒന്നാംവീട്ടിൽ

നടക്കുന്നുവെന്നറിഞ്ഞ ബിന്ദുവും, എഴുത്തുകാരനായൊരു പുരുഷസുഹൃത്തും കൂടി ഓസ്ട്രേലിയയിൽനിന്നെത്തിയ പതിനെട്ടാംകൂർ ദമ്പതിമാരെന്ന് ഭാവിച്ച് ഒന്നാം വീട്ടിലെത്തി. അവിടെ അവർ തിരിച്ചറിയപ്പെട്ടതിനെത്തുടർന്ന് ബിന്ദുവിനെ പതിനെട്ടാംകൂറ്റുകാർ വധിക്കുന്നു. ഏതാനും മണിക്കൂറുകൾക്കകം, സുഹൃത്തും ഗവേഷകയുമായ ഹഷിമോട്ടോ മൊറിഗാമിയോടൊപ്പം കൊച്ചിയിലെ നെടുമ്പാശ്ശേരിയിൽ വിമാനം ഇറങ്ങിയ സേവ്യർ ഇട്ടിക്കോരയും വെടിവെച്ചുകൊല്ലപ്പെടുന്നു. പതിനെട്ടാം കൂറ്റുകാർ തന്നെയാണ് അമേരിക്കൻ പൗരനായ സേവ്യർ ഇട്ടിക്കോരയുടെ കൊലപാതകത്തിന് പിന്നിലെന്ന് വ്യക്തമായിരുന്നെങ്കിലും മാധ്യമങ്ങൾ ആ സംഭവത്തെപ്പറ്റി കൃത്യമായി പറയാതെ, പകരം “ദ് സ്കൂളിനെ” കേന്ദ്രീകരിച്ച് നിറപ്പകിട്ടാർന്ന സചിത്രലേഖനങ്ങൾ എഴുതിവിട്ടു. അന്വേഷണത്തിന്റെ ചുമതല കിട്ടിയ അധികാരികളാകട്ടെ, മുസ്ലീം തീവ്രവാദികളാണ് കൊലപാതകത്തിന് പിന്നിലെന്ന് കണ്ടെത്തിയതായി അവകാശപ്പെട്ട്, അത്തരക്കാരെന്ന് ആരോപിക്കപ്പെട്ട ചിലരെ പിടികൂടി. ഇതിനെതിരെ ഒരു പ്രഭാഷണത്തിൽ ശബ്ദമുയർത്തിയെ ഗവേഷക മൊറിഗാമി കൂടി അറസ്റ്റുചെയ്യപ്പെട്ടതോടെ നോവൽ സമാപിക്കുന്നു.

നോവലിന്റെ അവതാരികയിൽ ആഷാമേനോൻ പറയുന്നു:

> ധർമ്മപുരാണത്തിനുശേഷം ഇത്രയും ഭീകരമായ നരമാംസാസ്വാദനം ഒരു കൃതിയിലും സംഭവിച്ചിട്ടില്ല. അനന്തതവരെ ചെല്ലുന്ന ഗണിതസൂത്രങ്ങളിൽ അഭിരമിക്കുന്ന മനുഷ്യചേതന, ഇവ്വിധം നിർദ്ദയമായ രസകേളികളിൽ ഏർപ്പെടുന്നത് വെറും വൈരുദ്ധ്യത്തിന്റെ മാത്രം കഥയല്ല ആപത്കരമായ ഒരു വിപരിണാമത്തിന്റെ ദുസ്സൂചനകൂടിയാണ്.[44]

[44] ആഷാമേനോൻ, ‘അവതാരിക‘ *ഫ്രാൻസിസ് ഇട്ടിക്കോര* (ഡി.സി. ബുക്സ്, കോട്ടയം, 2000).

എല്ലാം ഉപയോഗിച്ച് വലിച്ചെറിയുന്ന, ഹിംസയും രതിയും ആഘോഷമാക്കിയ, സമ്പത്തുകുന്നുകൂട്ടാൻ എന്തും ചെയ്യാൻ തയ്യാറായ കച്ചവടമനുഷ്യന്റെ ജീവിതത്തിന്റെ ഗതിവിഗതികളെ ആവിഷ്ക്കരിക്കുന്നു ഇട്ടിക്കോര. ഈ നോവലിനെപ്പറ്റി അനുകൂലമായോ പ്രതികൂലമായോ വന്ന നിരവധി സംവാദങ്ങളിൽ പ്രധാനപ്പെട്ട മറ്റൊന്ന് ഇതിലെ ധാരാളം ഭാഗങ്ങൾ വിക്കിപീഡിയയിൽനിന്നും പകർത്തിയതാണെന്നാണ്. താൻ വിക്കിപീഡിയ മാത്രമല്ല ഗൂഗ്ൾ എർത്തും അതുപോലുള്ള മറ്റു പലതിനെയും ആശ്രയിച്ചിട്ടുണ്ടെന്നും അത് ഇക്കാലത്ത് സ്വഭാവികമാണെന്നും ടി.ഡി. രാമകൃഷ്ണൻ അതിനോടു പ്രതികരിച്ചു. ഈ സംവാദത്തെ മറ്റൊരു തരത്തിൽ സമീപിച്ചാൽ 'ഹൈപ്പർടെക്സ്റ്റ് നോവൽ' എന്ന സൈബർനോവൽ മാതൃകയുടെ ചുവടുപിടിച്ച് അച്ചടിമാധ്യമത്തിൽ രചിച്ച നോവലാണിത്. നോവലിൽ ഉദ്ധരിച്ചുചേർത്ത വിക്കിപീഡിയാഭാഗങ്ങൾ ഹൈപ്പർലിങ്കു ചെയ്ത് ഇ. ബുക്കായോ ഇന്റർനെറ്റിലോ ഇലക്ട്രോണിക് രൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നെങ്കിൽ ഈ ആരോപണം ഉന്നയിക്കപ്പെടില്ലായിരുന്നു. അഥവാ 'ഹൈപ്പർടെക്സ്റ്റ് നോവൽ' അച്ചടിപ്പുസ്തകമായി ഇറക്കിയപ്പോൾ ഉണ്ടായ രൂപമാതൃകാപരമായ സന്ദിഗ്ദ്ധതകൾ ആണ് ആങ്ങനെയൊരു ആരോപണത്തിന് ഇടയാക്കിയത്.

അങ്ങനെ നോക്കുമ്പോൾ പ്രമേയം, രൂപമാതൃക എന്നീ നിലകളിലെല്ലാം സൈബർനോവൽ എന്ന വിശേഷണം ഫ്രാൻസിസ് ഇട്ടിക്കോരയ്ക്ക് സർവ്വഥാ അനുയോജ്യമാണ്.

ബെന്യാമിന്റെ 'മഞ്ഞവെയിൽ മരണങ്ങൾ' എന്ന കൃതിയും പ്രമേയപരമായി സൈബറിടത്തെ ആവിഷ്കരിക്കുന്ന കൃതിയാണ്. ഇതിൽ ഇപ്പോൾ സൈബറിടത്തിൽ സജീവമായി ഇടപെടുന്ന ധാരാളം യഥാർത്ഥവ്യക്തികളും നോവലിസ്റ്റും

കഥാപാത്രങ്ങളായി കടന്നുവരുന്നു.

സൈബർലോകത്തിലെ പ്രധാനസങ്കേതങ്ങളായ ഇ.മെയിൽ, ഓർക്കൂട്ട്, ഫേസ്ബുക്ക് എന്നിവയൊക്കെ, നോവലിൽ സുപ്രധാന പങ്കുവഹിക്കുന്ന കഥാപാത്രങ്ങളാണ്. കഥയെ മുന്നോട്ട് നയിക്കുന്ന പ്രധാനഘടകങ്ങളായിത്തന്നെ ഇതെല്ലാം അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. വ്യാഴച്ചന്ത എന്ന സൗഹൃദക്കൂട്ടവും കഥയെ മുന്നോട്ട് കൊണ്ടുപോകുന്ന മുഖ്യഘടകമാണ്. വ്യാഴച്ചന്തയിൽ പ്രത്യക്ഷപ്പെടുന്ന ബെന്യാമിനെപ്പോലെതന്നെ ബഹറിനിൽ ജോലി ചെയ്യുന്ന അനിൽ വേങ്ങോട്, നട്ടപ്രാന്തൻ (സജൂ), സലിം, സുധിമാഷ്, ബിജു, നിബു എന്നീ സുഹൃത്തുക്കളും ഇന്ന് ജീവിച്ചിരിയ്ക്കുന്ന യഥാർത്ഥവ്യക്തികളാണ്. ജീവിച്ചിരിക്കുന്നവർ ഏതെങ്കിലുമൊരു കഥയിൽ കഥാപാത്രങ്ങളായി വരുന്നത് സാഹിത്യലോകത്ത് ഇതാദ്യമല്ല. പക്ഷെ അവരൊക്കെയും കഥയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ ഇത്രയേറെ പ്രാധാന്യം കൈവരിക്കുന്നത് ആദ്യമായിരിക്കും. ഫേസ്ബുക്കിൽ മഞ്ഞവെയിൽ മരണങ്ങളിലെ കഥാപാത്രങ്ങളുടെ പടം പോസ്റ്റ് ചെയ്തിട്ടുണ്ട്.

ഡീഗോ ഗാർഷ്യ എന്ന ദ്വീപിലെ ആദിമകുടിയേറ്റക്കാരും പ്രമാണിമാരുമായ അന്ത്രപ്പേർ കുടുംബത്തിലെ ക്രിസ്റ്റി അന്ത്രപ്പേർ തന്റെ ജീവിതകഥ പല വാല്യങ്ങളായി എഴുതി അത് പലയിടങ്ങളിൽ എത്തിച്ച് ബെന്യാമിൻ എന്ന എഴുത്തുകാരനെക്കൊണ്ട് അവ അന്വേഷിച്ചു കണ്ടെത്താൻ സാഹചര്യമൊരുക്കുന്നതാണ് കഥ. ഓർക്കൂട്ട്, ഫേസ്ബുക്ക്, ഇ.മെയിൽ, ചാറ്റിംഗ്, യു.എസ്.ബി, ഓൺലൈൻ മാസിക, സ്റ്റിങ് ഓപ്പറേഷൻ തുടങ്ങിയ നവമാധ്യമസങ്കേതങ്ങളെല്ലാം സുപ്രധാന കഥാപാത്രങ്ങളായി കഥയിലുണ്ട്. അങ്ങനെ നോവലിലൂടെ അന്ത്രപ്പേർ കുടുംബത്തിന്റെയും വീടിന്റെയും അത്ഭുതകരമായ രഹസ്യങ്ങൾ

ചുരുളഴിയുന്നു. ഇവ്വിധം ഫേസ്ബുക്കിലൂടെയും മറ്റും പൂർത്തീകരിക്കാനുള്ള സാധ്യതകൾ ബാക്കിയുണ്ടെന്ന മട്ടിലാണ് നോവൽ അവസാനിക്കുന്നത്.

മേല്പറഞ്ഞ മൂന്നു നോവലുകളും കഥകളും ഒക്കെ സൈബറിടം മലയാളഭാവനയെ എങ്ങനെയൊക്കെ ശക്തമായി സ്വാധീനിച്ചു എന്നതിന്റെ ദൃഷ്ടാന്തങ്ങളാണ്.

## അധ്യായം 4

# മലയാളത്തിലെ സൈബർകഥകൾ – ഒരു അവലോകനം

1980-കളോടെ വ്യവസായാനന്തരമുള്ള വിവരയുഗം (ഇൻഫർമേഷൻ ഏജ്) ആരംഭിയ്ക്കുന്നു എന്നാണ് പൊതുവെ കണക്കാക്കപ്പെടുന്നത്. 1990-കളോടെ കേരളത്തിലും ഇന്റർനെറ്റ് കഫേകൾ വ്യാപകമാവാൻ തുടങ്ങി. ഇരുപത്തൊന്നാം നൂറ്റാണ്ടിലെത്തുമ്പോൾ സൈബർമാധ്യമങ്ങൾ അഥവാ നവമാധ്യമങ്ങളിൽ കേന്ദ്രീകരിയ്ക്കുന്ന സാമൂഹിക - സാംസ്കാരിക ജീവിതം എന്നത് നമ്മുടെ നാട്ടിലും യാഥാർത്ഥ്യമായി മാറി. അങ്ങനെ രൂപപ്പെടുന്ന പുതിയ സൈബർസാംസ്കാരികപരിസരം സമൂഹത്തിലും സംസ്കാരത്തിലും കലയിലും മൂല്യവ്യവസ്ഥയിലും ഒക്കെ വലിയമാറ്റങ്ങൾ സംജാതമാക്കി.

ഇന്റർനെറ്റ് ഉൾപ്പെടെയുള്ള നവമാധ്യമങ്ങൾ സൃഷ്ടിയ്ക്കുന്ന പുതിയ സാങ്കേതികസംസ്കാരത്തിന്റെ രാഷ്ട്രീയം മലയാളത്തിലെ നവീനകഥയുടെ ആഖ്യാന പരിസരമായി മാറി. സൈബർമാധ്യമസാങ്കേതികതയുടെ സാംസ്കാരികസന്ദർഭത്തോടു പ്രതികരിയ്ക്കുന്ന ധാരാളം സാഹിത്യരചനകൾ 80-കളോടെ പാശ്ചാത്യരാജ്യങ്ങളിലും 90-കളോടെ മലയാളത്തിലും പ്രത്യക്ഷപ്പെട്ടു.

## 4.1 സൈബർസാഹിത്യം

മലയാളത്തിലെ സൈബർകഥകളുടെ വിശദപഠനത്തിലേയ്ക്കു കടക്കുംമുമ്പ് മുൻ അധ്യായങ്ങളിൽ സാമാന്യമായി പറഞ്ഞ സൈബർസാഹിത്യസംബന്ധിയായ സങ്കല്പനങ്ങളുമായി ബന്ധപ്പെട്ട ചില സൂക്ഷ്മവസ്തുതകൾ നിരീക്ഷിയ്ക്കാം.

(ഒന്ന്) സൈബറിടം രണ്ടുതരത്തിലാണ് സാഹിത്യത്തെ സ്വാധീനിച്ചത്: പ്രകാശിപ്പിയ്ക്കാൻ പുതിയ ഇടം (സൈബറിടം) നൽകിയും പുതിയ പ്രമേയലോകം നൽകിയും

(രണ്ട്) സൈബറിടത്തിൽ പ്രത്യക്ഷപ്പെടുന്ന സാഹിത്യമാണ് പൊതുവെ സൈബർസാഹിത്യം എന്ന് അറിയപ്പെടുന്നത്.

(മൂന്ന്) എന്നാൽ മലയാളത്തിൽ സൈബറിടത്തെ പ്രമേയമാക്കിയ രചനകളെയാണ് സൈബർസാഹിത്യം എന്ന് വിശേഷിപ്പിയ്ക്കുന്നത്.

ഇതിൽ മൂന്നാമതായി രേഖപ്പെടുത്തിയ വസ്തുത ഒന്നുകൂടി കൃത്യമായി വിശകലനം ചെയ്യേണ്ടതുണ്ട്. മലയാളത്തിൽ സൈബർവിഷയകമായ സാഹിത്യം വിശേഷിച്ചും കഥകൾ ഇന്റർനെറ്റ് പ്രചരിച്ചുതുടങ്ങിയ കാലം മുതൽക്കേ പ്രത്യക്ഷപ്പെട്ടു. 90-കളിലാണല്ലോ ഇവിടെ ഇന്റർനെറ്റ് വന്നെത്തിയത്. അതേ കാലത്തുതന്നെ (1992) ടി.വി.കൊച്ചുബാവയുടെ 'കൊക്കരണി' എന്ന കഥയിൽ കമ്പ്യൂട്ടർ രംഗപ്രവേശം ചെയ്യുന്നു.

1996 -ലാകട്ടെ 'തിങ്കളാഴ്ചകളിലെ ആകാശം' എന്ന സേതുവിന്റെ കഥയിലൂടെ സൈബറിടം തന്നെ മലയാളചെറുകഥയിൽ പ്രമേയമാകുകയുണ്ടായി. തുടർന്ന് സൈബർസ്പേസും കമ്പ്യൂട്ടറും അടങ്ങുന്ന പ്രമേയലോകം മലയാളചെറുകഥയിൽ പലമട്ടിൽ കടന്നുവന്നു. 2000-ൽ എം. മുകുന്ദന്റെ '*നൃത്തം*' എന്ന നോവലിലൂടെ മലയാളനോവലിലും ഇന്റർനെറ്റ്/കമ്പ്യൂട്ടർ ലോകം വന്നെത്തി.

സൈബറിടവും സാഹിത്യവുമായുള്ള ബന്ധത്തെപ്പറ്റിയുള്ള പഠനങ്ങൾ ഒരു ദശകത്തിനകം തന്നെ മലയാളത്തിലുണ്ടാകാൻ തുടങ്ങി. '*നൃത്തം*' എന്ന നോവലിനെ മലയാളത്തിലെ ആദ്യത്തെ സൈബർനോവൽ എന്നു വിശേഷിപ്പിച്ചുകൊണ്ടു പി.കെ.

രാജശേഖരൻ നടത്തിയ പഠനമാണ് ഇതിൽ ആദ്യത്തേത് (2000).[1] തുടർന്ന് അദ്ദേഹം തന്നെ മലയാളത്തിലെ സൈബർവിഷയകമായ കഥകളെ സമാഹരിച്ച് '*ഭാവനാതീതം : മലയാളത്തിലെ സൈബർകഥകൾ*' എന്നൊരു സമാഹാരം ആമുഖപഠനത്തോടെ പ്രസിദ്ധീകരിച്ചു.[2] തുടർന്ന് ജി. മധുസൂദനന്റെ സേതുവിന്റെ കഥകളെക്കുറിച്ച് സ്വത്വനഷ്ടത്തിന്റെ തുറസ്സുകൾ'[3] എന്നൊരു പഠനവും അതിനടുത്ത കാലത്തായി പ്രസിദ്ധീകൃതമായി. 2006 –ൽ ജി. മധുസൂദനൻ എഴുതിയ '*ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ*'[4] എന്ന കൃതിയിൽ 'പ്രതീതയാഥാർത്ഥ്യം എങ്ങനെയാണ് സാഹിത്യഭാവനയെ സ്വാധീനിച്ചത്' എന്ന് അന്വേഷിച്ചു. ഷാജിജേക്കബ് 'സാഹിത്യവും മാധ്യമങ്ങളും' എന്ന ലേഖനത്തിലും *വിപരീതങ്ങൾ : മലയാളിയുടെ മാധ്യമജീവിതം*[5] എന്ന ഗ്രന്ഥത്തിലെ ലേഖനത്തിലുമായി സൈബർ മാധ്യമ - സാഹിത്യബന്ധം അന്വേഷിച്ചു.

മേല്പറഞ്ഞ പഠനങ്ങളിലെല്ലാം സൈബർസ്പേസിനെ പ്രമേയമായി സ്വീകരിച്ച സാഹിത്യത്തെ വിശദീകരിയ്ക്കാൻ 'സൈബർസാഹിത്യം' എന്ന പദമാണ് ഇവരെല്ലാവരും സ്വീകരിച്ചത് (സൈബർകഥകൾ, സൈബർനോവൽ ..... ) പി.കെ. രാജശേഖരൻ 'സൈബർ കഥ' എന്ന വിശദീകരണം 'സൈബർവിഷയകമായ കഥ'കൾക്ക് നല്കുന്നത് ശരിയല്ല എന്ന് അഭിപ്രായപ്പെട്ടെങ്കിലും അദ്ദേഹവും ആ പേര് സ്വീകരിക്കുന്നതായാണ് കാണുന്നത്. മറ്റെല്ലാവരും സംശയലേശമന്യേ സൈബർകഥ/ നോവൽ എന്ന് ഈയർത്ഥത്തിൽ

---

[1] പി.കെ.രാജശേഖരൻ, 'നൃത്തം @ പ്രതീതിയാഥാർത്ഥ്യം. നോവൽ', *ഏകാന്തനഗരങ്ങൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006).

[2] പി.കെ.രാജശേഖരൻ, ഭാവനാതീതം: *മലയാളത്തിലെ സൈബർ കഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

[3] ജി.മധുസൂദനൻ, *സ്വത്വനഷ്ടത്തിന്റെ തുറസ്സുകൾ, സാംസ്കാരികവികാരം* സേതുപ്പതിപ്പ്, ല. 7 (ജനുവരി 2003).

[4] ജി.മധുസൂദനൻ, *ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ* (ഡി.സി.ബുക്സ്,കോട്ടയം 2006).

[5] ഷാജിജേക്കബ്, *വിപരീതങ്ങൾ* (പരിധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2012).

ഉപയോഗിയ്ക്കുന്നു.

എന്നാൽ വിദേശരാജ്യങ്ങളിലെ അവസ്ഥ വ്യത്യസ്തമായിരുന്നു. അവിടെ സൈബർവിഷയകമായ രചനകൾ സൈബർപങ്ക് (Cyber punk) എന്ന പേരിലാണ് അറിയപ്പെട്ടത്. അവയിലധികവും ശാസ്ത്രസാഹിത്യവിഭാഗത്തിൽപ്പെടുന്നവയായിരുന്നു.

> 1980 - കളുടെ തുടക്കത്തിലാണ് ഈ സവിശേഷശാസ്ത്രകല്പിതശാഖ ഉരുത്തിരിയുന്നത്; സൈബർപങ്ക് എന്ന പേരു ഉരുത്തിരിയുന്നതും ഇക്കാലത്തുതന്നെ. ഇന്റർനെറ്റ്, കമ്പ്യൂട്ടർനിർമ്മിതബുദ്ധി, സൈബോർഗുകൾ, ധരിക്കാവുന്ന കമ്പ്യൂട്ടർ എന്നിവയൊക്കെ സൈബർപങ്കിൽ ചർച്ച ചെയ്യുന്ന വിഷയങ്ങളാണ്[6]

എന്ന് വി.കെ. ആദർശ് നിരീക്ഷിയ്ക്കുന്നു. 1984 -ൽ വില്യം ഗിബ്സൺ എന്ന കനേഡിയൻ എഴുത്തുകാരൻ എഴുതിയ ന്യൂറോമാൻസർ ആണ് ഇതിലെ ആദ്യത്തെ പ്രഖ്യാതകൃതി. അന്ന് ഇന്റർനെറ്റിന് ഇത്ര വ്യാപ്തിയില്ല. 90-കളോടെയാണ് ഇന്റർനെറ്റ് ലോകമാകെ വ്യാപിച്ചത്. അതോടെ സൈബർപങ്ക് കൃതികളും ധാരാളമുണ്ടായി. എങ്കിലും മലയാളഭാവന ആ വഴിക്കു പറന്നില്ല.

എന്നാൽ എം.എൻ കാരശ്ശേരി 2006-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ 'ഇ. സാഹിത്യം'എന്ന ലേഖനത്തിൽ ഇങ്ങനെയൊരു വർഗ്ഗീകരണം അവതരിപ്പിക്കുന്നു.

> (ഒന്ന്) ഇന്റർനെറ്റിലോ മറ്റ് ഇലക്ട്രോണിക് സാഹചര്യങ്ങളിലോ ലഭ്യമായ സാഹിത്യമാണ് ഇ. സാഹിത്യം.
>
> (രണ്ട്) ഇന്റർനെറ്റ് അഥവാ സൈബർസ്പേസിനെ വിഷയമാക്കി രചിയ്ക്കുന്ന സാഹിത്യമാണ് സൈബർസാഹിത്യം.[7]

---

[6] വി.കെ.ആദർശ്, 'സൈബർ പങ്ക്' *വിവരസാങ്കേതികത നിത്യജീവിതത്തിൽ.*(കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം ,2011.)

[7] എം.എൻ.കാരശ്ശേരി, 'ഇ.സാഹിത്യം' ,മാതൃഭൂമി ആഴ്ചപ്പതിപ്പ് (2006 ജനുവരി 1-7).

2009 -ൽ കാലിക്കറ്റ് സർവ്വകലാശാലയിലെ ബിരുദതലത്തിലെ പുതുക്കിയ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ മലയാളം പാഠ്യപദ്ധതിയിൽ ഈ വിഭജനം അതേപടി പ്രത്യക്ഷപ്പെട്ടു. 2009-മുതൽ കുട്ടികൾ ഈ രീതിയിലുള്ള വിഭജനത്തോടെ 2 പേപ്പറുകൾ പഠിച്ചുവരുന്നു. മേല്പറഞ്ഞ കാരണങ്ങളാൽ സൈബർസാഹിത്യം എന്നാൽ 'സൈബർ സ്പേസിനെ പ്രമേയമായി സ്വീകരിച്ച സാഹിത്യം' എന്ന അർത്ഥത്തിലാണ് ഈ പ്രബന്ധത്തിൽ ഉപയോഗിക്കുന്നത്.

മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ മലയാളത്തിൽ 'സൈബറിടത്തെ പ്രമേയമോ പ്രമേയപശ്ചാത്തലമോ ആയി സ്വീകരിച്ച കഥകളെയാണ് 'സൈബർകഥകൾ' എന്ന പേരിൽ ഇവിടെ പഠനത്തിനായി തിരഞ്ഞെടുത്തിരിയ്ക്കുന്നത്. (സൈബറിടത്തിൽ ലഭ്യമായ മലയാളസാഹിത്യത്തെപ്പറ്റി മൂന്നാമദ്ധ്യായത്തിൽ ചർച്ചചെയ്തിട്ടുണ്ട്)

## 4.2 മലയാളത്തിലെ സൈബർകഥകൾ

ഈ രീതിയിൽ നോക്കുമ്പോൾ 90 -കളിലാണ് മലയാളത്തിലെ സൈബർ കഥകൾ എന്ന ഗണത്തിൽപ്പെടുത്താവുന്ന കഥകൾ രൂപപ്പെടുന്നത് എന്നുകാണാം. മലയാളത്തിലെ വിവിധ ആനുകാലികങ്ങളിലും കഥാസമാഹാരങ്ങളിലുമായി പ്രത്യക്ഷപ്പെട്ട കൊക്കരണി (ടി.വി. കൊച്ചുബാവ); തിങ്കളാഴ്ചകളിലെ ആകാശം, അടയാളവാക്യങ്ങൾ, മറ്റൊരു ഡോട്ട് കോം സന്ധ്യയിൽ (സേതു); ഒരു പലകമനുഷ്യന്റെ സങ്കടങ്ങൾ, ഇതാ ഇവിടെ ഒരു ടെക്കി (ചന്ദ്രമതി); വെള്ളിനേഴി ഡോട്ട് കോം (സുനന്ദൻ); കാശ്മീരി അംബ്രി

(വി. വിനയകുമാർ), ബാഘ്ബഹാദൂർ (ഇ. സന്തോഷ് കുമാർ), ചാറ്റൽ മഴയിലെ ഏകാകി (ബി. മുരളി); ക്രിസ്റ്റീന റൊസേറ്റി ഇന്റർനെറ്റിൽ (ഐസക് ഈപ്പൻ); വിദൂരം (കെ.പി. സുധീര); അമേരിക്കകൾ (അൻവർ അബ്ദുള്ള), ജീവിതം ബ്രൗസ് ചെയ്യപ്പെടുകയാണ് (അനീഷ് നാറാത്ത്); സൈബർ പാർക്ക് (എൻ. രാജൻ); സന്തുഷ്ടകുടുംബം (രവിവർമ്മ തമ്പുരാൻ); കമ്പ്യൂട്ടർ ഇന്ത്യയിൽ (പട്ടത്തുവിള കരുണാകരൻ); ചില പ്രീ മോഡേൺ ഇടപെടലുകൾ (വിനു എബ്രഹാം); വാർത്താളി: സൈബർസ്പേസിൽ ഒരു പ്രണയനാടകം (എം. നന്ദകുമാർ); രൂപങ്ങൾ (പി.വി. ഷാജികുമാർ); ചരക്ക്, വാതപ്പുരു (സി.പി. ബിജു) എന്നിങ്ങനെ മുപ്പതോളം കഥകൾ സൈബർകഥകൾ എന്ന് വിശേഷിപ്പിക്കാവുന്നവയാണ്.

അതിൽ ഗണ്യമായ സൈബർസാന്നിധ്യം പ്രകടമാവുന്ന 16 കഥകളാണ് ഇവിടെ സവിശേഷപഠനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്. അവയുടെ പട്ടിക താഴെക്കൊടുക്കുന്നു.

1. കൊക്കരണി - ടി.വി. കൊച്ചുബാവ (1992)
2. തിങ്കളാഴ്ചകളിലെ ആകാശം - സേതു (1997)
3. കാശ്മീരി അംബ്രി - വി. വിനയകുമാർ (1998)
4. വെള്ളിനേഴി ഡോട്ട് കോം - സുനന്ദൻ (1999)
5. വാർത്താളി : സൈബർ സ്പേസിൽ ഒരു പ്രണയനാടകം - എം. നന്ദകുമാർ (1999)
6. വെബ്സൈറ്റ് - ചന്ദ്രമതി (2000)
7. ചില പ്രീ മോഡേൺ ഇടപെടലുകൾ - വിനു എബ്രഹാം (2000)
8. ക്രിസ്റ്റീന റൊസേറ്റി ഇന്റർനെറ്റിൽ - ഐസക് ഈപ്പൻ (2001)
9. ചാറ്റൽ മഴയിലെ ഏകാകി - ബി. മുരളി (2001)

10. അടയാള വാക്യങ്ങൾ - സേതു (2002)

11. മറ്റൊരു ഡോട്ട് കോം സന്ധ്യയിൽ - സേതു (2002)

12. ചരക്ക് - സി.പി. ബിജു (2009)

13. വാതപ്പരു - സി.പി. ബിജു (2009)

14. രൂപങ്ങൾ - പി.വി. ഷാജികുമാർ (2009)

15. ഒരു പലക മനുഷ്യന്റെ സങ്കടങ്ങൾ - ചന്ദ്രമതി (2010)

16. ഇതാ ഇവിടെ ഒരു ടെക്കി - ചന്ദ്രമതി (2010)

മേൽപരാമർശിച്ച 16 കഥകളുടെ ഇതിവൃത്തങ്ങളെ അപഗ്രഥിയ്ക്കുമ്പോൾ അവ, സൈബറിടവും ജീവിതവുമായുള്ള ബന്ധത്തെ നാലു വ്യത്യസ്തരീതിയിലാണ് ആവിഷ്കരിച്ചിട്ടുള്ളത് അഥവാ സമീപിച്ചിട്ടുള്ളത് എന്ന് കാണാൻ കഴിയും.

1. സാങ്കേതികാധിനിവേശത്തോടുള്ള ഭയാശങ്കകൾ.
2. സൈബർസംസ്കൃതിയുടെ അനിവാര്യമായ വിജയം.
3. സ്വത്വസംഘർഷത്തിന്റെയും സ്വത്വനഷ്ടത്തിന്റെയും വേവലാതികൾ.
4. പരിഹസിയ്ക്കപ്പെടുന്ന മാധ്യമാധിനിവിഷ്ടസമൂഹം.

**4.2.1 സാങ്കേതികാധിനിവേശത്തോടുള്ള ഭയാശങ്കകൾ.**

സാങ്കേതികവിദ്യയോടുള്ള ഭയത്തെക്കുറിയ്ക്കുന്ന പദമാണ് 'ടെക്നോഫോബിയ' (Technophobia). അത് കമ്പ്യൂട്ടറുകളോടോ, പുതുസാങ്കേതിക വിദ്യകളോടോ, സങ്കീർണ്ണമായ യന്ത്രങ്ങളോടോ ഉള്ള അകാരണമായ ഭയമാണ്. കമ്പ്യൂട്ടർ

സാങ്കേതികവിദ്യയോടുള്ള ഭയത്തെക്കുറിക്കാനുള്ള സവിശേഷപദമാണ് ‘സൈബർഫോബിയ’ (Cyberphobia). വ്യവസായയുഗകാലത്തെ വമ്പിച്ച യന്ത്രവല്ക്കരണത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വിഷയം ലോകശ്രദ്ധ നേടുന്നത്. സിനിമ, സാഹിത്യകൃതികൾ തുടങ്ങി വിവിധകലകളിൽ ഇതിന്റെ പ്രത്യക്ഷീകരണങ്ങൾ പലമട്ടിൽ വന്നിട്ടുണ്ട്, ഇന്നും വന്നുകൊണ്ടിരിയ്ക്കുന്നു.

സാങ്കേതികവിദ്യ കൂടുതൽ വികസിയ്ക്കുകയും പ്രാധാന്യം നേടുകയും ചെയ്യുമ്പോൾ ഇത്തരം ആശങ്കകളും പേടികളും ഓരോ സമൂഹത്തിലും ഓരോ കാലത്തിലും വ്യത്യസ്തരീതികളിൽ ദൃശ്യമാകുന്നു. അതിൽ സാമാന്യമായി കാണുന്ന ആശങ്കകളെ രണ്ടായി തരംതിരിക്കാം.

1) സാങ്കേതികവിദ്യയോടുള്ള ഭയം

2) മുൻസാങ്കേതികവിദ്യയിൽ നിന്നും മാറുമ്പോഴുള്ള ഉത്കണ്ഠ

ആദ്യത്തേത് പുതുതായി അവതരിപ്പിയ്ക്കപ്പെട്ടതോ പുതുതായി സ്വാംശീകരിയ്ക്കാൻ നിർബന്ധിക്കപ്പെടുന്നതോ ആയ സാങ്കേതികവിദ്യ സൃഷ്ടിയ്ക്കുന്ന ഭയാശങ്കകളാണ്. അത് പുതുതിനോട് പൊരുത്തപ്പെടാനുള്ള വിമുഖതയാണ്. ഉപയോഗിക്കാൻ തയ്യാറാവുന്നതിലൂടെ അത് തനിയെ കുറയും. രണ്ടാമത്തേത് ഒരു സാങ്കേതികവിദ്യയോട് ഇഴുകിച്ചേരുമ്പോൾ നഷ്ടമാകുന്ന, മുൻസാങ്കേതിക വിദ്യയെക്കുറിച്ചുള്ള ഉത്കണ്ഠയാണ്. ഇതിൽ കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ കേരളീയരംഗപ്രവേശനകാലത്ത് രണ്ടും പ്രസക്തമാണെന്നു കാണാം.

കേരളവും വിവരസാങ്കേതികവിദ്യയും തമ്മിലുള്ള ബന്ധത്തെ അച്യുത്ശങ്കർ എസ്. നായർ 'പിണക്കവും ഇണക്കവും പിന്നീട് വണക്കവുമായിമാറിയ സമീപനങ്ങളുടെ ചരിത്രം' എന്നു വിശേഷിപ്പിച്ചിരുന്നു. ആദ്യം രൂക്ഷമായി എതിർത്തും പിന്നീട് ഇണങ്ങിയും ഒടുവിൽ വണങ്ങിയും നാം കമ്പ്യൂട്ടറിനെ സമീപിച്ചു.

1950 – കളുടെ അവസാനത്തിൽ കേരളസർവ്വകലാശാലയിൽ ഉപയോഗിച്ചു തുടങ്ങിയ 'അരിത്മാ' എന്ന ചെക്കോസ്ലോവാക്യൻ നിർമ്മിത ഇലക്ട്രോമെക്കാനിക്കൻ കമ്പ്യൂട്ടറായിരിക്കും ഒരു പക്ഷേ കേരളത്തിലെ ആദ്യത്തെ കമ്പ്യൂട്ടർ. ഇത് തിരുവനന്തപുരം ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലുണ്ട്. 1970 –കളുടെ അവസാനം ബാങ്കിങ് മേഖലയിൽ കമ്പ്യൂട്ടർവത്കരണത്തെകുറിച്ച് ചർച്ച തുടങ്ങി. ഉടൻതന്നെ 'ആന്റികമ്പ്യൂട്ടറൈസേഷൻ സമിതി' നിലവിൽവന്നു. 80 – കളുടെ മധ്യത്തോടെ എം.ജി., കേരള, കാലിക്കറ്റ് സർവ്വകലാശാലകൾ കമ്പ്യൂട്ടർവത്കരണശ്രമങ്ങളാരംഭിച്ചു. ഇക്കാലത്തുണ്ടായ പ്രീ-ഡിഗ്രിബോർഡ് (1986) സമരവുമായി കമ്പ്യൂട്ടർവത്കരണം കുഴഞ്ഞുമറിയുകയും അക്കാലത്തുണ്ടായ കുഴപ്പങ്ങൾ കമ്പ്യൂട്ടറിന്റെ തലയിൽ ചുമത്തുപ്പെടുകയും ചെയ്തു.

> നമ്മുടെ നാടിന്റെ ഐ.റ്റി. പുരോഗതിയ്ക്ക് ഒരു വലിയ തിരിച്ചടി നേരിടാൻ ഈ സംഭവങ്ങൾ കാരണമായി. കമ്പ്യൂട്ടറുകളെക്കുറിച്ച് സംസാരിക്കുന്നതുപോലും മൂരാച്ചിയായി മുദ്രകുത്തപ്പെടാൻ സാധ്യതയുള്ള കാലമായിരുന്നു അത്. തുടർന്നുവന്ന ഭരണമാറ്റത്തിന്റെ ആദ്യപ്രഖ്യാപനങ്ങളിലൊന്ന് എല്ലാ കമ്പ്യൂട്ടർവത്കരണവും ഉടൻ നിർത്തിവെയ്ക്കും എന്നായിരുന്നു. എന്നാൽ ആ ഭരണകാലത്തുതന്നെ ചില വകുപ്പുകളുടെ ബജറ്റ് വിഹിതത്തിന്റെ 3% കമ്പ്യൂട്ടർവൽക്കരണത്തിനായി നീക്കിവെച്ച നടപടിയും പിന്നീടുണ്ടായി. ഐ.റ്റി. വ്യവസായത്തിന് തുടക്കം കുറിച്ച തിരുവനന്തപുരം ടെക്നോപാർക്കിന്റെ തറക്കല്ലിടൽ ചടങ്ങ് അതേ ഗവൺമെന്റിന്റെതന്നെ (ശ്രീ. ഇ.കെ. നായനാർ നേതൃത്വം നല്കിയത്) അവസാന ഔദ്യോഗികചടങ്ങായി മാറിയെന്നതും ശ്രദ്ധേയം[8]

[8] അച്യുത് ശങ്കർ, എസ്.നായർ, *ഗൂഗോളവത്കരണം* (പ്രിയദർശിനി പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2009) പു. 43.

ആ നിലപാടുമാറ്റങ്ങളുടെ, കമ്പ്യൂട്ടർകേരളത്തിന്റെ പരിണാമദശയുടെ ചരിത്രം അച്യുത് ശങ്കർ എസ്.നായർ കുറിച്ചിട്ടു.

എന്നാൽ സർക്കാർ മേഖലയിൽനിന്നു വ്യത്യസ്തമായി സ്വകാര്യമേഖലയിൽ ഐ.റ്റി. കൂടുതൽ വേഗത്തിൽ സ്വീകാര്യത നേടി. ഡി.ടി.പി. സെന്ററുകൾ, ഇന്റർനെറ്റ് കഫേകൾ, ഡിജിറ്റൽ സ്റ്റുഡിയോകൾ, ഐ.റ്റി. പരിശീലന കേന്ദ്രങ്ങൾ എന്നിവ നഗരത്തിലും നാട്ടിൻ പുറങ്ങളിലും പ്രത്യക്ഷപ്പെട്ടു. മൊബൈൽഫോണുകളുടെ പ്രചാരവും അതുമായുണ്ടായ പരിചയവും ഐ.റ്റി. യെ ജനകീയമാക്കാൻ സഹായിച്ചു.

കമ്പ്യൂട്ടർ ഉയർത്തുന്ന സാധ്യതകളെപ്പറ്റിയും സാമൂഹിക, നൈതിക പ്രശ്നങ്ങളെപ്പറ്റിയുംമുള്ള ചർച്ചകളാലും വിവാദങ്ങളാലും മുഖരിതമായ കാലം 1980-കളോടെ കേരളത്തിൽ ആരംഭിച്ചു. കമ്പ്യൂട്ടർ എന്ന 'തൊഴിൽവിഴുങ്ങി' യന്ത്രത്തെ എതിർക്കേണ്ടത് തൊഴിലാളികളോട് സാമൂഹ്യപ്രതിബദ്ധതയുള്ള സംഘങ്ങളുടെ ബാധ്യതയാണെന്നൊക്കെ കരുതപ്പെട്ടു, കുറച്ചുകാലത്തേക്കെങ്കിലും.

ഇത്തരം ഉത്കണ്ഠകളും ആശങ്കകളും കാല്പനികനഷ്ടബോധവും എല്ലാം ചേർന്ന സങ്കീർണ്ണമായ ചരിത്രഘട്ടത്തിന്റെ വിഭിന്നമായ അടയാളപ്പെടുത്തലുകളാണ് ഈ വിഭാഗത്തിൽപ്പെടുന്ന കഥകൾ.

ടി.വി. കൊച്ചുബാവ 1992-ൽ പ്രസിദ്ധീകരിച്ച 'കൊക്കരണി[9]; സേതുവിന്റെ 1996 - ലെ 'തിങ്കളാഴ്ചകളിലെ ആകാശം'[10], 2000 - ലെ അടയാളവാക്യങ്ങൾ[11] എന്നീ

[9] ടി.വി.കൊച്ചുബാവ, കൊക്കരണി, *ഭാവനാതീതം: മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

10 സേതു, തിങ്കളാഴ്ചകളിലെ ആകാശം, *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

[11] സേതു, അടയാളവാക്യങ്ങൾ, *ഭാവനാതീതം: മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

ആദ്യകാലകഥകളാണ് ഈ വിഭാഗത്തിൽ പെടുന്നത്. ഇതിൽ 'കൊക്കരണി'യാണ് മലയാളത്തിൽ 'കമ്പ്യൂട്ടർലോകം' കടന്നുവരുന്ന ആദ്യകഥ. ഇതിൽ കമ്പ്യൂട്ടറിൽ ഡിസൈൻ ചെയ്ത് കുഞ്ഞുങ്ങളെ നിർമ്മിയ്ക്കുന്നതും തുടർന്നുണ്ടാവുന്ന സങ്കീർണതകളുമാണ് പ്രമേയം.

ഈ കഥയെ പി.കെ.രാജശേഖരൻ ഇങ്ങനെ വിലയിരുത്തുന്നു:

> സാങ്കേതികവിദ്യയുടെ മാനുഷികതാരാഹിത്യത്തെപ്പറ്റിയുള്ള അലിഗറിയാണ് ഈ രചന. അതിന്റെ ഭയരൂപകം എന്ന നിലയിലാണ് കമ്പ്യൂട്ടർ 'കൊക്കരണി'യിൽ പ്രത്യക്ഷപ്പെട്ടത്. ആധുനികതാപരവും ആധുനികാനന്തരവുമായ ഭാവുകത്വങ്ങളുടെ അഭിമുഖീകരണങ്ങളുടെ ഫലം കൂടിയായിരുന്ന കൊച്ചുബാവയുടെ കഥ.[12]

കൊക്കരണി പൂർണ്ണമായ അർത്ഥത്തിൽ ഒരു സൈബർകഥയല്ല. അത് 'സൈബറിടം' എന്ന പുതിയ ഭാവനാകാശത്തിന്റെ സാധ്യതകളോ, സങ്കീർണ്ണതകളോ ആ അർത്ഥത്തിൽ അവതരിപ്പിയ്ക്കുന്നില്ല. എന്നാൽ 'സൈബറിടം' എന്ന യാഥാർത്ഥ്യം സാധ്യമാക്കിയ കമ്പ്യൂട്ടർ എന്ന യന്ത്രത്തെ രൂപകമാക്കിക്കൊണ്ട്, അങ്ങനെ നിർമ്മിയ്ക്കപ്പെടുന്ന യന്ത്രകാലത്തെപ്പറ്റിയുള്ള ഭീതിയാണ് കഥയിൽ ആവിഷ്കരിക്കപ്പെട്ടത്. സാങ്കേതികവിദ്യയെ എന്നും ഭയാശങ്കയോടെ നോക്കിക്കണ്ട മലയാളഭാവനയുടെ ചരിത്രവും ഒപ്പം എൺപതുകളിൽ കേരളത്തിലുണ്ടായ കമ്പ്യൂട്ടർവത്കരണത്തോടുള്ള പ്രതിഷേധ/ ഭീതികളുടെ ചരിത്രസാഹചര്യവും ചേർത്തുവെച്ചുകൊണ്ടാണ് 1992-ൽ ഇറങ്ങിയ ഈ കഥയെ വായിക്കേണ്ടത്.

സേതു 1996-ൽ രചിച്ച 'തിങ്കളാഴ്ചകളിലെ ആകാശ'ത്തിലെ അജയൻ കഥയിൽ ആദ്യവസാനം ആധിപ്പെടുകയാണ്. സൈബറിടത്തെക്കുറിച്ചാണയാളുടെ ആധി. ദേശങ്ങളെ,

[12] പി.കെ. രാജശേഖരൻ, *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

നാട്ടിൻപുറങ്ങളെ, രാജ്യങ്ങളെ, പ്രാദേശികസ്വത്വങ്ങളെ, തനിമയെ ഒക്കെ തകർക്കാൻപറ്റുന്ന, സമഗ്രാധിനിവേശസാധ്യതയുള്ള ഒരു സമാന്തരലോകമായി സൈബറിടം എന്ന വലയെ അയാൾ സങ്കല്പിക്കുന്നു. പ്രാദേശികതയുടെ പ്രതീകങ്ങളായി രണ്ടു സ്ത്രീകൾ - ഊർമ്മിളയും പാർവ്വതിയേട്ടത്തിയും പ്രത്യക്ഷപ്പെടുന്നു. പാർവ്വതിയേട്ടത്തിയ്ക്ക് ഈ ഉപഗ്രഹക്ഷുദ്രം നേരിടാൻ നവഗ്രഹങ്ങളുടെയും തിങ്കളാഴ്ചവ്രതത്തിന്റെയും കൂവളത്തിലയുടെയും രക്ഷയുണ്ട്. എന്നാൽ ഊർമ്മിളയ്ക്ക് തിങ്കളാഴ്ചവ്രതത്തിന്റെ രക്ഷാവലയമില്ല. രക്ഷാവലയമുള്ള പാർവ്വതിയേട്ടത്തി സുരക്ഷിതയായിരിക്കുമ്പോൾ, അതില്ലാത്ത ഊർമ്മിളയെ സൈബറിടം വിഴുങ്ങുന്നു.

മാത്രവുമല്ല എന്താണ് സൈബറിടം?

പ്രാദേശികമായ സ്ഥലം ഇല്ലാതാക്കുന്ന, കാലത്തെ പ്രഹേളികയാക്കുന്ന ഒരു മായാലോകം. സ്ഥലകാലങ്ങളെപ്പറ്റി പുരാണങ്ങളും ഉപനിഷത്തുക്കളും പിന്നീട് ശാസ്ത്രജ്ഞന്മാരും പറഞ്ഞുവെച്ചതെല്ലാം അലിയിച്ചില്ലാതാക്കുന്ന അണ്ഡകടാഹം. ആകാശം വഴി എങ്ങോട്ടും എപ്പോളും നീണ്ടെത്താവുന്ന നീരാളിക്കൈ... യുദ്ധനീതികൾ പാലിക്കാത്ത പോരാട്ടങ്ങളും കള്ളക്കരുനീക്കങ്ങളും ചേർന്ന പുതിയ കുരുക്ഷേത്രം .... ആസക്തിയുടെ നിലയ്ക്കാത്ത പ്രസരിണി......

അതിനോട് നേരിടാൻ നമുക്കുള്ളത് വ്രതശുദ്ധിമാത്രം. വ്രതശുദ്ധിയില്ലാത്തവർ സ്വയം നഷ്ടമാവും.

വിവരസാങ്കേതികവിദ്യ ഉപയോഗിച്ചു നടത്തുന്ന ആധുനിക കോളനി വല്ക്കരണത്തോട് പ്രതിരോധം തീർക്കാൻ ദേശത്തനിമ ഉയർത്തിപ്പിടിക്കുക മാത്രമേ

വഴിയുള്ളൂ എന്ന ആശയമാണിവിടെ ആവിഷ്കരിക്കുന്നത്. സാങ്കേതികാധിനിവേശം വിജ്ഞാനമുതലാളിത്തം, നവകോളനീകരണം എന്നിവയൊക്കെ യാഥാർത്ഥ്യമായിക്കഴിഞ്ഞ ഇക്കാലം ഈ ഭയം/ആശങ്ക അസ്ഥാനത്തല്ല എന്ന് തെളിയിച്ചു.

സേതുവിന്റെ മറ്റൊരു കഥയായ 'അടയാളവാക്യങ്ങൾ' എഴുതപ്പെട്ടത് 2000-ലാണ്. കമ്പ്യൂട്ടർ പഠിച്ച് വലിയ ഉദ്യോഗസ്ഥനായി മകൻ അമേരിക്കയിൽ പോയപ്പോൾ നാട്ടിൻപുറത്തെ വലിയ തറവാട്ടുകാരനും സ്കൂൾ മാഷുമായ അച്ഛൻ അനുഭവിയ്ക്കുന്ന പുതിയ സ്വത്വപ്രതിസന്ധിയെപ്പറ്റിയാണീ കഥ. പേരിൽ നീതിയുടെ രാജാവെങ്കിലും നീതിബോധമില്ലാത്ത മകൻ (നിതീശൻ - നിതീഷ്) അച്ഛന് പാരമ്പര്യമായിക്കിട്ടിയ വിലാസം അപ്രസക്തമാക്കി പുതിയ വിലാസം നല്കുന്നു. മറ്റുരക്ഷിതാക്കൾ മക്കളെ ടൈപ്പുപഠിപ്പിക്കാനയച്ചപ്പോൾ മകനെ നിർബന്ധിച്ച് കമ്പ്യൂട്ടർ പഠിപ്പിക്കാനയച്ചതിന്റെ ശിക്ഷയാണ് അത്. കഫേയിലെത്തി ചെറുപ്പക്കാർ കമ്പ്യൂട്ടർ ഉപയോഗിക്കുന്നതുകണ്ടപ്പോൾ തെല്ല് അഭിമാനവും തോന്നി- 'ആ അത്ഭുതജീവിയെ മെരുക്കി കേമത്തം കാട്ടിയാണല്ലൊ മകൻ വിദേശത്തുപോയി പയറ്റുന്നത്'.

കഫേയിലെ ഷിജിമോൾ ഇങ്ങനെ 'സങ്കടോം വേവലാതിയുമായി' ധാരാളം പേർ വരാറുണ്ടെന്ന് പറയുന്നുണ്ട്. കൂട്ടത്തിൽ വൃദ്ധസദനങ്ങളിൽനിന്ന് കാവൽക്കാരുടെ കണ്ണുവെട്ടിച്ച് ഇറങ്ങിപ്പോരുന്നവരുമുണ്ട്. അവരുടെ സങ്കടങ്ങൾ ഒരുപാടാണ് - പ്രായവും ദീനവും കൊണ്ടുള്ള ആതുരത, മക്കളുടെ അവഗണന, അനാഥത്വം ... അതിനൊക്കെ അപ്പുറത്താണ് വഴങ്ങാത്ത പുതുസാങ്കേതികത സൃഷ്ടിക്കുന്ന പൊല്ലാപ്പുകൾ....

പുതിയ കാലത്തിന്റെ രീതികളോടും നിഷ്ഠൂരതയോടും സാങ്കേതികമേൽക്കോയ്മയോടും നേർനിന്ന് കഷ്ടപ്പെടുന്നവരാണിവർ. ആസുരമായ

സാങ്കേതികാധിനിവേശത്തിനുമപ്പുറം സ്വന്തം അടയാളവാക്യങ്ങൾ മറന്നുപോവുന്നവർ - മറന്നുപോവാതിരിക്കാൻ പാടുപെടുന്നവർ - അങ്ങനെയൊരു തലമുറയെയാണ് കഥയിൽ സേതു അവതരിപ്പിയ്ക്കുന്നത്.

മാഷ് - 99 @ ഹോട്ട്മെയിൽ ഡോട്ട്കോം എന്ന വിലാസം ലഭിച്ചപ്പോൾ കമലാക്ഷൻനായർ ചോദിച്ചു.

"അപ്പോൾ എന്റെ സ്വന്തം വിലാസമോ?"

"മറക്കണമെന്നില്ല. വേണമെങ്കിൽ അങ്ങനെയുമാകാം എന്നുമാത്രം. എന്തായാലും അധികം അടുപ്പം വേണ്ടാ ആ പഴയ പേരിനോട്."

"പക്ഷേ ഗുരുകാരണവന്മാര് ഐശ്വര്യമായിട്ടു കാതിൽ ചൊല്ലിവിളിച്ച പേര്. ഇത്രയും കാലം ഞാൻ വിളിച്ചു, വിളികേൾപ്പിച്ചു അരുമയായി കൊണ്ടുനടന്ന പേര്..."

"സൈലൻസ്!" പൊടുന്നനെ ഷിജിമോളുടെ മട്ടുമാറി. ആദ്യമായി അവളുടെ ഒച്ച പൊങ്ങി. "തർക്കുത്തരം വേണ്ടാ. പേരിൽ ചോദ്യമില്ല ഇവിടെ!"

"എന്നാലും സ്വന്തമായി മുഴുവനൊരു പേരുള്ള ഞാൻ വെറുമൊരു മാഷോ? അതും തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കത്തിലൂടെ ഒഴുകിവന്നതുപോലെയൊരു പേര്"

പക്ഷേ കാലം കടന്നുപോവുമ്പോൾ പുതിയ ജീർണ്ണതകളുടെ ഭാരത്തിൽ പതിയെ അവരും സ്വന്തം ഊരും പേരും ഗോത്രപ്പേരും മറക്കും. ഷിജിമോൾ പറഞ്ഞുവെച്ചതുപോലെ ഉയരങ്ങളിലെ ഏതോ കാണാവിതാനങ്ങളിലായി അവരെ അലട്ടാനായി പുതിയ സ്ഥലം, പുതിയകാലം[13]

സ്വന്തം സ്വത്വവും പേരും നഷ്ടപ്പെട്ട്, വേരുകളും സ്ഥലബന്ധവും നഷ്ടപ്പെട്ട് മനുഷ്യനെ പൊങ്ങുതടിപോലെ വേരില്ലാതെ ഒഴുകിനടക്കുന്നവനാക്കുന്നു സൈബറിടം. അവിടെ സ്ഥലകാലബദ്ധമായി ജീവിച്ച തലമുറ, പുതുലോകത്തിൽ നിലനില്ക്കാനായി - പുതുകാലത്തെ നേരിടാനായി - ചില സമവാക്യങ്ങൾ തയ്യാറാക്കുന്നു. സ്വന്തം അടയാളവാക്യങ്ങൾ.

---

[13] സേതു, അടയാളവാക്യങ്ങൾ, *ഭാവനാതീതം: മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

ഇത്തരം നിലപാടുകളും യന്ത്രഭയവും രാഷ്ട്രീയപ്പാർട്ടികളുടെ സമീപനങ്ങളും എല്ലാം കൊണ്ട് കലുഷിതമായ കാലത്തിന്റെ ബാക്കിപത്രങ്ങൾ കൂടിയാണ് കമ്പ്യൂട്ടറിനെയും വിവരസാങ്കേതികവിദ്യയുമൊക്കെ ഭയാശങ്കകളോടെ കണ്ട മേല്പറഞ്ഞ കഥകൾ. എന്നാൽ പതുക്കെപ്പതുക്കെ എല്ലാം അതീവലളിതമായി മാത്രം മനസ്സിലാക്കുക, ചില മുദ്രാവാക്യങ്ങളിലേയ്ക്കുമാത്രം ചുരുക്കിയൊതുക്കുക തുടങ്ങിയ ശീലങ്ങൾക്കപ്പുറത്തേയ്ക്ക് വിവരസാങ്കേതികവിദ്യയുടെ സങ്കീർണ്ണവും അത്ഭുതകരവുമായ ലോകത്തെ സ്വീകരിയ്ക്കാൻ മലയാളഭാവന തയ്യാറായതിന്റെ സാക്ഷ്യങ്ങളാണ് രണ്ടാമതുപറഞ്ഞ വിഭാഗത്തിൽപ്പെട്ട കഥകൾ.

### 4.2.2 സൈബർസംസ്കൃതിയുടെ അനിവാര്യമായ വിജയം

സാങ്കേതികവിദ്യയോടുള്ള ഭയത്തിന്റെയും എതിർപ്പിന്റെയും ആദ്യഘട്ടം കഴിഞ്ഞപ്പോൾ, പിന്നീട് പുതുസാങ്കേതികവിദ്യയോടുള്ള സ്വീകാരസന്നദ്ധതയുടെ ഘട്ടമാണ് ദൃശ്യമായത്. ഈ മാറ്റത്തെപ്പറ്റി ടി.ടി.ശ്രീകുമാർ ഇങ്ങനെ നിരീക്ഷിയ്ക്കുന്നു

> കേരളീയസമൂഹത്തിൽ ശാസ്ത്രത്തോടും സാങ്കേതികവിദ്യയോടും വിശേഷിച്ച് സാങ്കേതികവിദ്യയോടുള്ള സമീപനത്തിൽ പ്രത്യക്ഷത്തിൽത്തന്നെ നിരവധി പൊരുത്തക്കേടുകളും വൈരുദ്ധ്യങ്ങളും ഉണ്ട്. സമീപനമെന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത് ശക്തമായ പ്രസ്ഥാനങ്ങളിലൂടെ, സമരങ്ങളിലൂടെ അരക്കിട്ടുറപ്പിയ്ക്കുന്ന ധാരണകളെയും അത്തരം ആശയങ്ങളുടെ അടിസ്ഥാനത്തിൽ രൂപംകൊള്ളുന്ന ഇടപെടലുകളെയുമാണ്. ഈ ഇടപെടലുകൾ പലപ്പോഴും ഇടതുപക്ഷത്തിന്റെ കാർമ്മികത്വത്തിലാണ് നടന്നിട്ടുള്ളത്.... കയർ-നെൽകൃഷി രംഗം മുതൽ കമ്പ്യൂട്ടർവത്കരണത്തിന്റെ ആദ്യഘട്ടം വരെ തുടർന്നുപോന്ന ഈ (സാങ്കേതികവിരുദ്ധ) സമീപനത്തിന്റെ കാതൽ അങ്ങനെയുള്ള സാങ്കേതികവിദ്യകൾ തൊഴിൽദിനങ്ങൾ കുറയ്ക്കുമെന്ന ആശങ്കയായിരുന്നു.......[14]

---

[14] ടി.ടി.ശ്രീകുമാർ, *നവസാമൂഹികത: ശാസ്ത്രം, ചരിത്രം, രാഷ്ട്രീയം* (പ്രതീക്ഷ ബുക്സ്, കോഴിക്കോട്, 2011).

എന്നാൽ തൊണ്ണൂറുകളുടെ അവസാനത്തോടെ ഈ സ്ഥിതി മാറാൻ തുടങ്ങുകയും വിവരസാങ്കേതികവിദ്യയെ വികസനത്തിന്റെ ചാലകശക്തിയായി കണ്ടുകൊണ്ട് ഗവൺമെന്റ്-ഗവൺമെന്റിതര-രാഷ്ട്രീയ-രാഷ്ട്രീയേതര പ്രസ്ഥാനങ്ങളെല്ലാം പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തു. സമഗ്രപുരോഗതിയ്ക്ക് വിവിധ മേഖലകളിൽ വിവരസാങ്കേതികവിദ്യയ്ക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും എന്ന മുദ്രാവാക്യം സർവ്വത്ര ഉയർന്നുകേട്ടു. 'സാങ്കേതികശുഭാപ്തിവിശ്വാസം', 'സാങ്കേതിക കാല്പനികത' എന്നൊക്കെ വിളിക്കപ്പെട്ട ഈ നിലപാട് ലോകസമക്ഷം ശ്രദ്ധേയമായവതരിപ്പിച്ചത് കനേഡിയൻ മാധ്യമചിന്തകനായ മാർഷൽ മക്‌ലൂഹനാണ്.[15] കമ്പ്യൂട്ടർ ലോകസമാധാനത്തിന്റെ സാങ്കേതികവിദ്യയാവുമെന്നുവരെ അദ്ദേഹം സ്വപ്നം കണ്ടിരുന്നു. ഇവിടെയും 'ആരോഗ്യപരിപാലനത്തിനും സ്ത്രീശാക്തീകരണത്തിനും തൊഴിൽ സൃഷ്ടിക്കുന്നതിനും പട്ടിണി മാറ്റാനുമൊക്കെ' ഐ.ടി.യ്ക്ക് സാധിയ്ക്കുമെന്നായിരുന്നു വിശ്വാസം.

ഈ പശ്ചാത്തലത്തിലാണ് 90-കളുടെ അന്ത്യത്തിൽ സൈബർസംസ്കൃതിയുടെ വിജയഗാഥകളായ കഥകൾ രചിക്കപ്പെട്ടത്.

1998 - ൽ വി. വിനയകുമാർ രചിച്ച 'കാശ്മീരി അംബ്രി'[16] 1999 - ൽ സുനന്ദൻ രചിച്ച 'വെള്ളിനേഴിഡോട്ട്കോം'[17] എന്നീ കഥകളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്.

---

[15] Marshall Mcluhan, *Understanding Media* (Rout ledge, London, 1964).

[16] വി.വിനയകുമാർ, *'കാശ്മീരി അംബ്രി', ഭാവനാതീതം: മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

[17] സുനന്ദൻ, *'വെള്ളിനേഴി ഡോട്ട് കോം', ഭാവനാതീതം: മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

ആപ്പിൾ കച്ചവടം നടത്തി പൊളിഞ്ഞ അച്ഛന്റെ മകൻ ആപ്പിൾ കമ്പ്യൂട്ടർ കച്ചവടം നടത്തി വിജയിച്ചിരിയ്ക്കുന്ന ചിത്രമാണ് *കാശ്മീരി അംബ്രി*യിലുള്ളത്. *കൊക്കരണി*യിൽ ദൃശ്യമായ യന്ത്രഭയം ഇവിടെയില്ല. മറിച്ച് യന്ത്രം മനുഷ്യനെ വിജയത്തിലേക്ക് നയിക്കുന്നു. എന്നുവെച്ചാൽ വിജയിക്കാനുള്ള വഴി യന്ത്രത്തിന്റേതാണ് എന്നർത്ഥം. ചീഞ്ഞുപോകുന്ന ആപ്പിളും ചീയാത്ത ആപ്പിൾകമ്പ്യൂട്ടറും രണ്ട് കാലഘട്ടങ്ങളുടെ രൂപകങ്ങളാണ്. ഇവ രണ്ടു തലമുറകളുടെ, രണ്ടു കാഴ്ചപ്പാടുകളുടെ പ്രതിനിധികളാണ്. ഇവയെ നേർക്കുനേർ നിർത്തിക്കൊണ്ട് വിജയിക്കാൻ പോകുന്നത് യന്ത്രകേന്ദ്രിതമായ പുതുയുഗമാണ് എന്ന് ഈ കഥ ചൂണ്ടിക്കാട്ടുന്നു.

വ്യവസായികമുതലാളിത്തവും അറിവുമുതലാളിത്തവും ഇവിടെ മാറ്റുരയ്ക്കപ്പെടുന്നു. വ്യാവസായിക മുതലാളിത്തത്തിനകത്തെ മത്സരങ്ങളുടെ രീതിയല്ല അറിവുമുതലാളിത്തത്തിന്റേത്. പ്രൗഢി നഷ്ടപ്പെട്ടുകൊണ്ടിരിയ്ക്കുന്ന വ്യാവസായികമുതലാളിത്തത്തിനകത്തുതന്നെ തോറ്റുപോയ ഒരാളുടെ മകനാണ് നിഷ്പ്രയാസം പുതുരീതികൾ കൊണ്ട് യന്ത്രാശ്രിതമായ വിജയം കൊയ്യുന്നത്. ആർ.കെ മേനോനും ഭാര്യ ശ്രീദേവിയമ്മയ്ക്കും കൃത്യമായി പേരും ഊരും വിലാസവുമുള്ളപ്പോൾ മകന് പേരോ ഊരോ മറ്റ് അടയാളങ്ങളോ ഇല്ല. അതെല്ലാം അപ്രസക്തമാണ്. അയാളുടെ സ്വത്വസവിശേഷതയായി നാമറിയുന്നത് കമ്പ്യൂട്ടറുമായുള്ള ബന്ധവും കച്ചവടയുക്തിയും മാത്രം. അതുമാത്രമേ അറിയേണ്ടുതാനും.

'വെള്ളിനേഴി ഡോട്ട് കോം' തീർത്തും വ്യത്യസ്തമായ മറ്റൊരു മാനമുള്ള കഥയാണ്. കാശ്മീരി അംബ്രിയിലെ വ്യക്തിതലത്തിലുള്ള വിജയം ഇവിടെ ഒന്നാം ലോകത്തിനുമേൽ മൂന്നാം ലോകം നേടുന്ന വിജയമായി മാറുന്നു. കീഴാളർ മേലാളരുടെ

മേൽ നേടുന്ന വിജയമാവുന്നു. ചരിത്രത്തിൽ നിന്നു പുറത്താക്കപ്പെട്ടവന്റെ ചരിത്രമില്ലായ്മ, (മേലാളനിർമ്മിതമായ) ചരിത്രത്തിനുമേൽ നേടുന്ന വിജയമാകുന്നു.

'കമ്പ്യൂട്ടർ എന്ന യന്ത്രം' എന്ന പരിമിതമായ കല്പനവിട്ട് സൈബർസ്പേസിൽ നടത്തുന്ന കളികളിലൂടെ ലോകത്തിന്റെ ഗതിതന്നെ മാറ്റിമറിയ്ക്കാനാവുമെന്ന ബോധ്യമുണ്ട്. എന്തും സാധ്യമാകുന്ന സൈബറിടം ഉപയോഗിച്ച് മേലാള – കീഴാള; ചരിത്ര – ചരിത്രരഹിത; ഒന്നാംലോക – മൂന്നാം ലോക വൈരുദ്ധ്യങ്ങളെ തലകുത്തി നിർത്താനാവും എന്ന കല്പന അവതരിപ്പിയ്ക്കപ്പെടുന്നു. ഒരുതരം ടെക്നോ-റൊമാന്റിസിസം എന്നോ സാങ്കേതികകാല്പനികവാദം എന്നോ ഒക്കെ വിളിക്കാവുന്ന നിലപാടാണിത്. ഇവിടെ സൈബർസംസ്കൃതിയെ ഫലിതമായി അവതരിപ്പിയ്ക്കുകയാണ്. വെള്ളിനേഴിയുടെ കഥ കളിപാരമ്പര്യവും, കളിയച്ഛൻ കോംപ്ലക്സും, എഴുപതുകളിലെ വിപ്ലവപ്രതീക്ഷയുമെല്ലാം വിരുദ്ധോക്തിയിൽ ചാലിച്ച് അവതരിപ്പിക്കുന്നു.

ഇതിലും ചരിത്രത്തിലൂടെ ജനിച്ചുവളർന്ന അച്യുതൻ, ചരിത്രത്തിനുപുറത്തായിപ്പോയ കുട്ടായി എന്നീ വിരുദ്ധദ്വന്ദ്വങ്ങളുണ്ട്. കടുത്ത പരിഹാസത്തിൽപ്പൊതിഞ്ഞ് അച്യുതനെന്ന ചരിത്രപുരുഷനെ അവതരിപ്പിയ്ക്കുന്നത് നോക്കുക.

> ചരിത്രത്തിലാദ്യം കമ്മ്യൂണിസ്റ്റുകൾ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുമ്പോൾ ചരിത്രപുരുഷൻ ജനിച്ചു....... വിയറ്റ്നാമിൽ ആദ്യബോംബ് വീണപ്പോൾ അച്യുതന് ചൊറി വന്നു. അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുമ്പോൾ അച്യുതൻ വയറിളകി കിടക്കുകയായിരുന്നു ..... ചരിത്രം അച്യുതന്റെ ശരീരത്തിൽ വടുക്കളായി പതിഞ്ഞുകിടക്കുന്നു. വലതുചുമലിൽ മൂന്നിഞ്ച് നീളത്തിൽ അലൻഡെ. ഇടതുചൂണ്ടാണിവിരലിൽ കറുത്തപാടായി ചെഗുവേര!.......[18]

[18] ടി.

ഇങ്ങനെ 'ചരിത്രമുള്ള', പാരമ്പര്യവും കുലമഹിമയുമുള്ള, 'പുലിനഖം കോർത്ത മാലയിട്ട കഥകളിയാശാൻ രാവുണ്ണി മേനോ'ന്റെ മകൻ; മരിച്ചിട്ടും താൻ വെറുക്കുന്നുവെന്നു പ്രഖ്യാപിച്ച പാരമ്പര്യത്തിന്റെ ശവവും പേറി നടന്നു. അച്യുതന് 'വർഗ്ഗസമരത്തിന്റെ ഹരം തിരശ്ശീല പിടിച്ചാൽ തീരുന്നത്ര'യേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ചരിത്രത്തിൽ നിന്നും പുറത്താക്കപ്പെട്ട ചരിത്രമില്ലാത്ത നീലാണ്ടന്റെ മകൻ കുട്ടായി തന്റെയും തന്റെ നാടിന്റെയും ഒന്നാം ലോകത്തിന്റെയും മൂന്നാംലോകത്തിന്റെയും ചരിത്രം മാറ്റിമറിയ്ക്കുന്നു, അമ്മാനമാടുന്നു. പൂർണ്ണമായും പാരമ്പര്യ/ചരിത്രവിച്ഛിത്തി സംഭവിച്ച കർത്തൃത്വമാണ് കുട്ടായി. സ്കല്പം-യാഥാർത്ഥ്യം, ഉണ്മ - അഭാവം, സത്യം - അസത്യം, ഇവയൊന്നും തിരിയാത്തതോ, അപ്രസക്തമാകുന്നതോ ആയ സൈബർകാലത്തിന്റെ സന്തതിയാണവൻ. അവനൊപ്പംനിന്ന് കഥാകൃത്തും ചരിത്രത്തെ ഭാഷകൊണ്ട് അമ്മാനമാടുന്നു.

പക്ഷേ ഈ നിലപാട് ആവിഷ്കരിക്കുന്ന അധികം കഥകൾ കണ്ടെത്താനായില്ല.

**4.2.3. സ്വത്വസംഘർഷത്തിന്റെയും സ്വത്വനഷ്ടത്തിന്റെയും വേവലാതികൾ**

സൈബർസംസ്കാരപഠിതാക്കൾ വളരെയധികം ശ്രദ്ധനല്കിയ ഒരു മേഖലയാണ് സൈബർസ്വത്വം. ഹാർവാർഡ്റെയ്ൻ ഗോൾഡ്, ഷെറി ടർക്കിൾ തുടങ്ങിയവരൊക്കെ സൈബർസ്വത്വത്തെപ്പറ്റി പഠനങ്ങൾ നടത്തി. സൈബറിടം സ്വത്വത്തെ അതീവസങ്കീർണ്ണമാക്കി. സൈബറിടത്തിൽ സ്വത്വങ്ങൾ താഴെപ്പറയുന്ന രീതികളിലെല്ലാം പ്രശ്നവല്ക്കരിക്കപ്പെടുന്നു.

- ☒ യഥാർത്ഥസ്വത്വം ഒളിച്ചുവെയ്ക്കുന്നു.
- ☒ നിരവധി സ്വത്വങ്ങൾ സ്ഥാപിയ്ക്കുന്നു.
- ☒ കൂടുതൽ ശരിയെന്ന് വിശ്വസിയ്ക്കുന്ന സ്വത്വങ്ങൾ സ്ഥാപിക്കുന്നു.
- ☒ സ്വത്വങ്ങൾ ഇഷ്ടാനുസാരം തിരഞ്ഞെടുത്ത് ഉപയോഗിക്കുന്നു.
- ☒ ലിംഗപദവി, ലൈംഗികത, വ്യക്തിത്വം എന്നിവയൊക്കെ ഒളിച്ചുവെയ്ക്കുകയോ വിരുദ്ധമായതോ വ്യത്യസ്തമായതോ ഇഷ്ടാനുസാരം സ്വീകരിക്കുകയോ ചെയ്യുന്നു.
- ☒ യഥാർത്ഥജീവിതത്തിന്റെ തുടർച്ചയും പൂരണവുമായി ഉപയോഗിയ്ക്കുന്നു.

അതുകൊണ്ടുതന്നെ സൈബറിടത്തിൽ കണ്ടുമുട്ടുന്ന ഒരു വ്യക്തി, അയാൾ വെളിപ്പെടുത്തുന്ന സ്വത്വം തന്നെയാണോ എന്നും, അയാൾ ഇതുകൂടാതെ എത്ര സ്വത്വങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട് എന്നും ഒരു പ്രഹേളികയായി നിലനില്ക്കുന്നു. അയാൾ നമ്മോടു സംവദിയ്ക്കുന്നത് അതേ മുറിയിൽവെച്ചോ, കെട്ടിടത്തിൽവെച്ചോ, ഭൂമിയുടെ മറ്റേതോ കോണിൽവെച്ചോ ആവാം. അയാൾക്ക് നമ്മുടെ പാസ്‌വേഡ് കൈക്കലാക്കി വ്യക്തിപരമായ സ്വകാര്യങ്ങളെല്ലാം പരസ്യപ്പെടുത്താനോ, നമ്മെളെന്ന വ്യാജേന മറ്റൊരാളോട് / ആളുകളോട് സംവദിക്കാനോ സാധിയ്ക്കും. നമ്മെ അപകീർത്തിപ്പെടുത്താനും നമ്മെ പലതരം തട്ടിപ്പുകൾക്ക് വിധേയരാക്കാനും സാധിയ്ക്കും. ഇത്തരം സാധ്യതകളെക്കുറിച്ചുള്ള സംശയത്തോടെത്തന്നെയാണ് സൈബറിടത്തിൽ ആളുകൾ പരസ്പരം സംവദിയ്ക്കുന്നത്. യഥാർത്ഥജീവിതത്തിൽ തമ്മിൽ പരിചയമുള്ളവർ, കൃത്യമായി തങ്ങളുടെ യഥാർത്ഥസ്വത്വം സംശയലേശമെന്യേ സ്ഥാപിച്ചവർ എന്നിവർ തമ്മിലുള്ള വിനിമയങ്ങൾ താരതമ്യേന സ്വാഭാവികവും വ്യത്യസ്തവുമായിരിയ്ക്കും.

ഇത്തരം ആധികളെല്ലാം സൈബർകഥകളിലെ സ്വത്വസങ്കല്പത്തെ സംഘർഷഭരിതമാക്കുന്നു. എം. നന്ദകുമാറിന്റെ 'വാർത്താളി : സൈബർസ്പേസിൽ ഒരു പ്രണയനാടകം'[19] (1999), വിനു എബ്രഹാമിന്റെ 'ചില പ്രീമോഡേൺ ഇടപെടലുകൾ'[20](1998), ചന്ദ്രമതിയുടെ 'വെബ്സൈറ്റ്'[21](2000), ഐസക് ഈപ്പന്റെ 'ക്രിസ്റ്റീനറൊസേറ്റി ഇന്റർനെറ്റിൽ'[22] (2001), പി.വി. ഷാജികുമാറിന്റെ 'രൂപങ്ങൾ'[23] (2009) എന്നീ കഥകൾ ഈ വിഭാഗത്തിൽപ്പെടുന്നു.

വിനുഎബ്രഹാമിന്റെ 'ചില പ്രീമോഡേൺ ഇടപെടലുകൾ' എന്ന കഥയിൽ സൈബറിടം അപരജീവിതം സാധ്യമാക്കുന്ന ഒരിടമായി അവതരിപ്പിയ്ക്കപ്പെടുന്നു. ഒരുതരത്തിൽപ്പറഞ്ഞാൽ സുധാകരന്റെ 'ഓഫ്ലൈൻ ജീവിതം' അവസാനിച്ച് 'സൈബർജീവിതം' ആരംഭിച്ചു. മനുഷ്യരെ കാണേണ്ടാത്ത, ശല്യപ്പെടുത്തലുകൾ അനുഭവിക്കേണ്ടാത്ത, ചൂടും ചൂരും ഇല്ലാത്ത/ആവശ്യമില്ലാത്ത ഒരു തരം 'മരണ'മായി സൈബർജീവിതം അവതരിപ്പിയ്ക്കപ്പെടുന്നു. 'ഇടപെടലുകളിൽ നിന്ന് രക്ഷപ്പെടാനയി സുധാകരൻ ആത്മഹത്യ ചെയ്തു എന്നെഴുതി അവസാനിപ്പിയ്ക്കുന്നതുപോലെ തന്നെയാണ് പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം തേടി സൈബറിടത്തിലെത്തി അയാൾ അപ്രത്യക്ഷനായി എന്ന് ആവിഷ്കരിക്കുന്നതും.

---

[19] എം. നന്ദകുമാർ, 'വാർത്താളി: സൈബർസ്പേസിൽ ഒരു പ്രണയനാടകം', *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

[20] വിനു എബ്രഹാം, 'ചില പ്രീ മോഡേൺ ഇടപെടലുകൾ', *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

[21] ചന്ദ്രമതി, 'വെബ്സൈറ്റ്'' , *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

[22] ഐസക് ഈപ്പൻ, 'ക്രിസ്റ്റീന റൊസേറ്റി ഇന്റർനെറ്റിൽ' , *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

[23] പി.വി.ഷാജികുമാർ, 'രൂപങ്ങൾ', *വെള്ളരിപ്പാടം* (ഡി.സി. ബുക്സ്, കോട്ടയം, 2009).

മനുഷ്യർക്ക് യഥാർത്ഥവും പ്രതീതയഥാർത്ഥവുമായ ജീവിതങ്ങൾ സാധ്യമാണെന്നും സൈബറിടത്തിലെ ജീവിതം, യഥാർത്ഥജീവിതത്തിന്റെ തുടർച്ചയോ, പൂരണമോ, അപരജീവിതമോ ആകാമെന്നും സൈബർസംസ്കാരപഠിതാക്കൾ നിരീക്ഷിച്ചിട്ടുണ്ട്. ഇവിടെ സുധാകരൻ യഥാർത്ഥജീവിതത്തിനു ബദലായി ഒരു സൈബർജീവിതമുണ്ടാക്കി അതിലേക്ക് ഒളിച്ചോടുകയാണ് ചെയ്തത്. യാഥാർത്ഥ്യങ്ങളിൽ നിന്ന് അകറ്റുന്നതോ, ഒളിച്ചോടൽ സാധ്യമാക്കുന്നതോ ആയ ഒരു ഇടമായി ഇവിടെ സൈബറിടം അവതരിപ്പിയ്ക്കപ്പെടുന്നു.

എം. നന്ദകുമാറിന്റെ 'വാർത്താളി: സൈബർസ്പേസിൽ ഒരു പ്രണയനാടകം' (1999) എന്ന കഥ വ്യത്യസ്തമായൊരു തലത്തിലാണ് നിൽക്കുന്നത്.

ഇതുവരെ പരാമർശിച്ച മറ്റുകഥകളെക്കാൾ ഈ നീണ്ടകഥയെ വ്യത്യസ്തമാക്കുന്ന ചില ഘടകങ്ങളുണ്ട്. സൈബർസ്പേസിനെക്കുറിച്ചും വിവരസാങ്കേതികവിദ്യയെക്കുറിച്ചും അതിന്റെ രാഷ്ട്രീയവും താത്വികവുമായ വശങ്ങളെക്കുറിച്ചും കഥാകൃത്തിനുള്ള അറിവാണ് ഒന്നാമത്തേത്. സൈബർസ്പേസ് സാധ്യമാക്കുന്ന അതിസങ്കീർണമായ കർത്തൃത്വസാധ്യതകളുടെ അവതരണമാണ് മറ്റൊന്ന്. യാഥാർത്ഥ്യത്തിൽനിന്നു ഭിന്നമായി പ്രതീതയാഥാർത്ഥ്യലോകം നിർമ്മിക്കുന്ന യാഥാർത്ഥ്യത്തിന്റെ മറുപുറത്തെപ്പറ്റിയുള്ള ഉൾക്കാഴ്ചകൾ ദൃശ്യമാവുന്നു എന്നതാണ് അടുത്തത്.

കഥയെക്കുറിച്ച് പി.കെ. രാജശേഖരൻ ഇങ്ങനെ നിരീക്ഷിയ്ക്കുന്നു.

> ഉത്തരാധുനികസാഹിത്യഭാവനയിൽ വെർചൽ റിയാലിറ്റിയുടെ സാധ്യതകൾ കഥയിൽ പരീക്ഷിയിക്കാൻ ധൈര്യപ്പെട്ടുകൊണ്ട് നന്ദകുമാറിന്റെ 'വാർത്താളി' അങ്ങനെ പുതിയൊരു ആഖ്യാനലോകം തുറക്കുന്നു. പ്രതീതിയാഥാർത്ഥ്യവും മന്ത്രവാദവും കൂട്ടിക്കുഴച്ചുകൊണ്ടു

നീങ്ങുന്ന ഈ രചന നിരവധി ദ്വന്ദ്വങ്ങളെ അഭിമുഖമായി നിർത്തുന്നു. യാഥാർത്ഥ്യവും പ്രതീതി യാഥാർത്ഥ്യവും, സാങ്കേതികത്വത്തിന്റെ വർത്തമാനകാലവും ആഭിചാരത്തിന്റെ ഭൂതകാലവും, ഭൗതികശരീരവും സൈബർശരീരവും അഭിമുഖമായി നില്ക്കുന്നു. യാഥാർത്ഥ്യത്തിന്റെ സ്വഭാവം മാത്രമല്ല, ശരീരകാമനയുടെ സ്വഭാവവും പുനർനിർവചിക്കപ്പെടുന്നു .... പുതിയ തരം സ്വത്വ ങ്ങളെ ഈ പ്രതീതിലോകം സൃഷ്ടിയ്ക്കുന്നു. ഇന്ററാക്ടിവിറ്റി എന്ന സംജ്ഞകൊണ്ടു വിവ ക്ഷിയ്ക്കുന്ന, പരസ്പരസംവേദനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന കർത്തൃത്വങ്ങളാണ് സൈബർസ്പേസിലേത്... ഹരി അവിടെ കണ്ടെത്തുന്ന രമണി ഒരു സൈബർശരീരമാണ്. അത് യാഥാർത്ഥമാവണമെന്നില്ല.[24]

മുത്തച്ഛൻ ദുർമന്ത്രവാദ–ആഭിചാരാദികളിലൂടെ സ്ത്രീയിലേക്കെത്തുന്നു. മുത്ത ച്ഛന്റെ ചെറുമകൻ സാങ്കേതികാഭിചാരത്തിലൂടെ സ്ത്രീയിലേക്കെത്താൻ ശ്രമിയ്ക്കുന്നു. അങ്ങനെ കണ്ടെത്തിയത് യഥാർത്ഥ സ്ത്രീയല്ല, ഒരു സൈബർ (സ്ത്രീ)സ്വത്വമാണെന്നും പിന്നീട് അത് സ്ത്രീയല്ല നപുംസകമാണെന്നും മനസ്സിലാക്കുന്നു.

'മനുഷ്യസത്തയിൽ വിശ്വാസം പോരാ' എന്നും 'മനുഷ്യരോടുള്ള വെറുപ്പാണ് തന്റെ രോഗ'മെന്നും, 'ഓരോ മനുഷ്യനും തനിയ്ക്ക് ഓരോ പ്രതീകം മാത്രമാണെന്നും പ്രഖ്യാപിയ്ക്കുന്ന രമണിയുടെ സ്വത്വമാണ് ഈ കഥയിൽ പ്രശ്നവല്ക്കരിക്കപ്പെടുന്നത്. 'രമണി നിലനില്ക്കുന്നുണ്ടോ?' എന്ന് ഹരി സംശയിക്കുന്നു. 'മറ്റാരെങ്കിലും വീൽചെയറിനു പുറകിൽ ചരടുവലിക്കുകയാണോ? സൈബർസ്പേസിൽ ആരുടെ കുസൃതിയാണ് ഈ പ്രണയം? എന്നയാൾ ആശങ്കപ്പെടുന്നു. ഒടുവിൽ ആശങ്കകൾ അസ്ഥാനത്തല്ലെന്ന് തെളിയിച്ചുകൊണ്ട് 'രമണി എന്ന പ്രണയിനി' ഒരു നപുംസകമാണെന്ന് വെളിവാകുന്നു. (അതും സത്യമാണോയെന്ന് ആർക്കറിയാം?) എന്നിട്ട് 'ലോകത്തിന് ആവശ്യമില്ലാത്ത ഒരു നിഴലായി ഞാൻ പോകട്ടെ' എന്നും പ്രഖ്യാപിച്ച് രമണി സൈബർസ്പേസിൽ മറയുന്നു.

---

[24] സേതു, 'അടയാളവാക്യങ്ങൾ' , *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

കഥാന്ത്യത്തിൽ സ്നേഹരാഹിത്യം ബാക്കിയിട്ട ദുഃഖാകുലമായ സ്വർഗ്ഗമായി മോണിറ്റർ അവശേഷിയ്ക്കുന്നു.

ചന്ദ്രമതിയുടെ 'വെബ്സൈറ്റ്' (2000) കഥാകാരി പറയുന്നതുപോലെ നടുക്കത്തിലവസാനിയ്ക്കാൻ കാരണമായതും സൈബർസ്പേസിന്റെ പ്രതീതസാധ്യതകളാണ്. വിനോദ്കൃഷ്ണയുടെ വൈബ്സൈറ്റ് സന്ദർശിച്ചാണ് സ്മിതയെ നടുക്കിയത് - രണ്ടുകാലുകളും നഷ്ടപ്പെട്ട് അരയ്ക്കുതാഴെ തളർന്നുകഴിയുന്നയാളാണ് വിനോദ് എന്ന അറിവ് നല്കിയതിലൂടെ.

ഈ കഥയിൽ ഇ.മെയ്ലും ഇന്റർനെറ്റും വെബ്സൈറ്റും കടന്നുവരുന്നുണ്ട്. പക്ഷേ വിനോദ്കൃഷ്ണയും സ്മിതയുംതമ്മിൽ സംവാദിക്കാനുള്ള ഒരുപാധി എന്നതില പ്പുറത്തേയ്ക്ക് കഥയുടെ പ്രമേയത്തെ സൈബറിടം നിർണ്ണയിക്കുന്നില്ല. അതിലപ്പുറമുള്ള സ്വത്വസംഘർഷത്തിലേക്ക് കഥ വികസിക്കുന്നില്ല.

ഐസക് ഈപ്പന്റെ 'ക്രിസ്റ്റീന റൊസേറ്റി ഇന്റർനെറ്റി'ൽ (2001) എന്ന കഥയിലെ നായകൻ ഷിജു മുഷിപ്പൻ ദിനചര്യക്കിടയിൽ ഒരു മദ്യപാനിയെപ്പോലെ നെറ്റ്കഫേയിലെത്തുന്നയാളാണ്. ചിലന്തിയെപ്പോലെ ചാടിയും ഊർന്നിറങ്ങിയും നിലംതൊടാതെ ട്രപ്പീസുകളിച്ചും വെബ്സൈറ്റുകളിലൂടെ വിരാജിക്കുന്നയാളാണ്. അത്തരമൊരു യാത്രക്കിടയിൽ കണ്ടെത്തിയ ക്രിസ്റ്റീന റൊസേറ്റി പതുക്കെപ്പതുക്കെ സംസാരത്തിനിടയിൽ റോസി കുര്യാക്കോസായി രൂപം പകർന്നു. ഷിജുവിനോടടുപ്പമുണ്ടായിരുന്ന അവൾ, അവന്റെ ഭീരുത്വം മൂലം കന്യാസ്ത്രീയായതാണ്. റൊസേറ്റിയുടെ ചിരി മുഴങ്ങവേ, ഷിജു ഏങ്ങലടിച്ചുകരഞ്ഞുകൊണ്ട് ബ്രൗസിങ് അവസാനിപ്പിച്ചു തിരിച്ചുപോന്നു. ലണ്ടൻ മ്യൂസിയത്തിലിരുന്ന ക്രിസ്റ്റീനയും

കന്യാസ്ത്രീയായ റോസിയും പരസ്പരം സ്വത്വപ്പകർച്ചകൾ നടത്തി ഏകാകിയായ ഷിജുവിന്റെ ലോകത്തിൽ നിറയുന്നു.

പി.വി. ഷാജികുമാറിന്റെ 'രൂപങ്ങൾ' (2009) സ്വത്വനഷ്ടത്തിന്റെ കഥയാണ്. സ്വന്തം ഭാര്യയുമൊത്തുള്ള തന്റെ കിടപ്പറദൃശ്യങ്ങൾ ക്യാമറയിൽ പകർത്തി മേലുദ്യോഗസ്ഥനായ അറബിയ്ക്ക് നല്കി ഉദ്യോഗക്കയറ്റം വാങ്ങിയ ഭർത്താവ്. സ്വന്തം ഗർഭസ്ഥശിശുവിനെ അടിച്ചുകൊന്ന് മുഖം പ്ലാസ്റ്റിക്സർജറി ചെയ്ത് ടിബറ്റൻജന്മമായി മാറിയ ഭാര്യ. ഭർത്താവിന്റെ ശവം അടക്കം ചെയ്തപെട്ടിയ്ക്കുമേൽകിടന്ന് 4 പേരോട് ഇണചേർന്ന് അത് പകർത്തി ഹോട്ട്സൈറ്റിൽ പോസ്റ്റ് ചെയ്ത് അവർ ആത്മഹത്യചെയ്യുന്നു. സിഡിയും വെബ്ക്യാമറയും, മൊബൈൽഫോണും, എസ്.എം.എസ്സും, പ്ലാസ്റ്റിക് സർജറിയും, ഇന്റർനെറ്റിലെ ഹോട്ട് സൈറ്റുകളും എല്ലാം ചേർന്ന് സ്വത്വനാശം വരുത്തുന്ന പുതുതലമുറയുടെ ജീവിതമാണ് പ്രവചനസ്വഭാവത്തോടെ ഷാജി അവതരിപ്പിയ്ക്കുന്നത്. സ്വന്തം ലൈംഗികത പകർത്തി മുതലാളിയ്ക്കു സമർപ്പിയ്ക്കുന്ന ഭർത്താവ് സ്വത്വവിഘടനത്തിന്റെ പരമ്പരയ്ക്ക് തുടക്കമിട്ടു. മുഖം മാറ്റി ഭാര്യ അടുത്തപടിയിലേക്കു കടന്നു. നവമാധ്യമങ്ങൾ ഉത്തരാധുനികജീവിതങ്ങളെ എങ്ങനെയൊക്കെ വിനാശകരമായി സ്വത്വവിഘടനത്തിലേയ്ക്കും തുടർന്ന് സമ്പൂർണ്ണനാശത്തിലേയ്ക്കും തള്ളിയിടുന്നു എന്ന അപായക്കാഴ്ചയാണ് ഈ കഥ.

മേല്പറഞ്ഞവയെല്ലാം സ്വത്വ വിഘടനത്തിന്റെയും സ്വത്വസംഘർഷത്തിന്റെയും വിനാശകരവും ഭീതിദവുമായ ചിത്രങ്ങൾ പലമട്ടിൽ അവതരിപ്പിയ്ക്കുന്നു.

#### 4.2.4. പരിഹസിയ്ക്കപ്പെടുന്ന മാധ്യമാധിനിവിഷ്ടസമൂഹം

ഭയാശങ്കകളും വിജയപ്രതീക്ഷകളും സ്വത്വസംഘർഷ/വിഘടനങ്ങളുടെ ആപത്സൂചനകളും പിന്നിട്ട് ഏറ്റവും പുതിയവ ഉൾപ്പെടുന്ന ഒരു കൂട്ടം കഥകൾ നവമാധ്യമങ്ങളാൽ അധിനിവിഷ്ടമായ 'നവജീവിതങ്ങ'ളെ കഠിനമായി പരിഹസിയ്ക്കുന്നു. വിനാശകരമായ ജീവിതങ്ങളുടെ നേർക്കുള്ള ക്രാന്തദർശികളുടെ കയ്പുനിറഞ്ഞ ചിരിയാണിത്. സൈബർമലയാളികളുടെ ജാതകം കുറിയ്ക്കുകയാണിവർ എന്ന് ആലങ്കാരികഭാഷയിൽ പറഞ്ഞാലും തെറ്റില്ല.

ബി. മുരളിയുടെ 'ചാറ്റൽമഴയിലെ ഏകാകി'[25] (2001), സേതുവിന്റെ 'മറ്റൊരു ഡോട്ട്കോം സന്ധ്യയിൽ'[26] (2002), സി.പി. ബിജുവിന്റെ 'വാതപ്പരു'[27], 'ചരക്ക്'[28] (2009), ചന്ദ്രമതിയുടെ 'ഒരു പലകമനുഷ്യന്റെ സങ്കടങ്ങൾ'[29], 'ഇതാ ഇവിടെ ഒരു ടെക്കി'[30] (2010) എന്നിവയാണ് ഈ വിഭാഗങ്ങളിൽപ്പെടുത്താവുന്ന കഥകൾ.

'ചാറ്റൽമഴയിലെ ഏകാകി' പേരു സൂചിപ്പിയ്ക്കുന്നതുപോലെ ചാറ്റുകൾ മഴയായി പെയ്യുന്നിടത്ത് ഏകാകിയായി ഇരിയ്ക്കുന്ന രാമകൃഷ്ണന്റെ ഏകാകിത കളയാനുള്ള ഏർപ്പാടുകളാണ്. ഇങ്ങനെയൊക്കെ ഇത്രമേൽ നിസ്സാരീകരിക്കപ്പെടുന്നു മനുഷ്യബന്ധങ്ങൾ.

---

[25] ബി.മുരളി, 'ചാറ്റൽ മഴയിലെ ഏകാകി' , *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005),പു.111—116.

[26] സേതു, 'മറ്റൊരു ഡോട്ട്കോം സന്ധ്യയിൽ', *മറ്റൊരു ഡോട്ട്കോം സന്ധ്യയിൽ* (കറന്റ്ബുക്സ്, തൃശ്ശൂർ, 2002),പു.49 — 59.

[27] സി.പി.ബിജു, 'വാതപ്പരു', ചരക്ക് (ഡി.സി. ബുക്സ്, കോട്ടയം, 2009),പു.23 – 31.

[28] സി.പി.ബിജു, ചരക്ക് (ഡി.സി. ബുക്സ്, കോട്ടയം, 2009),പു.38— 45.

[29] ചന്ദ്രമതി, 'ഒരു പലക മനുഷ്യന്റെ സങ്കടങ്ങൾ' ,*ഇതാ ഇവിടെ ഒരു ടെക്കി* (ഡി.സി.ബുക്സ്, കോട്ടയം, 2010),പു.19 —25.

[30] ചന്ദ്രമതി, 'ഇതാ ഇവിടെ ഒരു ടെക്കി' ,*ഇതാ ഇവിടെ ഒരു ടെക്കി* (ഡി.സി.ബുക്സ്, കോട്ടയം, 2010),പു.41— 49.

ഇത്രമേൽ ഒറ്റപ്പെട്ടിരിയ്ക്കുന്നു മനുഷ്യർ. രണ്ടുപേരും യഥാർത്ഥസ്വത്വങ്ങൾ വെളിപ്പെടുത്താതെ സംവദിയ്ക്കുന്നു. രാമകൃഷ്ണൻ 'എക്സ് എക്സ് 20' യാണ് മറ്റേയാൾ 'കീർത്തി'യും.

ഇതിൽ ആരാണ് യഥാർത്ഥം? എന്താണ് യാഥാർത്ഥ്യം? സത്യവും അർദ്ധ സത്യവും അസത്യവും തമ്മിലും; സ്വത്വങ്ങൾ തമ്മിലും ഒക്കെ കൂടിക്കുഴഞ്ഞ, ഒന്നും വ്യക്ത മല്ലാത്ത, ഒന്നിനെയും വിശ്വസിക്കാനാവാത്ത ഒരിടമാണ് സൈബർസ്പേസ്. ഇവിടെ ആണും പെണ്ണുമില്ല, സൈബർസ്വത്വങ്ങളേയുള്ളൂ. സത്യവും നുണയുമില്ല, സൈബർ യാഥാർത്ഥ്യ മേയുള്ളൂ. ആർക്കും ആരെയും വിശ്വസിക്കാനാവില്ല. ഒരാൾതന്നെ ഒരേ സമയം പല സ്വത്വ ങ്ങളായി പകർന്നാടുന്നു.

യാതൊരു അർത്ഥവുമില്ലാതെ സമയം കളയാനുള്ള ഒരിടം കൂടിയാണ് ചാറ്റ്റൂം. അവിടെ ഏകാകിയായൊരാൾ വലവീശിപ്പിടിച്ച് സമയം കൊല്ലാൻ കണ്ടെത്തിയ ഉപാധിയാ യിരുന്നു 'കീർത്തി'യും ആ കഥയും. 'കീർത്തി' സ്ഥലം വിട്ടപ്പോൾ ഇനിയെങ്ങനെ സമയം കളയും എന്ന ആധി മാത്രമേ രാമകൃഷ്ണനുണ്ടായിരുന്നുള്ളൂ. യഥാർത്ഥജീവിതസൗഹൃ ദങ്ങളേക്കാൾ എത്ര നിസ്സാരവും അയഥാർത്ഥവുമാണ് ഇത്തരം 'ചാറ്റൽസൗഹൃദങ്ങൾ' എന്നും ഈ കഥ കാണിച്ചുതരുന്നു.

സേതുവിന്റെ 'മറ്റൊരു ഡോട്ട്കോം സന്ധ്യയിൽ' (2002) പേരിൽത്തന്നെ തുടങ്ങുന്നു പരിഹാസം. 'എങ്കിലും ചന്ദ്രികയും 'രമണ'നും! ചങ്ങമ്പുഴയുടെ രമണനും ചന്ദ്രികയും കണ്ടുമുട്ടിയതുപോലെ, ഈ 'ഉത്തരാധുനിക ചന്ദ്രികാ-രമണന്മാർ' സൈബറിടത്തിൽ വെച്ച് കണ്ടുമുട്ടുന്നു. പഴയ രമണനിൽ നിന്ന് ഈ രമണൻ 'ഏറെ മുന്നോട്ടുപോയിരിയ്ക്കുന്നു'. ദേശാന്തരങ്ങളിലെ രാഗാതുരരായ നിരവധി

പെൺചെങ്ങാതിക്കൂട്ടങ്ങളുള്ള 'സൈബർകൃഷ്ണ'നാണയാൾ. സൈബർ ക്ഷീരപഥങ്ങളിലൂടെ വീര്യമുള്ള ബീജങ്ങൾ ചാറ്റിലൂടെ വിതറുന്ന ചതുരനായ ചാറ്റൽവീരൻ! കപടമറിയാത്ത 'മൂന്നാംലോകകുടുംബത്തിൽ' പിറന്ന ചന്ദ്രിക അങ്ങനെ സൈബർഗർഭം ധരിയ്ക്കുന്നു.... നാട്ടുനടപ്പനുസരിച്ച് ചന്ദ്രിക തൂങ്ങാനൊരുങ്ങുമ്പോൾ രമണന്റെ മലഞ്ചെരുവിലേക്ക് സി.ഐ.എ. വിമാനം വന്നണയുന്നു! എന്തൊരു തീഷ്ണമായ പരിഹാസം!

സി.പി. ബിജുവിന്റെ 'ചരക്ക്', 'വാതപ്പരു'(2000) എന്നീ കഥകളുടെ ഒരു സവിശേഷത, രണ്ടും നായികാകേന്ദ്രിതമാണെന്നതാണ്. സ്ത്രീജീവിതങ്ങളിൽ നവമാധ്യമങ്ങൾ വരുത്തുന്ന മാറ്റം ഇവിടെ ദൃശ്യമാണ്. ഫെമിനിസ്റ്റായ ചാരു 'റെന്റ് എ മെയ്ൽ' വെബ്സൈറ്റിലൂടെ ഒരു ആണിനെ വാടകയ്ക്കെടുക്കുന്നതാണ് 'ചരക്ക്' എന്ന കഥ. ലൈംഗികതയെ ചരക്കാക്കിമാറ്റുന്നു. ഒബീഡിയന്റ് സർവ്വന്റിനെ ആവശ്യപ്പെട്ട ചാരുവിന് അരവിന്ദ്സ്വാമിയുടെ മുഖമുള്ള ഒരു സുന്ദരവിധേയനെ ലഭിച്ചു. അവൾ പറഞ്ഞതെല്ലാമനുസരിച്ച്, അവൾ കഴിച്ച പാത്രത്തിലുണ്ട് അവൾക്ക് ലൈംഗികമായി കീഴ്പ്പെട്ട് അയാൾ എന്ന ചരക്ക് തന്റെ 'ഡ്യൂട്ടി' നിർവ്വഹിച്ചു.

വാതപ്പരുവിലെ ഷെറിയുടെ ഭർത്താവ് ലൈംഗികത അവളയറിയാതെ പകർത്തി നെറ്റിൽ അപ്ലോഡ് ചെയ്തു. ഷെറിയും അതുതന്നെ സുഹൃത്തിന് കാണിക്കാനായി ചെയ്തു. സുഹൃത്ത് പെങ്ങളുടെയും മറ്റ് ആളുകളുടെയും ലൈംഗികത രഹസ്യമായി പകർത്തുന്നുണ്ട്. ഷെറി അച്ഛനമ്മമാരുടെ കിടപ്പറയിൽ ക്യാമറ വെയ്ക്കുന്നുണ്ട്. കഥ അവസാനിയ്ക്കുന്നത് പുതിയ ക്യാമറയും ഫോട്ടോബ്ലോഗുമായി ഷെറി വീണ്ടും തന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുന്നതുകാണിച്ചുകൊണ്ടാണ്. ഈ രണ്ടു കഥകളിലും

നിസ്സഹായരായ ഇര എന്ന അവസ്ഥമാറി 'നവമനുഷ്യർ', 'നവമാധ്യമങ്ങളു'പയോഗിച്ച് കളിയ്ക്കുന്ന അതേ കളി കളിയ്ക്കുന്നവരാണ് നായികമാർ (ചാരുവും ഷെറിയും). ഒരു കളിപ്പാട്ടം പോലെ സ്വന്തം ജീവിതവും സ്വത്വവും കുടുംബവും ബന്ധങ്ങളും എല്ലാം ഇവർ ലാഘവത്തോടെ കളിയാക്കി മാറ്റുന്നു. വിർചൽജീവിതത്തിനുവേണ്ടി, യഥാർത്ഥ ജീവിതം കൊണ്ട് കളിയ്ക്കുകയാണിവിടെ.

ചന്ദ്രമതിയുടെ 'ഒരു പലകമനുഷ്യന്റെ സങ്കടങ്ങൾ', 'ഇതാ ഇവിടെ ഒരു ടെക്കി' (2000) എന്നീ കഥകൾ മറ്റൊരു തലത്തിലാണ് നില്ക്കുന്നത്. പലകമനുഷ്യനിൽ സിൽവസ്റ്റൽ ഡിസൂസയുടെ തന്ത്രജ്ഞയായ ഭാര്യ മുരളിക അയാളെക്കുറിച്ച് നെറ്റിൽ പ്രത്യക്ഷപ്പെട്ട പരിഹാസചിത്രം അയാളുടെ പ്രസിദ്ധി വർദ്ധിപ്പിയ്ക്കാനുള്ള വിദ്യയാക്കി മാറ്റുന്നു. 'ഇതാ ഇവിടെ ഒരു ടെക്കി'യിൽ 'തുറക്കാനാവാത്ത കമ്പ്യൂട്ടറു' കളെ ദുഃസ്വപ്നംകണ്ട് ഞെട്ടിവിറച്ച് ജീവിയ്ക്കുന്ന ടെക്കികളുടെ ജീവിതത്തെ ഫലിതമയമായി അവതരിപ്പിയ്ക്കുന്നു. കഥാകാരിയുടെ പ്രസ്താവന, വിജയന്റെ സഹോദരിയുടെ എസ്സെമ്മെസ്സ് ആയി വരുന്നുണ്ട് കഥാന്ത്യത്തിൽ: ''ദൈവം ഒരുപാടു കോമഡിയെഴുതുന്നുണ്ട്. പക്ഷേ പ്രശ്നമെന്താണെന്നുവെച്ചാൽ അദ്ദേഹത്തിന്റെ അഭിനേതാക്കൾക്ക് ഹാസ്യം അഭിനയിക്കാനറിയില്ല."

നവമാധ്യമാധിനിവിഷ്ടമായ 'നവജീവിതം' മേല്പറഞ്ഞ കഥാകൃത്തുകൾ പൊതുവെ ദൈവത്തിന്റെ കോമഡിയെഴുത്തായി കാണുന്നു. അഭിനേതാക്കൾ തോറ്റുപോവുന്ന ദൈവസൃഷ്ടമായ 'നവകോമഡി'കൾ! അതിനെ ഫലിതമയമായ ഭാഷയിൽ തീക്ഷ്ണമായ പരിഹാസത്തിനു വിധേയമാക്കുകയാണ് മേല്പറഞ്ഞ കഥകൾ.

## 4.3 മലയാളത്തിലെ സൈബർകഥകളുടെ ആഖ്യാനഘടന

മേൽപ്രസ്താവിച്ച 16 കഥകൾ പരിശോധിയ്ക്കുമ്പോൾ താരതമ്യേന പുതിയ കഥകളിൽ കഥകളുടെ ആഖ്യാനഘടനയെയും ഭാഷയെയുമൊക്കെ സൈബറിടം വ്യക്തമായി സ്വാധീനിച്ചിട്ടുണ്ട് എന്നു കാണാം. നവമാധ്യമസാങ്കേതികപദാവലികളുടെ ഉപയോഗം, ശില്പത്തിൽ ഇ.മെയ്ൽ, ചാറ്റ്, വെബ്രൂപഘടന എന്നിവയുടെ ഉൾച്ചേർക്കൽ എന്നിവയൊക്കെ പകുതിയോളം കഥകളിൽ കാണാൻ സാധിയ്ക്കും. എന്നാൽ പ്രമേയതലത്തിനപ്പുറം ഭാഷയെയോ ആഖ്യാനഘടനയെയോ കാര്യമായി സ്വാധീനിച്ചിട്ടില്ലാത്തവയാണ് മറ്റൊരു വിഭാഗം കഥകൾ.

ചില ഉദാഹരണങ്ങൾകൊണ്ട് ഇത് വിശദമാക്കാം 'വാർത്താളീമണ്ഡലം' എന്ന വെബ്സൈറ്റ് നിർമ്മിച്ച് 'രമണി'യോടു സംവദിയ്ക്കുന്ന ഹരിയുടെയും ഹരിയുടെ മുത്തശ്ശൻ മഹാമന്ത്രവാദി കുഞ്ഞൂട്ടൻനായരുടെയും കഥകൾ പരസ്പരം ഇടകലർത്തി സ്തോഭകരമായ പരിണാമത്തിലേക്കു നീങ്ങുന്നു 'വാർത്താളി : സൈബർസ്പേസിൽ ഒരു പ്രണയനാടകം' എന്ന കഥ. ഇവിടെ മന്ത്രവാദവും വിവരസാങ്കേതികവിദ്യയും നേർക്കുനേർ നില്ക്കുന്നു. മുത്തച്ഛൻ രതിയിലേക്കും തുടർന്ന് ലിംഗനഷ്ടത്തിലേക്കും മരണത്തിലേക്കും നീങ്ങുന്നു. പൗത്രൻ സാങ്കേതികാഭിചാരത്തിലൂടെ (സൈബർ) 'സ്ത്രീ'യിലേക്കും തുടർന്ന് ആ സൈബർസ്ത്രീത്വം നപുംസകമാണെന്ന തിരിച്ചറിവു നല്കുന്ന നടുക്കത്തിലേക്കും എത്തുന്നു. മുത്തശ്ശൻ യഥാർത്ഥ രതിയിലേർപ്പെടുന്നു. ഹരി രമണിമാരുടെ രതി, സൈബർരതിയാണ്. അതു വിവരിക്കുന്ന ഭാഷനോക്കുക.

> സൈബർസ്പേസിൽ പ്രണയത്തിന്റെ പ്രതിനിധാനത്തെ അവർ വേട്ടയാടി. ആഗ്രഹങ്ങളുടെ പ്രാകൃതദ്രവങ്ങൾ കുതിച്ചൊഴുകി. അവയവങ്ങളില്ലാത്ത ഘടനയുടെ നൃത്തമായി രമണി വീൽച്ചെയറിൽ കറങ്ങികൊണ്ടിരുന്നു. സ്ക്രീനിൽ അവൾ തന്റെ ഉടൽ

ഭാഷയായി നിവർത്തിയിട്ടു. മനുഷ്യനും മുമ്പ് ആദിമമായ ചതുപ്പുകളിൽ നിന്നുയരുന്ന വ്യവഹാരങ്ങളുടെ മർമ്മരം ............ മോണിറ്ററിൽ സ്വപ്നസ്ഖലനത്തിന്റെ ധൂസരത പടർന്നു ......[31]

രമണി യഥാർത്ഥത്തിൽ ആരാണെന്ന് ഹരി സംശയിക്കുന്നതുനോക്കുക:

രമണി നിലനില്ക്കുന്നുണ്ടോ? മറ്റാരെങ്കിലും വീൽചെയറിനു പുറകിൽ ചരടുവലിക്കുകയാണോ? സൈബർസ്പേസിൽ ആരുടെ കുസൃതിയാണ് ഈ പ്രണയം? ചിന്തയ്ക്കു വഴങ്ങാത്ത ചിന്തകൾ മോണിറ്ററിലൂടെ കടന്നുപോയി. വെർചൽ കുറ്റകൃത്യങ്ങൾ അയാൾക്കുള്ളിൽ നിഴൽക്കൂത്ത് നടത്തി. തെറ്റുകൾ തിരുകിക്കയറ്റിയ വെബ്പേജുകൾ. ഫയർ വാൾ മറികടന്ന് ആന്റി വൈറസ് പ്രോഗ്രം ഭേദിച്ച് എത്തിയ അജ്ഞാതമായ ഇ.മെയിൽ. ചാറ്റ്ലൈനിലൂടെ ശത്രുവിന്റെ കമ്പ്യൂട്ടറിലേക്കു ചോർന്ന രഹസ്യഫയൽ ..... ഇലക്ട്രോണിക് ചെക്കുകളിലെ ഡിജിറ്റൽ ഒപ്പുകളിൽ തിരിമറി ... ഒപ്റ്റോണിക് ഉത്പന്നങ്ങളുടെ ട്രേഡ്ഷോ തകിടം മറിയ്ക്കൽ ....[32]

മന്ത്രവാദത്തിന്റെയും ഐ.ടി.യുടേയും പദാവലികൾ സമൃദ്ധമായി ഉപയോഗിക്കുന്ന ഭാഷാശൈലി. സ്ക്രീനിലെ വിനിമയങ്ങൾ ഭാഷയായി നിവർത്തിയിടാനുള്ള ശ്രമം. ആഭിചാരവും സാങ്കേതികാഭിചാരവും രതിയിലേക്കും നപുംസകത്വത്തിലേക്കും നയിക്കുന്നു എന്ന സമവാക്യം കഥയിൽ പ്രകടം.

'ചാറ്റൽ മഴയിലെ ഏകാകി' എന്ന കഥയിലെ വലിയൊരു വിഭാഗം ചാറ്റിന്റെ ഘടനയിലുള്ളതാണ്. കഥയിൽ സംഭവിക്കുന്ന ഏകകാര്യം ചാറ്റ്ലൈനിലെ സംവാദമാണ്. 'ക്രിസ്റ്റീന റൊസേറ്റി ഇന്റർനെറ്റിൽ', 'വെള്ളിനേഴി ഡോട്ട്കോം', 'മറ്റൊരു ഡോട്ട്കോം സന്ധ്യയിൽ', 'ഒരു പലക മനുഷ്യന്റെ സങ്കടങ്ങൾ', 'ഇതാ ഇവിടെ ഒരു ടെക്കി', 'ചരക്ക്', 'വാതപ്പരു' എന്നീ കഥകളിലൊക്കെ വിവരസാങ്കേതികപദാവലിയും ഫലിതമയമായ ശൈലി

[31] എം. നന്ദകുമാർ, 'വാർത്താളി: സൈബർസ്പേസിൽ ഒരു പ്രണയനാടകം' , *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005),പു.19—38.

[32] ടി.

(ഇത് പലപ്പോഴും തീഷ്ണപരിഹാസമാവുന്നുണ്ട് ഉദാ:- 'മറ്റൊരു ഡോട്ട് കോം സന്ധ്യയിൽ')യും ദൃശ്യമാണ്. 'ചരക്ക്' എന്ന കഥയുടെ പകുതിയോളം ഒരു വെബ്സൈറ്റിന്റെ രൂപഘടനയിലുള്ളതാണ്. വൈബ്സൈറ്റിലെ ചിഹ്നങ്ങളെല്ലാം അതേപടി ഉപയോഗിച്ചിട്ടുണ്ട്. 'വാതപ്പരു'വിൽ സ്വന്തം ലൈംഗികത ഷൂട്ടുചെയ്തു നെറ്റിൽ പോസ്റ്റുചെയ്തതറിയുന്ന രംഗം നോക്കുക

> ചില ക്ലിപ്പിംഗുകൾ കണ്ട് അവൾക്ക് നട്ടെല്ലിലൂടെ ഒരു തീയുണ്ട പാഞ്ഞുകയറി. വയറിനകത്ത് ഏതോ തീവ്രവാദികൾ ഗ്രനേഡ് എറിഞ്ഞതുപോലെ ഒരു പൊട്ടിച്ചിതറൽ. അവൾ ചീന്തിക്കരഞ്ഞു. ആ കരച്ചിൽ ഷൂട്ടുചെയ്ത് ക്ലിപ്പിംഗ് എടുത്തുകാണിച്ചാൽ താനിങ്ങനെ കരയുമോ എന്ന് അവൾക്കുപോലും സംശയം വരുമായിരുന്നു....[33]

ബാക്കിയുള്ള മനുഷ്യത്വമോ ആർദ്രതയോ ഒക്കെയായിരുന്നു ഷെറിയുടെ 'വാതപ്പരു'. ഇനി ആ അസുഖമുണ്ടാവില്ലെന്ന് ഷെറിയ്ക്ക് ഉറപ്പുതോന്നുന്നതാണ് കഥാന്ത്യം.

ചുരുക്കിപ്പറഞ്ഞാൽ ഭാഷ, ശില്പം എന്നീ തലങ്ങളിൽ കൂടുതൽ കൂടുതലായി സൈബറിടം കഥകളെ സ്വാധീനിയ്ക്കുന്നുണ്ട്. താരതമ്യേന പുതിയ കഥകളിലാണ് ഈ സ്വാധീനം കൂടുതലായി പ്രത്യക്ഷമാവുന്നത്. സൈബർലോകത്തെപ്പറ്റിയുള്ള കൃത്യമായ അറിവുകളും അവയുടെ സ്വാധീനശേഷിയെപ്പറ്റിയുള്ള ബോധവും കഥകളിൽ കാണാം. അതുകൊണ്ടുതന്നെ ഭാഷയിലും പ്രമേയത്തിലും രൂപശില്പത്തിലുമെല്ലാം അതിന്റെ സാന്നിധ്യസ്വാധീനങ്ങൾ പ്രകടമാവുന്നതിൽ അതിശയിക്കാനില്ല. നവമാധ്യമാധിനിവിഷ്ടമായ 'നവ'ജീവിതങ്ങളെ കണക്കിനു പരിഹസിക്കാനുതകുന്ന ഫലിത/പരിഹാസമായ ശൈലിയും പല കഥകളിലും കാണപ്പെടുന്നു.

[33] സി.പി.ബിജു, 'വാതപ്പരു', ചരക്ക് (ഡി.സി. ബുക്സ്, കോട്ടയം, 2009),പു.23 –31.

മാധ്യമങ്ങളും മാധ്യമസംസ്കാരങ്ങളും സാഹിത്യത്തിൽ പ്രഭാവം ചെലുത്തിയതും പ്രതിനിധാനം ചെയ്യപ്പെട്ടതും മുഖ്യമായും നാലു മണ്ഡലങ്ങളിലാണ്.

1. മാധ്യമസൂചകങ്ങൾ, പ്രതീകങ്ങൾ, ബിംബങ്ങൾ.
2. മാധ്യമീകൃതസാഹിത്യ ഭാഷ, ഘടന
3. ദൃശ്യമാധ്യമ സ്വാധീനം ആഖ്യാനത്തിൽ
4. മാധ്യമലോകം പ്രമേയമായിവരുന്നത്.

സൈബർകഥകൾ ഇതിന് മികച്ച് ഉദാഹരണങ്ങളാണ്. മാധ്യമസൂചകങ്ങൾ സമൃദ്ധമായുപയോഗിച്ചും മാധ്യമാനുസൃത രൂപഘടന കൈക്കൊണ്ടും മാധ്യമ(നിർമ്മിത)ലോകം പ്രമേയമാക്കിയും മലയാളത്തിലെ സൈബർകഥകൾ നിലകൊള്ളുന്നു.

മലയാളത്തിലെ സൈബർകഥകൾ 'സ്ഥലം, കാലം എന്നീ ഘടകങ്ങളിൽ സൈബർസാങ്കേതികത സൃഷ്ടിച്ച മാറ്റങ്ങൾ ജീവിതത്തെ സ്വാധീനിക്കുന്നതിന്റെ വിഭ്രാമകമായ (യാതൊരർത്ഥത്തിലും യഥാതഥമല്ലാത്ത) ഭാവനകളാണ്' എന്നും, 'സാങ്കേതികത തങ്ങൾക്കുണ്ടാകുന്ന ഭയത്തെ കാലത്തിന്റെ സന്ദേഹമായി തെറ്റായി വ്യാഖ്യാനിച്ചവരാണ് ഈ കഥാകൃത്തുകൾ' എന്നും ഷാജിജേക്കബ് അഭിപ്രായപ്പെടുന്നു.[34] 2009-ൽ എഴുതപ്പെട്ട ഈ ലേഖനത്തിലെ നിലപാടുകളിൽനിന്ന് അദ്ദേഹം മുന്നോട്ടുപോയി. 2012-ൽ അദ്ദേഹം എഴുതിയ 'നവമാധ്യമങ്ങൾ: സാങ്കേതികതയും സാമൂഹികതയും' എന്ന ലേഖനത്തിൽ ഇന്റർനെറ്റുൾപ്പെടെയുള്ള നവമാധ്യമങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തെ അദ്ദേഹം വിശദമായി വിവരിയ്ക്കുന്നു.

[34] ഷാജിജേക്കബ്, 'മാധ്യമങ്ങളും സാഹിത്യവും', *മാധ്യമപഠനങ്ങൾ* (പി.കെ.പരമേശ്വരൻ നായർ ട്രസ്റ്റ്, തിരുവനന്തപുരം, 2009),പു.33 – 41.

ജൈവസാമൂഹികതയിൽ നിന്നു ഭിന്നവും നിശ്ചയമായും വിപുലവുമായ പ്രതീതിസാമൂഹികതയ്ക്ക് രൂപം നല്കാൻ നവമാധ്യമസാങ്കേതികതയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ പ്രാദേശികതയോ ദേശീയതയോ നിശ്ചയിക്കുന്ന അസ്തിത്വത്തിനപ്പുറത്ത് ആഗോളതലത്തിൽത്തന്നെ വ്യാപ്തിയുള്ളവയാണ് ഈ പ്രതീതിസമൂഹങ്ങൾ. അവ യാഥാർത്ഥ്യത്തേക്കാൾ യഥാർത്ഥമാണെന്ന തോന്നൽ ജനിപ്പിയ്ക്കുകയും ബോദിലാദ് പറഞ്ഞതുപോലെ പകർപ്പെന്നു തോന്നിയ്ക്കാത്ത പകർപ്പുകളുടെ പരമ്പരയിലേയ്ക്ക് നമ്മുടെ മുഴുവൻ അനുഭവലോകത്തെയും മാറ്റിത്തീർക്കുകയും ചെയ്യുന്നു[35]

മിക്ക സാമൂഹ്യമാധ്യമങ്ങളെയുമെന്നപോലെ ആഗോളരാഷ്ട്രീയത്തെയും ടെലിവിഷനുശേഷം അടിസ്ഥാനപരമായി അട്ടിമറിയ്ക്കാൻ കഴിയുന്നു എന്ന് നിരീക്ഷിച്ച് അദ്ദേഹം ആ ലേഖനത്തിൽ നവ/സാമൂഹ്യമാധ്യമങ്ങൾ വ്യക്തി/സാമൂഹ്യജീവിതങ്ങളെ എങ്ങനെയൊക്കെ മാറ്റിമറിയ്ക്കുന്നുവെന്ന് ഉദാഹരണസഹിതം വിവരിയ്ക്കുന്നു. സൈബർ കഥകൾ കഥാകൃത്തുക്കളുടെ സാങ്കേതികഭയത്തിന്റെ അവതരണങ്ങൾ എന്ന മട്ടിലുള്ള വായന ശരിയല്ല എന്നും ബോധ്യപ്പെടാൻ മേല്പറഞ്ഞ ലേഖനത്തിലെ നിരീക്ഷണങ്ങൾ മതിയാകും.

ജീവിതത്തെ അടിസ്ഥാനപരമായി അട്ടിമറിച്ചുകൊണ്ടിരിയ്ക്കുന്നു സൈബർമാധ്യമങ്ങളെന്ന് സമകാലിക സംഭവവികാസങ്ങൾ തെളിയിച്ചുകൊണ്ടിരിയ്ക്കുന്നു. 'ടെക്കി'കളുടെയും 'നെറ്റിസൻ'മാരുടെയും ജീവിതങ്ങളിലേക്കും ജീവിതദുരന്തങ്ങളിലേക്കും ചിലപ്പോൾ പേടിയോടെയും മറ്റുചിലപ്പോൾ രൂക്ഷപരിഹാസത്തോടെയും ചിലപ്പോൾ അനുതാപത്തോടെയും എത്തിനോക്കുന്നു സൈബർകഥകൾ. അതിൽ വലിയൊരു വിഭാഗത്തിലും മാധ്യമീകൃതഭാഷയും മാധ്യമാനുസാരിയായ ശില്പവും ദൃശ്യമാവുന്നു. ഇതേമാറ്റം മറ്റുസാഹിത്യരൂപങ്ങളിലും ദൃശ്യമാണ്. എന്നാൽ ചെറുകഥയാണ് ഈ ഭാവുകത്വപരിസരം നേരത്തെ ഉൾക്കൊണ്ടതും തദനുസാരിയായി ധാരാളമായ പരിണാമങ്ങൾ നടക്കുന്നതുമായ മേഖല.

[35] ഷാജിജേക്കബ്, *വിപരീതങ്ങൾ* (പരിധി, തിരുവനന്തപുരം, 2012).

## അധ്യായം 5

# സ്ത്രൈണാവബോധം സൈബർകഥകളിൽ

1990-കൾ മുതൽ 2010 വരെയുള്ള രണ്ടുദശകങ്ങൾക്കിടയിൽ എഴുതപ്പെട്ടവയാണ് ഇവിടെ പഠനവിധേയമാക്കിയ കഥകൾ. ഈ രണ്ടുദശകങ്ങൾ നിരന്തര പരിണാമത്തിന്റേതായിരുന്നു. 'സ്ത്രൈണം' എന്നു വിലയിരുത്തപ്പെടുന്ന ചില സ്ഥാപനങ്ങളെയോ മൂല്യസങ്കല്പങ്ങളെ ഇരുപതിറ്റാണ്ടുകൾ നീളുന്ന ഈ കഥകൾ എങ്ങനെ അടയാളപ്പെടുത്തുന്നു എന്ന പരിശോധനയാണ് ഇനി.

പേരിൽ അമ്മയായ, എന്നാൽ യഥാർത്ഥജീവിതത്തിൽ അമ്മയാവാൻ സാധിക്കാത്ത ശാന്തമ്മയാണ് 'കൊക്കരണി'യിലെ നായിക. 19-ാം വയസ്സിൽ വിവാഹിതയായി പല ഗർഭപാത്രപരിശോധനകൾ കഴിഞ്ഞ്, ഭർത്താവ് ഇമാനുവേലിന്റെ ബീജങ്ങളുടെ ശക്തിക്കുറവാണ് തന്നെ അമ്മയാക്കാത്തതെന്ന് തിരിച്ചറിഞ്ഞ് 25-ാം വയസ്സിൽ എത്തിനില്ക്കുന്നവൾ. സമൃദ്ധവും മനോഹരവുമായ ഉടലുള്ളവൾ. കിഡീസ് കോർണറിൽ വന്ന് യന്ത്രനിർമ്മിതശിശുവിനെ സ്വന്തമാക്കാൻ ശ്രമിക്കുമ്പോൾ ഇമാനുവേൽ നേരിടുന്ന പ്രായോഗിക-താത്വിക പ്രശ്നങ്ങളൊന്നും അവളെ നേരിടുന്നില്ല. 'ഊഹം തെറ്റിയ ഇരുൾവസതികളിലൂടെ, സഞ്ചരിക്കുന്നവനുണ്ടാകുന്ന അശാന്തമായ നോട്ടത്തോ'ടെ[1] ഇമാനുവേൽ ഇരിക്കുമ്പോൾ ശാന്തമ്മ 'മിഷൽ പറയുന്നതപ്പാടെ കോരിക്കുടിയ്ക്കുന്ന താത്പര്യത്തോടെ' ഇരിക്കുകയായിരുന്നു. ഒരമ്മയുടെ വികാരവായ്പോടെ 'ഏതുനേരവും ഞാനവനെ തീറ്റിയ്ക്കും, വാത്സല്യം കൊണ്ടുമൂടും, എ.സി.യ്ക്കുള്ളിൽ നിന്ന് പുറത്തിറക്കുകയില്ല' എന്ന് പതുക്കെ പറഞ്ഞുകൊണ്ടിരുന്നു. കഥാകൃത്ത് ഈയവസ്ഥയെ

[1] ടി.വി.കൊച്ചുബാവ, 'കൊക്കരണി', *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005),പു.90— 100.

ന്യായീകരിക്കുന്നുമുണ്ട്: "അവൾ ഒരമ്മയാവാൻ കൊതിക്കുന്നവളും അതിനിടയിലെ കാലുഷ്യങ്ങളെപ്പറ്റി ചിന്തിയ്ക്കാത്തവളും ചാരുതകളെപ്പറ്റി മാത്രം ചിന്തിയ്ക്കുന്ന വളുമായിരുന്നു"[2] എന്നാണത്. കാലുഷ്യങ്ങളെപ്പറ്റി ചിന്തിയ്ക്കാതെ ചാരുതകളെപ്പറ്റി മാത്രം ചിന്തിയ്ക്കുന്നത് ശിശുസഹജമായ സ്വഭാവമാണ്. അതിനാൽ ശാന്തമ്മയ്ക്ക് മുതിർന്ന ആളുടെ ചിന്താസമഗ്രതയെക്കാൾ ബാല്യസഹജമായ സ്വഭാവമാണ് എന്ന് മനസ്സിലാക്കാം. മകന് വിക്ടർ ഹ്യൂഗോയുടെ തലച്ചോറ് വേണമെന്ന് നിർദേശിക്കുന്ന ഭർത്താവിനോട് അവൾക്ക് കടുത്ത് ആവശ്യപ്പെടാനുണ്ടായിരുന്നത് ഒമർഖയ്യാമിന്റെ തലച്ചോർ മതിയെന്നാണ്. കാരണമോ? "അവൻ പ്രേമകവിതകൾ രചിയ്ക്കുകയും പ്രണയലഹരിയിൽ മുഴുകുകയും ചെയ്യുമല്ലൊ." ഇതും സൂചിപ്പിയ്ക്കുന്നത് കാല്പനികവും സ്വപ്നാത്മകവുമായ അവളുടെ മനസ്സിനെപ്പറ്റിയാണ്. ഇമാനുവേലിന്റെ യുക്തിഭദ്രതയ്ക്ക് മറുപുറമായി കാല്പനികമനസ്സുള്ള സ്വപ്നജീവിയായ ഭാര്യ. ഒപ്പം അവൾക്ക് ശക്തിയില്ലാത്ത ബീജങ്ങളുടെ ഉടമയായ ഭർത്താവിനോട് പുച്ഛവുമാണ്.

കുട്ടിയെ കമ്പ്യൂട്ടർസ്ക്രീനിൽ കണ്ടപ്പോഴും സ്വപ്നജീവിയായ ശാന്തമ്മ അതിന് ചെവിയില്ല എന്നത് മനസ്സിലാക്കിയില്ല. അതിന്റെ ന്യായീകരണം മിഷൽ നല്കുമ്പോഴും ശാന്തമ്മയ്ക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല. ഒടുവിൽ പരിഭ്രമിച്ച് ഇമാനുവേൽ ഇറങ്ങിയോടിയതുകണ്ട് 'ഒടിഞ്ഞു നുറുങ്ങി കരഞ്ഞുനില്ക്കാനേ' അവൾക്ക് സാധിച്ചുള്ളൂ.

സ്നേഹിതൻ എബ്രഹാമിനോട് ശാന്തമ്മയോടൊപ്പംശയിച്ച് അവളെ ഗർഭിണിയാക്കാൻ ഇമാനുവേൽ ആവശ്യപ്പെടുന്നു. മൂല്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത ശാന്തമ്മ എബ്രഹാമിന്റെ മുഖം മാന്തിപ്പൊളിച്ച് രക്താഭിഷിക്തമാക്കി അയാളെ ഓടിച്ചുവിട്ടു.

[2] ടി.

പിന്നീട് ഇമാനുവേൽ തനിച്ചുപോയാണ് രണ്ടരവയസ്സുകാരന്റെ വളർച്ചയുള്ള ശിശുവിനെയും കൊണ്ട് വീട്ടിലെത്തുന്നത്. ഷിഗ്ദ് ഇമാനുവേലിനെ ശാന്തമ്മ ഐസ്വാട്ടറിൽ കുളിപ്പിയ്ക്കാൻ ശ്രമിച്ചപ്പോൾ മകൻ തടഞ്ഞു.

“നോ മമ്മീ ദിസീസ് മൈ ഡ്യൂട്ടി. മൈ ജോബ്. പ്ലീസ്.”

കഥാന്ത്യത്തിൽ കഥാകൃത്ത് കൊച്ചുബാവ നേരിട്ടുപ്രത്യക്ഷപ്പെട്ട് ശാന്തമ്മ വയസ്സിയായെന്നും അവർ ഏങ്ങലടികൾ മാത്രമായി ചുരുങ്ങിപ്പോയെന്നും പറയുന്നു.

> മകനിലേക്കു ചൊരിയാൻ ഹൃദയത്തിൽ ശേഖരിച്ചിരുന്ന സ്നേഹമത്രയും ക്ലാവായിപ്പോയതിന്റെ വേദന. മഹാൻമാരുടെ ഹൃദയവും തലച്ചോറുമല്ല ആവശ്യം അവ ഉപയോഗിക്കാനുള്ള ഉചിതാന്തരീക്ഷം കൂടിയാണെന്ന് ആ അമ്മ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. അവർക്ക് മടുത്തുപോയിരിക്കുന്നു[3]

ഇമാനുവേൽ നേരത്തേ ശങ്കിച്ചത് വാർദ്ധക്യത്തിലാണ് (മകന്റെ പ്രായം 25) അവർക്ക് മനസ്സിലായത്. ഒടുവിൽ യന്ത്രമക്കളെ ഫ്ളാറ്റുകളിൽ തനിയെ വിട്ട് സ്നേഹത്തിന്റെ പച്ചപ്പുകൾ തേടി പോകുന്ന വൃദ്ധരുടെ കൂട്ടത്തിൽ ശാന്തമ്മയെ നാം കാണുന്നു.

ചുരുക്കത്തിൽ ഇതിലെ നായിക ശിശുസഹജമായ മനസ്സുള്ളവളും, സ്വപ്നജീവിയും, മാതൃത്വം നിറഞ്ഞുതുളുമ്പുന്നവളും യാഥാർത്ഥ്യത്തെ വൈകിമാത്രം ഉൾക്കൊള്ളുന്നവളുമാണ്. അവൾക്ക് ആഖ്യാനത്തിൽ കർത്തൃത്വമില്ല, മറുവശത്ത് പലപ്പോഴും പുരുഷനെ ആശ്രയിച്ചു നില്ക്കുന്ന വിധേയത്വമേയുള്ളൂ. സ്ത്രൈണത എന്ന സാമൂഹ്യനിർമ്മിതിയ്ക്ക് ഉണ്ടെന്നോ ഉണ്ടാവണമെന്നോ ആൺകോയ്മ കല്പിയ്ക്കുന്ന എല്ലാവിധ ‘സവിശേഷത’കളുടെയും ആകെത്തുകയാണവൾ. ശിശുസഹജമായ സ്വഭാവം, നിഷ്കളങ്കത, സ്നേഹം, മാതൃത്വം, മൂല്യബോധം, അനുസരണശീലം, അറിവില്ലായ്മ,

---

3 ടി.

പ്രായോഗികബുദ്ധിക്കുറവ്, കാല്പനികത എന്നിങ്ങനെ പോവുന്നു അവ. സംഭവങ്ങളുടെ രൂപീകരണത്തിൽ, ജീവിതത്തിന്റെ കരുപ്പിടിപ്പിയ്ക്കലിൽ ഒന്നും അവൾക്ക് കാര്യമായ റോളില്ല. കാര്യമായ സംഭാഷണങ്ങളോ പ്രവൃത്തികളോ പ്രതിഷേധസ്വരമോ ഇല്ല. ആകെ പ്രതികരിച്ചത് 'പാതിവ്രത്യം' തകരാൻ പോയപ്പോഴും കുട്ടിയുടെ സ്വഭാവനിർണ്ണയ സമയത്തും മാത്രം. മറ്റിടങ്ങളിലെല്ലാം അവൾ ഇമാനുവേലിന്റെ ആഞ്ജാനുവർത്തിയാണ്.

കമ്പ്യൂട്ടറിന്റെ ആധിപത്യകാലത്ത് സ്ത്രീകൾ ഇല്ലാതായിപ്പോവും എന്ന് കഥാകൃത്ത് സൂചിപ്പിയ്ക്കുന്നു. കമ്പ്യൂട്ടർ പുരുഷന്മാരെയല്ലാതെ സ്ത്രീകളെ ഉല്പാദിപ്പിച്ചിറക്കിയില്ല. അതിനുകാരണം ബിസിനസാണ്. കഥാകൃത്തിന്റെ സംസാരത്തിൽ ഇടപെട്ടുകൊണ്ട് ഇമാനുവേൽ 'സ്നേഹമില്ലാത്തിടത്ത് കാമമില്ലെന്നും ഇത് കമ്പ്യൂട്ടറിന്റെ ദീർഘവിക്ഷണമായിരിക്കാമെന്നും' അഭിപ്രായപ്പെടുന്നു.

യന്ത്രാധിപത്യസമൂഹത്തിൽ സ്ത്രൈണമൂല്യങ്ങളുടെയോ സ്ത്രൈണതയുടെയോ, സ്ത്രീയുടെ തന്നെയോ ഇല്ലാതാവലിനെയാണ് കഥ വിഭാവനം ചെയ്യുന്നത്. സ്ത്രൈണമൂല്യങ്ങളില്ലാത്ത, സ്നേഹമില്ലാത്ത, സംഗീതമില്ലാത്ത വികാരങ്ങളില്ലാത്ത, 'കവിതയും പാട്ടും പ്രേമവും ഹൃദയവുമില്ലാത്ത' ലോകമാണ് വരാൻ പോവുന്നത് എന്നും കഥ വിഭാവനം ചെയ്യുന്നു.

'തിങ്കളാഴ്ചകളിലെ ആകാശ'ത്തിൽ രണ്ടു സ്ത്രീകളുണ്ട്: പാർവ്വതിയേട്ടത്തിയും ഊർമ്മിളയും. ഊർമ്മിള ദോഷശാന്തിയ്ക്കായി എല്ലാ ശനിയാഴ്ചകളിലും നവഗ്രഹങ്ങളെ പൂജിക്കുന്നവൾ. കൊച്ചുകരിങ്കൽമൂർത്തികളെ പട്ടുടുപ്പിച്ച് അവയ്ക്കുചുറ്റും പ്രദക്ഷിണം വെയ്ക്കുന്നവൾ. എന്നാൽ പുതിയ ഉപഗ്രഹങ്ങളെക്കുറിച്ച് അറിവില്ലാത്തവൾ. അജയൻ പറയുന്നത് അത്ഭുതത്തോടെകേട്ട് ആധിപ്പെടുകയും ഒടുവിൽ അനിവാര്യമായ

‘സൈബർവിധി’യ്ക്ക് കീഴ്പ്പെട്ട് അപ്രത്യക്ഷയാവുകയും ചെയ്തവൾ.

മറുവശത്ത് ഒരു മാതൃകാസ്ത്രീയുണ്ട്. ‘ഗ്രാമീണത’, ‘സ്ത്രീത്വം’ തുടങ്ങിയ സങ്കല്പങ്ങളുടെ മൂർത്തിമത്ഭാവമായ പാർവ്വതിയേട്ടത്തി. തിങ്കളാഴ്ചവ്രതം നോറ്റ് ശിവക്ഷേത്രത്തിലേക്ക് പൂത്താലവുമായി നടന്നുപോവുന്നവൾ. കന്യക. ചെറുപ്പത്തിലേ പരമശിവനെ വരിച്ചവൾ. പൗരാണികമായ ശിവ - പാർവ്വതീ പ്രണയത്തിന്റെ സമകാലികമായ തുടർച്ച സൂചിപ്പിയ്ക്കുന്നവൾ. ശിവന്റെ കൂവളത്തിലകളുടെ സംരക്ഷണവും വ്രതശുദ്ധിയും കാരണം അവളെ മറ്റു (സൈബർ) ദുർമൂർത്തികൾക്ക് തൊടാനായില്ല/ആവില്ല.

എന്നാൽ നാഗരികവ്യക്തിത്വമായ ഊർമ്മിളയ്ക്ക് വ്രതശുദ്ധിയില്ലാത്തതിനാൽ അവൾ ആ തെറ്റിന് ശിക്ഷയേറ്റുവാങ്ങുന്നു - ‘സൈബർ വശ്യത്തിൽപ്പെട്ട് ഇല്ലാതാവൽ എന്നതാണാ തെറ്റ്. സോമവാരവ്രതം നല്ല ഭർത്താവിനെ ലഭിക്കാനുള്ള വ്രതമാണല്ലോ. അത് ഒരു പുരുഷനുവേണ്ടി മാത്രമുള്ള തപസ്സാണ്. അത് ഇല്ല എന്നതാണ് നാഗരികയുവതിയായ ഊർമ്മിളയുടെ തെറ്റ്. അതിന് കഥാന്ത്യത്തിൽ ശിക്ഷ ലഭിയ്ക്കുന്നു.

മറ്റൊരു സ്ത്രീ കൂടി കഥയിൽ സൂചിപ്പിയ്ക്കപ്പെടുന്നുണ്ട് - ‘തെറ്റിന്റെ’ അതായത് കാമത്തിന്റെ മൂർത്തി-മാർഗരറ്റ് എന്ന ജർമ്മൻകാരി ലെസ്ബിയൻ മദാമ്മ. അതിപരിശുദ്ധയായ പാർവ്വതിയേട്ടത്തി, വ്രതശുദ്ധിയില്ലായ്മ എന്ന തെറ്റുചെയ്ത ഊർമ്മിള, ‘തെറ്റി’ന്റെ മൂർത്തിയായ മാർഗരറ്റ് - ഇവരാണ് ഇതിലെ മൂന്നു സ്ത്രീകൾ. മധ്യവർത്തിയായ ഊർമ്മിളയ്ക്ക് പാർവ്വതിയേട്ടത്തിയോ മാഗിയോ ആയി മാറാനുള്ള ഭാവിസാധ്യതകളാണുള്ളത്.

കഥയിലെ അജയൻ ഒരു സൈബർപൗരനാണെങ്കിലും മൂല്യങ്ങൾ മുറുകെപ്പിടിയ്ക്കുന്നവനും കാമുകിയെ 'തെറ്റിൽ'നിന്ന് രക്ഷിയ്ക്കാൻ ശ്രമിക്കുന്നവനുമാണ്. അയാളുടെ ശ്രമം വിഫലമാകുന്നു. അയാൾ എല്ലാം വിഴുങ്ങുന്ന (അയാളുടെ പ്രണയഭാജനത്തെയും വിഴുങ്ങിയ) സൈബറിടത്തെപ്പറ്റി ആദ്യന്തം ആധിപ്പെടുന്നു.

സേതുവിന്റെതന്നെ മറ്റൊരു കഥയായ 'അടയാളവാക്യങ്ങളി'ൽ അജയന്റെ തന്നെ വികസിതപാഠമായ നിതീഷ്കുമാറാണ് നായകൻ. അദ്ദേഹം 'കമ്പ്യൂട്ടർ എന്ന അത്ഭുത യന്ത്രത്തെ മെരുക്കി' വിദേശത്തു ജോലി നേടി. പാരമ്പര്യവും തറവാടിത്തവുമുള്ള റിട്ടയേഡ് സ്കൂൾമാഷായ അച്ഛന് 'സ്വന്തമായൊരു മേൽവിലാസം പോലുമില്ല' എന്ന് കണ്ടെത്തുന്നു. അതുണ്ടാക്കാൻ അച്ഛനെ നിർബന്ധിയ്ക്കുന്നു. നീതിബോധം ഒട്ടുമില്ലാതെ സംസാരിയ്ക്കുന്ന നിതീശൻ (നിതീഷ്) സ്വന്തംപേരും, അനിയത്തിയുടെ പേരും ഒക്കെ സ്വയം കണ്ടെത്തി നല്കിയവനാണ്. അയാൾ വളർന്ന് അച്ഛനമ്മമാരുടെ പേരും വിലാസവും കൂടി നിശ്ചയിക്കുമെന്ന അവസ്ഥയിലെത്തി. മോശം കൈപ്പടയുള്ള അയാൾക്ക് വിദേശത്തായപ്പോൾ ശേഷിച്ച അക്ഷരങ്ങളും കൈമോശംവന്നു. എന്നാലും ഒരു വ്യത്യാസമുണ്ട്. അക്ഷരശുദ്ധിയില്ലാത്ത ഈ നായർക്ക് ഉപഗ്രഹങ്ങളുടെ പിൻബലം ഉണ്ട്.

മുൻകഥയിലെ 'വ്രതശുദ്ധി' ഇവിടെ 'അക്ഷരശുദ്ധി'യായി മാറുന്നു. വ്രതശുദ്ധിയുള്ള പാർവ്വതിയേട്ടത്തിയ്ക്ക് ശിവസഹായമുണ്ട്, ഉപഗ്രഹപിൻബലമില്ല/ വേണ്ട. വ്രതശുദ്ധിയില്ലാത്ത ഊർമ്മിള 'സൈബർവശ്യ'ത്തിൽ (ഉപഗ്രഹ ക്ഷുദ്രത്തിൽ) പ്പെടുന്നു.

ഈ കഥയിൽ അക്ഷരശുദ്ധിയുള്ള കമലാക്ഷൻ മാഷ്ക്കും ദാക്ഷായണിയമ്മയ്ക്കും ഉപഗ്രഹങ്ങളുടെ പിൻബലമില്ല (ക്ഷുദ്രമില്ല). അക്ഷര ശുദ്ധിയില്ലാത്ത നായകന് ഉപഗ്രഹങ്ങളുടെ പിൻബലം ഉണ്ട്.

സേതുവിന്റെ 'മറ്റൊരു ഡോട്ട്കോം സന്ധ്യ'യിൽ ഇത്തരം എല്ലാ ശുദ്ധികളും ഉപേക്ഷിച്ച നായകനാണ് രമണൻ. അജയന്റെയും നിതീഷ് കുമാറിന്റെയും പരിണാമം. ആദ്യത്തേതിൽ നായിക സൈബറിടത്തിൽ അപ്രത്യക്ഷയായി. രണ്ടാം കഥയിൽ നായികയില്ല. ഡോട്ട് കോം സന്ധ്യയിൽ പൂർണ്ണമായും 'അശുദ്ധനായ' രമണനുകൂട്ട് തനിനാടൻ (എങ്കിലും) ചന്ദ്രിക. പഴയ 'രമണനി'ലെ ചന്ദ്രിക വളർച്ചയില്ലാത്ത അതേ ചന്ദ്രികയായി നില്ക്കുന്നു. ഒരുപാട് ചന്തമുള്ള ഒതുങ്ങിയ ഒരു ഗ്രാമീണനായർകന്യക. (അല്പം കമ്പ്യൂട്ടർ സാക്ഷരതയുണ്ട് എന്ന വ്യത്യാസം). കുടുബത്തിൽ പിറന്നവൾ. എന്നാൽ രമണൻ സൈബർനായകനായി പരിണമിച്ചു. ദേശാന്തരങ്ങളിലെ രാഗാതുരകളായ പെൺകിടാങ്ങളോടെല്ലാം ഊഴമൊപ്പിച്ച്, നേരമൊപ്പിച്ച് ചാറ്റുന്നവൻ - ഉഗ്രശക്തിയുള്ള ബീജങ്ങൾ ചാറ്റിൽ വിതറുന്ന ഡോട്ട് കോം പോരാളി!

ചന്ദ്രിക എല്ലാ ചൊവ്വ - വെള്ളികളിലും ഇടംവലം സഖികളുമായി ഭരദേവതയെ തൊഴുത് സൈബർകാപ്പിക്കടകളിൽ ചേക്കേറുന്നു - ദേശാന്തരം പോയ രമണനുമായി സൊള്ളാൻ. ചന്ദ്രികാ - രമണന്മാർ സൈബറിടത്തിൽവെച്ച് സംഗമിയ്ക്കുന്നു. രമണന് ചന്ദ്രിക നിരവധി പെൺചങ്ങാതിമാരിലൊരാൾമാത്രം. ചിലപ്പോഴൊക്കെ മറ്റുപെണ്ണുങ്ങളെ പ്രതീക്ഷിയ്ക്കുമ്പോൾ 'നാട്ടുചന്ദ്രിക'യെ ക്കണ്ട് ബോറടിക്കുന്നുണ്ട് അയാൾ. ചന്ദ്രികയ്ക്ക് പതിവുപരാതികളും പരിഭവങ്ങളും. കാപട്യമറിയാത്ത ഒരു മൂന്നാംലോകകുടുംബത്തിൽ പിറന്ന അവൾക്ക് 'സൈബർകുലചര്യകളെ'പ്പറ്റി ഒന്നുമറിയില്ല.

രമണൻ പറയുന്നതു കേൾക്കുക: "സൈബർ കൊഞ്ചൽച്ചട്ടങ്ങളിൽ നേരിൽ കാണൽ നിഷിദ്ധം. ഗോളാന്തരങ്ങളിലൂടെ കടന്നുപോവുന്ന ഇത്തരം അജ്ഞാത ബന്ധങ്ങളിലെ അന്തമില്ലായ്മകളാണല്ലോ സൈബർകുലങ്ങളെ അടുപ്പിച്ചു നിർത്തുന്നത്"

മാത്രവുമല്ല നാട്ടുചന്ദ്രികയ്ക്ക് “രമണനെപ്പോലെ ചതുരന്മാരായ കൊഞ്ചലുകാർ ചാറ്റിൽ തൂറ്റാനിറങ്ങുന്ന നേരത്ത് പാറിവീഴുന്ന അതിസമർത്ഥരായ ബീജങ്ങളിൽനിന്ന് രക്ഷപ്പെടാനായി പെൺകിടാങ്ങൾ തനതായ രക്ഷാകവചങ്ങൾ ധരിക്കണമെന്ന്” അറിയാത്തവളാണ്. ആ അറിവില്ലായ്മയുടെ ഫലമാണ് അവളുടെ ‘സൈബർ ഗർഭം’! അതറിഞ്ഞതോടെ അവൻ സൈബറിടത്തിൽ ഒളിവിൽപ്പോയി. നിസ്സഹായയായ പൂഞ്ചചന്ദ്രിക തൂങ്ങാനും!

സേതുവിന്റെ ഈ മൂന്നു കഥകൾ ചേർത്തുവെച്ചു വായിക്കുമ്പോൾ വ്യക്തമാകുന്ന ചില കാര്യങ്ങളുണ്ട്.

(ഒന്ന്) സേതുവിന്റെ സങ്കല്പത്തിലെ മാതൃകാസ്ത്രീ ‘തിങ്കളാഴ്ചകളിലെ ആകാശ’ത്തിലെ പാർവ്വതിയേട്ടത്തിയാണ്. അവൾ ഒരാളെ മനസാ വരിച്ച് അയാൾക്കായി കഠിനവ്രതമനുഷ്ഠിയ്ക്കുന്നവൾ. അവളിൽ സൈബർവശ്യപ്രയോഗങ്ങൾ ഏശുന്നില്ല. കാല്പനിക - ഗൃഹാതുര ഗ്രാമീണസ്ത്രീ സുരക്ഷിതയാണ്.

(രണ്ട്) ഊർമ്മിളയെന്ന നാഗരികവനിത (തിങ്കളാഴ്ചകളിലെ ആകാശം) സൈബറിടത്തിൽ ഈ വ്രതശുദ്ധി പാലിക്കാത്തതിനാൽ സൈബർ വശ്യത്തിൽ കുടുങ്ങി, അനിവാര്യമായ ദുരന്തവിധി വരിയ്ക്കുന്നു.

(മൂന്ന്)‘എങ്കിലും ചന്ദ്രിക’ (മറ്റൊരു ഡോട്ട് കോം സന്ധ്യയിൽ) സൈബറിടത്തിൽ രമണനെ മാത്രം തേടുന്നവളാണ്. പക്ഷേ രമണൻ പഴയ നാട്ടുരമണനല്ല. അയാൾ സൈബർരമണനാണ്. അയാളുടെ തെറ്റുകളുടെ ഫലം അനുഭവിക്കുന്നത് നിഷ്കളങ്കയായ നാട്ടുചന്ദ്രികയാണ്. സൈബർരമണൻമാരെ നേരിടാൻ നാടത്തം പോര,

സൈബർകുലചട്ടങ്ങളിൽ ചതുരകളായ സൈബർരമണിമാരുടെ സ്വരക്ഷാസാമർത്ഥ്യം വേണം. അതില്ലെങ്കിൽ സൈബർ രമണന്മാരുമായി ഇടപെട്ടാൽ അനിവാര്യമായ ദുരന്തവിധി നാട്ടുചന്ദ്രികമാർക്കുണ്ടാവും.

(നാല്) മേല്പറഞ്ഞ മൂന്നു കഥകളിലെയും തെറ്റ് സൈബറിടം സാധ്യമാക്കുന്ന അധാർമ്മികവും അവിശുദ്ധവുമായ ജീവിതമാണ് (സൈബർ രതി, തട്ടിപ്പുകൾ, മറ്റു വൈകൃതങ്ങൾ....) അതിലേക്കു പ്രവേശിക്കാതിരിക്കുകയോ പ്രവേശിച്ചാൽ വേണ്ടത്ര മുൻകരുതലുകളും വ്രതനിഷ്ഠയും പാലിക്കുകയോ ചെയ്തില്ലെങ്കിൽ ജീവിതം ദുരന്തമായിത്തീരും. സ്ത്രീകളായിരിക്കും അതിന്റെ മുഖ്യ ഇരകൾ. പിന്നീട് നിഷ്കളങ്കരായ മറ്റു നാട്ടുമനുഷ്യരും.

(അഞ്ച്) നന്മകളും വിശുദ്ധിയും നിറഞ്ഞ ഗ്രാമീണസ്ഥലവും അശുദ്ധികളും അധാർമ്മികതകളും നിറഞ്ഞ നവസാങ്കേതികസ്ഥലമായ സൈബറിടവും ഇവിടെ നേർക്കുനേർ നില്ക്കുന്നു. ഇവയുടെ പ്രതിനിധികളായ മനുഷ്യർ ഏറ്റുമുട്ടുമ്പോൾ ഗ്രാമീണ സ്ഥലക്കാർക്ക് ദുരന്തം സംഭവിക്കാം. ഇത് ഭീതിദമായ സൈബറിടത്തെപ്പറ്റി പുതിയ ഫാന്റസികൾ നിർമ്മിയ്ക്കാൻ കാരണമാവുന്നു. അതിലൂടെ പുതിയ ജീവിത സംഘർഷങ്ങളെപ്പറ്റിയുള്ള പുതിയ മിത്തോളജികൾ രൂപപ്പെടുത്തുന്നതിലേയ്ക്ക് നയിക്കുന്നു. അങ്ങനെ സൈബറിടം ഒരു കറുത്ത ദുഃസ്വപ്നലോകമാവുന്നു. സ്ത്രീയെയും ഗ്രാമീണതയെയും, നന്മയെയും, വിശുദ്ധിയെയുമൊക്കെ അധിനിവേശിയ്ക്കുന്ന, ഇല്ലായ്മ ചെയ്യുന്ന ഒരു അവിശുദ്ധലോകം. സ്ത്രീകൾ പാർവ്വതിയേട്ടത്തിമാരോ സൈബർ ചതുരകളോ ആയി മാറ്റുക. എങ്കിലുംചന്ദ്രികമാരും ഊർമ്മിളമാരും കാലഹരണപ്പെട്ടിരിയ്ക്കുന്നു. ഈ ലോകം നിങ്ങൾക്കുള്ളതല്ല.

'കാശ്മീരി അംബ്രി'യിൽ നായികയില്ല. ഉള്ളത് നായകനായ ആർ.കെ. മേനോന്റെ 'ഉത്തമ സഹധർമ്മിണി'യായ ശ്രീദേവിയമ്മ മാത്രം. അവർ ഭർത്താവിനെ 'നമ്മൾ' എന്ന് സംബോധന ചെയ്യുന്നു. കുളികഴിഞ്ഞ് തലമുടി തോർത്തുകൊണ്ട് ചുറ്റിക്കെട്ടി, ക്ഷീണിതനായ ഭർത്താവിന് ചുടുചായ നല്കുന്നവൾ. ഭർത്താവ് അഭിപ്രായം ചോദിക്കുമ്പോൾ 'അഭിപ്രായം പറയാൻ ഞാനാര്?' എന്ന് സ്വന്തം നിസ്സാരതയിലും നിസ്സഹായതയിലും ബോധ്യമുള്ളവൾ. ഭർത്താവിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നല്കുക എന്നതല്ലാതെ മറ്റൊരു കർത്തൃത്വവും കഥയിൽ അവർക്കില്ല. ഒരു പ്രതിസന്ധിഘട്ടം വിവരിക്കുന്നതു നോക്കുക.

"അന്നു രാത്രി മുഴുവൻ ഉണർന്നിരുന്ന് അച്ഛനും മകനും തന്ത്രങ്ങൾ മെനഞ്ഞു. ശ്രീദേവിയമ്മ അവർക്ക് കട്ടൻചായ പകർന്നു"[4] ഡിഗ്രി പരുവമെത്തിയ മകനും അച്ഛനും തന്ത്രങ്ങൾ മെനഞ്ഞപ്പോൾ അമ്മയുടെ റോൾ കട്ടൻചായ നൽകൽ മാത്രമായിരുന്നു.

അടുത്ത പ്രതിസന്ധിയിലും അമ്മ, ഭർത്താവിന്റെ നെഞ്ചിലേക്ക് വാത്സല്യത്തോടെ അമർന്നു നിന്നു. വാത്സല്യം ചുരത്തുന്ന കണ്ണുകളോടെ നോക്കി, ക്ഷുഭിതനായ അയാളെ ശാന്തനാക്കി.

കഥാഗതിയെ നിയന്ത്രിക്കുന്ന അച്ഛനും മകനുമാണിതിലെ കർത്തൃത്വങ്ങൾ. ശ്രീദേവിയമ്മ, 'അമ്മ, ഭാര്യ' എന്നീ നിലകളിലുള്ള വാർപ്പുമാതൃകയുടെ മട്ടിൽ കഥയിലെ പുരുഷന്മാരെ സാന്ത്വന - പരിചരണങ്ങൾകൊണ്ട് പ്രവർത്തനസജ്ജരാക്കുന്നതേയുള്ളൂ.

'വെള്ളിനേഴി ഡോട്ട് കോ'മിൽ നായികയില്ലെന്ന് മാത്രമല്ല സ്ത്രീ കഥാപാത്രംപോലുമില്ല. ചരിത്രത്തിനുപുറത്തായ കുട്ടായിയും, ചരിത്രപുരുഷനായ

[4] വി.വിനയകുമാർ, 'കാശ്മീരി അംബ്രി' , *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005),പു.79—89.

അച്യുതനും, ഹെഡ് കോൺസ്റ്റബിൾ അബുവും, എസ്.പി. അനന്തരാമനും വെള്ളിനേഴിക്കാരൻ ഷാജിയും ഒക്കെ അരങ്ങുതകർക്കുന്ന ഈ കഥയിൽ സൂചിപ്പിയ്ക്കപ്പെടുന്ന ഒരേയൊരു സ്ത്രീ ചാരായവില്പനക്കാരി ജാനകിയാണ്. അവരെക്കുറിച്ച് ഇതിൽ കൂടുതൽ മറ്റൊന്നും പറഞ്ഞിട്ടുമില്ല. സാങ്കേതികത ഒരു ആൺവ്യവഹാരമാണെന്നും അതിന്റെ ആഗോളലീലകളിൽ സ്ത്രീയ്ക്ക് അഭിനയിക്കാൻ വേഷങ്ങളില്ലെന്നും ഉള്ള ആൺബോധമാവാം ഈ സ്ത്രീ അഭാവത്തിനു പിന്നിൽ.

നായികയില്ലാത്ത മറ്റൊരു സൈബർകഥയാണ് 'ചില പ്രീ മോഡേൺ ഇടപെടലുകൾ'. എൺപതുകളിൽ വയനാട്ടിലെ ജനകീയനാടകവേദി പ്രവർത്തനവും വിപ്ലവവുമായി നടന്ന് ഇപ്പോൾ ഡി.ടി.പി. - എസ്.ടി.ഡി സ്ഥാപനം നടത്തുന്ന, സിനിമാക്കാരനായ സുധാകരന്റെ സ്വത്വപ്രതിസന്ധികളാണ് കഥാഗതിയെ മുന്നോട്ടുനയിക്കുന്നത്. പരിഹാരമായി അയാൾ സൈബറിടത്തിലേയ്ക്ക് ഒളിച്ചോടുന്നു. ഇതിൽ സൂചിപ്പിയ്ക്കപ്പെടുന്ന ഏകസ്ത്രീനാമം ഭാര്യ ലതികയുടേതാണ്. ഭർത്താവിന്റെ പ്രതിസന്ധിയിൽ അത്ഭുതപ്പെടുകയും വിഷമിക്കുകയും ചെയ്യുന്നതല്ലാതെ അതിൽ ഇടപെടുന്നില്ല അവൾ. ലതികയോട് തന്റെ പ്രശ്നങ്ങൾ അയാൾ പങ്കുവെക്കുന്നുമില്ല. വലിയ വ്യക്തിത്വമായി നിറഞ്ഞുനില്ക്കുന്ന സുധാകരന്റെ വീട്ടുകാരി മാത്രമാണവർ - മറ്റൊരു വ്യക്തിത്വമോ കർത്തൃത്വമോ ഇല്ല.

'ക്രിസ്റ്റീന റൊസേറ്റി ഇന്റർനെറ്റിൽ' എന്ന കഥയിൽ രണ്ടു സ്ത്രീകളുണ്ട്. കഥാനാമം തന്നെ അതിലൊരാളോടു ബന്ധപ്പെട്ടിരിയ്ക്കുന്നു. ഏകാകിയായ ഷിജുവിന്റെ 'സൈബർചാട്ട'ങ്ങൾക്കിടയിലാണ് ക്രിസ്റ്റീന റൊസേറ്റിയിൽ കാഴ്ച ഉടക്കിയത്. 'ഉടക്കിയത് കാഴ്ചയോ മനസ്സോ എന്നറിയില്ല' എന്ന് ഷിജു സന്ദേഹിയ്ക്കുന്നു. പ്രസിദ്ധ ആംഗലകവി

ദാന്റെ ഗബ്രിയേൽ റൊസേറ്റിയുടെ സഹോദരിയും കവിയുമായ ക്രിസ്റ്റീന റൊസേറ്റി എന്ന 19-ാം നൂറ്റാണ്ടുകാരി അതിസുന്ദരി. അവർ മനോഹരമായി ചിരിച്ചപ്പോൾ ഷിജു സ്തബ്ധനായി. മൗസുകൊണ്ടടുപ്പിച്ച് കൈവിടർത്തി അയാൾ അവരെ തൊട്ടു. അവർ തമ്മിലുള്ള സംവാദങ്ങൾക്കിടെ അവൾ രൂപം പകർന്നു റോസി കുര്യാക്കോസായി.

റോസി കുര്യാക്കോസ് എന്ന പ്രീഡിഗ്രി വിദ്യാർത്ഥിനിയും ഷിജുവും തമ്മിൽ പ്രണയത്തിലായിരുന്നു. "പ്രണയമെന്നാൽ കല്യാണമെന്നു തെറ്റിദ്ധരിച്ചുപോയവൾ. ഒരു കുടുക്കയെക്കൊണ്ട് ചോറും കറിയും എടുപ്പിയ്ക്കുന്ന മുത്തശ്ശിക്കഥയാണ് ജീവിതം എന്നു ധരിച്ചവൾ"[5] എന്നാണ് ഷിജു അവളെപ്പറ്റി പറയുന്നത്. അവളെ പെണ്ണുകാണാൻ വരുന്നവരോട് അവൾ ധീരമായ ചോദ്യങ്ങൾ ചോദിച്ചു. മറുപടി പറയാനാവാതെ അവർ പിൻവാങ്ങി. സ്ത്രീയെ അംഗീകരിക്കാത്തവരും അവളുടെ താത്പര്യങ്ങളെ മാനിക്കാത്തവരുമായിരുന്നു അവർ.

പിന്നെയുള്ള സാധ്യതയായിരുന്നു കന്യാസ്ത്രീ ആവുക എന്നത്. "അത് കർത്താവിനുപോലും ഇഷ്ടമായിരുന്നില്ല". അവൾ കരഞ്ഞുകൊണ്ട് ഷിജുവിനെ സമീപിച്ചു. 'അവളുടെ സ്വപ്നങ്ങളോളമെത്തി അവളെ രക്ഷിക്കാൻ തന്റെ കാലുകളുടെ ശക്തി അപര്യാപ്തമാണെന്നു കണ്ട്' ഷിജു അവളോട് ദൈവവിളിയുടെ മാർഗ്ഗം തന്നെ ഉപദേശിച്ചു. അയാൾ അവളുടെ സമൃദ്ധമായ മുടിയിൽ ഒരു വിടവാങ്ങൽ കർമ്മം പോലെ കൈയോടിച്ചു - അടുത്തദിവസം വെട്ടിത്തെളിച്ചുകളയുന്നതാണീ കേശസമൃദ്ധി എന്നോർത്തുകൊണ്ട്.

---

[5] ഐസക് ഈപ്പൻ, ക്രിസ്റ്റീന റോസേറ്റി ഇന്റർനെറ്റിൽ', *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005),പു.74—78.

പിന്നീടയാൾ റോസിയെ കാണുമ്പോൾ അവൾ പ്രായം ചെന്ന, ശാഠ്യമില്ലാത്ത, ശാന്തായായ മാലാഖപോലെ കാണപ്പെട്ടു. പ്രണയനിരാസമാണവളെ വൃദ്ധയാക്കിയത്. പിന്നീടുള്ള അവളുടെ വാക്കുകൾ ശ്രദ്ധിയ്ക്കുക.

> മരണമെനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിഷയമാണ്. ഏറ്റവും സത്യമായതും അതുതന്നെ. പ്രണയം ആത്മീയമാണെങ്കിലേ അതിൽ സാഫല്യമുള്ളൂ. അതിനാൽ ഞാൻ ഈ കുരിശിനെ മാത്രം പ്രണയിക്കുന്നു..... അതുകൊണ്ട് ഞാൻ കല്യാണം കഴിച്ചില്ല. എഴുതിയ കവിതകൾ അത്രയും ഒരു പുരുഷനും കൊടുക്കാതെ അമ്മയ്ക്ക് സമർപ്പിച്ചു.[6]

പ്രണയനിരാസവും വ്യക്തിത്വനിരാസവും എല്ലാം ചേർന്ന് അതിസുന്ദരിയും ചെറുപ്പക്കാരിയുമായ അവളെ വൃദ്ധയും, കുരിശിന്റെ കാമുകിയും, മരണത്തെ സ്നേഹിച്ച് അതിനെ കാത്തിരിക്കുന്നവളുമാക്കി മാറ്റി.

റോസി എന്ന ചോദ്യത്തിനുത്തരം നല്കാനാവാതെ, ബ്രൗസിംഗ് നിർത്തി ഷിജു സന്ധ്യയിലേക്കിറങ്ങി ഇരുട്ടിന്റെ കനത്ത കൈയ്യുകളിലൂടെ നടന്നുപോയി.

സ്വന്തം വ്യക്തിത്വം അംഗീകരിക്കാത്തവരെ നിരാകരിച്ച, പ്രണയത്തെ തേടിയ റോസിക്ക് ലഭിച്ചത് വ്യക്തിത്വവും പ്രണയവുമില്ലാത്ത ജീവിതമായിരുന്നു. ധൈര്യമില്ലാത്ത, സ്ത്രീയെ അവളായി സ്വീകരിക്കാനോ അംഗീകരിക്കാനോ കഴിവില്ലാത്ത ഷിജു ഉൾപ്പെടെയുള്ള പുരുഷലോകമാണ് അവളെ ഇങ്ങനെ ആക്കിത്തീർത്തത്.

'വാർത്താളി: സൈബർസ്പേസിൽ ഒരു പ്രണയനാടകം' എന്ന കഥയിലെ നായിക രമണി എന്ന 'സൈബർസ്ത്രീ'യാണ്. മുത്തശ്ശൻ യഥാർത്ഥജീവിതത്തിൽ ആഭിചാരത്തിലൂടെ സ്ത്രീയിലേക്കെത്തി രതിസമുദ്രത്തിൽ മുങ്ങിത്താണ് ഒടുവിൽ രതി സാധ്യമാക്കിയ ലൈംഗികാവയവം മുറിച്ച് ദുർദ്ദേവതയ്ക്ക് സമർപ്പിച്ച് മരിക്കുന്നു. പൗത്രൻ

[6] ടി.

ഹരിഹരൻ സാങ്കേതികാഭിചാരത്തിലൂടെ സൈബറിടത്തിൽ രമണിയെന്ന സൈബർ സ്വത്വത്തിലേക്കെത്തുന്നു. അവർ ദീർഘകാലം സൈബർരതിയിലേർപ്പെടുന്നു. ഒടുവിൽ രമണി സ്ത്രീയല്ല, നപുംസകമാണെന്ന് വെളിപ്പെടുത്തുന്നു.

രമണിയുടെ രൂപം രണ്ടിടത്ത് വർണ്ണിയ്ക്കുന്നു, ആദ്യത്തേത് ഇങ്ങനെ:

ഹോസ്പിറ്റൽ ഭിത്തികളെ ഓർമ്മിപ്പിയ്ക്കുന്ന പശ്ചാത്തലം. ഉരുളുന്ന വീൽചെയർ. കഴുത്തു മുതൽ നിലംവരെ ഇഴയുന്ന വസ്ത്രങ്ങൾ...

രണ്ടാമത്തേത് മറ്റൊരു രീതിയിലാണ്:

മുലകൾ, രോമങ്ങളുള്ള കൈപ്പത്തി, അടിയേറ്റ് കരുവാളിച്ച മുതുക്, പുരുഷമുഖം, തടിച്ച വിരലുകൾ, കാലുകളുടെ സ്ഥാനത്ത് മാംസക്കുറ്റികൾ... ഇടയിൽ നപുംസകത്തിന്റെ ലൈംഗികത, തുപ്പലും കഫവും ചിതറിയ കാർപ്പെറ്റ്....

ചിന്താമണിയെന്ന വേശ്യ അമ്മയും ആചാര്യയുമായ ഒന്നാം ജന്മം. അതിൽ നന്മതിന്മകൾ തിരിച്ചറിയാനാവാത്ത കുരുട്ടുകണ്ണുബാധിച്ച കാമവെറിയനായിരുന്നു അയാൾ.

രണ്ടാം ജന്മം ഗുരുവിനെകൊന്ന്, ഗുരുപത്നിയെ സ്വീകരിച്ച്, ഭാര്യയെ കൊന്ന്, മക്കളെ അടിച്ചിറക്കി രതിസാഗരത്തിലാറാടിയ മഹാമന്ത്രവാദി കുഞ്ഞൂട്ടൻ നായർ. “നപുംസകക്രീഡാതത്പരനായി തുലയട്ടെ” എന്ന് ശാപം കിട്ടിയവൻ. സ്വന്തം ലിംഗം ഛേദിച്ച് വാർത്താളിയ്ക്ക് സമർപ്പിച്ച് മരിച്ചവൻ.

അയാളുടെ മൂന്നാം ജന്മമാണ് വാർത്താളീമണ്ഡലം എന്ന വെബ്സൈറ്റ് നിർമ്മിച്ച ഐ.ടി. വിദഗ്ദ്ധനായ ഹരിഹരൻ (കുഞ്ഞൂട്ടൻനായരുടെ പൗത്രൻ). അയാൾ സാങ്കേതികാഭിചാരം നടത്തി നപുംസകവുമായി സൈബർരതിയിലേർപ്പെടുന്നു. അങ്ങനെ ശാപം ഫലിയ്ക്കുന്നു.

ചിന്താമണി എന്ന വേശ്യ, വാർത്താളി എന്ന ദുർദ്ദേവത, നപുംസകമാണെന്നു തിരിച്ചറിയുന്ന രമണി എന്ന സൈബർസ്ത്രീ, മരുമകനെ സ്വീകരിച്ച അമ്മായി എന്നിവരാണ് ഇതിൽ മുഖ്യമായി പരാമർശിക്കപ്പെടുന്നത്. കൂടാതെ മറ്റുചില പേരുകളും കൂടിയുണ്ട്: വളച്ചെട്ടിച്ചികൾ, പിണിയാൾ, വടപളനിയിലെ രുക്കുമ്മാൾ, മഴയ്ക്കുശേഷം മരം പെയ്യുന്നതുപോലെ കരഞ്ഞ എട്ടുവയസ്സുകാരി ചൊറോണ, ശർക്കരയാട്ടുന്നവൾ.... ഇവരൊക്കെ കുഞ്ഞൂട്ടൻ നായർ കീഴടക്കിയ സ്ത്രീശരീരങ്ങളാണ്.

മൂന്നു ജന്മങ്ങളിൽക്കൂടിത്തുടരുന്ന ആഭിചാര-രതി ജീവിതത്തുടർച്ചകൾ... മൂന്നാം ജന്മം സൈബറിടത്തിലാണ് പൂർത്തീകരിക്കപ്പെടുന്നത്. ദുർമ്മൂർത്തി വാർത്താളി സൈബറിടത്തിൽ നപുംസകമായി പ്രത്യക്ഷപ്പെടുന്നു.

രണ്ടാം ജന്മത്തിലെ ലൈംഗികാതിക്രമങ്ങൾക്കും നിരവധി സ്ത്രീകളോടു ചെയ്ത തെറ്റുകൾക്കും (കൊലപാതകം, അഗമ്യഗമനം, ബലാത്കാരം...) ഉള്ള ശിക്ഷയായി ലിംഗഛേദനവും മൂന്നാം ജന്മത്തിൽ നപുംസക(സൈബർ)രതിയും.

ഇതിൽ ശക്തരും ദുർബലരുമായ സ്ത്രീകളുണ്ട്. ശക്തിയുടെ സ്വരൂപങ്ങളാണ് ചിന്താമണിയും, വാർത്താളിയും, അമ്മായിയും, രമണിയും. മറ്റുള്ളവർ ദുർബലർ. ദുർബലരോടു ചെയ്ത തെറ്റിന് ശക്തരായ സ്ത്രീകൾ ആണിനു നൽകുന്ന ശിക്ഷ എന്ന മട്ടിലും കഥയെ വായിക്കാനാകും.

'ചാറ്റൽ മഴയിലെ ഏകാകി'യിലെ നായിക കീർത്തി എന്ന 'സൈബർ സ്ത്രീ'യാണ്. കഥാന്ത്യത്തിൽ താൻ കീർത്തിയല്ലെന്നും ഒരു സ്ത്രീപോലുമല്ലെന്നും വെളിപ്പെടുത്തി മറയുന്നു.

ചന്ദ്രമതിയുടെ മൂന്നു കഥകളാണ് 'വെബ്സൈറ്റ്', 'ഒരു പലകമനുഷ്യന്റെ സങ്കടങ്ങൾ', 'ഇതാ ഇവിടെ ഒരു ടെക്കി' എന്നിവ. വെബ്സൈറ്റിലെ നായിക തന്റേടിയും സ്വാതന്ത്ര്യവും ബഹുമാനവും ആഗ്രഹിയ്ക്കുന്നവളുമായ സ്ത്രീയാണ്. ഏകാകിനിയാണ്. ഒരു പലകമനുഷ്യന്റെ സങ്കടങ്ങളിലെ മുരളികയും അതിസുന്ദരിയും ബുദ്ധിമതിയും പ്രായോഗിക തന്ത്രജ്ഞയും സൈബർപ്രജയുമാണ്. അവൾ കമ്പ്യൂട്ടറിനുമുന്നിൽ സമയം ചെലവിടുന്നത് ഒഴിവാക്കാൻ ഭർത്താവ് കണ്ടെത്തിയ കമ്പ്യൂട്ടർചീട്ടുകളിയെ സ്വന്തം ലാപ്ടോപ്പ് വാങ്ങിക്കൊണ്ട് അവൾ തോൽപ്പിച്ചു. ഇതാ ഇവിടെ ഒരു ടെക്കിയിലെ നായിക തേജസ്വിനി എന്ന ടെക്കിയും മേല്പറഞ്ഞ വിഭാഗത്തിൽപ്പെടുന്നവൾ തന്നെ. മൂന്നുപേരും സ്വതന്ത്രകൾ, തനിക്കുതാൻ പോന്നവർ, ധൈര്യശാലികൾ... ആണുങ്ങളോ പലവിധ കുറവുകളുള്ളവർ – വിനോദ്കൃഷ്ണ അരയ്ക്കുതാഴെ തളർന്നവനെങ്കിൽ സിൽവെസ്റ്റർ ഡിസൂസ സൈബർനിരക്ഷരനാണ്. ടെക്കിയിലെ വിജയൻ പെട്ടെന്നു പരിഭ്രാന്തനാകുന്നവനും മനഃസ്ഥൈര്യമില്ലാത്തവനും.

'ചരക്കി'ലെ നായിക ചാരു ഒരു ഫെമിനിസ്റ്റാണ്. അവൾ സൈബറിടത്തിലൂടെ ഒരു 'ഒബീഡിയന്റ് സർവ്വന്റിനെ' വാടകയ്ക്കെടുക്കുന്നു. ഫെമിനിസ്റ്റായ ചാരുവിനെക്കുറിച്ചും കൂട്ടുകാരി എന്ന സംഘടനയെക്കുറിച്ചും അതിലെ ചർച്ചകളെക്കുറിച്ചുമൊക്കെയുള്ള വിവരങ്ങൾക്കുമൊക്കെ ശേഷം യാഥാസ്ഥിതികസ്ത്രീ പെരുമാറ്റമാതൃക മറിച്ചിട്ട് അതേ രീതിയിൽ പുരുഷനെക്കൊണ്ട് പ്രവർത്തിപ്പി ക്കുന്നതുമൊക്കെ ഫെമിനിസത്തിനുള്ളനേരെയുള്ള പരിഹാസം കൂടിയാണ്. ആണിനെ അടിമയാക്കാൻ ആഗ്രഹിയ്ക്കുന്നു ഫെമിനിസ്റ്റുകൾ എന്നു സൂചിപ്പിച്ച് അതിനെ കടുത്ത പരിഹാസത്തിൽ പൊതിയുകയാണ് കഥ. അയാളുടെ പ്രൊഫഷണലായ നിസ്സംഗത ചാരുവിലെ സ്ത്രീയെ കുപിതയാക്കുന്നു. സ്ത്രീലൈംഗികത ശരീരമാത്രനിഷ്ഠമല്ല

എന്നതുകൊണ്ടാണ് അവൾ ദേഷ്യവതിയാവുന്നത്. എല്ലാം കഴിഞ്ഞ് ബാക്കിയാവുന്ന ഏകാകിതയും മനസ്സിന്റെ ശൂന്യതയുമാണ് ഉടൻ മുറി വെക്കേറ്റ് ചെയ്യണമെന്ന ശാഠ്യത്തിൽ പ്രകടമായത്. സ്ത്രീകളെ ചരക്കുവല്ക്കരിക്കുന്ന കാലത്തെ തലകീഴായി നിർത്തി പുരുഷന്മാരെ സ്ത്രീകൾ ചരക്കുവല്ക്കരിക്കുന്ന കാലവും അതിനുള്ള ഉപാധിയായി സൈബർമാധ്യമങ്ങളും എന്നതാണ് ഇവിടെ കണ്ടത്. സ്ത്രീ-പുരുഷന്മാർ പരസ്പരം ചരക്കുവല്ക്കരിക്കുന്നു. വ്യക്തി തന്നെ സ്വയം ചരക്കുവല്ക്കരിച്ച് സൈബർമാധ്യമ ഇടങ്ങളിൽ വില്പനയ്ക്കുവെയ്ക്കുന്ന കാലത്തിന്റെ അപായക്കാഴ്ചയാണീ കഥ.

സി.പി.ബിജുവിന്റെ 'വാതപ്പരു'വും സ്ത്രീകേന്ദ്രീകൃതമായ കഥയാണ്. നായിക ഷെറി മോഡലും പരസ്യചിത്രനിർമ്മാതാവും വിഷ്വൽ കമ്മ്യൂണിക്കേൻ പഠിച്ചവളും ഫോട്ടോഗ്രാഫറുമാണ്. 'ക്യാമറാലെൻസിന്റെ വട്ടക്കണ്ണുകളിലെ ആർത്തി' തീർക്കാനായി നിത്യജീവിതം മുതൽ ലൈംഗികത (അച്ഛനമ്മമാരുടേത്, സ്വന്തം....) വരെ പകർത്തുന്ന ശീലങ്ങൾ തകർത്തെറിയുന്ന 'നവജീവിത'ങ്ങളാണ് കഥാവിഷയം. നവമാധ്യമങ്ങൾ വെച്ചുള്ള ഈ കളിയിൽ ഷെറിയുമുണ്ട്, സജീവമായി. ഭർത്താവ് വിവേക് അങ്ങനെ ചെയ്തപ്പോൾ ഷെറി 'ചീന്തിക്കരഞ്ഞു'. എന്നാൽ അതേ കാര്യം ഷെറി ചെയ്തപ്പോൾ വിവേക് ക്യാമറ എറിഞ്ഞുപൊട്ടിക്കുകയും അവളെ അടിയ്ക്കുകയും ചെയ്തു. ഇതാണ് ഒരേ കാര്യത്തിനോടുള്ള സ്ത്രീപുരുഷപ്രതികരണങ്ങൾ. ഒരേ പ്രവൃത്തിക്ക് സ്ത്രീപുരുഷന്മാർക്ക് വ്യത്യസ്തപ്രതികരണങ്ങൾ ലഭിക്കുന്നത് ഒരു സാമൂഹിക യാഥാർത്ഥ്യമാണ്. ഇത് സമൂഹത്തിലെ പുരുഷാധിപത്യത്തിന്റെ പ്രകടനം തന്നെ. എന്നാൽ അതിനോട് ഒരു ഇരയുടെ പ്രതികരണമല്ല ഷെറിയുടേത്. അത് സഹിക്കാൻ അവൾ ഒരുക്കവുമല്ല. എത്രയും പെട്ടെന്ന് അവൾ ആ ബന്ധം ഉപേക്ഷിക്കാൻ തയ്യാറാവുന്നു.

സൈബറിടം, കമ്പ്യൂട്ടർ, മൊബൈൽഫോൺ, ക്യാമറ, ബ്ലൂടൂത്ത് ഇവയെല്ലാം ചേർന്ന് ജീവിതത്തിന്റെ മൂല്യങ്ങളെയും നന്മയെയും സ്വകാര്യതയെയും എല്ലാം തലകീഴായി നിർത്തുന്നു. ഇവിടെ തോൽവികൾകൊണ്ട് തകർന്നുപോവുകയല്ല, അവ ആഘോഷിക്കാനുള്ളതാക്കി മാറ്റുന്നു പുതുജീവിതം. ഇതിനിടയിൽ ബാക്കിയായ ഇത്തിരി മനുഷ്യത്വമായിരുന്നു ഷെറിയുടെ വാതപ്പരു. അതിന്റെ ഉപദ്രവം ഇനിയുണ്ടാവില്ലെന്ന് ഉറപ്പായതോടെ ഇനിയൊന്നും പേടിക്കാനില്ല. മാധ്യമാസുരതകളുടെ നോൺ-സ്റ്റോപ്പ് ആഘോഷങ്ങളെ തടയാൻ ഇനിയൊന്നുമില്ല. ധൈര്യമായി ഫോട്ടോബ്ലോഗ് ലൈവാക്കാം, പുതിയ ക്യാമറ വാങ്ങാം!

'രൂപങ്ങൾ' എന്ന കഥയിലെത്തുമ്പോൾ സ്ത്രീയ്ക്ക്/നായികയ്ക്ക് പേരില്ല. 23-കാരിയായ വിവാഹിതയാണവൾ. നാട്ടിൻപുറത്തുകാരിയും നിഷ്കളങ്കയുമായ അവൾ വിവാഹശേഷം ജീവിതം സ്വർഗ്ഗമാണെന്ന് കരുതിയവളായിരുന്നു. ഭർത്താവുമൊത്തുള്ള തന്റെ ലൈംഗികത, അയാൾ വീഡിയോ ക്യാമറയിൽ പകർത്തിയെടുത്ത് മുതലാളിയ്ക്ക് സമ്മാനിച്ച് ജോലിക്കയറ്റം നേടി. അവൾ സ്വന്തം ഗർഭത്തിലെ കുഞ്ഞിനെ അടിച്ചുകൊന്ന്, ബ്യൂട്ടീലാബിൽപ്പോയി അവളുടെ സ്വത്വത്തെയും കൊന്ന് ടിബറ്റൻ ജന്മമായി മാറി. പിന്നെ കൊല്ലപ്പെട്ട 'ഞാൻ' അവളെ ആവേശിക്കുന്നത് കുളയട്ടപോലെ അറപ്പോടെ മാറ്റിനിർത്തിയ ഭർത്താവ് ലൈംഗികതയ്ക്ക് നിർബന്ധിച്ചപ്പോഴാണ്. അയാളെ കൊന്ന് ചേരകുടിച്ച് പെട്ടിയിലാക്കി, ആ പെട്ടിയ്ക്കു മുകളിൽ കിടന്ന് നാലുവിടന്മാരുമായി ബന്ധപ്പെട്ട്, അത് ക്യാമറയിൽ പകർത്തി അതെല്ലാം ഹോട്ട് സൈറ്റിൽ പോസ്റ്റ് ചെയ്ത് സ്വയം കുത്തിമരിക്കുന്നു അവൾ.

ഗർഭസ്ഥശിശുവിനെയും ഭർത്താവിനെയും കൊന്ന് ആത്മഹത്യ ചെയ്യുന്ന അവസ്ഥയിലേക്ക് അവളെ കൊണ്ടെത്തിച്ചത് നവമാധ്യമാധിനിവിഷ്ടമായ

ഉപഭോഗാസക്തമായ, ആസുരമായ 'നവജീവിതമാണ്'. ഇതിലെ കളഞ്ഞു കിട്ടിയ സിം കാർഡിലേക്കു വരുന്ന വിളികളും സമാനമായ ഏതോ സംഭവത്തോടുള്ള പ്രതികരണങ്ങളാണ്.

സൈബറിടവും മൊബൈൽഫോണും ക്യാമറയും ചേർന്ന് സ്ഥലവും ദൂരവും ഇല്ലാതാക്കിയതുപോലെ നന്മയും മനുഷ്യപ്പറ്റും ബന്ധങ്ങളും എന്തിന് ജീവിതം തന്നെയും ഇല്ലാതാക്കുന്നതിന്റെ വ്യാകുലക്കാഴ്ചകളായിത്തീരുകയാണ് ഒരു വിഭാഗം സൈബർകഥകൾ.

## 5.1 കുടുംബം സൈബർകഥകളിൽ

> മുതലാളിത്ത വികാസത്തോടൊപ്പം രൂപം കൊണ്ടതെങ്കിലും പത്തൊമ്പതാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ മാത്രം കേരളത്തിൽ രൂപപ്പെട്ടുതുടങ്ങിയ അണുകുടുംബമാണ് കുടുംബത്തെ സംബന്ധിച്ച നമ്മുടെ ഇന്നത്തെ ആദർശമാതൃക. പുരുഷന്റെ പരമാധികാരവും സ്ത്രീയുടെ വിധേയത്വവുമാണ് ഈ കുടുംബഘടനയുടെ അന്തഃസത്ത ..... പുരുഷന്റെ അധികാരവും സ്ത്രീയുടെ വിധേയത്വവും സ്വഭാവികമെന്നോണം നിലനിർത്തി പുരുഷാധിപത്യവ്യവസ്ഥയെ അഭംഗുരം സംരക്ഷിക്കുക എന്നതാണ് ഒരു പ്രത്യയശാസ്ത്ര സ്ഥാപനമെന്ന നിലയിൽ കുടുംബത്തിന്റെ പ്രവർത്തനം. എന്നാൽ കുടുംബത്തെ ചൂഴ്ന്നുനില്ക്കുന്ന വൈകാരികതയുടെയും സംതൃപ്തിയുടെയും സുരക്ഷിതത്വത്തിന്റെയും രക്തബന്ധങ്ങളുടെയും മറ്റും അനുശാസനകൾ അതിന്റെ പുരുഷാധിപത്യപരമായ ധർമ്മങ്ങൾ നിഗൂഹനം ചെയ്യുന്നു[7]

എൻ. കെ. രവീന്ദ്രൻ കുടുംബം എന്ന പുരുഷാധിപത്യസ്ഥാപനത്തെ വിലയിരുത്തുന്നു.

---

[7] എൻ.കെ.രവീന്ദ്രൻ, *പെണ്ണെഴുതുന്ന ജീവിതം* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2010), പു. 79.

സൈബർമാധ്യമങ്ങളുടെ പ്രഭാവകാലത്ത് കുടുംബം ഉപഭോഗസംസ്കാരത്തിന് അനുകൂലമായ കർത്തൃത്വങ്ങളുടെ അയഞ്ഞതോ, ശിഥിലമോ ആയ കെട്ടുകളായി മാറുന്ന പരിണാമത്തിന്റെ രേഖ ഈ കഥകളിലൂടെ വായിയ്ക്കാം. പുരുഷാധിപത്യം, വിപണികേന്ദ്രിതമായ കമ്പോളസംസ്കാരം, സാങ്കേതികാധിനിവേശം എന്നിവ ഒത്തുചേർന്ന് കുടുംബങ്ങളെ എന്തുമാത്രം അപായകരമായ ഇടങ്ങളാക്കി മാറ്റുന്നുവെന്ന് ഈ കഥകൾ കാലാനുക്രമമായി വരച്ചിടുന്നു.

'കൊക്കരണി'യിലെ കുടുംബം ഒരു പുരുഷാധിപത്യമൂല്യവ്യവസ്ഥയുടെ അളവുകോലുകൾക്കനുസരിച്ചുള്ള മാതൃകാകുടുംബമാണ്. ആധിപത്യം പുലർത്തുന്ന ഭർത്താവും അനുസരണയുള്ള ഭാര്യയുമടങ്ങുന്ന ചെറുകുടുംബം. പക്ഷേ അതിനെ പൂർത്തീകരിയ്ക്കാൻ കുഞ്ഞുങ്ങളില്ലാത്തതാണ് അവരെ അലട്ടുന്ന പ്രശ്നം. വൈദ്യശാസ്ത്രം തോല്ക്കുന്നിടത്ത് കമ്പ്യൂട്ടർ വിജയിക്കുന്നു. പക്ഷേ അതുണ്ടാക്കുന്ന പ്രശ്നങ്ങളിൽപ്പെട്ട് കുടുംബം തകർച്ചയുടെ വക്കിലെത്തുന്നു. അവർ വീടുവിട്ടിറങ്ങുന്നു. വെയിലേറ്റുരുകുന്ന യന്ത്രശിശുക്കൾ വെയിലത്ത് അവരെ അനുഗമിയ്ക്കുന്നു.

'ഭാര്യയെ ഗർഭിണിയാക്കാൻ സാധിയ്ക്കാത്ത കുടുംബനാഥന്റെ (ഇമാനുവേലിന്റെ) കഴിവുകേടാണ്' കഥയെ ദുരന്തത്തിലേയ്ക്ക് തള്ളിവിടുന്നത്. അതിന് സാങ്കേതികവിദ്യയിലൂടെ പരിഹാരം തേടുമ്പോൾ ദുരന്തം തീവ്രമാകുന്നു.

'കാശ്മീരി അംബ്രി'യിലെ കുടുംബവും മേൽവിവരിച്ചപോലെ ഒരു സ്റ്റീരിയോ ടൈപ്പ് കുടുംബമാണ്. അവിടെയും ആപ്പിൾക്കച്ചവടം നടത്താനുള്ള കുടുംബനാഥന്റെ ശേഷിക്കുറവാണ് പ്രശ്നഹേതു. യഥാർത്ഥ ആപ്പിളിനുപകരം ആപ്പിൾ കമ്പ്യൂട്ടറുപയോഗിച്ച് വിജയിച്ച്, മകൻ ആ പ്രശ്നം പരിഹരിക്കുന്നു. ഇവിടെയും സാങ്കേതികവിദ്യ തന്നെയാണ്

വിജയിക്കുന്നത്.

'അടയാളവാക്യത്തി'ലെ കുടുംബത്തിന്റെയും സ്ഥിതി മേൽപ്പറഞ്ഞതുതന്നെ. പുതുസാങ്കേതികത നല്കുന്ന പുതിയ വിലാസം സ്വീകരിക്കാനുള്ള ഭയ - വൈമുഖ്യ-ങ്ങളാണ് സംഘർഷത്തിന് ഹേതുവാകുന്നത്. ഒടുവിൽ നെറ്റ്കഫേയിൽപ്പോയി ആ സാങ്കേതികവിലാസസ്വീകരണത്തിന് തയ്യാറായതോടെ പ്രശ്നം പരിഹൃതമാകുന്നു.

ഈ മൂന്നു കുടുംബങ്ങളിലും ഉള്ള സ്ത്രീകൾ അദൃശ്യരും അഗണ്യരുമായിരിക്കുന്നു. കുടുംബത്തിനകത്ത് ഇവരുടെ വ്യക്തിസത്ത നിഷ്ക്രിയമാണ്.

> സുന്ദരിയും മൃദുലയും ദുർബ്ബലയുമായ സ്ത്രീ, വിവേകശാലിയായ വീട്ടുകാരി - ഈ രണ്ടവസ്ഥകളും പിന്നിട്ടാണ് അവൾ സദാചാരനിരതയായ വീട്ടമ്മയായത് ..... കുട്ടികൾക്കെന്നപോലെ ഭർത്താവിനും അവൾ അമ്മയാകണം. മത്സരത്തിന്റെ നിഷ്ഠൂരലോകത്തിൽ അതിജീവിയ്ക്കാൻ അവൾ ഭർത്താവിന് ശക്തി നല്കണം. ലൈംഗികതയ്ക്കുമപ്പുറത്ത് അവൾ പവിത്രയും അനുസരണശീലയും ഭക്തയും ലജ്ജാശീലയുമാകണം - അതത്രേ യഥാർത്ഥ'സ്ത്രീത്വം[8]

കെ. സച്ചിദാനന്ദൻ നിരീക്ഷിയ്ക്കുന്നു. "ഭർത്താവ് വിശ്രമവും സൗഖ്യവും ആവശ്യപ്പെടുന്നു. ഒരു നൂറായിരം ചെറിയ സുഖങ്ങൾക്കായുള്ള ദൈനംദിനത്യാഗമാണ് സ്ത്രീയുടെ ഗാർഹികാസ്തിത്വം".[9]

ഇങ്ങനെ സ്ത്രീയുടെ ത്യാഗത്തിൽ കെട്ടിയുയർത്തപ്പെട്ട് ഭർത്താവിന്റെ ആധിപത്യത്തിൽ പുലരുന്ന കുടുംബങ്ങളാണ് മേൽവിവരിച്ചവ. അവിടെ കാലുഷ്യമുണ്ടാക്കുന്നത് കുടുംബനാഥന്റെ ചില ന്യൂനതകളാണ്. അവ പരിഹരിക്കാൻ

---

[8] കെ. സച്ചിദാനന്ദൻ,എഡി., *സ്ത്രീപഠനങ്ങൾ* ( ബോധി പബ്ലിക്കേഷൻസ്, 1990), പു.33.

[9] ടി, പു. 17.

സാങ്കേതികസഹായം തേടുന്നു. ഇവയ്ക്കെല്ലാം മൂകസാക്ഷിയായി, കാഴ്ചക്കാരിയായി വീട്ടമ്മയുടെ വാർപ്പുമാതൃകകളായ സ്ത്രീകഥാപാത്രങ്ങൾ നിലകൊള്ളുന്നു.

എന്നാൽ 2009 –10 കാലഘട്ടത്തിലെ കഥകളിൽ കാണുന്ന കുടുംബം തികച്ചും വ്യത്യസ്തമാണ്. 'ഒരു പലകമനുഷ്യന്റെ സങ്കടങ്ങളി'ലെ മുരളിക ആധുനികമട്ടുള്ളവളും തന്ത്രജ്ഞയുമാണ്. സൈബർമാധ്യമഉപയോഗത്തിലുള്ള പാടവമാണ് അവളുടെ ഒരു മേൻമ (ഭർത്താവിന് അത് തീരെയില്ല). ഭർത്താവിന്റെ സ്ഥാനലബ്ധിയ്ക്കായി സൈബർമാധ്യമങ്ങൾ ഉപയോഗിച്ച് തന്ത്രം മെനയുന്നു അവൾ. ഒപ്പം സ്വന്തമായ വ്യക്തിത്വവും സൗഹൃദങ്ങളും രഹസ്യങ്ങളും ഒക്കെ സൂക്ഷിയ്ക്കുന്ന ശക്തയായ സ്ത്രീയാണവൾ. അതിനെ പ്രതിരോധിക്കാനുള്ള ഭർത്താവിന്റെ ദുർബലമായ ശ്രമങ്ങളെ അവൾ എളുപ്പത്തിൽ മറികടക്കുന്നു.

> ശത്രുക്കളെ ഭയക്കുന്നില്ലെങ്കിലും അയാൾക്ക് ആകെ പേടിയുള്ള ഒരാൾ ഭാര്യ മുരളിക മാത്രമാണ്.[10]

സിൽവെസ്റ്റർ ഡിസൂസ കണ്ടെത്തുമ്പോൾ ടെലിവിഷൻ അവതാരകയും നടിയും സുന്ദരിയുമായ മുരളിക വീടുവിട്ടറിങ്ങിയ പെണ്ണായി ഒരു സ്റ്റുഡിയോ അപ്പാർട്ടുമെന്റിൽ ഒറ്റയ്ക്ക് താമസിക്കുകയാണ്. വിവാഹശേഷവും ആ സ്വാതന്ത്ര്യബോധം മുരളിക കൈവിടുന്നില്ല. കഥയിൽ സിൽവെസ്റ്ററിനെ പലപ്പോഴും പൂച്ചയോടാണുപമിക്കുന്നത്. കഥയിൽ ശക്തയായ കർത്തൃത്വമായി നിന്ന് കഥാഗതിയെ നിർണ്ണയിക്കുന്ന മുരളിക, സിൽവെസ്റ്ററിന്റെ പരിഹാസച്ചിത്രം നെറ്റിൽ വന്നതിനും പരിഹാരം കണ്ടെത്തുന്നു. ഇവിടെ മുരളികയുടെ ഈ അധികാരസ്ഥാപനത്തിനു കാരണമാവുന്നത് സിൽവെസ്റ്ററിന്റെ കമ്പ്യൂട്ടർ നിരക്ഷരതയും മുരളികയുടെ (അതിലുള്ള) അറിവുമാണ്. പ്രശ്നപരിഹാരം നടത്തുന്നതും

[10] ചന്ദ്രമതി, *ഇതാ ഇവിടെ ഒരു ടെക്കി* (ഡി.സി.ബുക്സ്, കോട്ടയം, 2010).

ഐ.ടി. ഉപയോഗിച്ചുതന്നെ.

'വാതപ്പരു'വിൽ രണ്ടു കുടുംബങ്ങളെ താരതമ്യപ്പെടുത്താനാകും. ഷെറിയുടെ അച്ഛനമ്മമാരുടെ സാധാരണ കുടുംബം. പിന്നീട് വിവാഹശേഷം ഷെറി ഉണ്ടാക്കിയ പുതിയ കുടുംബം. ഷെറിയുടെ അച്ഛനമ്മമാരുടെ നാടൻകുടുംബം യാഥാസ്ഥിതികമെങ്കിലും താരതമ്യേന ശാന്തവും സംഘർഷരഹിതവുമാണ്. എന്നാൽ മാധ്യമാധിനിവിഷ്ടമായ ഷെറിയുടെ കുടുംബമോ, തുടങ്ങിയയുടൻതന്നെ തകർന്നുപോയി.

ഷെറിയുടെ വാക്കുകളിൽ അച്ഛനമ്മമാരുടെ ദാമ്പത്യം കാണുക:

ഈ അമ്മയെയും അച്ഛനെയുമൊക്കെ സമ്മതിക്കണം! ഇത്ര ചെറിയ ശമ്പളം കിട്ടിയിട്ട് അതുകൊണ്ട് എന്തൊക്കെ കാര്യങ്ങളാണ് അവർ നടത്തുന്നത്!

കറിക്കൊരുക്കം, പാചകം, വീടുവൃത്തിയാക്കൽ, തുണിയലക്കൽ, തുണിമടക്കിയെടുക്കൽ, ഓഫീസിൽപോക്ക്, കാലിലെ വെടിച്ചുകീറലിന് വാസലൈൻ തേയ്ക്കുന്നത്, ഷെറിയുടെ കാര്യം പറഞ്ഞ് വേവലാതിപ്പെടുന്നത്. അച്ഛനോടു വാദിയ്ക്കുന്നത്, നടുവേദനയ്ക്ക് കുഴമ്പു തേയ്ക്കാനെടുക്കുന്നത് .... രാത്രി അത്താഴം കഴിഞ്ഞ് അമ്മ മീൻ വൃത്തിയാക്കുന്നത്, അച്ഛൻ ന്യൂസ് അറ്റ് ടെൻ കാണുന്നത് ......[11]

ഇതിന് എതിർനില്ക്കുന്ന ഷെറി - വിവേക് മോഡേൺ ദാമ്പത്യമോ?

രാത്രി പന്ത്രണ്ടായപ്പോൾ ഷെറിയ്ക്ക് ഉറക്കം വന്നു ..... വിവേക് ഇന്റർനെറ്റിനു മുന്നിൽ അടയിരിക്കുകയായിരുന്നു. അവൻ ചില ക്ലിപ്പിംഗുകൾ ഷെറിയെ കാണിച്ചു. ദൈവമേ! അവരുടെ തന്നെ സെക്സ് സ്വന്തം ബെഡ്റൂമിൽ ക്യാമറ ഒളിപ്പിച്ചു വെച്ച് ഷൂട്ടുചെയ്തിട്ട് അതു തന്നെ കണ്ടു രസിക്കുകയോ? ഷെറിയ്ക്ക് വല്ലാതെ സങ്കടം വന്നു, ദേഷ്യവും. ചില ക്ലിപ്പിംഗുകൾ നെറ്റിൽ പോസ്റ്റുചെയ്തിട്ടുണ്ടെന്ന് അവൻ പറഞ്ഞപ്പോൾ അവൾക്ക് നട്ടെല്ലിലൂടെ ഒരു തീയുണ്ട പാഞ്ഞുകയറി.[12]

---

11. സി.പി.ബിജു, *ചരക്ക്* (ഡി.സി. ബുക്സ്, കോട്ടയം, 2009).

12. ടി.

അതേകാര്യം അവൾ ചെയ്തപ്പോൾ വിവേക് ക്യാമറ എറിഞ്ഞുപൊട്ടിയ്ക്കുകയും അവളെ അടിയ്ക്കുകയും ചെയ്തു. അഞ്ചാറുമാസത്തെ ആയുസ്സുള്ള ആ ദാമ്പത്യം അവിടെ അവസാനിച്ചു.

'വാതപ്പരു'വിൽ ദാമ്പത്യം തകർന്നതേയുള്ളുവെങ്കിൽ രൂപങ്ങളിൽ കുടുംബത്തിന്റെ സമ്പൂർണ്ണനാശമാണ് - കൊലപാതകവും സ്വത്വനാശവും ആത്മഹത്യയും. അതിനുനിമിത്തമായതോ എല്ലാം ചരക്കുവല്ക്കരിക്കുന്ന ഉപഭോഗകേന്ദ്രിതസംസ്കാരവും സാങ്കേതിക-മാധ്യമാധിനിവേശവും.

ശമ്പളം ഇരട്ടിയാക്കിക്കിട്ടാൻ വേണ്ടിയാണ് രൂപങ്ങളിലെ ഭർത്താവ് സ്വന്തം ഭാര്യയുമൊത്തുള്ള ലൈംഗികത ക്യാമറയിൽ പകർത്തി മുതലാളിയ്ക്ക് സമർപ്പിച്ചത്. അതുവരെ ഭാര്യ അനുഭവിച്ച സ്വർഗ്ഗം അന്ധകാരനിബിഢമായ നരകമായിമാറിയത് അതോടെയാണ്. അവൾ ആദ്യം ചെയ്തത് 'ചുമരിലെ ഫ്രെയിം ചെയ്ത ആഫ്രിക്കൻ കാടിന്റെ പെയ്ന്റിംഗ് ആണിയിൽ നിന്ന് ഊരിയെടുത്ത് വയറ്റിലെ കുഞ്ഞിനെ അടിച്ചുകൊല്ലുകയാണ്.'

> തന്റെ കുഞ്ഞിനെ ശിക്ഷിയ്ക്കുന്ന ഒരമ്മ ആ കുഞ്ഞിനെ മാത്രമല്ല തല്ലുന്നത്; ഒരർത്ഥത്തിൽ അവളതിനേ തല്ലുന്നേയില്ല. അവൾ പുരുഷനോടും ലോകത്തോടും തന്നോടുതന്നെയും പകതീർക്കുകയാണ് .......[13]

മനഃസംഘർഷങ്ങളുടെയും അധ്വാനഭാരത്തിന്റെയും ഇടയിൽപ്പെട്ട് ഞെരുങ്ങുന്ന പുരുഷാധിപത്യസമൂഹത്തിലെ നിസ്സഹായയായ അമ്മ ലോകത്തോടും സമൂഹത്തോടും പുരുഷനോടും പകതീർക്കുന്നത് സ്വന്തം കുഞ്ഞിനെ ശിക്ഷിച്ചിട്ടാണെന്ന് സിമോൺ ദ ബുവെ നിരീക്ഷിയ്ക്കുന്നു. ഇവിടെ ഒരമ്മ ഗർഭസ്ഥശിശുവിനെ അടിച്ചുകൊന്നത് എന്തിനാലാവാം? വിശുദ്ധമെന്നും സ്വർഗ്ഗതുല്യമെന്നും അവർ കരുതിയ

[13] Simone de Beauvior, *The Second Sex* (Penguin, Harmondsworth, 1974).

ഭാര്യാ-ഭർത്തൃബന്ധം തന്നെ പകർത്തിവില്ക്കുന്ന ഈ ലോകത്ത് ഇനിയൊരു മനുഷ്യശിശുവും കടന്നുവരേണ്ടെന്നും വരാനാവാത്തത്ര കറുത്തുപോയ ലോകമാണെന്നുമുള്ള തിരിച്ചറിവുകൾകൊണ്ടാവാം. അതിലേറെ ഭർത്താവിനോടുള്ള, അയാൾ പ്രതിനിധാനം ചെയ്യുന്ന പുരുഷലോകത്തോടുള്ള അടക്കാനാവാത്ത പക മൂലമാവാം. ഈ പ്രവൃത്തിയുടെ ഫലം ആ കുട്ടികൂടി അനുഭവിയ്ക്കുമെന്ന പ്രായോഗികബുദ്ധിമൂലവുമാകാം.

പിന്നീടവൾ സ്വയം സ്വത്വഹത്യനടത്തി. ഇതേ ഹത്യാപരമ്പര പിന്നീട് ഭർത്താവിലേയ്ക്കും, ആ ശവപ്പെട്ടിയിൽക്കിടന്നു രതിയിലേർപ്പെട്ട നാലു വിടന്മാരിലേക്കും നീളുന്നു. ആ വിടന്മാരുടെ ജീവിതത്തിന്റെ പരിണതി മരണസമാനമായിരിക്കും. ഒടുവിൽ അവൾ സ്വയം കുത്തിമരിയ്ക്കുന്നു.

ഇതിനെ ചിലർ ഭ്രാന്താണെന്ന് വിളിച്ചേക്കാം. ഈ ഭ്രാന്ത് നിസ്സഹായയായ സ്ത്രീയുടെ ആസുരമായ കലാപമാണ്. സ്ത്രീ രചനകളിൽ പലപ്പോഴും ആൺകോയ്മയോടുള്ള ഇത്തരം ക്രോധ - കാലുഷ്യങ്ങൾ ഭ്രാന്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടാറുണ്ട് - 'തട്ടിൻപുറത്തെ ഭ്രാന്തി' എന്ന ഗ്രന്ഥത്തിൽ ഇത്തരം അടങ്ങാത്ത പെൺകലിയുടെ പ്രത്യക്ഷീകരണങ്ങളെ പ്പറ്റി പഠിച്ച സൂസൻ ഗുബാറും സാന്ദ്രാ ഗിൽബർട്ടും നിരീക്ഷിയ്ക്കുന്നു.[14]

മാതൃകാ (പുരുഷാധിപത്യ) കുടുംബത്തിൽ നിന്ന് സമ്പൂർണ്ണമായി തകർന്നു നശിച്ച കുടുംബത്തിലേക്കുള്ള മാറ്റമാണ് ഇവിടെ കാണാൻ സാധിച്ചത്. അതിന് കാരണം ഉപഭോഗാസക്തി, മാധ്യമാധിനിവേശം, ആൺകോയ്മ തുടങ്ങിയവ അപായകരമായി

---

[14] Sandra Gilbert and Susan Gubar, *Mad Women in the Attic* (Yale University Press, New Haven, 1979).

കൂടിക്കലരുന്ന സമൂഹത്തിന്റെ പ്രവൃത്തികളാണ്.

## 5.2 മാതൃത്വം സൈബർകഥകളിൽ

കാലാനുക്രമമായി നോക്കുമ്പോൾ 1992-ൽ എഴുതപ്പെട്ട 'കൊക്കരണി'യും 2009-10-കളിൽ എഴുതപ്പെട്ട 'ഇതാ ഇവിടെ ഒരു ടെക്കി', 'ചരക്ക്', 'വാതപ്പരു', 'രൂപങ്ങൾ' എന്നിവയുമാണ് രണ്ടു ദശകങ്ങളിലായി നീണ്ടുകിടക്കുന്ന പഠനവിഷയമായ ഈ കഥാലോകത്തിന്റെ അതിർത്തിക്കല്ലുകൾ. അതുകൊണ്ടുതന്നെ ഇവയിലൂടെ മാതൃസങ്കല്പം എങ്ങനെ അനുക്രമമായി മാറുന്നു എന്ന പരിശോധന കാലഘട്ടത്തിന്റെ രേഖയും കൂടിയാവുന്നു.

കൊക്കരണിയിലെ അമ്മ (ശാന്തമ്മ - ശാന്തയായ അമ്മ) വാത്സല്യനിധിയും കാല്പനികമനസ്സുള്ളവളും കുട്ടിയ്ക്കായി അത്യധികം ആഗ്രഹിക്കുന്നവളുമാണ്. അനപത്യതാദുഃഖമാണ് അവരുടെ ഏകദുഃഖം. സമൂഹത്തിലെ യാഥാസ്ഥിതിക മാതൃസങ്കല്പത്തോട് ഒത്തുപോകുന്നു ഇവർ. 'കാശ്മീരി അംബ്രി'യിലെ ശ്രീദേവിയമ്മയും, അടയാളവാക്യങ്ങളിലെ ദാക്ഷായണിയമ്മയുമൊക്കെ മാതൃകാഅമ്മമാർ തന്നെ. അഥവാ പുരുഷാധിപത്യവ്യവസ്ഥ നിർമ്മിച്ച മാതൃസങ്കല്പത്തിന്റെ വാർപ്പുമാതൃക (Stereotype)കളാണ് ഇവർ. കർത്തൃത്വമില്ലാത്തവർ. പ്രതിഷേധമോ, കലാപമോ ഉയർത്താത്തവർ. രൂപങ്ങളിലെ അമ്മയിലേയ്ക്ക് വരുമ്പോൾ അവർക്ക് പേരില്ല, താരതമ്യേന ചെറുപ്പക്കാരിയാണ്. (മേല്പറഞ്ഞ അമ്മമാരെല്ലാം പേരിൽത്തന്നെ അമ്മയാണ്). വാത്സല്യനിധികളായ മേല്പറഞ്ഞ അമ്മപ്പേരുള്ള അമ്മമാരിൽ നിന്ന് 23 വയസ്സുകാരിയായ

പേരില്ലാത്ത അമ്മയിലെത്തുമ്പോൾ വന്ന പരിണാമം നോക്കുക: 4 മാസം ഗർഭിണിയായിരുന്നപ്പോൾ ആഫ്രിക്കൻ കാടിന്റെ ചിത്രമെടുത്ത് സ്വന്തം ഗർഭസ്ഥശിശുവിനെ അടിച്ചുകൊന്നു. ബ്യൂട്ടിലാബിൽപ്പോയി മുഖം മാറ്റി, സ്വഭാവും മാറ്റി. ഭർത്താവിനെ കൊന്ന് ചോരകുടിച്ച് പൊട്ടിയിലടച്ചു.

എങ്ങനെയാണ് വാത്സല്യനിധികളിൽ നിന്ന് ശിശുഘാതകികളിലേക്കുള്ള ഈ മാറ്റം സംഭവിച്ചത്? യശോദ എങ്ങനെയാണ് പൂതനയായി മാറിയത്?

മാധ്യമാധിനിവിഷ്ട-അതിസാങ്കേതികാധിപത്യകാലം മനുഷ്യരെയെല്ലാം കമ്പോളത്തിലെ ചരക്കുകളാക്കി പരിവർത്തിപ്പിച്ചു. സ്വയം ചരക്കുവല്ക്കരിച്ച മനുഷ്യൻ ബന്ധങ്ങളെയും സ്വയവും ലൈംഗികതയും എല്ലാം വിറ്റുകാശാക്കുന്നതിൽ തെറ്റുകാണാത്തവരായി. നാടിനെയും നാട്ടാരെയും ഭാര്യയെയും കുടുംബത്തെയും തന്നെത്തന്നെയും ചരക്കാക്കി വില്പന നടത്താനുള്ള വേദികളായി സൈബറിടവും സൈബർമാധ്യമങ്ങളും ഉപയോഗിച്ചതിന്റെ ദുരന്തപ്രകമ്പനങ്ങളാണ് വാത്സല്യനിധികളെ ശിശു-ഭർത്തൃ-ആത്മഘാതകികളാക്കി മാറ്റിത്തീർത്തത്.

## 5.3 സംഘർഷത്തിന്റെ സ്ത്രൈണഭൂമിക

പഠനവിധേയമായ കഥകളിലെ എല്ലാ സ്ത്രീകഥാപാത്രങ്ങളും ഒന്നല്ലെങ്കിൽ മറ്റൊരുതരത്തിൽ സംഘർഷം അനുഭവിയ്ക്കുന്നവരാണ്. കൊക്കരണിയിലെ ശാന്തമ്മയ്ക്ക് ആദ്യം കുട്ടികളില്ലാത്ത ദുഃഖമാണുണ്ടായിരുന്നത്. അത് പരിഹരിക്കാനായി ഭർത്താവിന്റെ സുഹൃത്തിനെ ഭർത്താവ് ശാന്തമ്മയുടെ കിടക്കയിലേക്ക് പറഞ്ഞയച്ചു. അയാളെ മാന്തിപ്പറിച്ച്

ഓടിച്ചുവിട്ടെങ്കിലും ശാന്തമ്മയുടെ മനസ്സിനെപ്പറ്റി കഥാകൃത്ത് മിണ്ടുന്നില്ല. പിന്നെ യന്ത്ര ശിശുവിനെ വാങ്ങിയപ്പോൾ അവരുടെ പ്രതീക്ഷകളും യന്ത്രശിശുവിന്റെ യാഥാർത്ഥ്യവും തമ്മിലുള്ള വൈരുദ്ധ്യം ശാന്തമ്മയുടെ ജീവിതത്തെ അശാന്തമാക്കി. പിന്നീട് കുടുംബം (ശാന്തമ്മയും ഇമ്മാനുവേലും) യന്ത്ര-മനുഷ്യ സഹവാസത്തിന്റെ അർത്ഥശൂന്യതയും പൊള്ളത്തരവും തിരിച്ചറിഞ്ഞ് മനുഷ്യരിലേക്കും സ്നേഹങ്ങളിലേയ്ക്കുമായി യാത്ര തിരിയ്ക്കുന്നു.

'തിങ്കളാഴ്ചകളിലെ ആകാശത്തി'ലെ ഊർമ്മിളയും സൈബർ ജീവിതത്തിലെ വ്രതനിഷ്ഠക്കുറവിനാൽ സൈബറിടത്തിൽ അപ്രത്യക്ഷമാവുന്നു. സൈബറിടത്തെ ക്കുറിച്ചുള്ള അജയന്റെ ഭീതിജനകമായ വർണ്ണനകൾ കേട്ട് മാനസിക സംഘർഷത്തിലായി, അതിന്റെ പാരമ്യത്തിലാണ് ആ (സൈബർ) തട്ടിക്കൊണ്ടുപോകൽ.

'കാശ്മീരി അംബ്രി'യിലെ ശ്രീദേവിയമ്മ, ഭർത്താവിന്റെ ആപ്പിൾക്കച്ചവടവുമായി ബന്ധപ്പെട്ടുണ്ടാകുന്ന മനഃസംഘർഷങ്ങളിൽ പങ്കാളിയാകുന്നുണ്ട്.

'വാർത്താളി'യിൽ സ്ത്രീകളുടെ വലിയൊരു നിരതന്നെയുണ്ട് - അതിയായി കാമിക്കപ്പെടുന്ന ചിന്താമണി എന്ന വേശ്യ, ഭർത്താവിനെ കൊല്ലുന്നതു കണ്ട കുഞ്ഞൂട്ടൻ നായരുടെ അമ്മായി, ജന്മങ്ങളിലൂടെ പിന്തുടരുന്ന വാർത്താളി എന്ന ദുർദ്ദേവത, കുഞ്ഞൂട്ടൻ നായരുടെ ലൈംഗികാതിക്രമങ്ങൾക്ക് ഇരയായ എട്ടുവയസ്സുകാരിമുതലുള്ള ഒരു കൂട്ടം സ്ത്രീകൾ, ഒടുവിൽ 'സൈബർ സ്ത്രീ'യായി വന്ന് നപുംസകമാണെന്നു വെളിപ്പെടുത്തിയ രമണി.

ഇവരെല്ലാം പല തരത്തിലുള്ള സംഘർഷങ്ങൾക്കിടയിലൂടെ ജീവിച്ചവരാണ്. രമണിയുടെ മുതുകിൽ നിറയെ അടിയേറ്റപാടുകളാണ്. അത് മനഃസംഘർഷത്തിനപ്പുറം ശാരീരികമായ തലത്തിലേയ്ക്ക് സംഘർഷം വ്യാപിച്ചതിന്റെ സൂചനയാണ്. ആശുപത്രിക്കു സമാനമായ അന്തരീക്ഷത്തിൽ വീൽചെയറിലിരിക്കാൻ കാരണം അവർ ശാരീരികമായി വല്ലാതെ ആക്രമിക്കപ്പെട്ടതാവാം. നപുംസകമായിപ്പോയി എന്നത് അവർക്കൊരു സ്വഭാവികമായ ജീവിതം നിഷേധിക്കുന്നതിന് ന്യായീകരണമില്ല. വേശ്യയിൽ നിന്ന് ബന്ധുക്കളും കുഞ്ഞുങ്ങളും അടങ്ങുന്ന സ്ത്രീപരമ്പരയിലേയ്ക്കും പിന്നെ നപുംസകത്തിലേക്കും നീളുന്ന രതിയുടെ വലിയൊരു തുടർച്ചാലോകം ആണിന് ആനന്ദമാണെങ്കിൽ സ്ത്രീകൾക്ക് ദുരിതമാണെന്ന് കഥയിൽ സൂചനയുണ്ട്.

സ്വാതന്ത്ര്യകാംക്ഷികളാണ് ചന്ദ്രമതിയുടെ നായികമാർ. ആ സ്വാതന്ത്ര്യബോധവും തന്റേടവും ആത്മാഭിമാനവും കർത്തൃത്വബോധവുമൊക്കെ അവരെ സംഘർഷത്തിലാഴ്ത്തുന്നു. ('ടെക്കി'യിലെ തേജസ്വിനിയ്ക്ക് പറയത്തക്ക സംഘർഷങ്ങൾ കഥയിൽ കാണുന്നില്ല എന്നതൊഴിച്ചാൽ. എന്നാലും ടെക്കികളുടെ പൊതുപ്രശ്നങ്ങൾ അവർക്കുണ്ടാകുമല്ലൊ).

പേയിംഗ് ഗസ്റ്റായി താമസിയ്ക്കുന്ന സ്മിതയും (വെബ്സൈറ്റ്) വിവാഹത്തിനുമുമ്പ് വീട്ടുകാരിൽനിന്നും വിട്ടുമാറി ഒരു അപ്പാർട്ട്മെന്റിൽ ഒറ്റയ്ക്കു താമസിച്ച മുരളികയും (ഒരു പലകമനുഷ്യന്റെ സങ്കടങ്ങൾ) സ്വാതന്ത്ര്യം നിലനിർത്താൻ പാടുപെടുന്നവരാണ്. തേജസ്വിനി (ഇതാ ഇവിടെ ഒരു ടെക്കി) ഒരു നിർഭയ വ്യക്തിത്വമാണെന്നതിലപ്പുറം ഒന്നും പറയുന്നില്ല. ഇവരാരും അമ്മമാരല്ല. രണ്ടു പേർ അവിവാഹിതരാണ്. മുരളികയാണെങ്കിൽ വിവാഹത്തിനകത്ത് സ്വാതന്ത്ര്യം

നിലനിർത്തുന്നവളും.

തേജസ്വിനിയെപ്പറ്റി, വിജയൻ പാതി കളിയായും പാതി കാര്യമായും പറയുന്നതു കേൾക്കുക:

> സ്ത്രീ അബലയല്ലെന്ന് വിശ്വസിക്കുന്നവളാണ് തേജു. പക്ഷേ സമത്വത്തിനുവേണ്ടി ഒരിക്കലും 'കോൾ' അടിക്കില്ല. മിസ്ഡ് കോളടിച്ച് ഒരുപടി താഴെ വിനയപൂർവ്വം നിൽക്കുകയേയുള്ളൂ[15]

ഇത് ചന്ദ്രമതിയുടെ മൂന്ന് നായികമാരെപ്പറ്റിയും പറയാം - സ്വതന്ത്രകൾ, ബലവതികൾ, പ്രായോഗികബുദ്ധിയുള്ളവർ. വിജയന് എസ്സെമെസ്സ് അയച്ച് സംഘർഷത്തിന് അയവുവരുത്തുന്ന അനിയത്തിയും പ്രൊഫസറുമായ വിനീതപോലും ശക്തയായ സ്ത്രീയാണ്.

"നല്ല ഈഗോയുള്ള പെണ്ണാണ് സ്മിത, അല്ലേ? കത്തിൽ മുഴുവൻ ആ അഹങ്കാരം നിറഞ്ഞുനില്ക്കുന്നു" ആദ്യകത്തിനു മറുപടിയായി വിനോദ് കൃഷ്ണ സ്മിതക്കയച്ചതാണിത്. അതു വായിച്ച സ്മിതയ്ക്ക് ദേഷ്യം കൂടാൻ കാരണം ആ പ്രയോഗമാണ് കുടുംബത്തിൽ അവൾക്കെതിരെ ഏറ്റവുമധികം ഉപയോഗിക്കപ്പെട്ടിട്ടുള്ള പദമായിരുന്ന 'അഹങ്കാരി'.

> ക്ലർക്കിന്റെ പണിയും വീടുവിട്ടകന്ന് പേയിംഗ് ഗസ്റ്റായിട്ടുള്ള താമസവുമൊക്കെ എന്റെ സ്വത്വത്തിന്റെ പ്രഖ്യാപനങ്ങളാണ്. സ്ത്രീധനത്തിന്റെ പിന്നാലെയൊഴുകി ഏതെങ്കിലുമൊരുത്തന്റെ കിടപ്പറയിൽ കയറി അവന് കുട്ടികളെ പ്രസവിച്ചു കൊടുക്കുന്നതല്ല സ്ത്രീത്വം എന്ന ധാരണകൊണ്ടാണ്.

---

15 ചന്ദ്രമതി, *ഇതാ ഇവിടെ ഒരു ടെക്കി* (ഡി.സി.ബുക്സ്, കോട്ടയം, 2010).

സ്മിത തന്റെ നിലപാടു വ്യക്തമാക്കുന്നു. മറ്റൊരു കത്തിൽ അവൾ പറയുന്നതു നോക്കുക:

> ഒരു പാട് അസ്വസ്ഥതകളും വിഹ്വലതകളും പേറുന്ന ഒരു മനസ്സിന്റെ ഉടമയാണു ഞാൻ. ഏകാകിയെന്നത് എനിയ്ക്കൊരു കാല്പനികപദമല്ല ..... ജീവിതം എന്നോട് എപ്പോഴും അങ്ങനെയാണ്. ആനുകൂല്യം പോയിട്ട് അനുകമ്പപോലും തരില്ല.[16]

ഈ സ്ത്രീകളുടെ ജീവിതം ഇരകളുടേതല്ല. സ്വന്തം വ്യക്തിത്വം കാത്തുസൂക്ഷിയ്ക്കുന്ന, സ്വാതന്ത്ര്യം പരമപ്രധാനമായി കരുതുന്ന ഇവർക്ക് സംഘർഷമുണ്ടാവുന്നത് അതുകൊണ്ടുതന്നെയാണ്. സ്ത്രീയെ സ്വാതന്ത്ര്യത്തോടെ ജീവിക്കാനനുവദിയ്ക്കാത്ത പുരുഷാധിപത്യസമൂഹത്തിന്റെ മൂല്യവ്യവസ്ഥയാണ് ഈ സ്ത്രീകളെ കലാപകാരികളാക്കുന്നത്, അഹങ്കാരികളാക്കുന്നത്. സ്ത്രീകൾക്ക് സ്വാതന്ത്ര്യം വലിയ വിലകൊടുത്ത് നേടിയെടുക്കേണ്ടതും നിലനിർത്തേണ്ടതുമാണ്. അത് നിരന്തര കലാപത്തിന്റെ കനൽവഴിയാണ്. ആ വഴി സ്വേച്ഛപ്രകാരം തിരഞ്ഞെടുത്തവരാണ് ചന്ദ്രമതിയുടെ കഥകളിലെ സ്ത്രീകൾ.

'ക്രിസ്റ്റീന റൊസേറ്റി ഇന്റർനെറ്റിൽ' എന്ന കഥയിലെ റോസി കുര്യാക്കോസ് വ്യക്തിത്വനിഷേധവും പ്രണയനിരാസവും കൊണ്ട് വൃദ്ധയും മരണാഭിമുഖയും ആയിത്തീർന്നു. 'അടയാള വാക്യങ്ങളി'ലെ ദാക്ഷായണിയമ്മയെ മകന്റെ പരിഗണനയില്ലാത്ത പെരുമാറ്റവും ശാഠ്യങ്ങളും ഒപ്പം കമ്പ്യൂട്ടർ സാങ്കേതികതയുമായുള്ള അപരിചിതത്വവും വിഷമത്തിലാക്കുന്നു. 'മറ്റൊരു ഡോട്ട് കോം സന്ധ്യയി'ലെ മേലേപ്പാടത്തെ ചന്ദ്രിക ഒരു പുരുഷാധിപത്യ - യാഥാസ്ഥിതിക കുടുംബത്തിനകത്ത് വീർപ്പുമുട്ടിക്കഴിയുന്നവളാണ്. 'രമണൻ' പഴയ രമണനല്ല, പുതുകാലത്തെ 'സൈബർ രമണനാ'ണെന്ന് അവൾ

---

[16] ചന്ദ്രമതി, 'വെബ്സൈറ്റ്' , *ഭാവനാതീതം, മലയാളത്തിലെ സൈബർകഥകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005),പു.66—73.

തിരിച്ചറിയുന്നില്ല. മാത്രവുമല്ല 'സൈബർ കുലചട്ടങ്ങൾ', 'ചാറ്റിംഗിലൂടെ വിതരണം ചെയ്യപ്പെടുന്ന ബീജങ്ങളിൽ നിന്ന് സുരക്ഷനേടാനുള്ള വിദ്യ' ഇവയൊന്നുമില്ലാത്ത ചന്ദ്രിക സൈബർഗർഭം ധരിയ്ക്കുന്നു. ചന്ദ്രിക പഴയകാല പ്രണയകവിതകളിലെ കാതരയായ അതേ നാട്ടുചന്ദ്രിക. പുതുകാലത്തിന്റെ ചാതുര്യങ്ങൾക്ക് ഇരയായപ്പോൾ അവൾ തൂങ്ങാനൊരുങ്ങുന്നു. കുടുംബത്തിലെ കർശനനിയമങ്ങളും കാമുകന്റെ വഞ്ചനയും എല്ലാം (ഫലിതമയമാണെങ്കിലും) സംഘർഷഹേതുവാണ്.

'ചരക്കി'ലെ ചാരുലത 'കൂട്ടുകാരി' എന്ന ഫെമിനിസ്റ്റ് സംഘടനയുടെ സജീവപ്രവർത്തകയാണ്. അവൾ വിദൂരപഠനത്തിലൂടെ വിമൻസ് സ്റ്റഡീസ് പഠിക്കാൻ തപ്പുന്നതിനിടെയാണ് ആണിനെ വാടകയ്ക്കുന്ന നൽകുന്ന വെബ്സൈറ്റിൽ എത്തിപ്പെട്ടത്. അങ്ങനെ വാടകയ്ക്കെടുത്ത ആണ് (വിനീതവിധേയൻ) പ്രകടമാക്കിയ പ്രൊഫഷണൽ നിസ്സംഗത അവളെ കോപാകുലയാക്കി. സ്ത്രൈണലൈംഗികത ശരീരമാത്രനിഷ്ഠമല്ലെന്നും ഈ ബന്ധത്തിൽ വൈകാരികതയുടെ അംശമില്ലെന്നുമുള്ളതാണ് അവളെ ഏകാകിനിയും കോപാകുലയും ഒട്ടൊക്കെ അപമാനിതയുമാക്കിയത് (കഥയിലെ ഫെമിനിസ്റ്റുകളോടുള്ള പരിഹാസത്തിനപ്പുറം). അത് അവളെ കൂടുതൽ സംഘർഷത്തിലാക്കിയെന്നതാണ് യാഥാർത്ഥ്യം.

'വാതപ്പരു'വിലെ അമ്മയും ഷെറിയും രണ്ടു തരത്തിൽ മാനസികസംഘർഷം അനുഭവിക്കുന്നവരാണ്. അമ്മയ്ക്ക് ഒരു യഥാസ്ഥിതികകുടുംബം നല്കുന്ന വിവിധങ്ങളായ സങ്കടങ്ങളും മടുപ്പിയ്ക്കുന്ന അധ്വാനഭാരവുമുണ്ട്. അതിനപ്പുറത്ത് മകൾ അമ്മയെ ഒട്ടും മനസ്സിലാക്കാതെ കുറ്റപ്പെടുത്തുമ്പോൾ അനുഭവിയ്ക്കുന്ന സംഘർഷവുമുണ്ട്. ഷെറിയുടെയും ഭർത്താവിന്റെയും മാധ്യമാധിനിവിഷ്ടജീവിതത്തിന്റെ കാലുഷ്യങ്ങൾ

അവരുടെ സങ്കല്പത്തിനും അപ്പുറത്തായിരുന്നു. ആ ആഘാതത്തിൽ ബോധം കെട്ടുവീണ അവർക്ക് മണിക്കൂറുകൾക്കുശേഷമാണ് ബോധം വന്നത്. ഷെറിയോ? ലോകേഷിന്റെ ശരീരപ്രദർശനക്ലിപ്പുകളും ഒളിക്യാമറാദൃശ്യങ്ങളും ഒക്കെ എവിടെയോ അവളെ അസ്വസ്ഥയാക്കിയിരുന്നു. അമ്മയുടെ കിടപ്പറദൃശ്യങ്ങൾ പകർത്താനുള്ള ലോകേഷിന്റെ തമാശമട്ടിലുള്ള നിർദ്ദേശം കേട്ടപ്പോൾ 'കൊടിയ കൊക്കയെപ്പോലെ ആഴമേറിയ ഏതോ തിന്മയുടെ വിളുമ്പിലൂടെ ബാലൻസ് ചെയ്തു നടക്കുന്നതുപോലെ ഒരു തോന്നലാണ്' അവൾക്കുണ്ടായത്. ആ മൂല്യബോധം (കഥയിൽ അത് വാതപ്പരുവാണ്) ഉള്ളതുകൊണ്ടാണ് അച്ഛനമ്മമാരുടെ കിടപ്പറയിൽ ക്യാമറ വെച്ചപ്പോൾ അവൾക്ക് പനിപോലെ ചുട്ടുപൊള്ളിയത്.

ലോകേഷിന്റെ ഒളിക്യാമറാസംരംഭങ്ങൾ കണ്ടുകണ്ട് ശീലിച്ചതുകൊണ്ടാവാം വിവാഹശേഷം മറ്റൊരു വീട്ടിലും താമസിയ്ക്കാൻ അവൾ അനുവദിയ്ക്കാതിരുന്നത്. പക്ഷേ ഭർത്താവുതന്നെ സ്വന്തം കിടപ്പറദൃശ്യങ്ങൾ പകർത്തി അതു നെറ്റിൽ പോസ്റ്റുചെയ്യുമെന്ന് അവൾ തീരെ പ്രതീക്ഷിച്ചില്ല. അതു കണ്ടപ്പോൾ 'അവളുടെ വയറ്റിനകത്ത് ഗ്രനേഡ് പൊട്ടിച്ചിതറി'.

വീട്ടിലെത്തിയ ഷെറിയുടെ അമ്മ അവളുടെ സങ്കടമെന്താണെന്ന് അന്വേഷിച്ചു. അമ്മയുടെ സെന്റിമെന്റ്സിന്റെ അസുഖം ഷെറിയ്ക്കും പിടപെട്ടുതുടങ്ങി. അന്നു രാത്രി ഷെറി ബെഡ്റൂമിൽ ഒളിച്ചു വെച്ചു പകർത്തിയ ക്യാമറ വിവേക് എറിഞ്ഞുടച്ചു. അവളെ അടിയ്ക്കുകയും ചെയ്തു. കരച്ചിലും ബഹളവും മർദ്ദനവുമായി ആ ഹ്രസ്വദാമ്പത്യം അവിടെ അവസാനിച്ചു.

സംഘർഷത്തിന്റെ ഉച്ചതയ്ക്കുശേഷം ഷെറിയ്ക്ക് സമാധാനം ലഭിച്ചു. മൂളിപ്പാട്ടും ഫോട്ടോബ്ലോഗും ക്യാമറയുമായി ജീവിതം മുന്നോട്ടുപോവുന്നു.

'രൂപങ്ങളിലെ' പേരില്ലാനായികയ്ക്ക് സംഘർഷമുണ്ടാക്കിയത് ഭർത്താവിന്റെ പ്രവൃത്തിയാണ് - ലൈംഗികത പകർത്തി മുതലാളിയ്ക്ക് നൽകി ഉദ്യോഗക്കയറ്റം നേടിയത്. അതോടെ അവൾ സർവ്വനാശം വിതയ്ക്കാൻ തുടങ്ങി. ഗർഭസ്ഥശിശുവിനെയും ഭർത്താവിനെയും പ്രതീകാത്മകമായി നാലു വിടന്മാരെയും അവളെത്തന്നെയും അവൾ കൊന്നു. സംഘർഷത്തിന്റെ ഉച്ചസ്ഥായിയിൽ മുറുക്കി നിർത്തിയ തന്ത്രിപോലെ ഒരു ജീവിതം അവസാനിച്ചു.

മേല്പറഞ്ഞ കഥകളെല്ലാം പരിശോധിക്കുമ്പോൾ ഇവയെല്ലാം വിവിധ തലങ്ങളിലുള്ള സ്ത്രൈണസംഘർഷങ്ങളുടെ തുരുത്തുകൾ ആണെന്നുകാണാം. സംഘർഷഹേതുക്കൾ പുരുഷാധിപത്യവ്യവസ്ഥയും സാങ്കേതിക-മാധ്യമാധി നിവേശങ്ങളും ഉപഭോഗതൃഷ്ണയും ഒക്കെയാണ്. അതിനുമപ്പുറം ഭൂരിഭാഗം കഥകളിലെയും പുരുഷന്മാരുടെ ന്യൂനതകൾ പരിഹരിക്കാൻ യന്ത്രസഹായം തേടുന്നതാണ് സ്ത്രീകളുടെ ജീവിതം ഇത്രമേൽ സംഘർഷാത്മകമാക്കുന്നത് എന്നു കാണാം. 90-കളിലെ കഥയിലെ അധികാരികളായ പുരുഷന്മാരിൽ നിന്ന് 2009-10-കളിലെത്തുമ്പോൾ ദുർബലരായ പുരുഷന്മാരിലെത്തുന്നു, ചിലപ്പോൾ പുരുഷന്റെ അസാന്നിധ്യമോ, കൊലപാതകമോ ദൃശ്യമാവുന്നു. സ്ത്രീകളാണെങ്കിൽ സമ്പൂർണവിധേയകളിൽ നിന്ന് കൂടുതൽ തന്റേടികളും ശക്തകളുമായി മാറുന്നു. എന്നാൽ നന്മ, ധാർമ്മികമൂല്യങ്ങൾ എന്നിവ ഇരുകൂട്ടർക്കും സാമാന്യമായി കുറഞ്ഞുവരികയോ നഷ്ടമാവുകയോ ചെയ്യുന്നു.

കേരളീയജീവിതത്തിൽ വിപണിയും സൈബർമാധ്യമങ്ങളും സൃഷ്ടിയ്ക്കുന്ന പുതിയ സാംസ്കാരികസ്ഥലത്തുനിന്നാണ് ഈ കഥകൾ രൂപപ്പെടുന്നത്. ഈ സ്ഥലത്തുനിന്ന് ഉരുവം കൊള്ളുന്ന പുതിയ കർത്തൃത്വനിർമ്മിതി സ്വത്വങ്ങളെ നിരന്തരമായി

പരിവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നു. എങ്ങനെയും മാറാവുന്ന സ്വത്വത്തിന്റെ വൈവിധ്യങ്ങൾ ഇവിടെ ദൃശ്യമാവുന്നു. നിരന്തരപരിണാമിയായ സ്വത്വനിർമ്മിതിയുടെയും ബന്ധങ്ങളുടെയും ഇടനിലയായി സൈബർമാധ്യമങ്ങൾ പ്രവർത്തിയ്ക്കുന്നു.

> പൊതുവെ ഉത്പാദനത്തിലൂന്നിയ ആധുനികതയിൽ നിന്നു ഭിന്നമായി ആധുനികാനന്തരതയുടെ ഏറ്റവും മൂർത്തമായ സാമൂഹികയാഥാർത്ഥ്യമായി ഉപഭോഗസംസ്കാരത്തെ അവതരിപ്പിയ്ക്കുന്നുണ്ട്, നിരവധി മാധ്യമ, സംസ്കാരചിന്തകർ. വിപണിയെ പരമമായ ലോകവും പരസ്യത്തെ പരമമായ കലയും ഉപഭോഗത്തെ പരമമായ ജീവിതക്രമവുമാക്കി മാറ്റുന്ന പ്രത്യശാസ്ത്രമെന്ന നിലയിലാണ്, ആധുനികാനന്തരതയുടെ സാംസ്കാരികസൂചകമായി മാധ്യമങ്ങൾ പ്രവർത്തിയ്ക്കുന്നത്.[17]

ഫ്രെഡറിക് ജയിംസൺ, മൈക്ക് ഫെതർസ്റ്റോൺ, ജീൻ ബോദിലാദ് തുടങ്ങിയ സൈദ്ധാന്തികർ, സംസ്കാരത്തിന്റെ ശിഥിലീകരണവും അമിതോല്പാദനവും എന്ന സങ്കല്പനം മുന്നോട്ടുവയ്ക്കുന്നുണ്ട്. മുമ്പൊക്കെ മറ്റു മനുഷ്യരാൽ ചുറ്റപ്പെട്ടിരുന്ന മനുഷ്യർ ഇന്ന് യന്ത്രങ്ങളാൽ ചുറ്റപ്പെട്ടിരിയ്ക്കുന്ന അവസ്ഥയാണിത്. മാധ്യമങ്ങൾ നിർവ്വഹിയ്ക്കുന്ന ധർമ്മം ഇങ്ങനെ യന്ത്രങ്ങൾക്കും, ഉപഭോഗവസ്തുക്കൾക്കും മറ്റു ഉപഭോഗ സാധ്യതകൾക്കും വേണ്ടി ജനങ്ങളെ തയ്യാറാക്കുകയാണ്.

ആധുനികാനന്തരതയെ മാധ്യമകേന്ദ്രിതമായ സാങ്കേതികതകളുടെയും സംസ്കാരാനുഭവങ്ങളുടെയും അതിയാഥാർത്ഥ്യമായി (Hyper reality) ജീൻബോദിലാദ് അവതരിപ്പിയ്ക്കുന്നു. ഇക്കാലത്ത് ആധുനികതയുടെ മുഴുവൻ മൂല്യവ്യവസ്ഥകളും മാറിമറിഞ്ഞു. ഇവിടെ സാങ്കേതികവിദ്യയും സംസ്കാരവും ഒന്നുതന്നെയാവുമ്പോൾ മനുഷ്യയുക്തിയുടെയും മാനുഷികമൂല്യങ്ങളുടെയും സ്ഥാനത്ത് യന്ത്രയുക്തിയും യാന്ത്രിക മൂല്യങ്ങളും പ്രതിഷ്ഠിതമാവുന്നു. അങ്ങനെ സൈബർ മാധ്യമങ്ങളുടെ കാർമ്മികത്വത്തിൽ

---

[17] ഷാജിജേക്കബ്, 'മാധ്യമങ്ങളുടെ സാംസ്കാരികരാഷ്ട്രീയം', *സംസ്കാരപഠനം: ചരിത്രം, സിദ്ധാന്തം, പ്രയോഗം* (മലയാളപഠനസംഘം, കാലടി, 2007),പു. 374.

മനുഷ്യത്വം ചോർത്തപ്പെട്ട ഒരു മാധ്യമീകൃത - യന്ത്രകാലത്തിലെ ന്യൂനമാനവരാണ് ഉത്തരാധുനികമനുഷ്യർ. ആ ന്യൂനതയെന്നത് മനുഷ്യത്വത്തിന്റെ / മാനുഷികമൂല്യങ്ങളുടെ കുറവോ അഭാവമോ ആണ്. സാങ്കേതികസംസ്കൃതിയെ മാനവീകരിയ്ക്കാനുള്ള സംഘടിതവും കണിശവുമായ പരിശ്രമങ്ങളാണ് കാലഘട്ടം ഇന്നാവശ്യപ്പെടുന്നത്.

അധ്യായം 6

# ഉപസംഹാരം

അധിനിവേശാനന്തര - കീഴാള പഠനങ്ങളുടെ സ്വാധീനഫലമായി ആൺകോയ്മ ഒരു അധിനിവേശവ്യവഹാരമായി വീക്ഷിയ്ക്കപ്പെടാൻ തുടങ്ങി. ഒരു അധിനിവേശവ്യവഹാരം, അതിനു വിധേയരാവുന്നതുവരെപ്പറ്റി സവിശേഷമായ അറിവ് ഉത്പാദിപ്പിയ്ക്കുന്നു.

> അധിനിവേശസ്വത്വത്തിന് കർത്തൃസ്ഥാനവും വിധേയർക്ക് അന്യത്വവും നല്കിക്കൊണ്ട് നിർമ്മിച്ചെടുക്കുന്ന അധിനിവേശവ്യവഹാരത്തിന്റെ തന്ത്രപരമായ പ്രധാനധർമ്മം അധിനിവേശവിധേയരെ നിരീക്ഷണവിധേയമാക്കത്തക്ക വിധത്തിലുള്ള അറിവ് ഉല്പാദിപ്പിക്കലാണെന്ന് ഹോമിഭാഭാ അഭിപ്രായപ്പെടുന്നു.[1]

ആൺകോയ്മ, മാധ്യമകേന്ദ്രിതമായ സാങ്കേതികത, ഉപഭോഗസംസ്കൃതി എന്നിവയുടെ സങ്കീർണ്ണമായ അധിനിവേശത്തിന് വിധേയരാകുന്ന സ്ത്രീ ജീവിതങ്ങളെക്കുറിച്ച് ഉത്തരാധുനികസാഹിത്യം എന്ത് അറിവാണ് ഉത്പാദിപ്പിയ്ക്കുന്നത് എന്ന അന്വേഷണമാണിവിടെ നടത്തിയത്. അത് സൈബർമാധ്യമകേന്ദ്രിതമായ സാങ്കേതികസംസ്കൃതിയെ പ്രമേയമാക്കുന്ന കഥകളെ അടിസ്ഥാനമാക്കിക്കൊണ്ടാണ് നിർവ്വഹിച്ചത്.

പ്രാഥമികമായും സാങ്കേതികവിദ്യ ഒരു ആൺകോയ്മാവ്യവസ്ഥയാണെന്ന ബോധം 80-കളിലെ സൈബർസാങ്കേതികവിദ്യയുടെ ആഗോളവ്യാപനകാലത്ത് പ്രബലമായി. ഇതിനോടുള്ള പ്രതികരണം എന്ന നിലയിലാണ് തൊണ്ണൂറുകളിൽ 'സൈബർഫെമിനിസം' എന്നൊരു സ്ത്രീവാദധാര ആവിർഭവിച്ചത്. സൈബറിടത്തിൽ

[1] ഏ.കെ.രാമകൃഷ്ണൻ, *സംസ്കാരപഠനം: ചരിത്രം, സിദ്ധാന്തം, പ്രയോഗം* (മലയാളപഠനസംഘം, കാലടി, 2007),പു. 374.

പ്രയോഗിക്കുന്നതോ അവതരിപ്പിക്കപ്പെടുന്നതോ ആയ ഫെമിനിസം (ഫെമിനിസങ്ങൾ) എന്ന് സൈബർഫെമിനിസത്തെ സാമാന്യമായി നിർവ്വചിയ്ക്കാം. സൈബറിടത്തിൽ സാർത്ഥകമായ സ്ത്രീസാന്നിധ്യം ഉറപ്പുവരുത്തുക, സൈബർ വ്യവഹാരങ്ങളിലെ സ്ത്രീ വിരുദ്ധതയെ അപനിർമ്മിയ്ക്കുക, ഈ മേഖലയിലെ വിവിധതലങ്ങളിലുള്ള (ലഭ്യത, നിർമ്മിതി, രൂപകല്പന, സാക്ഷരത ...) ലിംഗവിവേചനം ഇല്ലാതാക്കുക തുടങ്ങി നിരവധി ലക്ഷ്യങ്ങൾ ഇതിലുൾപ്പെടുന്നു. സൈബർവിഷയകമായ സാഹിത്യത്തെയും/ ചലച്ചിത്രത്തെയുമൊക്കെ സ്ത്രീപക്ഷത്തുനിന്ന് പാരായണം ചെയ്യുകയും അതിലെ പുരുഷാധിപത്യബോധത്തെ തുറന്നുകാട്ടുകയും ചെയ്യുന്നവരും ഇക്കൂട്ടത്തിലുണ്ട്.

സാങ്കേതികാധിനിവേശത്തിന്റെ കാലത്ത് മനുഷ്യനും യന്ത്രവും ഇടകലർന്ന് സൈബോർഗുകളുണ്ടാവുന്നു.

> സൈബർ സംസ്കാരത്തിന്റെ ദുരന്തമാണത്. മെഷിനറിയിലേക്ക് തിരോഭവിയ്ക്കുന്ന ശരീരം. പോൾ വിറിലിയോ ഈ അവസ്ഥയെ മൂന്നാം വിപ്ലവം എന്നു വിളിച്ചിരുന്നു. സാങ്കേതികവിദ്യകൾ ശാരീരികമായി സാത്മീകരിക്കപ്പെടുന്ന അവസ്ഥയാണിത്. ശാസ്ത്രവും സാങ്കേതികവിദ്യയും ചേർത്ത് ശരീരത്തെ ആക്രമിച്ചു കീഴടക്കുകയും ലഘൂകരിയ്ക്കുകയും ചെയ്യുന്നുവെന്നാണ് വിറിലിയോ പറയുന്നത്.[2]

എന്നാൽ സൈബോർഗിന്റെ വരവോടെ വ്യക്തി എല്ലാപരാശ്രയങ്ങളിൽ നിന്നും മോചിപ്പിക്കപ്പെടുന്നു എന്ന് ഡോണാ ഹാരാവേയെപ്പോലുള്ള ഫെമിനിസ്റ്റുകൾ വിശ്വസിയ്ക്കുന്നു.[3] എന്നാൽ ഇത്തരം സാങ്കേതിക - കാല്പനികവാദങ്ങൾക്കപ്പുറം വലിയൊരു വിഭാഗം സൈബർഫെമിനിസ്റ്റുകൾ സൈബറിടത്തിലെ വ്യവഹാരങ്ങളുടെയും അത് പ്രമേയമാക്കിയ സാഹിത്യത്തിലെയും സ്ത്രീവിരുദ്ധതകളെ ചൂണ്ടിക്കാട്ടി,

---

[2] പി.കെ.രാജശേഖരൻ, *ഏകാന്തനഗരങ്ങൾ* (ഡി.സി.ബുക്സ്, കോട്ടയം, 2000).

[3] Dona Harawe, *Cyborgs and Women* (Routledge, London, 1991).

സാങ്കേതികാധിനിവിഷ്ടസമൂഹം സ്ത്രീവിമോചനപരമല്ലെന്ന് നിരീക്ഷിയ്ക്കുന്നു. സാങ്കേതികാശ്രിതലോകം സമ്പത്തിന്റെ കേന്ദ്രീകരണം വർദ്ധിപ്പിയ്ക്കുമ്പോൾ തത്ഫലമായി ദുരിതമനുഭവിക്കുന്നത് സ്ത്രീകളാണ്. ലൈംഗികതയും സാങ്കേതികവിദ്യയും തമ്മിലുള്ള ആപത്കരമായ ബന്ധം ഏറ്റവും കൂടുതൽ ദൃശ്യമാവുന്നത് സൈബറിടത്തിലാണ്. അവിടെയുള്ള അശ്ലീലഉള്ളടക്കങ്ങളും സ്ത്രീനഗ്നചിത്രങ്ങളും ഒക്കെ യഥാർത്ഥസ്ത്രീജീവിതത്തെ കൂടുതൽ കുഴപ്പത്തിലാക്കുന്നു. ആസക്തിയുടെ രാഷ്ട്രീയം സ്ത്രീപക്ഷമായ കർശനവായനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

ഈ പശ്ചാത്തലത്തിലാണ് 90 –കൾ മുതൽ 2010 വരെയുള്ള രണ്ട് ദശകങ്ങളിൽ പിറവിയെടുത്ത മലയാളത്തിലെ ഈ സൈബർകഥകൾ സ്ത്രീയെക്കുറിച്ചും സ്ത്രൈണതയെക്കുറിച്ചുമുള്ള എന്ത് അവബോധമാണ് നിർമ്മിയ്ക്കുന്നത് എന്ന അന്വേഷണം നടത്തുന്നത്. അതിലൂടെ വ്യക്തമാവുന്ന വസ്തുതകൾ താഴെക്കൊടുക്കുന്നു.

1. ആദ്യകാലത്തുള്ള സാങ്കേതികഭീതി, സാങ്കേതികതയോടുള്ള ഭ്രമമായി മാറുന്നു. കമ്പ്യൂട്ടറുകളും മൊബൈൽ ഫോണുകളും ക്യാമറകളും ഉൾപ്പെടുന്ന വലിയൊരു യന്ത്രസമുച്ചയത്തിന്റെ ഉടമകളായി വ്യക്തികൾ പരിണമിച്ചു. ആ പരിണാമത്തിന്റെ സൂക്ഷ്മ ചിത്രം കാലാനുക്രമമായി കഥകളിലൂടെ കടന്നുപോകുമ്പോൾ ദൃശ്യമാണ്.

2. ഈ സാങ്കേതികസാമഗ്രികൾ മനുഷ്യനന്മയ്ക്കെന്നതിനേക്കാൾ ആധിപത്യം ഉറപ്പിക്കാനും അധികാരവും സമ്പത്തും വർദ്ധിപ്പിക്കാനുമാണ് ഉപയോഗിച്ചത്. ആ ഉപയോഗങ്ങൾ സ്ത്രീവിരുദ്ധവും മനുഷ്യവിരുദ്ധവുമായി മാറിയതിന്റെ രേഖകളാണ് ഇതിലെ ഭൂരിപക്ഷം കഥകളും. ചിലവ മാത്രം സാങ്കേതികശുഭാപ്തിവിശ്വാസം പ്രകടിപ്പിയ്ക്കുന്നു.

3. സ്ത്രീയെ ശരീരമാക്കി ചുരുക്കിക്കൊണ്ട് അവളെ നിരന്തരവും ആധിപത്യപരവും നിർഭയവുമായ ആൺനോട്ടത്തിന് വിധേയമാക്കാൻ നവമാധ്യമങ്ങൾ ഉപയോഗിക്കപ്പെട്ടു. ഒന്നും സ്വകാര്യമല്ലാത്ത ലോകത്ത്, കിടപ്പുമുറിയിലും കാറിലും കുളിമുറിയിലും ഒക്കെ സ്ത്രീ നിരീക്ഷിയ്ക്കപ്പെടുന്നു, പകർത്തപ്പെടുന്നു. ഇത് അന്യർ മാത്രമല്ല, സ്വന്തം ഭർത്താവോ, കുടുംബക്കാരോ തന്നെയാവാം.

4. സ്ത്രീയുടേത് മാത്രമായ അനുഭവലോകങ്ങളാണ് പ്രസവവും മാതൃത്വവും. ഇത് സ്ത്രീയിൽനിന്ന് യന്ത്രം ഏറ്റെടുക്കുന്നതിന്റെ അപായസാധ്യതകൾ ദൃശ്യമാകുന്നു. യന്ത്രം പ്രത്യുല്പാദിപ്പിയ്ക്കുന്നത് യന്ത്രത്തെത്തന്നെയാവാനേ തരമുള്ളൂ. അതുകൊണ്ടു തന്നെ 'മാനുഷികാനന്തരം' (Post-human) എന്നു വിളിയ്ക്കപ്പെടുന്ന കാലം മനുഷ്യരില്ലാത്ത, മാനുഷികമൂല്യങ്ങളില്ലാത്ത പ്രണയമോ, കണ്ണീരോ, വാത്സല്യമോ, ഇല്ലാത്ത സമ്പൂർണ്ണ യന്ത്രകാലമാവുമോ എന്ന ആശങ്കയുണർത്തുന്നു. ജീവിതത്തിൽനിന്നും സംസ്കാരത്തിൽനിന്നുമുള്ള സ്ത്രീയുടെ സമ്പൂർണ്ണമായ അഭാവം കൂടിയാവും അത്.

5. ഫലിതമയമായിട്ടാണെങ്കിലും സ്ഥലപരിധികൾ ഭേദിച്ച് സൈബർ രതിയിലൂടെ സ്ത്രീ ഗർഭം ധരിയ്ക്കുന്നതിന്റെ കാഴ്ചയും കാണപ്പെടുന്നു. (സൈബർ ജനിതകം എന്ന പുതിയ ശാസ്ത്രശാഖ!). സൈബർഗർഭനിരോധനമാർഗ്ഗങ്ങൾ സ്വീകരിക്കാത്ത പെൺകുട്ടികൾക്ക് വരാവുന്ന ഒരു അപകടസാധ്യതയായി ഇതിനെ കഥ വിഭാവനം ചെയ്യുന്നു.!

6. പ്രത്യുല്പാദനം പോലെ മരണവും യന്ത്രാശ്രിതമാവുന്നു. സൈബറിടത്തിലേക്ക് മറയുകയോ, ഒളിച്ചോടുകയോ ഒക്കെ ചെയ്യുമെന്ന ഭാവന അതാണ് കാണിക്കുന്നത്. ഇത് ജീവിത പ്രശ്നങ്ങളിൽനിന്ന് ഒരു കോസ്മിക് ഗർഭപാത്രത്തിലേക്കുള്ള

സുരക്ഷിതമായ പിന്മടക്കമായോ (ചില പ്രീ മോഡേൺ ഇടപെടലുകൾ) ഭീതിദമായ ഇടത്തിലേക്കുള്ള തട്ടിക്കൊണ്ടുപോവലായോ (തിങ്കളാഴ്ചകളിലെ ആകാശം) ഒക്കെ അവതരിപ്പിയ്ക്കപ്പെടുന്നു.

7. സൈബറിടത്തിലെ അശ്ലീല ഉള്ളടക്കങ്ങളും നഗ്നചിത്രങ്ങളും സ്ത്രീ ജീവിതങ്ങളെ ദുരിതമയമാക്കുന്നു. അത് സ്ത്രീകളെ ഏതു നിമിഷവും എവിടെ വെച്ചും ഒരു ലൈംഗികാതിക്രമണം പ്രതീക്ഷിക്കാമെന്നപോലെ ഒരു സാങ്കേതികാക്രമണവും പ്രതീക്ഷിക്കാമെന്ന ഭീതിയിലാഴ്ത്തുന്നു. ആ ഭീതി അവളുടെ സ്വാസ്ഥ്യം കെടുത്തുകയും സ്വതന്ത്ര്യം പരിമിതപ്പെടുത്തുകയും ചെയ്യുന്നു.

8. സജീവമായ കർത്തൃത്വമില്ലാത്ത സ്ത്രീകൾ ഇവയിൽ പലതിലുമുണ്ട്. അവർ സ്ത്രീത്വത്തെപ്പറ്റിയുള്ള സാമ്പ്രദായിക വാർപ്പുമാതൃകകൾ (gender stereotypes) പുനർ നിർമ്മിയ്ക്കുന്നു. ആധിപത്യവും കർത്തൃത്വവുമുള്ള ആണിന് വേണ്ട സാന്ത്വന - പരിചരണങ്ങൾ നല്കി വിധേയരായി ഗാർഹികജോലികൾ നിർവ്വഹിക്കുക എന്നതാണ് ഈ സൈബർ കാലഘട്ടത്തിലും അവരുടെ നിയോഗം.

9. പല കഥകളിലും സ്ത്രീകൾ ഇല്ല. സാങ്കേതികവിദ്യയുടെ ലോകം പുരുഷലോകമാണ് എന്ന ആൺകോയ്മാബോധമാവാം ഈ സ്ത്രീ അഭാവത്തിനു പിന്നിൽ.

10 പല നായകന്മാരും ന്യൂനതകളുള്ളവരാണ്. സന്താനോല്പാദന ശേഷിയില്ലായ്മ, അശക്തി, സാമർത്ഥ്യക്കുറവ് ശാരീരികമായഅപൂർണ്ണത, ഭീരുത്വം, കമ്പ്യൂട്ടർ നിരക്ഷരത, മൂല്യരാഹിത്യം, വിശ്വാസവഞ്ചന എന്നിങ്ങനെ പോകുന്നു അവ. പലതിനും പരിഹാരം തേടി യന്ത്രങ്ങളിലെത്തുന്നു. അത് ജീവിതം കൂടുതൽ സങ്കീർണ്ണമാക്കുന്നു.

11. മാതൃത്വസങ്കല്പവും പരിണാമവിധേയമാകുന്നു. മാതൃവാത്സല്യത്തിന്റെ മൂർത്തിയിൽനിന്ന് ശിശുഘാതകിയിലേക്ക് നീളുന്ന മാതൃത്വത്തിന്റെ വിവിധ മുഖങ്ങൾ കാണാം.

12. ആണും പെണ്ണും മാത്രമല്ല നപുംസകങ്ങളും കഥയിൽ പ്രത്യക്ഷപ്പെടുന്നു. ഭിന്നലൈംഗികതയും സൂക്ഷ്മരാഷ്ട്രീയവും സ്വവർഗ്ഗലൈംഗികതയുമൊക്കെ ചർച്ചാ വിഷയമായ കാലത്തിന്റെ സൂചനകളാണിത്.

13. സൈബറിടം പെണ്ണിനെയും ആണിനെയും തന്നെത്തന്നെയും ചരക്കുവല്ക്കരിക്കുന്നു. ലൈംഗികതയെയും പ്രണയത്തെയും സൗഹൃദത്തെയും ചരക്കാക്കിമാറ്റുന്നു.

14. യാഥാസ്ഥിതിക സ്ത്രീമാതൃകകളിൽനിന്ന് തന്റേടവും വ്യക്തിത്വവുമുള്ള സ്ത്രീകളിലേക്കുള്ള പരിണാമം കാലാനുക്രമമായി കഥകളിലുണ്ട്. ആ പരിണാമം - ആൺകോയ്മാമൂല്യങ്ങൾക്ക് കീഴ്പ്പെട്ട് ജീവിക്കാനുള്ള വിസമ്മതം - സ്ത്രീജീവിതങ്ങളെ സംഘർഷഭരിതമാക്കുന്നു.

15. മാധ്യമകേന്ദ്രിതമായ സാങ്കേതികാധിനിവേശവും മുതലാളിത്തത്തിന്റെ പുതുമുഖമായ വിജ്ഞാനമുതലാളിത്തവും ആൺകോയ്മയും തമ്മിലുള്ള സഖ്യം ജീവിതം കലുഷവും സംഘർഷാത്മകവും ശിഥിലവുമാക്കുന്നു. അതിന്റെ ദുരിതം ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളാണ്. അതുകൊണ്ടുതന്നെ ഈ കഥകൾ മാധ്യമാധിനിവിഷ്ടമായ ജീവിതങ്ങളുടെ ദുരന്താഖ്യാനങ്ങൾ ചമച്ച് മാനുഷികമൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് വിരൽചൂണ്ടുന്നു.

# ഗ്രന്ഥസൂചി


1. അച്യുത് ശങ്കർ, എസ്.നായർ. *ഗൂഗോളവത്കരണം.* തിരുവനന്തപുരം: പ്രിയദർശിനി പബ്ലിക്കേഷൻസ്, 2009.
2. ആദർശ്, വി.കെ. *വിവരസാങ്കേതികത നിത്യജീവിതത്തിൽ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.
3. കൃഷ്ണപിള്ള,എൻ. *കൈരളിയുടെ കഥ.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1973.
4. ഗീത, പി. *ദേവദൂതികൾ മാഞ്ഞുപോവത്.* കോട്ടയം:. സാഹിത്യപ്രവർത്തകസഹകരണസംഘം, 1999.
5. ചന്ദ്രമതി. *ഇതാ ഇവിടെ ഒരു ടെക്കി.* കോട്ടയം: ഡി.സി.ബുക്സ്, 2010.
6. ബഷീർ, എം.എം., എഡി., *ആദ്യകാലസ്ത്രീകഥകൾ.* കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2004.
7. ബിജു, സി.പി. *ചരക്ക്.* കോട്ടയം: ഡി.സി.ബുക്സ്, 2010.
8. ബെന്യാമിൻ. *മഞ്ഞവെയിൽമരണങ്ങൾ.* കോട്ടയം: ഡി.സി.ബുക്സ്.
9. മധുസൂദനൻ, ജി. *ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ.* കോട്ടയം: ഡി.സി.ബുക്സ്, 2006.
10. മുകുന്ദൻ, എം. *നൃത്തം.* കോട്ടയം :ഡി.സി. ബുക്സ്, 2003(2000).
11. രവീന്ദ്രൻ, എൻ.കെ. *പെണ്ണെഴുതുന്ന ജീവിതം.* കോഴിക്കോട് :മാതൃഭൂമി ബുക്സ്, 2010.
12. രവീന്ദ്രൻ, കെ., *ബി. ഇക്ബാൽ. ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും.* കോട്ടയം: ഡി.സി. ബുക്സ്,1999.
13. രാജശേഖരൻ,പി.കെ. *ഏകാന്തനഗരങ്ങൾ.* കോട്ടയം: ഡി.സി. ബുക്സ്, 2000.
14. രാജശേഖരൻ,പി.കെ. *ഭാവനാതീതം: മലയാളത്തിലെ സൈബർ കഥകൾ* . കോട്ടയം: ഡി.സി. ബുക്സ്, 2005.
15. രാമകൃഷ്ണൻ, ഇ.വി. എഡി., *സ്ത്രീ സ്വത്വം സമൂഹം* . കോഴിക്കോട്: പൂർണ്ണ, 1994.
16. രാമകൃഷ്ണൻ, ഏ.കെ, കെ.എം.വേണുഗോപാൽ. *സ്ത്രീവിമോചനം - ചരിത്രം, സിദ്ധാന്തം, സമീപനം.* പയ്യന്നൂർ: നയനബുക്സ്, 1989.
17. രാമകൃഷ്ണൻ, ടി.ഡി. *ഫ്രാൻസിസ് ഇട്ടിക്കോര.* കോട്ടയം: ഡി.സി. ബുക്സ്, 2009.
18. ലളിതാംബിക അന്തർജ്ജനം, *തെരഞ്ഞെടുത്ത കഥകൾ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1966.

19. ശ്രീകുമാർ, ടി.ടി. *നവസാമൂഹികത: ശാസ്ത്രം, ചരിത്രം, രാഷ്ട്രീയം* .കോഴിക്കോട്: പ്രതീക്ഷ ബുക്സ്, 2011.

20. ഷാജികുമാർ, പി.വി. *വെള്ളരിപ്പാടം.* കോട്ടയം: ഡി.സി.ബുക്സ്, 2005.

21. ഷാജി ജേക്കബ്, *വിപരീതങ്ങൾ.* തിരുവനന്തപുരം: പരിധി പബ്ലിക്കേഷൻസ്, 2012.

22. സച്ചിദാനന്ദൻ, കെ. എഡി., *സ്ത്രീപഠനങ്ങൾ.* കോഴിക്കോട്: ബോധി, 1990.

23. സച്ചിദാനന്ദൻ, കെ. *നാലാമിടം.* കോട്ടയം: ഡി.സി. ബുക്സ്, 2011.

24. സുനീത,ടി.വി. *ഇന്റർനെറ്റുംമലയാളവും.* കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2009.

25. സുനീത,ടി.വി. എഡി., *സൈബർമലയാളം.* തൃശ്ശൂർ: കറന്റ് ബുക്സ്, 2009.

26. സേതു. *മറ്റൊരു ഡോട്ട്കോം സന്ധ്യയിൽ.* തൃശ്ശൂർ: കറന്റ് ബുക്സ്, 2002.

27. Beauvoir, Simone de. *The Second Sex* .Harmondsworth: Penguin, 1974.

28. Banks, Olive. *Faces of Feminism: A Study of Feminism as a Social Movement*. New York: St. Martin's Press, 1982.

29. Castells, Manuel.*The Information Age 3 Volumes* . Oxford: Blackwell, 1996, 97 & 98.

30. Cixous, Helene .*The laugh of Medusa - New French Feminisms: An anthology* . New York: Harvester, 1981.

31. Crystal, David. *Internet Linguistics.* London :Rout ledge, 2011.

32. Gibson, William. *Neuromancer* . New York: Ace Books, 1984.

33. Gilbert ,Sandra & Susan Gubar. *The Mad Women in the Attic: The Women Writers and the 19th Century Literary Imagination* . New Haven : Yale University Press, 1979.

34. Elman, Mary.*Thinking about Women* . Newyork: Harcoast, 1968..

35. Gibson, William. *Burning Chrome.* U.S: Omni Magazine, July 1982.

36. Gibson, William. *Neuromancer .New York: Ace Books,1984.*

37. Grim shaw, Jean .*Feminist Philosophers* . London :Harvester Wheat sheaf, 1986.

38. Kaur, IQbal. Ed., *Gender and Literature* . Delhi: B.R. Publishing Corporation, 1992.

39. Lerner, Gerda .*The Creation of Patriarchy* . New york: Oxford University Press, 1986.

40. Marks, Elaine & Isabella de Coartivron, *New French Feminisms - An Anthology* . New york: Harvester, 1981.

41. McLuhan, Marshall.*Understanding Media*. Canada: McGraw-Hill, 1964.

42. Millet, Kate.*Sexual Politics* . London:ABAC, 1972.

43. Moi, Toril. *Sexual/Textual Politics: Feminist Literary Theory*. London :Methuen, 1985.

44. Nye, Andrea. Ed., *Feminist Theory and the Philosophies of Man*. London: Cromwell, 1988.

45. Reign Gold, Harward. *The Virtual Community.* Oxford :Blackwell, 1998.

46. Rich, Adrean. *Of Women Born* . Newyork : W.W. Norton, 1976.

47. Showalter, Elaine. *A Literature of Their Own* . Princeton: Princeton University Press, 1977.

48. Turkle, Sherry. *Life on the Screen: Identity in the age of Internet* . New york :St. Martin's Press.

49. Wolf, Virginia. *A Room of one's own*. London: Granada, 1929.

50. Wollstone craft, Mary. *Vindication of the Rights of Women*. London: Walter Scott, 1972.